10
ഏപ്രിൽ 2019 ബുധൻ
1194 മീനം 27
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | [...]MTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU   www.keralakaumudi.com   www.facebook.com/keralakaumudi



# മറഞ്ഞു, മാണി സാമ്രാജ്യം



- ഇന്ന് തിരുനക്കര മൈതാനത്ത് പൊതുദർശനം
- സംസ്കാരം നാളെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ

▸എം.എസ്.സജീവൻ

കൊച്ചി: ആറു പതിറ്റാണ്ടിലേറെ കേരള രാഷ്ട്രീയത്തെ നിർണായകമായി സ്വാധീനിച്ച സമുന്നത നേതാവും സുവർണ ജൂബിലി ആഘോഷിച്ച നിയമസഭാ സാമാജികനും ബഡ്ജറ്റ് അവതരണത്തിൽ റെക്കാഡിട്ട ധനമന്ത്രിയും കേരള കോൺഗ്രസ് ചെയർമാനുമായ കെ.എം. മാണി അന്തരിച്ചു. 86 വയസായിരുന്നു.

രാഷ്ട്രീയ തന്ത്രങ്ങളുടെ ചാണക്യനായിരുന്ന കെ. എം. മാണി, വലിയ ലക്ഷ്യങ്ങളുമായി ഒരു പൊതു തിരഞ്ഞെടുപ്പിന്റെ വക്കിൽ നിൽക്കേയാണ് അരങ്ങൊഴിഞ്ഞത്. ഇന്നലെ വൈകിട്ട് 4.57 ന് എറണാകുളം ലേക്ക്ഷോർ ആശുപത്രിയിലായിരുന്നു അന്ത്യം. ഭാര്യ കുട്ടിയമ്മയുടെ കൈ ചേർത്തുപിടിച്ചാണ് അദ്ദേഹം വിടവാങ്ങിയത്. ജോസ് കെ. മാണി എം.പി ഉൾപ്പെടെയുള്ള മക്കളും സമീപത്തുണ്ടായിരുന്നു.

ആശുപത്രിയിൽ നിന്ന് മൃതദേഹം ഇന്ന് രാവിലെ ഒമ്പതിന് വിലാപയാത്രയായി കോട്ടയത്തേക്ക് കൊണ്ടുപോകും. നാളെ ഉച്ച കഴിഞ്ഞ് മൂന്നിന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും.

ശ്വാസകോശ രോഗത്തിന് വർഷങ്ങളായി ചികിത്സയിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തെ കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് ലേക്ക്ഷോർ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചീഫ് പൾമണോളജിസ്റ്റ് ഡോ. ഹരി ലക്ഷ്മണന്റെ നേതൃത്വത്തിലായിരുന്നു ചികിത്സ. ശ്വസിക്കാൻ വിഷമം അനുഭവപ്പെട്ടിരുന്ന അദ്ദേഹം ഐ.സി.യുവിലാണ് കഴിഞ്ഞത്. വൃക്കയ്ക്കും തകരാർ കണ്ടതോടെ ഡയാലിസിസിനും വിധേയനാക്കി. തിങ്കളാഴ്ച രാവിലെയോടെ ആരോഗ്യനില വഷളായി. രാത്രിയോടെ അല്പം ഭേദപ്പെട്ടെങ്കിലും ഇന്നലെ രാവിലെ വീണ്ടും വഷളായി. വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘം തീവ്രശ്രമം നടത്തിയെങ്കിലും ഉച്ചയ്ക്ക് മൂന്നോടെ അതീവഗുരുതരാവസ്ഥയിലായി. 4.57 ന് അന്ത്യം സംഭവിച്ചതായി ആശുപത്രിയിലെ ക്രിട്ടിക്കൽ കെയർ വിഭാഗം മേധാവി ഡോ. മോഹൻ മാത്യു, സി.ഇ.ഒ എസ്.കെ. അബ്ദുള്ള എന്നിവർ അറിയിച്ചു.

ജോസ് കെ. മാണിയെ കൂടാതെ അഞ്ച് പുത്രിമാരും ഉണ്ട്. എൽസമ്മ, സാലി, ആനി, ടെസി, സ്മിത എന്നിവർ. മരുമക്കൾ: ഡോ. തോമസ് കവലയ്ക്കൽ, എം.പി ജോസഫ് (റിട്ട.ഐ.എ.എസ്), ഡോ. സേവ്യർ എടയ്ക്കാട്ടുകുടി (എറണാകുളം), നിഷ ജോസ് കെ. മാണി, ഡോ. സുനിൽ ഇലവനാൽ (കോഴിക്കോട്), രാജേഷ് കുരുവിത്തടം (പാലാരിവട്ടം).

ആശുപത്രിയിൽ വൈകിട്ട് 6.40 മുതൽ 7.10 വരെ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ നേതാക്കളും പ്രവർത്തകരും ആദരാഞ്ജലി അർപ്പിച്ചു.

### കെ.എം. മാണി

(1933 ജനുവരി 30 - 2019 ഏപ്രിൽ 9)

- 54 വർഷം പാലാ എം.എൽ.എ (1965 മുതൽ)
- 13 തിരഞ്ഞെടുപ്പുകളിൽ തുടർച്ചയായി വിജയിച്ചു
- 50 വർഷം എം.എൽ.എയായ ഏക നിയമസഭാംഗം
- രാജ്യത്ത് ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച ധനമന്ത്രി (13)
- ഏറ്റവും കൂടുതൽ കാലം സംസ്ഥാനത്ത് മന്ത്രി (24 വർഷം)
- മന്ത്രിയായത് 13 തവണ
- ഏറ്റവും കൂടുതൽ കാലം നിയമസഭാംഗം 17593 ദിവസം (ഫെബ്രുവരി 16)



കേരള രാഷ്ട്രീയത്തിലെ അതികായനായിരുന്നു കെ.എം. മാണി. നിയമസഭാംഗമെന്ന നിലയിൽ സ്ഥാപിച്ച റെക്കാഡ് ജനങ്ങളുമായുള്ള ആഴത്തിലുള്ള ബന്ധത്തിന് തെളിവാണ്. സംസ്ഥാനത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ വിയോഗം വേദനയുളവാക്കുന്നു. ബന്ധുക്കളുടെയും അനുയായികളുടെയും ദു:ഖത്തിൽ പങ്കു ചേരുന്നു.

*- പ്രധാനമന്ത്രി നരേന്ദ്രമോദി*



*കുഞ്ഞുമാണിയുടെ കുഞ്ഞുമ്മ...കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ കെ.എം.മാണിയുടെ മൃതശരീരം പൊതുദർശനത്തിനുവച്ചപ്പോൾ ചെറുമകൻ കുഞ്ഞുമാണി അന്ത്യ ചുംബനം നൽകുന്നു*

*ഫോട്ടോ: അനുഷ് ഭദ്രൻ*

## ആശുപത്രിയിൽ ജനപ്രവാഹം

മാണിയുടെ വിയോഗം അറിഞ്ഞ് നേതാക്കളും പ്രവർത്തകരും ആശുപത്രിയിലേക്ക് പ്രവഹിച്ചു. കേരള കോൺഗ്രസ് വൈസ് ചെയർമാൻ പി.ജെ. ജോസഫ്, മന്ത്രി ജി. സുധാകരൻ, സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എമാരായ മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, വി.കെ. ഇബ്രാഹിംകുഞ്ഞ്, ഡോ.എം. ജയരാജ്, സി.എഫ്. തോമസ്, കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, കേരള കോൺഗ്രസ് നേതാക്കളായ ജോസഫ് ചാഴികാടൻ, ടി.യു. കുരുവിള, ജോയി എബ്രഹാം, ഷിബു തെക്കുംപുറം, മുൻമന്ത്രി കെ. ബാബു, മേയർ സൗമിനി ജെയിൻ, മുൻ മേയർ ടോണി ചമ്മിണി, സി.പി.എം സംസ്ഥാന സെക്രട്ടേറിയേറ്റംഗം പി. രാജീവ്, സി.പി.ഐ. ജില്ലാ സെക്രട്ടറി പി. രാജു, സെക്കുലർ കേരള കോൺഗ്രസ് നേതാക്കളായ കുരുവിള മാത്യൂസ്, എം.എൻ. ഗിരി, ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുര തുടങ്ങി നൂറുകണക്കിനു പേർ ആശുപത്രിയിലെത്തി. മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച ആശുപത്രിയിലെത്തിയിരുന്നു.

## ഇന്ന് പൊതുദർശനം

ഇന്ന് കോട്ടയത്ത് കേരള കോൺഗ്രസ് സംസ്ഥാന ഓഫീസിലെത്തിക്കുന്ന മൃതദേഹം പിന്നീട് തിരുനക്കര മൈതാനത്ത് പൊതുദർശനത്തിന് വയ്ക്കും. വൈകിട്ട് പാലായിലെ വീട്ടിലെത്തിക്കും.

മാണി പ്രമാണിയും നിയമസഭയും ഫ്രെഡ്റൈസറും പേജ് 07

ജനമനം കവർന്ന പ്രമാണി പേജ് 08-09




## എൻ.ഡി.എയ്ക്ക് നേരിയ ഭൂരിപക്ഷമെന്ന് സർവേ



- കേന്ദ്രത്തിൽ ബി.ജെ.പിയുടെ നേതൃത്വത്തിൽ എൻ.ഡി.എ വീണ്ടും അധികാരത്തിലെത്തുമെന്ന് ദേശീയ ഏജൻസികളുടെ അഭിപ്രായ സർവേഫലം
- സർവേ നടത്തിയത് സീ-വോട്ടർ, ഇന്ത്യാ ടി.വി-സി.എൻ.എക്സ്, സി.എസ്.ഡി.എസ്- ലോക്നീതി, ടൈംസ് നൗ-വി.എം.ആർ, പോൾസ് ഒഫ് പോൾസ് തുടങ്ങിയ ഏജൻസികൾ
- പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് ശരാശരി 141 സീറ്റുകൾ നേടുമെന്ന് പ്രവചനം
- എൻ.ഡി.എ ആകെയുള്ള 543 ലോക്സഭാ സീറ്റുകളിൽ 273 എണ്ണത്തിലും വിജയിക്കുമെന്നാണ് സർവേഫലം
- 543 അംഗ സഭയിൽ കേവല ഭൂരിപക്ഷത്തിന് വേണ്ടത് 272 സീറ്റുകൾ
- പുൽവാമ ആക്രമണത്തിന് ശേഷം നടത്തിയ സർജിക്കൽ സ്ട്രൈക്ക് ബി.ജെ.പിക്ക് അനുകൂല തരംഗമായെന്ന് റിപ്പോർട്ട്
- പ്രാദേശിക കക്ഷികൾ 120ന് മുകളിൽ സീറ്റുകൾ നേടി എൻ.ഡി.എ സഖ്യത്തിന് വെല്ലുവിളി ഉയർത്തും

ഈ സ്നേഹദീപങ്ങൾ പൊലിഞ്ഞിട്ട്

17 വർഷം (12.04.2019)   ഇന്ന് ഒരു വർഷം (10.04.2019)




എസ്. ലക്ഷ്മണൻ   ജെ. വിജയമ്മ

വ്യാമഞ്ചേരി മന, അരിക്കടമുക്ക്, പ്രാവച്ചമ്പലം.

ശ്രീകുമാർ ടെക്സ്റ്റൈൽസ്, ശ്രീ ശബരി ഫൈനാൻസ്

(ഈ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കും)

ദുഃഖിതരായ കുടുംബാംഗങ്ങൾ

## തൊഴിലുറപ്പ് : 1511 കോടി അനുവദിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ആറു മാസമായി മുടങ്ങിക്കിടന്ന തൊഴിലുറപ്പ് കുടിശ്ശിക തുകയായ 1511 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഒടുവിൽ കൂലി കിട്ടിയത് നവംബറിലായിരുന്നു. തൊഴിലാളികൾക്ക് നൽകാനുള്ള കൂലി കുടിശ്ശികയായതോടെ സഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രത്തിനു കത്ത് നൽകിയിരുന്നു.

തുടർന്ന് വിഷുവിന് മുമ്പ് കുടശ്ശിക അനുവദിക്കാമെന്ന് കേന്ദ്രം ഉറപ്പ് നൽകുകയായിരുന്നു.

അഭയ കേസ്: കോട്ടൂരും സെഫിയും വിചാരണ നേരിടണം
പേജ് - 05



ആട്ടോയിൽ ബസിടിച്ച് ഗർഭിണിക്ക് ദാരുണാന്ത്യം
പേജ് 03

### തലവര






# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## സമ്മാനപദ്ധതി വിജയികൾ

തിരുവനന്തപുരം: കുളത്തൂർ കോലത്തുകര ശിവക്ഷേത്രത്തിലെ 126ാമത് തിരുവാതിര മഹോത്സവത്തോടനബന്ധിച്ച് കേരളകൗമുദിയും കഴക്കൂട്ടം നാദ് കമ്മ്യൂണിക്കേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന സമ്മാന പദ്ധതിയിലെ ഇന്നലത്തെ വിജയികൾ.

1. മണിരാജൻ.കെ, വട്ടക്കരിക്കത്തിൽവീട് പരപ്പിൽ, മുതുവിള
2. സജിത കെ, സൂപ്രണ്ട് ഓഫീസ്, കുളത്തൂർ
3. സുകുമാരി എസ്, ശിവവിലാസം, കുളത്തൂർ

## പുത്തൻചന്ത ഗാന്ധാരിയമ്മൻകോവിൽ

തിരുവനന്തപുരം: പുത്തൻചന്ത ഗാന്ധാരിയമ്മൻ കോവിലിൽ ചൈത്രമാസത്തിൽ നടത്തിവരാറുള്ള ചിത്രപൗർണമി മഹോത്സവവും ആഞ്ജനേയ ജയന്തിയും 12 മുതൽ 20 വരെ നടക്കും. 12ന് രാവിലെ 10ന് അശ്വതി തിരുനാൾ ഗൗരീലക്ഷ്മിഭായി ഭദ്രദീപം തെളിച്ച് ഉത്സവത്തിന് ആരംഭം കുറിക്കും. വൈകിട്ട് 7ന് ഭക്തിഗാനസുധ, 8ന് നൃത്തസംഗമം, 10ന് മഹാസുദർശന ഹോമം, 13ന് രാവിലെ 7ന് തോറ്റംപാട്ട്, രാത്രി 8ന് നൃത്തസന്ധ്യ, 9ന് ഭക്തിഗാനാലാപനം, 14ന് രാവിലെ 10ന് ആയില്യപൂജ, വൈകിട്ട് 5ന് തോറ്റംപാട്ട് മാലപ്പുറം, 8ന് നൃത്തതരംഗം, 15ന് വൈകിട്ട് 6ന് ഭജന, 8ന് ഭക്തിഗാമനമേള, 16ന് 9ന് തോറ്റംപാട്ട്, വൈകിട്ട് 7.30ന് ഡാൻസ്, 17ന് വൈകിട്ട് 5.30ന് ഭജന, 7ന് ഡാൻസ്, 8ന് നൃത്തസംഗമം, 18ന് ഉച്ചയ്ക്ക് കാലുകഴുകിഊട്ട്, 6ന് സംഗീത അർച്ചന, രാത്രി 10ന് സർപ്പബലി, 19ന് രാവിലെ 10.20ന് പൊങ്കാല, ഉച്ചയ്ക്ക് 2.15ന് പൊങ്കാലനിവേദ്യം, രാത്രി 8.10ന് ആനപ്പുറത്ത് എഴുന്നള്ളത്ത്, 20ന് ഗുരുസി സമർപ്പണത്തിനു ശേഷം ഉച്ചയ്ക്ക് 3.15ന് നടതുറക്കും.

## ഇംഗ്ലീഷ് ഭാഷാ പരിശീലന കളരി

തിരുവനന്തപുരം: നാലാഞ്ചിറ മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജ് വാർഷിക സമ്മർ സ്കൂളിന്റെ ഭാഗമായി 26 വരെ മൈൻഡ് യുവർ ഇംഗ്ലീഷ് എന്ന പേരിൽ ഭാഷാ പരിശീലന കളരി നടത്തും. അഞ്ച് മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായുള്ള ക്ലാസ് രാവിലെ 9.30 മുതൽ 12 വരെയാണ് നടക്കുക. ഫോൺ: 9846377011, 9387829922

## വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: പേരൂർക്കട വൈദ്യുതി സെക്ഷനിലെ ഊളമ്പാറ മെന്റൽ ഹോസ്പിറ്റൽ, എസ്.എ.പി. ക്യാംപ് എന്നീ പ്രദേശങ്ങളിൽ ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും.

## എസ്.ആർ.പി കുടുംബയോഗം

തിരുവനന്തപുരം: യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കുന്നതിനായി എസ്.ആർ.പി വിവിധ മേഖലകളിൽ സംഘടിപ്പിച്ച കുടുംബയോഗങ്ങൾ എസ്.ആർ.പി സംസ്ഥാന സെക്രട്ടറി എ.എൽ പ്രേംലാൽ ഉദ്ഘാടനം ചെയ്തു. നരുവാമൂട് കെ. കുമാർ അദ്ധ്യക്ഷത വഹിച്ചു. നെല്ലിമൂട് ഷിബുകുമാർ, ബി.ഷിജുകുമാർ, പാരൂർക്കുഴി സതികുമാർ, രാജൻ അരുവിക്കര, എൻ. ശ്രീകുമാർ, സോമൻ തമ്പി, വിൻസെന്റ് കുട്ടൻ പരുത്തിവേലി, പുല്ലുവിള ശരത്ചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

## ക്രിയേറ്റീവ് കരിയർ പാത്ത് പരിപാടി

തിരുവനന്തപുരം: അനിമേഷൻ ആൻഡ് ഗ്രാഫിക്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ മായ അക്കാഡമി ഒഫ് അഡ്വാൻസ്ഡ് സിനിമാറ്റിക്സ് സംഘടിപ്പിക്കുന്ന സൗജന്യ ക്രിയേറ്റീവ് കരിയർ പാത്ത് പരിപാടി ഇന്ന് രാവിലെ 10 ന് തിരുവനന്തപുരം സെന്ററിൽ നടക്കും. ഫോൺ: 9995554898, 623593777.

## സൗജന്യ യോഗക്ലാസ്

തിരുവനന്തപുരം: കുടപ്പനക്കുന്ന് തപോവനം സിദ്ധാശ്രമം പാച്ചല്ലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മുതൽ കുട്ടികൾക്കായി സൗജന്യ നിർവാണ യോഗ ക്ലാസ് നടക്കും. പാച്ചല്ലൂർ നിർവാണ യോഗ പരിശീലന കേന്ദ്രത്തിൽ നടക്കുന്ന ക്ലാസുകൾ കുട്ടികളുടെ പഠനമികവിനും വ്യക്തിത്വവികസനത്തിനും ആരോഗ്യത്തിനും ഉതകുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. രാവിലെ 7 മുതൽ 8 വരെയും വൈകിട്ട് 5 മുതൽ 6 വരെയുമാണ് ക്ലാസ്. വിവരങ്ങൾക്ക് ഫോൺ: 04712730640

## ശ്രീഭദ്രാ ദേവീക്ഷേത്ര ഭാരവാഹികൾ

തിരുവനന്തപുരം: കുനൻവേങ്ങ പുറ്റുകോണം ശ്രീഭദ്രാ ദേവീ ക്ഷേത്ര ഭാരവാഹികളായി ആർ.എസ്.ബൈജു (പ്രസിഡന്റ്), എൻ.രാജേന്ദ്രൻ നായർ (സെക്രട്ടറി), കെ.ജയൻ നായർ (ഖജാൻജി) എന്നിവരെ തിരഞ്ഞെടുത്തു.

## മേക്കേപട്ടം അവിട്ടം റോഡ് കോയിക്കൽ പള്ളിയറ ഭഗവതി ക്ഷേത്രം

തിരുവനന്തപുരം: മേക്കേപട്ടം അവിട്ടം റോഡ് കോയിക്കൽ പള്ളിയറ ഭഗവതി ക്ഷേത്രത്തിലെ വാർഷിക ഉത്സവം 10 മുതൽ 16 വരെ നടക്കും. 10ന് രാവിലെ 10.45ന് കൊടിയേറ്റ്, രാത്രി 7.30ന് ഭക്തിഗാനസുധ. 11ന് രാവിലെ 7.30ന് ലളിതാ സഹസ്രനാമ പാരായണം, 8.30ന് നാരായണീയ പാരായണം, രാത്രി 8ന് കീബോർഡ് സോളോ. 12ന് രാവിലെ 8.45ന് ദേവീമാഹാത്മ്യ പാരായണം, 9.30ന് നവകപൂജയും കളഭാഭിഷേകവും, രാത്രി 8ന് ഭദ്രകാളി കളമെഴുത്തും പാട്ടും, 8.30ന് ട്രാക്ക് ഗാനമേള. 13ന് രാവിലെ 7.30ന് ലളിത സഹസ്രനാമ പാരായണം, രാത്രി 8ന് ഗാനമേള. 14ന് രാവിലെ 8ന് ദേവീമാഹാത്മ്യ പാരായണം, രാത്രി 9.30ന് നാടകം. 15ന് രാവിലെ 9.30ന് പൊങ്കാല, 11.45ന് പൊങ്കാല നിവേദ്യം, രാത്രി 8ന് നൃത്തപരിപാടി, 9ന് ഡാൻസ്. 16ന് രാവിലെ 11ന് ആനപ്പുറത്തെഴുന്നെള്ളിപ്പും പറയെടുപ്പും, രാത്രി 9.30ന് താലപ്പൊലി എതിരേൽപ്പ്.

## ചെസ് ടൂർണമെന്റ്

തിരുവനന്തപുരം: വൈ.എം.സി.എ സംഘടിപ്പിക്കുന്ന ആൾ കേരള ഓപ്പൺ പ്രൈസ് മണി ചെസ് ടൂർണമെന്റ് 15ന് നടക്കും. സംസ്ഥാന, ദേശീയ രംഗത്തെ പ്രമുഖ സീഡഡ് കളിക്കാർ പങ്കെടുക്കുന്ന ടൂർണമെന്റിൽ സീനിയർ, സബ് ജൂനിയർ വിഭാഗങ്ങളിലായാണ് മത്സരം നടക്കുക. ഒന്നു മുതൽ 20വരെ റാങ്കിംഗ് നേടുന്നവർക്ക് ആകർഷകമായ പ്രൈസ് മണി ലഭിക്കുന്നതാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ 15ന് രാവിലെ 9.30ന് മുൻപായി വൈ.എം.സി.എ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് ഫോൺ: 04712330059, 9048643887.

## ചലച്ചിത്രാസ്വാദന ക്യാമ്പ് തുടങ്ങി

തിരുവനന്തപുരം: കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി, ശിശുക്ഷേമ സമിതിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കുട്ടികൾക്കായുള്ള ചലച്ചിത്രാസ്വാദന ക്യാമ്പ് ആരംഭിച്ചു. കൈമനത്തെ ബി.എസ്.എൻ.എൽ റീജണൽ ടെലികോം ട്രെയിനിംഗ് സെന്ററിൽ 12 വരെയാണ് ക്യാമ്പ്. ക്യാമ്പിന്റെ ഉദ്ഘാടനം ഗാനരചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പി നിർവഹിച്ചു. ചലച്ചിത്ര അക്കാഡമി വൈസ് ചെയർപേഴ്സൺ ബീനാപോൾ അദ്ധ്യക്ഷയായിരുന്നു. മാദ്ധ്യമപ്രവർത്തകനും നിരൂപകനുമായ നീലൻ ആശംസകളർപ്പിച്ച് സംസാരിച്ചു. ചലച്ചിത്ര അക്കാഡമി സെക്രട്ടറി മഹേഷ് പഞ്ചു സ്വാഗതവും ശിശുക്ഷേമ സമിതി ജില്ലാ ജോയിന്റ് സെക്രട്ടറി പ്രദീപ് ആറ്റുകാൽ നന്ദിയും പറഞ്ഞു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,12

# അടൂരുണ്ട്, ആറ്റിങ്ങലിന്റെ വിളിപ്പുറത്ത്

▶ആർ.സുമേഷ്

തിരുവനന്തപുരം: വെള്ള ഇന്നോവ ക്രിസ്റ്റ രാവിലെ ഏഴ് മണിയോടെ ഡോ. യമുനയുടെ കുറവൻകോണത്തുള്ള ഫ്ലാറ്റിന്റെ ഗേറ്റ് കടന്നെത്തി. പ്രേംനസീർ സ്റ്റൈലിൽ വലതുകൈ കൊണ്ട് ഷർട്ടിന്റെ ചുളിവ് നിവർത്തി അടൂർ പ്രകാശ് കാറിൽ നിന്നിറങ്ങി.

അലക്കിത്തേച്ച തൂവെള്ള ഖദർ ഷർട്ടും മുണ്ടും, മുഖത്ത് നിറഞ്ഞ ചിരി. കാത്തുനിന്ന് മുഷിഞ്ഞോയെന്ന് ചോദ്യം. ഇല്ലെന്ന് പറഞ്ഞപ്പോൾ സ്നേഹത്തോടെ അകത്തേക്ക് ക്ഷണിച്ചു.

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ് എം.എൽ.എയുടെ മകളുടെ വസതി ഈ ഫ്ലാറ്റിലാണ്. ' കഴിഞ്ഞ ദിവസത്തെ പ്രചാരണം പുലർച്ചെയാണ് സമാപിച്ചത്. പോകുന്നിടത്തെല്ലാം ജനങ്ങൾ ആവേശപൂർവം കാത്തുനിൽക്കുമ്പോൾ നിരാശരാക്കുന്നതെങ്ങനെ - അടൂർ പ്രകാശ് പറഞ്ഞു. ലിഫ്റ്റിന് മുന്നിലെത്തിയപ്പോൾ സ്വിച്ച് അമർത്തി. കയറുന്നതിന് മുമ്പ് അടഞ്ഞു പോകാതിരിക്കാൻ ലിഫ്റ്റ് കൈവച്ച് തടഞ്ഞു. നേരെ ഫ്ലാറ്റിലേക്ക്. ആകെ വൃത്തിയും വെടിപ്പും. ചുവരിൽ ഭംഗിയുള്ള പെയിന്റിംഗ്. അച്ഛന് ആഹാരം തയ്യാറാക്കുകയാണ് മകൾ.

പനിക്കാരനായ കൊച്ചുമകൻ ആർണവ് അമ്മയുടെ വിരലിൽ തൂങ്ങി. പനി കുറഞ്ഞോയെന്ന് അപ്പൂപ്പൻ ചോദിച്ചപ്പോൾ അവൻ അമ്മയുടെ ചുരിദാറിൽ മുഖമൊളിപ്പിച്ചു.



അടൂർ പ്രകാശിന് തിരുവനന്തപുരം കുറവൻകോണത്തുള്ള വസതിയിൽ മകൾ ഡോ.യമുന പ്രഭാത ഭക്ഷണം വിളമ്പിക്കൊടുക്കുന്നു ഫോട്ടോ: സുഭാഷ് കുമാരപുരം

### ഞാൻ അടൂർ പ്രകാശ്

പേരിന് പിന്നിലെ കൗതുകത്തെ കുറിച്ച് ചോദിച്ചപ്പോൾ മുഖത്ത് ചെറുപുഞ്ചിരി. കസേരയിൽ ഒന്നമർന്നിരുന്ന ശേഷം പറഞ്ഞു. എന്നെ അടൂർ പ്രകാശ് ആക്കിയത് കേരളകൗമുദിയാണ്.

കൊല്ലം എസ്.എൻ കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് കേരളകൗമുദിയിൽ എന്റെ പേര് അടൂർ പ്രകാശ് എന്ന് അച്ചടിച്ചുവന്നത്.

അന്ന് ആ പേര് അങ്ങനെ പറഞ്ഞുകൊടുത്തത് കോൺഗ്രസ് നേതാവ് രാജ്മോഹൻ ഉണ്ണിത്താനാണ്. പിന്നീടതൊരു ട്രേഡ് മാർക്കായി.

### രാഷ്ട്രീയക്കാരനായത്...

അച്ഛൻ അടൂർ കുഞ്ഞുരാമന് ഞാൻ ഡോക്ടറാകണമെന്നായിരുന്നു ആഗ്രഹം. അതിനായി ചങ്ങനാശേരി എസ്.ബി കോളേജിൽ സെക്കൻഡ് ഗ്രൂപ്പിന് ചേർക്കുകയും ചെയ്തു. എന്നാൽ, കെ.എസ്.യുവിലൂടെ വിദ്യാർത്ഥി രാഷ്ട്രീയത്തിലെത്തിയ ഞാൻ പിന്നീട് തിരിച്ചറിഞ്ഞു എന്റെ മേഖല രാഷ്ട്രീയമാണെന്ന്. രാഷ്ട്രീയക്കാരനായിരുന്നില്ലെങ്കിൽ ഞാനും നിങ്ങളെപ്പോലെ ഇവിടെ ഇരുന്നേനെയെന്ന് ആരോഗ്യമന്ത്രിയായിരിക്കെ ഒരിക്കൽ ഡോക്ടർമാരോട് പറഞ്ഞത് അദ്ദേഹം ഓർത്തു.

### കോന്നി കുടുംബം പോലെ, ആറ്റിങ്ങലിൽ ബന്ധുബലം

സ്വന്തം മണ്ഡലമായ കോന്നിയെ കുറിച്ച് പറഞ്ഞപ്പോൾ പ്രകാശ് വാചാലനായി. കോന്നി എനിക്ക് കുടുംബം പോലെയാണ്. കക്ഷി രാഷ്ട്രീയങ്ങൾക്ക് അതീതമായി അവിടത്തെ ജനങ്ങൾ എന്നെ ഏറെ ഇഷ്ടപ്പെടുന്നുണ്ട്.

അതുപോലെ തന്നെയാണ് ആറ്റിങ്ങലിലെ ജനങ്ങളെയും കാണുന്നത്. ഇവിടെ ഭാര്യയുടെ ബന്ധുക്കളുമുണ്ട്. മണ്ഡലത്തിൽ താൻ വരുത്തനാണെന്ന് പറയുന്നവർക്കെതിരെയും അടൂർ പ്രകാശിന് മറുപടിയുണ്ട്. ആലപ്പുഴക്കാരിയായ സുശീലാ ഗോപാലൻ ചിറയിൻകീഴിൽ വന്ന് മത്സരിച്ചിട്ടില്ലേ. ആറ്റിങ്ങലിൽ തുടർച്ചയായി മൂന്നാം വിജയം പ്രതീക്ഷിക്കുന്ന ഇടത് സ്ഥാനാർത്ഥി സമ്പത്തിന് വിജയം ഉറപ്പിക്കാനാവില്ല. ഇത്തവണ ആറ്റിങ്ങലിന്റെ വിധി മറ്റൊന്നായിരിക്കും - അടൂർ പ്രകാശിന്റെ വാക്കുകളിൽ ആത്മവിശ്വാസം.

### ദിനചര്യ

എവിടെയായാലും നിത്യവും രാവിലെ ആറ് മണിക്ക് എഴുന്നേറ്റ് യോഗ ചെയ്യുമായിരുന്നു. എന്നാലിപ്പോൾ സമയം കിട്ടാറില്ല. വായനാശീലമുണ്ട്. പത്രങ്ങളും വായിക്കും. സിനിമകൾ കാണും, മോഹൻലാലും മമ്മൂട്ടിയുമാണ് ഇഷ്ടതാരങ്ങൾ. പക്ഷേ, പ്രചാരണം മുറുകിയതോടെ ഒന്നിനും സമയമില്ല. ഉച്ചയ്ക്ക് ചോറ് നിർബന്ധം. വൈകിട്ട് ചപ്പാത്തി മതി. രാഷ്ട്രീയത്തിന് പുറത്ത് അച്ഛൻ പൂർണമായും ഒരു ഫാമിലി മാനാണെന്ന് മകൾ ഡോ.യമുനയുടെ സാക്ഷ്യം. എങ്കിലും വീട്ടിൽ രാഷ്ട്രീയം ചർച്ച ചെയ്യും. അപ്പോഴേക്കും പ്രഭാത ഭക്ഷണം ഒരുക്കി മകളുടെ ക്ഷണമെത്തി.

തീൻമേശയിലിരുന്ന് സ്വയം ആഹാരം വിളമ്പി. നാല് ഇഡ്ഡലിയും സാമ്പാറും അല്പം ചമ്മന്തിയും. കുശാൽ. സമയം കളയാനില്ല. കൈ കഴുകി കൊച്ചുമകനോട് റ്റാറ്റാ പറഞ്ഞ് ധൃതിയിൽ ഇറങ്ങി. സ്ഥാനാർത്ഥിയുമായി ഇന്നോവ കാർ കുതിച്ചു, പ്രചരണ വേദിയിലേക്ക്.

കൂടെ

# ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ പൈങ്കുനി ഉത്സവം ഇന്ന് തുടങ്ങും

■ ആറാട്ട് 19ന്

തിരുവനന്തപുരം: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവം ഇന്ന് രാവിലെ കൊടിയേറ്റോടു കൂടി ആരംഭിക്കും. ഉത്സവത്തോടനുബന്ധിച്ചുള്ള ബ്രഹ്മകലശ പൂജ തിങ്കളാഴ്ച ആരംഭിച്ചു. ബ്രഹ്മകലശാഭിഷേകം ഇന്നലെ നടന്നു. ഇന്ന് രാവിലെ 9നാണ് കൊടിയേറ്റ്. രാവിലെ മിത്രാനന്ദപുരം ക്ഷേത്രക്കുളത്തിൽ നിന്നു മണ്ണുനീർ കോരി മുളയിടും. ദിവസപൂജകൾക്ക് ശേഷം മുളയിട്ട നവധാന്യം പള്ളിവേട്ട ദിവസം പുറത്തെടുക്കും.

ഇന്ന് രാത്രി 8.30ന് സിംഹാസന വാഹനത്തിൽ ശീവേലി. നാടകശാല മുഖപ്പിൽ രാത്രി 10ന് കഥകളിയും നടക്കും. നാളെ മുതൽ 18 വരെ വൈകിട്ട് 4.30നും രാത്രി 8.30നും ഉത്സവ ശീവേലി. തുലാഭരണമണ്ഡപം, നൃത്തമണ്ഡപം എന്നിവിടങ്ങളിൽ സംഗീതക്കച്ചേരിയും ക്ഷേത്രകലകളും അരങ്ങേറും. 15ന് രാവിലെ ക്ഷേത്രത്തിൽ വിഷുക്കണി ദർശനം നടക്കും.

17ന് രാത്രി 8.30ന് വലിയകാണിക്ക. 18ന് രാത്രി 8.30ന് പള്ളിവേട്ട. 19ന് വൈകിട്ട് ശംഖുംമുഖത്തേക്ക് ആറാട്ട് ഘോഷയാത്ര. ആറാട്ടിന് ശേഷം രാത്രി കൊടിയിറക്കും. 20ന് ആറാട്ട് കലശം എന്നിവ നടക്കും.



### ദർശന സമയത്തിൽ മാറ്റം

ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിലെ ദർശനസമയത്തിൽ മാറ്റമുണ്ടാകും. രാവിലെ പതിവു ദർശനത്തിന് പുറമേ പകൽ കലശ ദർശനത്തിന് സൗകര്യമുണ്ടാകും. വൈകിട്ട് 5 മുതൽ 6 വരെയാണ് ദർശനസമയം. ആറാട്ട് ദിവസമായ 19ന് രാവിലെ 8.30 മുതൽ 10 വരെയാണ് ദർശനം.

## കോവളം ആവാടുതറ ദേവീക്ഷേത്രം

തിരുവനന്തപുരം: കോവളം ആവാടുതറ ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികവും മീനമകയിര ദിക്കുബലി മഹോത്സവവും തുടങ്ങി.

10ന് രാവിലെ 6ന് മഹാഗണപതി ഹോമം, 8.30ന് കളഭാഭിഷേകം, 10ന് തൃക്കൊടിയേറ്റ്, 10.50ന് പുറത്തെഴുന്നള്ളിപ്പ്, ഉച്ചയ്ക്ക് 12.15ന് സമൂഹസദ്യ, രാത്രി 7ന് കളംകാവൽ, 8.30ന് ഭഗവതിസേവ, 9ന് പുഷ്പാഭിഷേകം. 11ന് രാവിലെ 6ന് മഹാഗണപതി ഹോമം, 8ന് ഭദ്രകാളിപ്പാട്ട്, വൈകിട്ട് 7.30ന് ഭഗവതി സേവ. 12ന് രാവിലെ 8ന് ഭദ്രകാളിപ്പാട്ട്, ഉച്ചയ്ക്ക് 12.30ന് സമൂഹസദ്യ, രാത്രി 8.30ന് പുഷ്പാഭിഷേകം. 13ന് രാവിലെ 8ന് ഭദ്രകാളിപ്പാട്ട്, 8.30ന് കളഭാഭിഷേകം, രാത്രി 8.30ന് പുഷ്പാഭിഷേകം. 14ന് രാവിലെ 8ന് ഭദ്രകാളിപ്പാട്ട്, 10ന് നാഗരൂട്ട്, വൈകിട്ട് 3ന് മാലപ്പുറം പാട്ട്, രാത്രി 7ന് കളംകാവൽ. 15ന് രാവിലെ 8.30ന് കളഭാഭിഷേകം, 10ന് ദേവിയെ പടിഞ്ഞാറെ ദിക്കുബലിക്ക് എഴുന്നള്ളിക്കുന്നു. 16ന് രാവിലെ 8ന് ഭദ്രകാളിപ്പാട്ട്, 8.30ന് കളഭാഭിഷേകം, രാത്രി 8.30ന് പുഷ്പാഭിഷേകം. 17ന് രാവിലെ 6ന് മഹാഗണപതി ഹോമം, രാത്രി 7ന് ഭക്തിഗാനമേള, 7.30ന് ഭഗവതിസേവ. 18ന് രാവിലെ 8.30ന് ഭദ്രകാളിപ്പാട്ട, 9ന് ദേവിയെ വടക്കേ ദിക്കുബലിക്ക് എഴുന്നള്ളിക്കുന്നു, രാത്രി 7.30ന് ഭഗവതിസേവ. 19ന് രാവിലെ 8ന് ഭദ്രകാളിപ്പാട്ട്, 8.30ന് കളഭാഭിഷേകം, രാത്രി 8.30ന് പുഷ്പാഭിഷേകം. 20ന് രാവിലെ 5.30ന് ഉഷഃപൂജ, ഉച്ചയ്ക്ക് 12ന് സമൂഹസദ്, വൈകിട്ട് 6ന് കുത്തിയോട്ടം, താലപ്പൊലിഘോഷയാത്ര, രാത്രി 8.30ന് താലപ്പൊലിയോടുകൂടിയ കളംകാവൽ. 21ന് രാവിലെ 8.30ന് കളഭാഭിഷേകം, 10ന് പൊങ്കാല, 11ന് സമൂഹസദ്യ, ഉച്ചയ്ക്ക് 12.30ന് പൊങ്കാല നൈവേദ്യം, വൈകിട്ട് 5.30ന് മംഗളഗുരുസി, തുടർന്ന് കൊടിയിറക്കും ആറാട്ടും അകത്ത് എഴുന്നെള്ളിപ്പും, രാത്രി 9ന് മഹാപുഷ്പാഭിഷേകത്തോടെ ഉത്സവം സമാപിക്കും.

# കോലത്തുകരയിൽ ഇന്ന് പള്ളിവേട്ടയും കുംഭാഭിഷേക ഘോഷയാത്രയും

കുളത്തൂർ: ശ്രീനാരായണഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കുളത്തൂർ കോലത്തുകര മഹാദേവ ക്ഷേത്രത്തിലെ തിരുവാതിര മഹോത്സവത്തിന്റെ പള്ളിവേട്ട ദിവസമായ ഇന്ന് നിർമ്മാണം പൂർത്തിയായ അലങ്കാര ഗോപുര സമർപ്പണവും ആദ്യ ഗുരുദേവ ക്ഷേത്രത്തിന്റെയും ഗദ്യ പ്രാർത്ഥനയുടെയും ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെയും ഉദ്ഘാടനം നടക്കും.

വൈകിട്ട് 6.30ന് കോലത്തുകരയിലെ പ്രധാന ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വി.എസ്. ശിവകുമാർ എം.എൽ.എ അദ്ധ്യക്ഷനായിരിക്കും. ചടങ്ങിൽ ശിവഗിരി ഗുരുധർമ്മ പ്രചാരണസഭ സെക്രട്ടറി സ്വാമി ഗുരുപ്രസാദ് അനുഗ്രഹ പ്രഭാഷണം നടത്തും. സ്വാമി പ്രകാശാനന്ദ, ഗോകുലം ഗ്രൂപ്പ് ചെയർമാൻ ഗോകുലം ഗോപാലൻ, പുന്നല ശ്രീകുമാർ, മേയർ വി.കെ. പ്രശാന്ത്, ജി.എസ്. പ്രദീപ്, കൗൺസിലർ മേടയിൽ വിക്രമൻ, കെ.എസ്. അരുൺ, ആറ്റിപ്ര ജി. സദാനന്ദൻ, ഡോ. ഷർമ്മദ്, ഡോ. ബെന്നി തുടങ്ങിയവർ സംസാരിക്കും.

കഴിഞ്ഞ വർഷം നടന്ന പ്രതിഷ്ഠാവാർഷിക ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തയ്യാറാക്കിയ സുവനീർ, ' ഗുരുചൈതന്യം-125 ' ന്റെ പ്രകാശന കർമ്മം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ഗോകുലം ഗോപാലന് നൽകി നിർവഹിക്കും. ക്ഷേത്ര സമാജം പ്രസിഡന്റ് എൻ. തുളസീധരൻ സ്വാഗതവും ശ്യാംമോഹൻ നന്ദിയും പറയും.

### ഇന്ന്

രാവിലെ 8ന് കുംഭാഭിഷേക ഘോഷയാത്ര ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും, 9ന് കുംഭാഭിഷേക ഘോഷയാത്ര. കുളത്തൂർ എസ്.എൻ.എം വായനശാലയിൽ നിന്ന് തിരിച്ചെഴുന്നള്ളത്ത്. 11ന് ഡോ. ഗീത അനിയന്റെ പ്രഭാഷണം, ഉച്ചയ്ക്ക് 12.30ന് അന്നദാനം, വൈകിട്ട് 4 മുതൽ സ്പെഷ്യൽ നാദസ്വരം, 5.30ന് വയലിൻ സോളോ, 5.40ന് മേൽ 6.28നകം അലങ്കാര ഗോപുര സമർപ്പണം. 6.30ന് ഗുരുദേവ ക്ഷേത്രത്തിന്റെയും ഗദ്യ പ്രാർത്ഥനയുടെയും ശതോത്തരരജത ജൂബിലി ആഘോഷ സമ്മേളനം, രാത്രി 8.30ന് ലഘുഭക്ഷണം, 9.30ന് ഗാനമേള, 1ന് പള്ളിവേട്ട പുറപ്പാട്.

## അംബേദ്കർ അനുസ്മരണം

തിരുവനന്തപുരം: ഭാരതീയവിചാരകേന്ദ്രം ജില്ലാസമിതിയുടെ ആഭിമുഖ്യത്തിൽ ബി.ആർ. അംബേദ്ക്കർ ജയന്തിയോടനുബന്ധിച്ച് നാളെ വൈകിട്ട് 5.30ന് സ്റ്റാച്യു, ജി.പി.ഒ ലെയിനിലെ സംസ്കൃതി ഭവനിൽ ചിന്താസായാഹ്നം സംഘടിപ്പിക്കുന്നു.

'ബി.ആർ. അംബേദ്ക്കർ - ദേശീയത, സാമൂഹികനീതി, നവഭാരതം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ചിന്താസായാഹ്നം ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്യും. മുൻ ഡി.ജി.പി ടി.പി. സെൻകുമാർ, ഭാരതീയവിചാരകേന്ദ്രം ജോ. ഡയറക്ടർ ആർ. സഞ്ജയൻ എന്നിവർ വിഷയാവതരണം നടത്തും. വിചാരകേന്ദ്രം ജില്ലാ അദ്ധ്യക്ഷൻ കെ.വി. രാജശേഖരൻ അദ്ധ്യക്ഷത വഹിക്കും.




# കോലത്തുകര മഹാദേവന് കാണിക്കയായി ഭക്തയുടെ 11 സെന്റ്

▶പി. സുരേഷ്ബാബു

കുളത്തൂർ: ശ്രീനാരായണഗുരുദേവൻ രണ്ടാമത് ശിവപ്രതിഷ്ഠ നടത്തിയ കോലത്തുകര മഹാദേവന് 11 സെന്റ് സ്ഥലം കാണിക്ക അർപ്പിച്ച് ഗുരുദേവ ഭക്ത. കിഴക്കുംകര കുഴിവീട്ടിൽ പരേതനായ നാരായണൻ തമ്പിയുടെയും ദേവകി അമ്മയുടെയും 68 കാരിയായ മകൾ കുമാരി ഓമനയാണ് സ്ഥലം ദാനാധാരമായി കോലത്തുകര ക്ഷേത്ര സമാജത്തിന് കൈമാറുന്നത്.

സ്വന്തം പേരിൽ വിലയാധാരമായി ലഭിച്ചിരുന്ന വസ്തു കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസ് മുഖേനെയാണ് രജിസ്റ്റർ ചെയ്തു നൽകിയത്. ഗുരുദേവ ഭക്തയായ ഇവർ അവിവാഹിതയാണ്. ഏറെ നാളായി മനസിൽ കൊണ്ടുനടന്ന ആഗ്രഹം തന്റെ സഹോദരങ്ങളെ അറിയിച്ചതിനെ തുടർന്നാണ് ബന്ധുക്കളുടെ നേതൃത്വത്തിൽ സ്ഥലം ദാനം ചെയ്യാൻ വഴി തെളിഞ്ഞത്. 126ാമത് തിരുവാതിര മഹോത്സവത്തിന്റെ പള്ളിവേട്ട ദിവസമായ ഇന്ന് വൈകിട്ട് 6.30ന് ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനവേദിയിൽവച്ച് കോലത്തുകര ക്ഷേത്ര സമാജം പ്രസിഡന്റ് എൻ. തുളസീധരനും സെക്രട്ടറി എസ്.സതീഷ്ബാബുവും ചേർന്ന് കുമാരി ഓമനയിൽ നിന്ന് ദാനാധാരം ഏറ്റുവാങ്ങും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഓമനകുമാരിയെ ക്ഷേത്ര സമാജത്തിന്റെ ഉപഹാരം നൽകി ആദരിക്കും.



കരിക്കകം ശ്രീ കുതിരാക്ഷൻ തമ്പുരാൻ ക്ഷേത്രത്തിലെ രോഹിണി മഹോത്സവം ഭദ്രദീപം തെളിയിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ അഡ്വ. എൻ. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു. കരിക്കകം വാർഡ് കൗൺസിലർ ഹിമാ സിജി, കരിക്കകം ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി അശോക് കുമാർ, എസ്.എൻ.ഡി.പി കരിക്കകം നോർത്ത് ശാഖ സെക്രട്ടറി ആർ. സുരേഷ് കുമാർ, കരിക്കകം കുതിരാക്ഷൻ തമ്പുരാൻ ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി അനീഷ് എ.പി, പ്രസിഡന്റ് സനു. എസ്.ആർ, കരിക്കകം സുരേഷ് എന്നിവർ പങ്കെടുത്തു



# നാട്യങ്ങളില്ലാത്ത നാട്ടുകാരന് ഒരു വോട്ട്

ശ്രീകുമാർപള്ളീലേത്ത്

തിരുവനന്തപുരം:' നാട്യങ്ങളില്ലാത്ത നാട്ടുകാരൻ, നാടിന്റെ സമ്പത്ത്, മതനിരപേക്ഷതയുടെ സമ്പത്ത്... നിങ്ങളുടെ അനുഗ്രഹം തേടി ഈ വാഹനത്തിന് പിന്നാലെ കടന്നുവരുന്നു '. അരിവാൾ ചുറ്റിക ആലേഖനം ചെയ്ത ചെങ്കൊടി പറപ്പിച്ച അനൗൺസ്‌മെന്റ് വാഹനം റോഡിന്റെ അങ്ങേത്തലയ്ക്കൽ കണ്ടപ്പോൾ തോപ്പ്നട ജംഗ്ഷനിലെ കടത്തിണ്ണയിൽ നിന്ന വീട്ടമ്മ ആവേശത്തോടെ റോഡിലേക്കിറങ്ങി.

സ്ഥാനാർത്ഥിയെ അണിയിക്കാൻ കരുതിയ രക്തഹാരം കൈയിൽ തന്നെയുണ്ടെന്ന് ഒന്നുകൂടി ഉറപ്പാക്കി. സ്വീകരണ പരിപാടിയുടെ ചുക്കാൻ പിടിക്കുന്ന അഡ്വ. നിസാം ചുറ്റുമൊന്ന് കണ്ണോടിച്ച് എല്ലാം ഭദ്രമെന്ന് ഉറപ്പുവരുത്തി.

നാടിളക്കിവരുംപോലെയാണ് സ്ഥാനാർത്ഥിയുടെയും സംഘത്തിന്റെയും വരവ്.



ആറ്റിങ്ങൽ ലോക്‌സഭാ മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി എ. സമ്പത്തിനു കഠിനംകുളം, മേനംകുളം മേഖലാ പര്യടനത്തിനിടയിൽ പടിഞ്ഞാറ്റുമുക്കിൽ നൽകിയ സ്വീകരണം

മുന്നിൽ റീന എന്ന നാടക കലാകാരിയുടെ ഏകാംഗ നാടക അവതരണത്തിനുള്ള സഞ്ചരിക്കുന്ന വേദി, തുടർന്ന് വാഹനത്തിൽ വാദ്യസംഘം. പിന്നിൽ പ്രാസംഗിയൊപ്പിച്ചുള്ള അനൗൺസ്‌മെന്റ്, നേട്ടങ്ങളുടെ ചെറുവിവരണം, തൊട്ടുപിന്നാലെ ഇരുചക്രവാഹനങ്ങളിൽ നക്ഷത്രാങ്കിത പതാകയുമായി ഡി.വൈ.എഫ്.ഐയുടെ ചുണക്കുട്ടികൾ, അതിനും പിറകിലായി തുറന്ന വാഹനത്തിൽ വിടർന്ന ചിരിയുമായി സ്ഥാനാർത്ഥി ഡോ. എ. സമ്പത്തും.

മേനംകുളം മേഖലയിലെ തോപ്പ്നടയിൽ 10.35 ന് എത്തേണ്ട പര്യടനം എത്തിയത് ഒരുമണിക്കൂറിലേറെ വൈകി. സ്ഥാനാർത്ഥിയുടെ വാഹനം വന്നു നിന്നപ്പോൾ ഹാരമണിയിക്കാനുള്ള തിക്കും തിരക്കും. സംഘാടകർ കരുതിയ സ്നേഹോപഹാരം കണ്ടപ്പോൾ സമ്പത്തിന്റെ കണ്ണുതള്ളി. ലക്ഷണമൊത്ത ഒരു നാടൻ വാഴക്കുല. ക്ഷീണിതനെങ്കിലും ഒരു വിധത്തിൽ സ്ഥാനാർത്ഥി ഉപഹാരം ഏറ്റുവാങ്ങി.

പിന്നെ മൈക്ക് കൈയിലെടുത്തു. 'ഇന്ന് ചൂട് മൂന്ന് ഡിഗ്രി കൂടുതലാണ്. സൂര്യാഘാതമേൽക്കാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ വെയിലിൽ നിന്ന് നിങ്ങൾ മാറി നിൽക്കണം. 23-ാം തീയതി രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തുകയെന്നതാണ് പ്രധാന ജോലി. ബന്ധുക്കളോടും സുഹൃത്തുക്കളോടും എനിക്ക് വോട്ട് നൽകാൻ പറയണം. എന്നെ വിജയിപ്പിച്ച് പാർലമെന്റിലേക്ക് വീണ്ടും അയയ്ക്കണം'. പ്രവർത്തകർ ആവേശത്തോടെ പ്രസംഗം കൈയടിച്ച് പാസാക്കി.

പള്ളിനടയും പിന്നിട്ട് പടിഞ്ഞാറ്റുമുക്കിലെത്തിയപ്പോൾ സ്ത്രീകളുടെ വൻകൂട്ടം. പലരും കുട്ടികളെയും ഒക്കത്തെടുത്താണ് സ്ഥാനാർത്ഥിയെ ഹാരമണിയിച്ചത്. സഖാക്കൾ അണിയിച്ച ഹാരങ്ങൾ കുട്ടികളുടെ കഴുത്തിൽ സമ്പത്ത് തിരികെ അണിയിച്ചപ്പോൾ രക്ഷാകർത്താക്കളുടെ മുഖത്ത് അഭിമാനത്തിന്റെ പുഞ്ചിരി.

ആൾക്കൂട്ടത്തിന്റെ ബാഹുല്യത്തിന് ആനുപാതികമായി പ്രസംഗത്തിലെ പ്രതിപാദന വിഷയങ്ങളിൽ നേരിയ മാറ്റവും മറിക്കലും. ' ഞാൻ രാഷ്ട്രീയം പഠിച്ചത് കോളേജിൽ നിന്നാണ്, മാർക്കറ്റിൽ നിന്നാണ്, കയർ തൊഴിലാളികളിൽ നിന്നാണ്, മത്സ്യമാർക്കറ്റിൽ നിന്നാണ്..... സർവതല സ്പർശിയാണ് പ്രസംഗം. ചിറ്റാറ്റുമുക്കിലും മേനംകുളത്തുമെല്ലാം എത്തിയപ്പോഴേക്കും ജനക്കൂട്ടത്തിന്റെ വലിപ്പം കൂടി.

വിഷുവിന്റെ ആഗമനം വിളിച്ചോതുന്നതായിരുന്നു വിളയിൽകുളം ജംഗ്ഷനിലെ സ്വീകരണം. കൈക്കുടന്ന നിറയെ കൊന്നപ്പൂക്കളുമായാണ് വനിതകൾ അടക്കമുള്ള പ്രവർത്തകർ സ്ഥാനാർത്ഥിയെ വരവേറ്റത്. ഭക്ഷണത്തിനും വിശ്രമത്തിനുമായി 11 മണിയോടെ രാവിലത്തെ പര്യടനം അവസാനിപ്പിക്കാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും അവസാന സ്വീകരണം കഴിഞ്ഞപ്പോൾ മണി ഒന്നുകഴിഞ്ഞു. ലോക്‌സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ശേഷം വിവിധ ഘട്ടങ്ങളിലായി 1628 സ്വീകരണങ്ങളാണ് ഇന്നലെ ഉച്ചയോടെ സമ്പത്ത് പൂർത്തിയാക്കിയത്.

വിളയിൽകുളത്തിന് സമീപത്തുള്ള ഒരു പ്രവർത്തകന്റെ വീട്ടിലാണ് ഉച്ചഭക്ഷണം സജ്ജമാക്കിയത്. തുറന്ന വാഹനത്തിൽ നിന്നിറങ്ങിയ സ്ഥാനാർത്ഥി വേഗത്തിൽ ഒരു കുളി പാസാക്കി, വസ്ത്രങ്ങളും മാറി എത്തിയപ്പോൾ മുഖത്തെ ക്ഷീണത്തിന് തെല്ല് ഇളവ്. 'എങ്ങനെയാണ് നിങ്ങളുടെ വിലയിരുത്തൽ?' സ്ഥാനാർത്ഥിയുടെ ചോദ്യം.

നല്ല പ്രചാരണമെന്ന് മറുപടി നൽകിയപ്പോൾ കണ്ണുകളിൽ തിളക്കം.

## എൽ.ഡി.എഫ് മികച്ചവിജയം നേടും: പിണറായി വിജയൻ

വർക്കല: ലോക്‌സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് കേരളത്തിൽ മികച്ച വിജയം നേടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

എൽ.ഡി.എഫ് സ്ഥാനാർത്ഥി ഡോ. എ. സമ്പത്തിന്റെ വർക്കല നിയമസഭാ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് മതനിരപേക്ഷതയും ജനാധിപത്യവും തകർക്കാനാണ് ബി.ജെ.പി സർക്കാർ ശ്രമിക്കുന്നത്. രാജ്യത്തെ ദാരിദ്ര്യവും തൊഴിലില്ലായ്മയും മാറണമെങ്കിൽ ബി.ജെ.പി വീണ്ടും അധികാരത്തിലെത്താൻ പാടില്ല.

കേന്ദ്രത്തിൽ അധികാരത്തിൽ വരേണ്ടത് മതനിരപേക്ഷ സർക്കാരാണ്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനം അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയായിരുന്നു. ജനങ്ങളാകെ നിരാശയിലായിരുന്നു. ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കാണ് എൽ.ഡി.എഫ് സർക്കാർ തുടക്കമിട്ടതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തിന്റെ വികസന പദ്ധതികൾ തടയുന്നതിന് ചിലർ വിവാദങ്ങൾ സൃഷ്ടിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തിനാണ് കിഫ്ബി പോലെ ഒരു ധനസമാഹരണയജ്ഞത്തിന് രൂപം കൊടുത്തത്.

നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തെ കേരളം ഒരു മനസോടെയാണ് നേരിട്ടത്. എന്തൊക്കെ എതിർപ്പുകൾ വന്നാലും നമുക്ക് നമ്മുടെ കേരളത്തെ പുനഃസൃഷ്ടിച്ചേ മതിയാകൂ.

വിവാദങ്ങൾ വിവാദങ്ങളുടെ വഴിയെയും വികസനം വികസനത്തിന്റെ വഴിയെയും പോകുമെന്നും പിണറായി വിജയൻ പറഞ്ഞു. അഡ്വ.വി. ജോയി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, ഡെപ്യൂട്ടി സ്പീക്കർ വി.ശശി, വി. ശിവൻകുട്ടി, നീലലോഹിതദാസൻനാടാർ, ബി.പി. മുരളി, അഡ്വ.ബി. രവികുമാർ, വി. സുരേന്ദ്രൻപിള്ള, എസ്. രാജീവ്, അഡ്വ.എസ്. ഷാജഹാൻ, അഡ്വ. എസ്. സുന്ദരേശൻ, കെ.എം. ലാജി, വി. രഞ്ജിത്ത്, വാമനപുരം പ്രകാശ്കുമാർ, സുരേന്ദ്രൻനായർ തുടങ്ങിയവർ സംസാരിച്ചു.



വർക്കല മൈതാനം ജംഗ്ഷനിൽ നടന്ന എൽ.ഡി.എഫ് കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കാനെത്തിയപ്പോൾ. വി.ജോയ് എം.എൽ.എ സമീപം ഫോട്ടോ: അജയ് മധു

## കുമ്മനം രാജശേഖരന്റെ കഴക്കൂട്ടം മണ്ഡലം പര്യടനം ഇന്ന്

കഴക്കൂട്ടം: എൻ.ഡി എ സ്ഥാനാർത്ഥി കുമ്മനം രാജശേഖരന്റെ കഴക്കൂട്ടം മണ്ഡലം പര്യടനം ഇന്ന് തുടങ്ങും.

രാവിലെ 7.30 ന് ഒരുവാതിൽ കോട്ടയിൽ നിന്നാരംഭിക്കുന്ന പര്യടനം കടകംപള്ളി, ആറ്റിപ്ര, പള്ളിത്തുറ, ശ്രീകാര്യം, ചേങ്കോട്ടുകോണം, കഴക്കൂട്ടം എന്നി ഏര്യകളിലെ വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തിയശേഷം രാത്രി 9 ന് കഴക്കൂട്ടം ജംഗ്ഷനിൽ സമാപിക്കും. ഭവന സന്ദർശനങ്ങൾ നാലാംഘട്ടവും പൂർത്തിയാക്കി കഴിഞ്ഞതായി ബി.ജെ.പി കഴക്കൂട്ടം മണ്ഡലം പ്രസിഡന്റ് സജിത്ത് കുമാറും ജില്ല കമ്മിറ്റി അംഗം കഴക്കൂട്ടം അനിലും പറഞ്ഞു.



ആറ്റിങ്ങൽ ലോക്‌സഭാ മണ്ഡലത്തിലെ എൻ.ഡി.എ സ്ഥാനാർത്ഥി ശോഭാസുരേന്ദ്രന് വാമനപുരത്ത് നൽകിയ സ്വീകരണം

## ആട്ടോയിൽ ബസിടിച്ച് ഗർഭിണിക്ക് ദാരുണാന്ത്യം

പാറശാല: ആട്ടോറിക്ഷയും കെ.എസ്.ആർ.ടി.സി ബസും കൂട്ടിയിടിച്ച് ആട്ടോയിലെ യാത്രക്കാരിയായിരുന്ന പൂർണ ഗർഭിണി മരിച്ചു.

പന്നിമല കുതാളി ഇരിപ്പുവാലി റോഡരികത്ത് വീട്ടിൽ ഷിബു ജോണിന്റെ ഭാര്യ മിനി (34) ആണ് മരിച്ചത്.

ഇന്നലെ ഉച്ചയ്ക്ക് മെയ്പ്പുരത്തുവച്ചാണ് അപകടം. ബസ് ആട്ടോയുടെ പിറകിൽ ഇടിച്ചതിനെ തുടർന്ന് മിനിക്കും ജ്യേഷ്ഠ സഹോദരി ഷീജയ്ക്കും പരിക്കേറ്റു. മിനി ആശുപത്രിയിൽ വച്ചാണ് മരിച്ചത്. കാരക്കോണം മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സാണ്. ഷീജയുമൊത്ത് ആട്ടോയിൽ രാവിലെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെത്തി മടങ്ങവെയാണ് അപകടം. സ്കാനിംഗിൽ ഇരട്ട കുട്ടികൾ ആണെന്നറിഞ്ഞിരുന്നു. ഗർഭസ്ഥ ശിശുക്കളും മരിച്ചു. കാരക്കോണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായുള്ള അനുമതിക്കാണ് ഇ.എസ്.ഐ ആശുപത്രിയിലെത്തിയത്. സൗദി അറേബ്യയിൽ ഡ്രൈവറാണ് ഷിബു ജോൺ.



മിനി

മിനിയുടെ ആദ്യപ്രസവത്തിൽ ഇരട്ടക്കുട്ടികളായിരുന്നു. കുതാളി ഗവ. സ്കൂളിലെ യു.കെ.ജി വിദ്യാർത്ഥികളായ അബേൻ ജോൺ, അബി എന്നിവരാണ് മക്കൾ. മിനിയുടെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ. ഷീജ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

## റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നടന്ന ഒ.എം.ആർ പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ നിയമനത്തിന് യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. മെയിൻ ലിസ്റ്റിൽ ആറ് പേരും സപ്ലിമെന്ററി ലിസ്റ്റിൽ മൂന്ന് പേരും ഉൾപ്പടെ ഒൻപത് പേർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. റാങ്ക് പട്ടിക ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റിലും പരിശോധയ്ക്ക് ലഭിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.


വേർപാടിന്റെ മൂന്നാം വർഷം (10.04.2019)



നിമൽ എസ്. കുമാർ
വാഴവിള, കാപ്പിൽ പി.ഒ.,
ഇടവ. Ph. 9526556109.
എന്ന്, ദുഃഖിതരായ, അച്ഛൻ : സുധീഷ് കുമാർ,
അമ്മ : അജിത. എസ്,
സഹോദരി : നിമിഷ എസ്. കുമാർ,
മറ്റ് ബന്ധുമിത്രാദികൾ.

സംസ്കാരം നാളെ (11-04-2019)



ആർ.സത്യദേവൻ (88)
സത്യൻ സദനം, കലയ്ക്കോട്, പരവൂർ

മാന്യരേ,
എന്റെ അഭിവന്ദ്യ ഭർത്താവ് ശ്രീ. ആർ. സത്യദേവൻ(88) ഏപ്രിൽ 2-ാം തീയതി നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചുകൊള്ളുന്നു.
പരേതന്റെ ശവസംസ്കാര ചടങ്ങുകൾ ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 11.15 ന് ലണ്ടനിൽ വച്ച് നടത്തുന്നതാണ്.
എന്ന്, ദുഃഖിതയായ ഭാര്യ: സരസ്വതി സത്യദേവൻ
മക്കളും മരുമക്കളും കൊച്ചുമക്കളും



മാർക്കറ്റ്

| | | | |
|---|---|---|---|
| 238.69 ↑ | സെൻസെക്സ് | 38939.22 |
| 67.45 ↑ | നിഫ്റ്റി | 11671.95 |

സ്വർണം

| | |
|---|---|
| പവൻ (8ഗ്രാം) | 23,920 |
| ഒരു ഗ്രാം | 2990 |



# അന്ന് കെ.എം. മാണി പറഞ്ഞു, 'ഭരണഘടന പൊളിച്ചെഴുതണം'

അനിൽകുമാർ ശർമ്മ

കൊച്ചി: "സംസ്ഥാനങ്ങൾക്ക് കുറച്ച് അധികാരമേയുള്ളൂ. കൂടുതൽ അധികാരവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാനങ്ങളുടെ വികസനത്തിന് പ്രതിസന്ധിയാണ്. സംസ്ഥാനങ്ങൾക്കും വേണ്ടത്ര അധികാരം ലഭിക്കാൻ നമ്മുടെ ഭരണ ഘടന പൊളിച്ചെഴുതണം", കെ.എം. മാണിയുടെ വാക്കുകളാണിത്.

തന്റെ അര നൂറ്റാണ്ടുകാലത്തെ രാഷ്ട്രീയ ജീവിതം സംബന്ധിച്ച് മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ കെ. ഗോവിന്ദൻകുട്ടി രചിച്ച 'കെ.എം. മാണി - എ സ്റ്റഡി ഇൻ റീജിയണലിസം' എന്ന പുസ്തകത്തിന്റെ, 2015 സെപ്തംബർ 10ന് കൊച്ചിയിൽ നടന്ന പ്രകാശന ചടങ്ങിലാണ് കെ.എം. മാണി ഇക്കാര്യം പറഞ്ഞത്. പുസ്തകം പ്രകാശനം ചെയ്തത്, കേന്ദ്ര ധനമന്ത്രി അരുൺ ജയ്റ്റ്ലിയായിരുന്നു. തിരഞ്ഞെടുപ്പിൽ തോൽവി അറിയാതെ രാഷ്ട്രീയരംഗത്ത് മുന്നേറുന്ന മാണിയുടെ ജീവിതം മഹാത്ഭുതമാണെന്ന് അന്ന് ജയ്റ്റ്ലി വാഴ്ത്തി.

"നമ്മുടെ രാജ്യത്ത് പ്രധാനമന്ത്രിമാർ തിരഞ്ഞെടുപ്പിൽ തോറ്റിട്ടുണ്ട്. മുഖ്യമന്ത്രിയായിരുന്നവരും തോറ്റിട്ടുണ്ട്. എങ്ങനെയാണ് ഒരാൾക്ക് തോൽവിയറിയാതെ 50 വർഷം തിരഞ്ഞെടുപ്പിൽ ജയിക്കാനാവുക? മാണി സാർ താങ്കൾ ഒരു അത്ഭുതമാണ്", ജയ്റ്റ്ലി പറഞ്ഞു.

50 വർഷക്കാലം മാണിയെ തിരഞ്ഞെടുപ്പിൽ തോൽപ്പിക്കാൻ എതിരാളികൾ പല തന്ത്രങ്ങളും പയറ്റിയുണ്ട്. നിരവധി വിവാദങ്ങളും പ്രതിസന്ധികളും ജീവിതത്തിൽ മാണി നേരിട്ടു. പക്ഷേ, അവയെല്ലാം നിസാരമായി തട്ടിയകറ്റി അദ്ദേഹം തോൽവിയറിയാതെ മുന്നേറി. അദ്ദേഹത്തിന്റെ ജീവിതവും അദ്ദേഹത്തിന്റെ കഥ പറയുന്ന പുസ്തവും ഏതൊരു ഇന്ത്യൻ രാഷ്ട്രീയ വിദ്യാർത്ഥിയും അറിഞ്ഞിരിക്കേണ്ട പാഠപുസ്തകമാണെന്നും ജയ്റ്റ്ലി അഭിപ്രായപ്പെട്ടു.

'ഒരു രാജ്യം, ഒരു നികുതി' എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാർ നടപ്പാക്കിയ ജി.എസ്.ടി സംബന്ധിച്ച സംസ്ഥാന ധനമന്ത്രിമാരുടെ സമിതിയുടെ ആദ്യ ചെയർമാൻ കെ.എം. മാണി ആയിരുന്നു. രാഷ്ട്രീയ-ഭരണ തലത്തിൽ അര നൂറ്റാണ്ടുകാലത്തെ മാണിയുടെ പരിചയസമ്പത്താണ് ഈ സ്ഥാനത്തേക്ക് ഐകകണ്ഠേന മാണി തിരഞ്ഞെടുക്കപ്പെടാൻ കാരണമെന്നും ജയ്റ്റ്ലി വ്യക്തമാക്കിയിരുന്നു.

ചടങ്ങിൽ, മറുപടി പ്രസംഗത്തിൽ മാണി പ്രദേശിക പാർട്ടികളുടെ കരുത്തിനെ കുറിച്ചും സംസാരിച്ചു. "പ്രാദേശിക പാർട്ടിയല്ല, ഞങ്ങൾ (കേരള കോൺഗ്രസ്) സംസ്ഥാന പാർട്ടിയാണ്. രാജ്യത്ത് സംസ്ഥാന പാർട്ടികളുടെ പ്രസക്തി ഏറുകയാണ്. ദേശീയ-സംസ്ഥാന പാർട്ടികൾ കൈകോർത്താൽ സുസ്ഥിര വികസനം നടപ്പാക്കാനാകും", മാണി പറഞ്ഞു.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം ധനമന്ത്രി സ്ഥാനം വഹിച്ച വ്യക്തിത്വമാണ്, അഭിഭാഷകനും ഒട്ടേറെ പുസ്തകങ്ങളുടെ രചയിതാവും കൂടിയായ മാണി. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തവണ (13) ബഡ്ജറ്റ് അവതരിപ്പിച്ച ധനമന്ത്രി എന്ന റെക്കാഡും മാണിയുടെ സ്വന്തമാണ്.



കെ.എം. മാണി (ഫയൽ ചിത്രം)

> ഞങ്ങൾ (കേരള കോൺഗ്രസ്) പ്രാദേശിക പാർട്ടിയല്ല, സംസ്ഥാന പാർട്ടിയാണ്. രാജ്യത്ത് സംസ്ഥാന പാർട്ടികളുടെ പ്രസക്തി ഏറുകയാണ്

# കൊച്ചി-ചൈന സർവീസുമായി ഒമേഗ ഷിപ്പിംഗ് ഏജൻസീസ്




കൊച്ചി: ഇന്ത്യൻ സ്ഥാപനമായ ഒമേഗ ഷിപ്പിംഗ് ഏജൻസീസ്, തായ്‌വാനിലെ വാൻഹായ് ലിമിറ്റഡുമായി ചേർന്ന് കൊച്ചിയിൽ നിന്ന് നേരിട്ട് ചൈനയിലേക്ക് ആരംഭിക്കുന്ന 'ചൈന ഇന്ത്യ എക്സ്പ്രസ് 2 (സി.ഐ 2)' ചരക്കുകപ്പൽ സർവീസിന് ഇന്ന് തുടക്കമാകും.

രാവിലെ പത്തിന് വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്‌ഷിപ്പ്മെന്റ് ടെർമിനലിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കൊച്ചി തുറമുഖ ട്രസ്റ്റ് ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, കസ്റ്റംസ് ചീഫ് കമ്മിഷണർ, ഡി.പി. വേൾഡ് അധികൃതർ, മുതിർന്ന ഉദ്യോഗസ്ഥർ, വാൻഹായി, ഒമേഗ എന്നിവയുടെ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിക്കും. ലോകത്തിന്റെ എതാണ്ട് എല്ലാഭാഗത്തും ചരക്ക കപ്പൽ ശൃംഖലയുള്ള വാൻ ഹായിക്ക് 100ഓളം ചരക്കുകപ്പലുകളും എല്ലാ പ്രധാന തുറമുഖങ്ങളിലും നഗരങ്ങളിലും ഓഫീസുകളും ഏജൻസികളുമുണ്ട്. ഒമേഗ ഷിപ്പിംഗ് ഏജൻസീസ് 1996 മുതൽ വാൻ ഹായ് ലൈൻസുമായി യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. കൊച്ചിയുടെ വികസന കുതിപ്പിന് ഉണർവേകുന്നതാണ് നേരിട്ടുള്ള കൊച്ചി-ചൈന സർവീസെന്ന് വാൻ ഹായ് ലൈൻസിന്റെ ഇന്ത്യയിലെ പ്രതിനിധിയായ അബ്ബി യാംഗ്, ആൻഡ്രൂ യാംഗ്, ഒമേഗ ഷിപ്പിംഗ് ഏജൻസീസിന്റെ മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അബ്രോ, ഡയറക്ടർ ലെനി അബ്രോ, ഡി.പി. വേൾഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രവീൺ തോമസ് ജോസഫ് എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

# ടൊയോട്ട മെഗാ കാർണിവൽ ഇന്നും നാളെയും തിരുവനന്തപുരത്ത്



കൊച്ചി: നിപ്പോൺ ടൊയോട്ട ഒരുക്കുന്ന കാർണിവൽ ഇന്നും നാളെയും തിരുവനന്തപുരം പോത്തൻകോട് ഇൻഫന്റ് ജീസസ് പള്ളി വളപ്പിൽ (അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിന് എതിർവശം) രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെ നടക്കും.

സ്പോട്ട് എക്സ്ചേഞ്ച്, ലളിതമായ ഫിനാൻസ് സൗകര്യങ്ങൾ മേളയിലുണ്ടാകും. ഉപഭോക്താക്കളുടെ വാഹനങ്ങൾക്ക് സൗജന്യ മൂല്യനിർണയ സൗകര്യം, 1.40 ലക്ഷം രൂപവരെ നിബന്ധനകൾക്ക് അനുസൃതമായ ആനുകൂല്യം എന്നിവയും ഒരുക്കിയിരിക്കുന്നു. വിവരങ്ങൾക്ക് : 98954 26063

# ക്രെഡായ് കേരള ഭാരവാഹികൾ ചുമതലയേറ്റു

കൊച്ചി: ക്രെഡായ് കേരളയുടെയും തിരുവനന്തപുരം ഘടകത്തിന്റെയും പുതിയ ഭാരവാഹികൾ ചുമതലയേറ്റു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ടി.പി. ശ്രീനിവാസൻ മുഖ്യാതിഥിയായിരുന്നു. ക്രെഡായ് കേരള ചെയർമാനായി എസ്. കൃഷ്ണകുമാർ (മാനേജിംഗ് ഡയറക്ടർ, നികുഞ്ചം കൺസ്ട്രക്ഷൻസ്), വൈസ് ചെയർമാനായി ചെറിയാൻ ജോൺ (മാനേജിംഗ് ഡയറക്ടർ, ഹൈ ലൈഫ് ബിൽഡേഴ്സ്), സെക്രട്ടറി ജനറലായി എം.വി. ആന്റണി (മാനേജിംഗ് ഡയറക്ടർ, കുന്നേൽ പ്രൊജക്ട്സ്), ട്രഷററായി എം.എ. മെഹബൂബ് (മാനേജിംഗ് ഡയറക്ടർ, സെക്യൂറ പ്രോജക്ട് മാനേജ്മെന്റ്), ജോയിന്റ് സെക്രട്ടറിയായി കെ. രാജൻ (പ്രൊപ്രൈറ്റർ, ബിൽടെക്) എന്നിവരാണ് ചുമതലയേറ്റത്. തിരുവനന്തപുരം ഘടകം ഭാരവാഹികളായി വി.എസ്. ജയചന്ദ്രൻ (പ്രസിഡന്റ്), അരുൺ എ. ഉണ്ണിത്താൻ (സെക്രട്ടറി), ഇ. മാർട്ടിൻ തോമസ് (വൈസ് പ്രസിഡന്റ്), ബിജു സദാശിവൻ (ട്രഷറർ), ധന്യ ബാബു (ജോയിന്റ് സെക്രട്ടറി) എന്നിവരും ചുമതലയേറ്റു.

| SCRIP | BSE | NSE |
|---|---|---|
| ABB | 1408.400 | 1408.350 |
| ACC | 1653.900 | 1654.300 |
| Adani Power | 50.000 | 50.150 |
| AKSHOPTICAL | 18.450 | 18.400 |
| AMARAJA | 675.350 | 675.400 |
| ANDHARA BANK | 29.350 | 29.550 |
| APPOLOHOS | 1258.250 | 1259.550 |
| ARVINDMILL | 88.400 | 88.250 |
| ASHOKLEY | 91.450 | 91.700 |
| ASIANPNT | 1443.500 | 1444.850 |
| AVAYA GLOBAL | 119.000 | 117.000 |
| AXISBANK | 763.550 | 763.400 |
| BAJAJAUTO | 2918.500 | 2924.800 |
| BALAJITELE | 80.500 | 80.400 |
| BANKOFBARODA | 132.000 | 132.050 |
| BATAIND | 1400.350 | 1399.900 |
| BEML | 968.200 | 968.550 |
| BFLSOFT | 983.650 | 986.300 |
| BHARTI | 351.600 | 351.600 |
| BHEL | 71.750 | 71.650 |
| BIOCON | 619.500 | 618.800 |
| BOI | 102.150 | 102.250 |
| BOMBDYE | 136.350 | 136.100 |
| BPCL | 356.100 | 356.300 |
| BRITANNIA | 2973.850 | 2962.900 |
| CANARABANK | 286.300 | 286.900 |
| CEAT | 1093.550 | 1093.650 |
| CENTURY TEXT | 890.000 | 889.900 |
| CHENNAIPETRO | 253.600 | 254.100 |
| CIPLA | 531.600 | 532.000 |
| COLGATE | 1230.950 | 1230.800 |
| DABUR | 403.450 | 403.650 |
| DIVIS LAB | 1715.000 | 1715.850 |
| DRREDDY | 2753.350 | 2753.300 |
| DWARKESH SUGAR | 29.700 | 29.900 |
| EIHOTEL | 194.250 | 195.000 |
| ENGGINDIA | 117.850 | 117.900 |
| ESCORTS | 774.700 | 774.800 |
| Euro Multivision Ltd | 1.350 | 0.800 |
| Excel Infoways Ltd | 1.420 | 1.450 |
| FINLXCABLE | 485.200 | 490.100 |
| GAIL | 343.700 | 343.500 |
| GARDEN SILK | 20.350 | 20.300 |
| GESHIPP | 298.150 | 300.400 |
| GLAXO | 1296.050 | 1299.900 |
| GLENMARK | 639.950 | 640.900 |
| GLOBALTELE | 4.900 | 4.750 |
| Globus Spirits Ltd | 143.600 | 143.150 |
| GNFC | 322.700 | 322.800 |
| GODREJS | 664.750 | 664.850 |
| GRASIM | 844.850 | 846.000 |
| GUJAMBCEM | 227.150 | 227.150 |
| HCLINFO | 17.700 | 17.600 |
| HDFC | 2068.000 | 2069.150 |
| HDFCBNK | 2290.000 | 2287.250 |
| HEROHONDA | 2626.550 | 2623.650 |
| HINDALCO | 216.750 | 217.150 |
| HINDLEVER | 1678.700 | 1680.500 |
| HINDMOT | 7.480 | 7.500 |
| HINDUJAFUN | 392.050 | 390.200 |
| HMCHLFUT | 22.050 | 22.100 |
| HOTLLEELA | 10.830 | 10.800 |
| HPCL | 256.250 | 256.100 |
| HUGHSTELE | 3.060 | 3.000 |
| I-FLEX | 3569.000 | 3570.350 |
| ICICIBANK | 396.900 | 397.150 |
| IDBI | 43.850 | 43.850 |
| INDHOTEL | 152.350 | 152.250 |
| INDIACEM | 108.600 | 108.700 |
| INFOSYS | 759.850 | 760.600 |
| INFOTECH ENT | 599.600 | 597.250 |
| IOB | 14.820 | 14.850 |
| IOC | 155.150 | 155.400 |
| ITC | 296.350 | 296.300 |
| Jindal Cotex Ltd | 4.300 | 4.150 |
| KALECONSULT | 937.300 | 938.450 |
| KARUR VYSYA BANK | 77.850 | 77.900 |
| KOPRAN | 41.100 | 41.100 |
| KOTAKM | 1342.150 | 1341.450 |
| L&T | 1374.800 | 1375.200 |
| LICHSGFIN | 549.500 | 549.900 |
| LUPINCHEM | 809.250 | 810.750 |
| LYKALAB | 31.700 | 31.650 |
| M&M | 666.600 | 667.850 |
| MAHABANK | 14.190 | 14.200 |
| Mahindra Holidays | 232.700 | 233.500 |
| MARUTI | 7218.350 | 7216.550 |
| MAXIND | 424.100 | 424.300 |
| MCDOWEL | 544.250 | 544.300 |
| MIDDAY | 0.000 | 17.550 |
| MRF | 57702.800 | 57641.200 |
| MROTECH | 0.000 | 35.550 |
| MTNL | 11.910 | 11.900 |
| MUKTAARTS | 50.000 | 50.450 |
| NAICHOLAS | 2633.900 | 2636.250 |
| NATHSEED | 0.000 | 4.950 |
| NEYBELI | 68.050 | 68.000 |
| NHPC Ltd | 24.200 | 24.200 |
| NIIT | 112.500 | 112.650 |
| NTPC | 135.850 | 135.900 |
| OBC | 110.400 | 110.300 |
| Oil India Ltd (OIL) | 178.500 | 178.400 |
| ONGC | 157.550 | 157.550 |
| ONWARDTECI | 66.100 | 66.550 |
| ORCHIDCHEM | 5.360 | 5.350 |
| PANACEABIO | 200.450 | 200.600 |
| PENTSOFT | 0.440 | 0.000 |
| PETRONET | 240.000 | 240.000 |
| PFIZER | 3251.500 | 3252.750 |
| Pipavav Shipyard | 9.830 | 9.900 |
| PRYACEM | 101.050 | 101.150 |
| PTC | 74.100 | 74.100 |
| RAMCOSYS | 238.950 | 239.050 |
| RELCAP | 187.300 | 187.200 |
| RELIANCE | 1335.350 | 1334.450 |
| ROLTA | 6.480 | 6.450 |
| SAB | 4.350 | 4.550 |
| SAIL | 58.900 | 58.850 |
| SARIGAMA | 590.000 | 588.600 |
| SBI | 315.150 | 314.750 |
| SCI | 35.000 | 35.350 |
| SHYAMTELE | 6.360 | 0.000 |
| SIEMENS | 1153.650 | 1154.050 |
| SKFBEAR | 2056.200 | 2067.450 |
| SMITHKLC | 7070.300 | 7049.950 |
| STROPTICAL | 208.100 | 207.900 |
| SUNPHARMA | 469.750 | 470.950 |
| SYNDIBANK | 42.650 | 42.600 |
| Tata Communications | 582.050 | 582.050 |
| TATACHEM | 607.950 | 608.600 |
| TATAELXSI | 964.650 | 963.500 |
| TATAPOWER | 72.500 | 72.600 |
| TATATEA | 210.600 | 210.250 |
| TCS | 2088.100 | 2091.500 |
| TELCO | 206.000 | 205.900 |
| THERMAX | 973.800 | 975.600 |
| THMCOOK | 250.700 | 250.950 |
| TIPSINDIA | 65.150 | 64.650 |
| TISCO | 551.800 | 553.050 |
| TITANIND | 1099.100 | 1098.550 |
| TRIGYNTECH | 70.000 | 69.950 |
| UCOBANK | 18.900 | 18.850 |
| UNICHEMLAB | 195.400 | 195.400 |
| VESUVIUS | 1191.250 | 1169.950 |
| VOLTAS | 609.300 | 609.250 |
| WIPRO | 273.450 | 273.800 |
| ZEETELE | 410.800 | 410.700 |
| **KERALA BASED** | | |
| APOLLOTYRE | 215.950 | 216.000 |
| AVTNPL | 25.900 | 25.850 |
| Cochin minerals | 182.600 | 0.000 |
| COCHINSHIP | 402.650 | 403.550 |
| Dhan bank | 20.150 | 20.100 |
| Eastern Treads | 47.000 | 0.000 |
| Fact | 36.700 | 36.550 |
| FEDERALBNK | 98.200 | 98.150 |
| GEOJIT | 40.700 | 40.800 |
| Gtn textiles | 0.000 | 11.550 |
| HARMALA | 70.400 | 70.750 |
| INDITRADE | 41.150 | 0.000 |
| Kera ayu | 64.700 | 0.000 |
| Kitex | 103.100 | 103.200 |
| Kse ltd. | 1410.050 | 0.000 |
| Manapuram | 119.850 | 120.250 |
| Muthoot capital | 889.750 | 893.100 |
| Muthootfin | 613.750 | 613.550 |
| Nitta gelatin | 129.000 | 0.000 |
| Patspin india | 10.990 | 10.650 |
| RUBFILA INTL [BSE] | 42.500 | 0.000 |
| SIB | 17.200 | 17.200 |
| Sree sakthi paper | 5.000 | 0.000 |
| Vertex | 1.760 | 0.000 |
| Vguard | 218.150 | 218.950 |
| WONDERLA | 306.300 | 305.400 |

## വിനിമയനിരക്ക്

€ $ £ ¥

| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 69.35 | 69.26 |
| യൂറോ | 78.17 | 78.10 |
| പൗണ്ട് | 90.52 | 90.43 |
| സ്വിസ് ഫ്രാങ്ക് | 69.37 | 69.26 |
| സിംഗപ്പൂർ ഡോളർ | 51.26 | 51.18 |
| ആസ്ട്രേലിയ ഡോളർ | 49.53 | 49.47 |
| കനേഡിയൻ | 52.18 | 52.09 |
| ബഹ്റിൻ ദിനാർ | 183.79 | |
| കുവൈറ്റ് ദിനാർ | 227.71 | |
| ഒമാനി റിയാൽ | 180.00 | |
| സൗദി റിയാൽ | 18.47 | |
| യു. എ. ഇ. ദിർഹം | 18.86 | |
| ഖത്തർ റിയാൽ | 19.02 | |

## കമ്പോളനിലവാരം

| | |
|---|---|
| **കൊച്ചി** | |
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 14,400 |
| കൊപ്ര | 9535-99,00 |
| പിണ്ണാക്ക് എക്സ്പെല്ലർ | 1900 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 33,000 |
| കുരുമുളക് പുതിയത് | 31,500 |
| കുരുമുളക് ചേറ്റിയത് | 35,000 |
| പുതിയ ചുക്ക് | 26,000-29,000 |
| ചുക്ക് മീഡിയം | 23,000 |
| ചുക്ക് ബെസ്റ്റ് | 26,500 |
| മഞ്ഞൾ | -- |
| സേലം-ഈറോഡ് | 7300-7800 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 20,000-21,000 |
| അടയ്ക്ക പഴയത് | -- |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 12,500.00 |
| ഉഴുന്ന് | 6500-8000 |
| ചെറുപയർ | 6800-7400 |
| കടല | 5500-6000 |
| മുതിര | 4500 |
| എള്ള് | 10,000 |
| മല്ലി | 7700-17,000 |
| പച്ചരി നമ്പർ-2 | 2900 |
| പുഴുക്കലരി (ജയ) | 2800-2900 |
| ഗ്രാമ്പു | 725 |
| പാം ഓയിൽ | 6200 |
| **ജാതിക്ക** | |
| തൊണ്ടൻ | 220-250 |
| തൊണ്ടില്ലാത്തത് | 425-450 |
| ജാതിപത്രി ചുവപ്പ് | 780-900 |
| **പൈനാപ്പിൾ** | |
| പച്ച | 37.00 |
| പഴം | 40.00 |
| സ്പെഷ്യൽ | 39.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,850 |
| ആർഎസ്എസ്-5 | 12,000-12,650 |
| ഒട്ടുപാൽ | 9200 |
| ലാറ്റക്സ് | 8200 |
| **കോട്ടയം** | |
| ആർ.എസ്.എസ്4 | 124.50 |
| ആർ.എസ്.എസ്5 | 122.00 |
| തരംതിരിക്കാത്തത് | 110.50 |
| ഒട്ടുപാൽ | 85.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12850.00 |
| ആർ.എസ്.എസ്5 | 12600.00 |
| ഐ.എസ്.എൻ.ആർ20 | 12450.00 |
| ലാറ്റെക്സ് | 8770.00 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 12418 |
| ആർ.എസ്.എസ്2 | 12287 |
| ആർ.എസ്.എസ്3 | 12168 |
| ആർ.എസ്.എസ്4 | 12103 |
| ആർ.എസ്.എസ്5 | 12006 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 10580.00 (152.90) |
| 60% ലാറ്റക്സ് | 8612(124.50) |
| വെളിച്ചെണ്ണ | 173.00 |
| കൊപ്ര | 113.00 |
| ശർക്കര (മറയൂർ) | 68.00 |
| ശർക്കര (പാണ്ടി) | 48.00 |
| കാപ്പി | 117.00 |
| **കണ്ണൂർ** | |
| കൊപ്ര ക്വിന്റൽ | 10200 |
| വെളിച്ചെണ്ണ | |
| ടിൻ | 2660 |
| കിലോ | 180 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2300 |
| തേങ്ങ ക്വിന്റൽ | 3200 |
| **ആലപ്പുഴ** | |
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |
| **തൃശൂർ** | |
| വെളിച്ചെണ്ണ (മില്ലിംഗ്) | 15500 |
| തയ്യാർ | 14500 |
| കൊപ്ര | 10040 |
| നാളികേരം | 3175 |
| തേങ്ങപിണ്ണാക്ക് | 1900 |
| നല്ലെണ്ണ | 3150 |
| കടലെണ്ണ | 2200 |
| എള്ളിൻപിണ്ണാക്ക് | 3500 |
| വെള്ളി | 420 |
| **അടയ്ക്ക അമല** | |
| പഴയത് | 4200-4545 |
| പുതിയത് | 4000-4460 |
| രണ്ടാംതരം | 2000-2800 |
| **കൊക്കാല** | |
| പഴയത് | 4000-4600 |
| പുതിയത് | 4000-4300 |
| രണ്ടാംതരം | 1000-2500 |
| **പഴഞ്ഞി** | |
| പഴയത് | -- |
| പുതിയത് | 4200-4500 |
| രണ്ടാംതരം | 2500-3000 |
| **നെടുമങ്ങാട്** | |
| റബർ | 117 |
| ഒട്ടുപാൽ | 85 |
| തേങ്ങ | 32 |
| കുരുമുളക് | 280 |
| കുരുമുളക് (പച്ച) | 105 |
| കൊട്ടപ്പാക്ക് | 190 |
| വരവുമേനി | 180 |
| ജാതിക്ക | 160 |
| ജാതിപരിപ്പ് | 360 |
| ജാതിപത്രി | 800 |
| ഗ്രാമ്പ് | 500 |
| കാപ്പി | 100 |
| കൊക്കോ | 12 |
| കശു അണ്ടി | 105 |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 23,920 |
| ഒരുഗ്രാം | 2990 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

# ഹ്യൂണ്ടായ് വെന്യൂ: ഡിസൈൻ സ്കെച്ചുകൾ അവതരിപ്പിച്ചു



കൊച്ചി: രാജ്യത്തെ രണ്ടാമത്തെ വലിയ കാർ നിർമ്മാതാക്കളായ ഹ്യൂണ്ടായിയുടെ പുത്തൻ മോഡലും ആദ്യ കണക്ടഡ് എസ്.യു.വിയുമായ 'വെന്യൂ'വിന്റെ ഡിസൈൻ സ്കെച്ചുകൾ അവതരിപ്പിച്ചു. ഈ സബ്-4 മീറ്റർ എസ്.യു.വിന്റെ പ്രത്യേക പ്രിവ്യൂ ഈമാസം 17ന് നടക്കും. ന്യൂയോർക്ക് ഇന്റർനാഷണൽ ഓട്ടോഷോയിലാണ് അന്താരാഷ്ട്ര അനാച്ഛാദനം.

ഏറ്റവും വലിയ കണക്ടിവിറ്റിയും മികച്ച പെർഫോമൻസുമാണ് വെന്യൂവിന്റെ മുഖ്യ സവിശേഷതകൾ. വ്യത്യസ്തവും ആകർഷകവുമായ ക്രിസ്-ക്രോസ് പാറ്റേൺ ഗ്രിൽ, ബമ്പർ മൗണ്ടഡ് ഹെഡ്‌ലാമ്പ്, അതിന് തൊട്ടുമുകളിലായി ഇടംപിടിച്ച ഇൻഡിക്കേറ്ററുകൾ എന്നിവയാണ് വെന്യൂവിന്റെ മുൻഭാഗത്തെ ശ്രദ്ധേയമാക്കുന്നത്. പിന്നിലേക്ക് ഒഴുകി വീഴുന്നതുപോലെയുള്ള രൂപകല്പനയാണ് സ്കെച്ച് സൂചിപ്പിക്കുന്നത്. റൂഫ് റെയിലുകൾ, വലിയ അലോയ് അലോയ് വീലുകൾ എന്നിവയും ദൃശ്യം.

മനുഷ്യന്റെ മൂന്നാമിടം എന്ന ആശയത്തിലൂന്നിയാണ് വെന്യൂവിനെ ഹ്യൂണ്ടായ് ഒരുക്കിയിരിക്കുന്നത്. ആ ആശയത്തിലൂന്നി, വെന്യൂവിനെ ട്രെൻഡിയായും സ്റ്റൈലിഷായും അവതരിപ്പിക്കാൻ ഹ്യൂണ്ടായിക്ക് കഴിഞ്ഞിട്ടുണ്ട്. അനിവാര്യമായ സൗകര്യങ്ങളും ആധുനിക ടെക്നോളജിയും വെന്യൂവിൽ ചാലിച്ചിട്ടുണ്ട്. ഉയർന്ന സുരക്ഷയും വൈവിദ്ധ്യവും മികച്ച കണക്ടിവിറ്റിയും ഹ്യൂണ്ടായ് ഉറപ്പാക്കുന്നുണ്ട്.

## ശാസ്ത്രകൗമുദി

# പുളിയില എന്ന രോഗസംഹാരി



വാളൻപുളി പോലെതന്നെ ഔഷധ സമ്പുഷ്ടമാണ് ഇതിന്റെ ഇലയും. പുളിയിലനീര് കുടിക്കുന്നതും പുളിയില ചേർത്ത് തിളപ്പിച്ച വെള്ളം കുടിക്കുന്നതും പ്രമേഹം ശമിപ്പിക്കും. ഇതിലുള്ള ടാനിൻ ആണ് ഈ ഗുണം നൽകുന്നത്. പുളിയില രക്തസമ്മർദ്ദം തടയുകയും ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും പക്ഷാഘാതം പ്രതിരോധിക്കുകയും ചെയ്യും. വിറ്റാമിൻ സി പുളിയിലയിൽ ധാരാളമുണ്ട്. അതിനാൽ മികച്ച രോഗപ്രതിരോധ ശേഷി നൽകും.

പുളിയിലയുടെ നീര് മുറിവുകൾ പെട്ടെന്ന് ഉണങ്ങാൻ സഹായിക്കും. തുളസിയിലയും പുളിയിലയും ചേർത്ത് തിളപ്പിച്ച വെള്ളം തൊണ്ടവേദനയും ചുമയും ശമിപ്പിക്കും. കരളിലെ ടോക്സിനുകൾ നീക്കം ചെയ്യുന്നതിലൂടെ ശരീരത്തിന്റെ മുഴുവൻ ആരോഗ്യവും സംരക്ഷിക്കുന്നു. ആർത്തവ സംബന്ധമായ വയറുവേദന ശമിപ്പിക്കാൻ പുളിയില ചേർത്ത് തിളപ്പിച്ച വെള്ളം കുടിക്കുക. മികച്ച ആന്റിഓക്സിഡന്റ് ഗുണം നൽകുന്ന പുളിയില.

ശരീരത്തിലെ ഫ്രീ റാഡിക്കലുകളെ പ്രതിരോധിക്കുന്നതിലൂടെ അർബുദം ഉൾപ്പെടെയുള്ള രോഗങ്ങൾ തടയും. അകാലവാർദ്ധക്യം തടയാനും ചർമത്തിന് യൗവനം നൽകാനും കഴിവുണ്ടിതിന്.




മഹാഗുരു

തിങ്കൾ മുതൽ
വ്യാഴം വരെ
രാത്രി 7 നും 10നും
കൗമുദി ടിവിയിൽ

എപ്പിസോഡ് 35

വെളുത്തേരിയും പെരുന്നല്ലിയും സാഹിത്യ ചർച്ച നടത്തുന്നു. നാണു ആശാനും ചട്ടമ്പിസ്വാമിയും അവിടെയെത്തുന്നു. വിദ്വൽ സദസായി അവിടെ രൂപപ്പെടുന്നു. തൈക്കാട് അയ്യാഗുരുവിന്റെ കാര്യം ചട്ടമ്പിസ്വാമി സൂചിപ്പിക്കുന്നു. അയ്യാഗുരുവിനെ കാണാൻ സായ്പ് വരുന്നു. ഈ സമയത്താണ് ചട്ടമ്പിസ്വാമിക്കൊപ്പം നാണു ആശാനും അയ്യാഗുരുവിനെ കാണാനെത്തുന്നത്.


Kaumudy

| | |
|---|---|
| 6.00 മഹാഗുരു | 1.00 മഹാഗുരു |
| 6.26 am, pm ദൈവദശകം | 1.30 വൺ ഷോപ്പി |
| 7.00 ജീസസ് ഈസ് എലൈവ് | 2.00 ലേഡീസ് അവർ |
| 7.30 പ്രണവം | 3.00 ലോട്ടറിഫലം |
| 8.00 വോട്ടു വർത്തമാനം | 4.30 മ്യൂസിക് ഓൺ ഡിമാൻഡ് |
| 8.30 ന്യൂസ് ട്രാക്ക് | 5.00 ഹരിതം സുന്ദരം |
| 9.00 സ്നേക് മാസ്റ്റർ | 6.30 ദേവാമൃതം |
| 10.00 മ്യൂസിക് ഓൺ ഡിമാൻഡ് | 7.00 മഹാഗുരു |
| 12.30 സാൾട്ട് ആൻഡ് പെപ്പർ | 8.00 സീക്രട്ട് ഫയൽസ് |
| | 8.30 വോട്ടു വർത്തമാനം |
| | 9.00 സ്ട്രെയ്റ്റ് ലൈൻ |
| | 10.00 മഹാഗുരു |

## ടിവി സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 രക്ഷാധികാരി ബൈജു ഒപ്പ്

**ഏഷ്യാനെറ്റ് മൂവിസ് :** 9.30 കണ്ണെഴുതി പൊട്ടുംതൊട്ട് 12.00 ബാബാ കല്യാണി 2.30 മാസ്റ്റേഴ്സ് 7.00 കഥ പറയുമ്പോൾ 9.30 നാടോടിക്കാറ്റ്

**ഏഷ്യാനെറ്റ് :** 9.00 രക്ഷാധികാരി ബൈജു ഒപ്പ്

**ഏഷ്യാനെറ്റ് പ്ലസ് :** 9.30 സന്ദർഭം 1.00 അടി കപ്യാരെ കൂട്ടമണി 4.00 ചൈനാ ടൗൺ 7.00 ജമ്നാ പ്യാരി

**Sony PIX :** 7:00pm KING KONG [2005]

**അമൃത :** 2.30 എഫ്. ഐ. ആർ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2019 ഏപ്രിൽ 10 ബുധൻ)

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
കാര്യതടസങ്ങൾ മാറും. ലക്ഷ്യപ്രാപ്തി നേടും. കഠിനപ്രയത്നം ആവശ്യമായിവരും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
പ്രത്യാപകാരം ചെയ്യാൻ അവസരം. സേവന പ്രവർത്തനങ്ങൾ. തൊഴിൽ പുരോഗതി.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
പുതിയ പ്രവർത്തനങ്ങൾ. ആഗ്രഹങ്ങൾ നിറവേറ്റും. പഠനകാര്യങ്ങളിൽ പുരോഗതി.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
സർവർക്കും സ്വീകാര്യമായ നിലപാട്. പ്രതികരണശേഷി വർദ്ധിക്കും. ജോലിഭാരം ഉണ്ടാകും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽഭാഗം)*
വാക്കും പ്രവൃത്തിയും ഫലപ്രദമാകും. സാമ്പത്തിക നേട്ടം. കർമ്മ പുരോഗതി.

**കന്നി :** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*
കാര്യവിജയം. അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. വിദ്യാപുരോഗതി.

**തുലാം:** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ദൂരയാത്രകൾ വേണ്ടിവരും. കുടുംബത്തിൽ ഐശ്വര്യം. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ഉദ്യോഗത്തിൽ സ്ഥാന ചലനം. കാര്യങ്ങൾ നിഷ്പ്രയാസം നടത്തും. നിർമ്മാണ പുരോഗതി.

**ധനു:** *(മൂലം, പൂരാടം, ഉത്രാടം 15 നാഴിക)*
അംഗീകാരം ലഭിക്കും. സൗഹാർദ്ദ പ്രവർത്തനങ്ങൾ. ആശങ്കകൾ അകലും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*
ശുഭാപ്തി വിശ്വാസം വർദ്ധിക്കും. ലക്ഷ്യപ്രാപ്തി നേടും. പുതിയ അവസരങ്ങൾ.

**കുംഭം:** *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
രാഷ്ട്രീയ പ്രവർത്തനത്തിൽ പുരോഗതി. വ്യവസ്ഥകൾ പാലിക്കും. സ്നേഹബന്ധങ്ങൾ വർദ്ധിക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*
വിദ്യാഗുണം. ഐശ്വര്യം വർദ്ധിക്കും. സ്വീകാര്യമായ നിലപാട് സ്വീകരിക്കും.

- ഗോപകുമാർ ശർമ്മ

## കിഡ്സോൺ ഫെസ്റ്റ്- 2019

കല്ലമ്പലം: ചേന്നൻകോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കിഡ്സോൺ ഇന്റർനാഷണൽ പ്രീ സ്കൂൾ ഫെസ്റ്റ് ഐ.എസ്.ആർ.ഒ (റിട്ട) സയിന്റിസ്റ്റ് ശശി കെ. വെട്ടൂർ ഉദ്ഘാടനം ചെയ്തു. മാനേജിംഗ് ഡയറക്ടർ ജിനേഷ് ആർ. മാധവൻ അദ്ധ്യക്ഷനായി. ലോക അദാലത്ത് മെമ്പർ എൻജിനിയർ എസ്. ജയകുമാർ മുഖ്യപ്രഭാഷണം നടത്തി. ഏഷ്യാനെറ്റ് കോമഡി സ്റ്റാർ ശർമ്മ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കുമായി മിമിക്രി അവതരിപ്പിച്ചു.

www.keralakaumudi.com | www.facebook.com/keralakaumudi

## കാവിയാട് അനുസ്മരണം

തിരുവനന്തപുരം: സമ്മോഹനം മാനവിക സൗഹൃദ കൂട്ടായ്മയുടെ നേതൃത്വത്തിൽ കാവിയാട് ദിവാകര പണിക്കരുടെ 16-ാമത് ചരമവാർഷികം 10ന് ആചരിക്കുമെന്ന് ജനറൽ കൺവീനർ പിരപ്പൻകോട് സുഭാഷ് അറിയിച്ചു. 10ന് രാവിലെ 10.30ന് ട്രിവാൻഡ്രം ഹോട്ടൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന കാവിയാട് അനുസ്മരണ സമ്മേളനം മനുഷ്യാവകാശ കമ്മിഷൻ അംഗം കെ. മോഹൻകുമാർ ഉദ്ഘാടനം ചെയ്യും. സമ്മോഹനം ചെയർമാൻ വിതുര ശശി അദ്ധ്യക്ഷത വഹിക്കും. ടി. ശരത്ചന്ദ്രപ്രസാദ് അനുസ്മരണ പ്രസംഗം നടത്തും.

## ക്ലാസിക്കൽ ആർട്സ് ഫിലിം സൊസൈറ്റി

വർക്കല: ക്ലാസിക്കൽ ആർട്സ് ഫിലിം സൊസൈറ്റിയുടെ യോഗം പ്രൊഫ. എ. ഷിഹാബുദ്ദീന്റെ അദ്ധ്യക്ഷതയിൽ നടന്നു. ആശാൻ യുഗപ്രഭാവൻ എന്ന പ്രബന്ധം വക്കം ഗഫൂർ അവതരിപ്പിച്ചു. മുത്താന താഹയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. അഡ്വ. കെ. സുഗതൻ, ആലംകോട് ദർശൻ, എം.എം. പുരവൂർ, വെൺകുളം തുളസി, തന്തോഷ് പുനയ്ക്കൽ, നീലി മോഹൻദാസ്, എ.എം. കബീർ, എം.എസ്. ജലീൽ, ജി.എസ്. പിള്ള, എസ്. പ്രകാശ് എന്നിവർ സംസാരിച്ചു.

## വിളബ്ഭാഗം വലിയ വിള ദേവീക്ഷേത്രം

കടയ്ക്കാവൂർ: വിളബ്ഭാഗം വലിയവിള ദേവീക്ഷേത്രത്തിലെ മകയിരം മഹോത്സവം 9, 10, 11 തീയതികളിൽ നടക്കും. ഇന്ന് രാവിലെ 6 ന് ഗണപതിഹോമം, വൈകിട്ട് 5.30ന് ദേവീചാർത്ത്, 6.30 ന് വിശേഷാൽ ദീപാരാധന. 10 ന് രാവിലെ 5 ന് നിർമ്മാല്യദർശനം, 9 ന് നാഗരൂട്ട്, 12 ന് സമൂഹസദ്യ, 6.15ന് വിശേഷാൽ ദീപാരാധന, 7.30 ന് വലിയ വിളക്ക്, തുടർന്ന് ചാത്തൻപൂജ. 11 ന് രാവിലെ 6ന് ഗണപതിഹോമം, 9 ന് സമൂഹ പൊങ്കാല, 9.45 ന് കലശാഭിഷേകം, 12 ന് അന്നദാനം, 5 ന് ദേവീചാർത്ത്, 6.15ന് വിശേഷാൽ ദീപാരാധന, 7.15ന് താലപ്പൊലിയും വിളക്കും, തുടർന്ന് വലിയവിളക്ക്, യക്ഷിപൂപ്പട, മാടനൂട്ട്, കൊട്ടതി, ചാത്തൻപൂജ എന്നീ പരിപാടികളോടെ സമാപിക്കും.

### വർക്കല നഗരസഭ ടൗൺഹാൾ നവീകരണം ബഡ്ജറ്റ് വകയിരുത്തലിൽ ഒതുങ്ങി

# ബഡ്ജറ്റിൽ ഒതുങ്ങിയ നവീകരണം...

KAUMUDI ALERT

സജീവ്ഗോപാലൻ



നവീകരണം കാത്തുകിടക്കുന്ന വർക്കല മുനിസിപ്പൽ ടൗൺഹാൾ

> ടൗൺഹാൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് കെ.എസ്.ഇ..ബി ബിൽഡിംഗ് സെക്ഷൻ ഡി.പി.ആർ തയ്യാറാക്കി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ അവസാനഘട്ടത്തിലാണ്. നവീകരണജോലികൾ ഉടൻ ആരംഭിക്കും.
>
> എസ്. അനിജോ, നഗരസഭ വൈസ് ചെയർമാൻ

> അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മുനിസിപ്പൽ ടൗൺഹാൾ പൊളിച്ചുനീക്കി ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കി കെട്ടിടം പുനർനിർമ്മിക്കണം.
>
> അജി എസ്.ആർ.എം, ബി.ഡി.ജെ.എസ് ജില്ലാ സെക്രട്ടറി.

> വർക്കല മുനിസിപ്പൽ ടൗൺഹാൾ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
>
> അഖിൽകാറാത്തല, കെ.എസ്.യു ജില്ലാ ജനറൽ സെക്രട്ടറി

വർക്കല: നഗരസഭയുടെ ജവഹർലാൽ നെഹ്റു ടൗൺഹാളിന്റെ നവീകരണം നടത്തുന്നതിൽ ഗുരുതരമായ വീഴ്ചയെന്ന് ആക്ഷേപം. 1964 ൽ ഇന്ത്യൻ നാഷണൽ പ്രസിഡന്റായിരുന്ന കെ. കാമരാജാണ് ശിലാസ്ഥാപനം നടത്തിയത്. 1985ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സി.എം. സുന്ദരം ടൗൺഹാളിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയും ചെയ്തു. നവീകരണത്തിനായി മാറിമാറി വരുന്ന ഭരണസമിതികൾ കോടികളാണ് ഓരോ ബഡ്ജറ്റുകളിലും വകയിരുത്തുന്നത്. എന്നാൽ ഒന്നും നടന്നില്ലെന്നുമാത്രം.

തകർച്ചാഭീഷണി നേരിടുന്ന ഹാളിനുള്ളിൽ ഇപ്പോഴും വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലത്ത് ചോർന്നൊലിക്കും. വേനൽകാലത്ത് വിയർത്ത് കുളിച്ചിരിക്കണം. ടൗൺഹാൾ നവീകരിക്കുന്നതിന് 2018-19ലെ നഗരസഭ ബഡ്ജറ്റിൽ രണ്ട്കോടി രൂപയാണ് വകയിരുത്തിയത്. 2019-20ലെ ബഡ്ജറ്റിൽ ഒന്നരക്കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ബഡ്ജറ്റുകളിൽ മാത്രം തുക വകയിരുത്തുന്നതിനായി ഒരു കെട്ടിടം വർക്കല നഗരത്തിന്റെ ഹൃദയഭാഗത്ത് നോക്കുകുത്തിയായി സ്ഥിതി ചെയ്യുകയാണ്.

പ്രധാന കെട്ടിടത്തിന്റെ മേൽക്കൂരയും ഭിത്തികളും പലയിടത്തും വിണ്ടുകീറിയിട്ടുണ്ട്. അലങ്കാര റൂഫിംഗ് പലഭാഗത്തും ഇളകിയും ചുമരുകളിൽ പതിപ്പിച്ചിട്ടുള്ള കയർമാറ്റുകൾ ദ്രവിച്ച് നിലയിലുമാണ്. സ്റ്റേജിനകത്തെ അലങ്കാരങ്ങളും ലൈറ്റിംഗ് സംവിധാനവും പ്രവർത്തനയോഗ്യമല്ല. തകർച്ചയിലാണെങ്കിലും മറ്റു മാർഗങ്ങൾ ഇല്ലാത്തതിനാൽ സാംസ്കാരിക രാഷ്ട്രീയ സംഘടനകളും മറ്റും യോഗങ്ങളും കലാപരിപാടികളും നടത്തുന്നതിനായി ആശ്രയിക്കുന്ന ണ്ട്. ഫീസ് വാങ്ങി വേദി വിട്ടുനൽകുന്നുണ്ടെങ്കിലും പരിപാടികൾ നടത്തുന്നതിനായി വേദി സജ്ജമാക്കി എടുക്കുന്നതിന് സംഘാടകർക്ക് നല്ലൊരു തുക മുടക്കേണ്ടിയും വരുന്നു. വേദിക്കു മുന്നിലെ രണ്ട് കോംക്രീറ്റ് തൂണുകളും പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഇതു പലപ്പോഴും സംഘാടകർ തുണികൊണ്ട് പൊതിഞ്ഞാണ് നാണക്കേട് മറയ്ക്കുന്നത്. ശബ്ദ സംവിധാനങ്ങളും തകരാറിലാണ്. നല്ലൊരു മൈക്ക്സെറ്റ് പോലും ഇല്ല. ഇരിപ്പിടങ്ങളാകട്ടെ കാലപ്പഴക്കം ചെന്നവയാണ്. പരിപാടി നടത്തുന്നതിന് എല്ലാം വാടകയ്ക്കെടുക്കേണ്ട ഗതികേടിലാണ്. ഹാളിലേക്കുള്ള പ്രധാനകവാടം റോഡിനേക്കാൾ താഴ്ചയിലാണ്. മഴപെയ്താൽ വെള്ളം ഹാളിനകത്ത് കയറും.

## മുഖ്യമന്ത്രി ഇന്ന് വർക്കലയിൽ

വർക്കല: ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി ഡോ.എ. സമ്പത്തിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി എൽ.ഡി.എഫ് വർക്കല നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് 4ന് വർക്കല മൈതാനത്ത് നടക്കുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നേതാക്കളായ ആനാവൂർ നാഗപ്പൻ, ബി.പി. മുരളി, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, നീലലോഹിതദാസൻ നാടാർ, അഡ്വ. വി. ജോയി എം.എൽ.എ, എസ്. രാജീവ്, അഡ്വ. ബി. രവികുമാർ, വി. ശിവൻകുട്ടി, വി. രഞ്ജിത്ത്, വാമനപുരം പ്രകാശ്കുമാർ, സുരേന്ദ്രൻനായർ, വി. സുരേന്ദ്രൻപിള്ള, ഇ.എം. റഷീദ്, അഡ്വ. എസ്. ഷാജഹാൻ തുടങ്ങിയവർ സംസാരിക്കും.

## റെയിൽവേയുടെ സാധനങ്ങൾ മോഷ്ടിക്കുന്ന രണ്ടുപേർ പിടിയിൽ

കടയ്ക്കാവൂർ: കടയ്ക്കാവൂരിലെ വിവിധ പ്രദേശങ്ങളിൽ നിന്നും റെയിൽവേയുടെ സാധനങ്ങൾ മോഷ്ടിച്ച് വിൽക്കുന്ന തമിഴ്നാട് സ്വദേശികൾ പിടിയിൽ. തമിഴ്നാട് സ്വദേശികളായ കൃഷ്ണമൂർത്തി, പളനി എന്നിവരാണ് കടയ്ക്കാവൂർ പൊലീസിന്റെ പിടിയിലായത്. ട്രാക്ക് പണിക്കുവേണ്ടി കടയ്ക്കാവൂർ കൊച്ചുപാലത്തിന് സമീപം സൂക്ഷിച്ചിരുന്ന മെറ്റൽ പ്ലേറ്റുകൾ, ബോൾട്ടുകൾ, ക്ലാമ്പുകൾ തുടങ്ങിയവയാണ് ഇവർ മോഷ്ടിച്ചത്.

മോഷ്ടിച്ച സാധനങ്ങൾ പിക്കപ്പ്വാനിൽ കയറ്റിക്കൊണ്ട് പോകാൻ ശ്രമിക്കുമ്പോഴാണ് ഇവർ പിടിയിലായത്. പൊലീസ് വാഹന പരിശോധന നടത്തുമ്പോൾ വണ്ടി വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നതിൽ സംശയം തോന്നിയ പൊലീസ് ഇവരെ പിന്തുടർന്ന് പിടികൂടുകയായിരുന്നു.

ചോദ്യം ചെയ്യലിൽ ചിറയിൻകീഴ് പണ്ടകശാലയിലുള്ള കടയിലേയ്ക്കാണ് ഇവ കൊണ്ടുപോകുന്നതെന്ന് ഇവർ പറഞ്ഞു. കടയ്ക്കാവൂർ സി.ഐ ഷെറീഫിന്റെ നേതൃത്വത്തിൽ എസ്.ഐ ഹബീബ്റാവുത്തർ, എ.എസ്.ഐ വിജയകുമാർ, സീനിയർ സി.പി.ഒമാരായ ഡീൻ, സന്തോഷ്, ബിനോജ്, രാജേന്ദ്രപ്രസാദ് എന്നിവരടങ്ങിയ സംഘമാണ് ഇവരെ പിടികൂടിയത്. പ്രതികളെ റിമാൻഡ് ചെയ്തു.

## അഴൂർ ഭഗവതി ക്ഷേത്രത്തിലെ ഗരുഡൻ തൂക്കം ഇന്ന്

ചിറയിൻകീഴ്: അഴൂർ ഭഗവതിക്ഷേത്രത്തിലെ ഗരുഡൻ തൂക്കം ഇന്ന് (ചൊവ്വ) വൈകിട്ട് 5ന് നടക്കും. കഠിന വ്രതാനുഷ്ഠാനങ്ങളോടെ ക്ഷേത്ര നടയിൽ ഒരാഴ്ചയായി കഴിഞ്ഞ് വന്നിരുന്ന ഇരുനൂറോളം ഭക്തന്മാരാണ് ഇക്കുറി തൂക്ക വില്ലേറി ദേവീ സായൂജ്യമടയുന്നത്. ക്ഷേത്രത്തിൽ ഇന്ന് വെളുപ്പിന് 4ന് ഉരുൾ സന്ധിപ്പ്, 4.30ന് പള്ളിയുണർത്തൽ, കണികാണിക്കൽ, അഭിഷേകം, ഉഷപൂജ, മഹാഗണപതി ഹവനം തുടർന്ന് ദേവിയെ ശ്രീലകത്തേയ്ക്ക് എഴുന്നള്ളിക്കൽ, കുട്ടികളുടെ ഉരുൾ, ഉദയാസ്തമന പൂജ, രാവിലെ 7ന് എതൃത്ത പൂജ, 7.30 ന് ദേവീ മാഹാത്മ്യ പാരായണം ശ്രീദുർഗ നാരായണ സമിതി, 9ന് പന്തീരടി പൂജ, 9.10ന് ഗരുഡൻ തൂക്കം ചമയൽ (ഏറത്ത് മാടൻനട ദേവീക്ഷേത്രാങ്കണം), ഘോഷയാത്രയോടൊപ്പം നാദസ്വരം, പഞ്ചവാദ്യം, ശിങ്കാരിമേളം, തെയ്യം, ബാന്റ്മേളം, മയിലാട്ടം, പൂക്കാവടി, മാനാട്ടം, കരകാട്ടം, വിവിധ വേഷങ്ങൾ, കുട്ടികളുടെ താലപ്പൊലി, മുത്തുക്കുട, തുടങ്ങിയവ അകമ്പടി സേവിക്കും. 11.30ന് സമൂഹസദ്യ, 12ന് ഉച്ചപൂജ, വൈകുന്നേരം 5ന് ഗരുഡൻ തൂക്കം, 5.30ന് ഓട്ടൻതുള്ളൽ അവതരണം: അഞ്ജന ശ്രീകുമാർ, 6.30ന് അലങ്കാര ദീപാരാധന, രാത്രി 8ന് അത്താഴപൂജ, 9ന് തിരുവനന്തപുരം സ്വരധാരയുടെ ഗാനമേള, 10.30ന് ആറാട്ട് ബലി, 11.30ന് ആറാട്ട്, 12ന് ആറാട്ട് തിരികെ എഴുന്നള്ളത്ത്, ചമയവിളക്ക്, തൃക്കൊടിയിറക്ക്, പഞ്ചവിംശതി, മംഗളപൂജ, കലശാഭിഷേകം, അവഭൃഥാവപ്രോക്ഷണം, ശ്രീഭൂതബലി, മംഗളപൂജ, പ്രസാദവിതരണം എന്നിവ നടക്കും.



ചെമ്പകക്കുന്ന് ശ്രീഗോപാലകൃഷ്ണസ്വാമി ക്ഷേത്രത്തിലെ സമൂഹവിവാഹം

## ചെമ്പകക്കുന്ന് ശ്രീഗോപാലകൃഷ്ണസ്വാമി ക്ഷേത്രത്തിൽ സമൂഹ വിവാഹം

കഴക്കൂട്ടം: മുരുക്കുംപുഴ ഇടവിളാകം ചെമ്പകക്കുന്ന് ശ്രീഗോപാലകൃഷ്ണസ്വാമി ക്ഷേത്രത്തിലെ മീനരോഹിണി മഹോത്സവവും അഞ്ചാമത് ശ്രീമദ് സപ്താഹ യജ്ഞത്തിന്റെ ഭാഗമായി മൂന്നാമത് സമൂഹ വിവാഹം നടന്നു.

വെള്ളനാട് മിത്രാനികേതനിൽ പരേതനായ ബാബുവിന്റെയും ഷീലയുടെയും മകൾ നീതുവും മേൽകടയ്ക്കാവൂർ പഴഞ്ചിറയിൽ പരേതനായ ബാബുവിന്റെയും ബേബിയുടെയും മകൻ വിപിൻ ബാബുവും, താളിക്കുഴി കാരേറ്റ് തടത്തരികത്ത് വീട്ടിൽ വിജയന്റെയും രമയുടെയും മകൾ ആര്യയും, വാമനപുരം പനവിള പുത്തൻവീട്ടിൽ ശശിധരൻ സുലോചന ദമ്പതികളുടെ മകൻ പ്രശാന്തും വിവാഹിതരായി.

മുഖ്യാതിഥിയായി ഡെപ്യൂട്ടി സ്പീക്കർ വി. ശശി പങ്കെടുത്തു.

യജ്ഞാചാര്യൻ പുല്ലയിൽ ഇല്ലം ഉണ്ണികൃഷ്ണൻ നമ്പൂതിരി, ക്ഷേത്ര മേൽശാന്തി കൃഷ്ണകൃപയിൽ സന്ദീപ്കൃഷ്ണൻ, ക്ഷേത്ര പ്രസിഡന്റ് രാജീവ്, സെക്രട്ടറി ഷിബു, ഉത്സവകമ്മിറ്റി കൺവീനർമാരായ കമലകുമാർ, ഹരിലാൽ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാനിബാബീഗം, മംഗലപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുമ ഇടവിളാകം, എ. ഷാനവാസ്, സിന്ധു. സി.പി., ബാബു, ശ്യാംലാൽ, കൃഷ്ണഗോകുലം സന്തോഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## സാമൂഹ്യ വിരുദ്ധർ പൊതുടാപ്പ് തകർത്തു

വർക്കല: മേൽവെട്ടൂർ അമ്മൻനട നിവാസികൾക്ക് കുടിവെള്ളം നിഷേധിക്കപ്പെട്ടിട്ട് മാസം മൂന്നായി. ഇവിടെ റോഡ് വക്കിൽ ഉണ്ടായിരുന്ന വാട്ടർ അതോറിട്ടിയുടെ പൊതുടാപ്പിൻ നിന്നാണ് നാട്ടുകാർ വെള്ളമെടുത്തിരുന്നത്. രാവിലെ കഷ്ടിച്ച് കുറച്ചുനേരം മാത്രമാണ് ടാപ്പിൽ വെള്ളം കിട്ടിയിരുന്നത്. മൂന്ന് മാസം മുൻപ് ഒരു രാത്രിയിൽ സാമൂഹ്യവിരുദ്ധർ പൊതുടാപ്പ് അടിച്ചുതകർത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇടപെടുകയും വാട്ടർ അതോറിട്ടി പുതിയ ടാപ്പ് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ സാമൂഹ്യവിരുദ്ധർ വീണ്ടും ടാപ്പ് തകർത്തു. ഇതോടെ വാട്ടർഅതോറിട്ടി പൊതുടാപ്പ് ശാശ്വതമായി പ്ലഗ് ചെയ്തു. ഇനി തുറക്കില്ലെന്നാണ് അവരുടെ നിലപാട്. നാട്ടുകാർ ഇതോടെ ദുരിതത്തിലായിരിക്കുകയാണ്.

- മറ്റൊരു പൊതുടാപ്പുള്ളത് ഇവിടെ നിന്നും അര കിലോമീറ്ററിലധികം അപ്പുറത്താണ്. പൊരിവെയിലത്ത് കുടങ്ങളുമായി പോയി കാത്തുനിന്നാൽ ഇത്തിരി വെള്ളം കിട്ടിയാലായി കിട്ടിയില്ലെങ്കിലുമായി.

## ലഘുലേഖകൾ പിടിച്ചെടുത്തു

തിരുവനന്തപുരം: വർഗീയ വിദ്വേഷമുണ്ടാക്കുന്ന ഒരു ലക്ഷത്തോളം ലഘുലേഖകൾ തിരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രത്യേക സ്ക്വാഡ് പിടിച്ചെടുത്തു. ആറ്റിങ്ങൽ അവനവൻചേരിയിൽ തിങ്കളാഴ്ച ഉച്ചയ്ക്ക് 12ന് ആണ് നോട്ടീസുകൾ ഇന്നോവ കാറിൽ നിന്ന് കണ്ടെത്തിയത്.

'ശബരിമല: കമ്മ്യൂണിസ്റ്റ് ഭീകരതയും കോൺഗ്രസിന്റെ വഞ്ചനയും' എന്ന പേരിൽ അച്ചടിച്ച ലഘുലേഖകളാണ് പിടിച്ചെടുത്തത്. ശബരിമല കർമ്മ സമിതി സംസ്ഥാന കാര്യാലയത്തിന്റെ പേരിലാണ് ലഘുലേഖകളെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ ഉദ്യോഗസ്ഥർ പറഞ്ഞു.

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കോടതി സമക്ഷം ബാലൻ വക്കീൽ (M- 11.15, 2.30, 6.15, 9.30)
■SCREEN 2 - LUCIFER (M-11.15, 2.30, 6.15, 9.30)
■SCREEN 3 - LUCIFER (M-11.15, 2.30, 6.15, 9.30)
■ശ്രീകുമാർ (2331222) :: NO SHOWS
■ശ്രീവിശാഖ് (2331222) :: ലൂസിഫർ (M- 11.00, 2.30, 6.15, 9.30)
■ശ്രീപത്മനാഭ (2473999) :: ലൂസിഫർ (M- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: കോടതി സമക്ഷം ബാലൻ വക്കീൽ (M-11.00, 2.30, 6.00, 9.30)
■അജന്ത (2472825) :: ROMEO AKBAR WALTER (H- 11.30, 2.30, 6.30, 9.45)
■കൃപ :: LUCIER (M- 11.15am, 2.45pm, 6.30pm, 10.10pm) THE SOUND STORY (M-11.30, 4.45pm) SHAZAM (E- 1.50pm, 7.20 pm) SUPER DELUXE (T- 11.30pm)
■കലാഭവൻ :: മേരാനാം ഷാജി (M- 11.30, 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: KUMBALANGI NIGHTS (M-11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: SUPER DELUXE (T- 11.15, 2.30, 6.15, 9.30)
■നിള (2332747) :: THE SOUND STORY (T- 11.15, 2.30) ARGENTINA FANS KATTOORKADAVU (M-6.15, 9.30)
■ലെനിൻ സിനിമ :: LUCIFER (M- 2.15, 5.30, 8.45) MERA NAAM SHAJI (H-11.15am, 11.40pm) AN INTERNATIONAL LOCAL STORY (M - 2.15, 5.30), URI (H - 8.30 pm)
■ധന്യ (2476773) :: ലൂസിഫർ (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: KUPPATHU RAJA (T - 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- HOW TO TRAIN YOUR DRAGON-3D (E- 11.30, 7.00) CAPTAIN MARVELL-3D (E- 2.45, 10.15)
■Audi 2- KESARI (H-11.30, 7.00) BADLA (H- 2.45) THADAM (T- 10.15PM)
■Audi 3- THADAM (T- 11.30) MARD KO DARD NAHI HOTA (H- 2.45pm) ഇളയരാജ (M-7.00pm) BADLA (H- 10.15 pm)
■Audi 4 - അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M- 11.30, 2.45, 7.00, 10.15)
■Audi 5 - കുമ്പളങ്ങി നൈറ്റ്സ് (M- 11.30am, 2.45 pm, 7.00pm, 10.15pm)
■Audi 6 - JUNE (M- 11.30, 2.45, 7.00, 10.15)
■കഴക്കൂട്ടം കൃഷ്ണ (2418144) :: MERA NAAM SHAJI (M-11.15, 2.30, 6.15, 9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ROMEO AKBAR WALTER (H- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: THADAM (T- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973) :: KGF (T- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: മേരാനാം ഷാജി (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: കുപ്പത്ത് രാജാ (T- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: No shows
■വർക്കല എസ്.ആർ (04702602339) :: മേരാനാം ഷാജി (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: SUPER DELUXE (T- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: ലൂസിഫർ (M - 11.00, 2.30, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ലൂസിഫർ (M- 11.00, 2.30, 6.00, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: KUPPATHU RAJA (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : മേരാനാം ഷാജി (M-10.45, 2.15, 6.15, 9.30)
■screen 2 : ലൂസിഫർ (M-10.45, 2.15, 6.15, 9.30) SUPER DELUXE (T-10.45, 2.15, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M-11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യെട (T-11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- MERA NAAM SHAJI (M- 11.15, 2.30, 6.15, 9.30) ■Tela 2- No shows
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: ലൂസിഫർ (M- 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: ലൂസിഫർ (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15)
■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M - 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി (9895614787) :: വാരിക്കുഴിയിലെ കൊലപാതകം (M-2.30, 6.30, 9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: LUCIFER (M-11.15, 2.30, 6.00, 9.00)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുംമൂട് IMP :: ലൂസിഫർ (M-11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയം: (9188628546) :: ■സ്വരം - ലൂസിഫർ (M- 11.00, 2.00, 6.00, 9.00)
■ലയം - SUPER DELUXE (T- 11.15, 2.15, 6.15, 9.15)

## ഇന്ന്

കനകക്കുന്ന്: കനകോത്സവം എക്സ്പോയിൽ മ്യൂസിക് ബാൻഡ് മത്സരം 6ന്, മാജിക് ഷോ 7ന്
സേവ യൂണിയൻ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സെക്രട്ടേറിയറ്റ് ധർണയും മാർച്ചും - 10ന്
ശംഖുംമുഖം ദേവീക്ഷേത്രം: ആറാട്ട് എഴുന്നള്ളത്ത് - 5.30ന്

**തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക്**

(ക്ലിപ്തം), നമ്പർ. റ്റി. 131, ഗവ: പ്രസ്സ് റോഡ്, തിരുവനന്തപുരം–1,
ഫോൺ: 2330950, 2334463

**ടെൻഡർ നോട്ടീസ്**

ബാങ്കിന്റെ ഹെഡാഫീസ് ശാഖ Aircondition, Fall Ceiling എന്നിവ ചെയ്യുന്നതിലേയ്ക്ക് പരിചയസമ്പന്നരായ കരാറുകാരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെൻഡർ ലഭിക്കേണ്ട അവസാനദിവസം 17.04.2019 വൈകുന്നേരം 5 മണി. കൂടുതൽ വിവരങ്ങൾക്ക് ഹെഡാഫീസുമായി ബന്ധപ്പെടുക.

തിരുവനന്തപുരം 09.04.2019 — Sd/- സെക്രട്ടറി

**അറിയിപ്പ്**

തിരുവനന്തപുരം താലൂക്കിൽ മേൽതോന്നയ്ക്കൽ വില്ലേജിൽ റീ സർവേ നമ്പരുകൾ 254/10-1, 254/12, 254/13-ൽ പെട്ട 06 + 07.80 + 02.80 ആർ വസ്തുക്കൾ എനിക്ക് (ശ്രീകണ്ഠൻ നായർ) ഉടമസ്ഥതയും കൈവശവും ഉള്ളതാണ്. ടി വസ്തുക്കൾ എനിക്ക് പോത്തൻകോട് എസ്.ആർ.ഒ യിലെ 01.01.2008-ലെ 2/2008 നമ്പർ വിലയാധാരപ്രകാരം ലഭിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് എനിക്ക് സ്വന്തം വസ്തു പണയപ്പെടുത്തി ലോൺ എടുക്കുവാൻ ഉദ്ദേശിക്കുന്നു. അതിലേക്ക് ടി വസ്തുക്കളുടെ മുന്നാധാരങ്ങളായ പോത്തൻകോട് എസ്.ആർ.ഒ യിലെ വിലയാധാര നമ്പർ 1858/2000, 3550/1994, 973/1991, 1463/1986, 744/1986 എന്നിവ ഹാജരാക്കുന്നു. എന്നാൽ, പോത്തൻകോട് എസ്.ആർ.ഒ. യിലെ വിലയാധാര നമ്പർ 3550/1994, 973/1991, 1463/1986, 744/1986 എന്നിവ ചിതൽ തിന്നു നശിച്ച് തിരിച്ചുകിട്ടാനാകാത്തവിധം നഷ്ടപ്പെട്ടുപോയി. ആയതിനാൽ മേൽ വിവരിച്ച വിലയാധാര നമ്പർ 3550/1994, 973/1991, 1463/1986, 744/1986 എന്നിവയുടെ അടയാളസഹിതം പകർപ്പ് സ്വീകരിച്ച് എനിക്ക് (ശ്രീകണ്ഠൻനായർ) ലോൺ എടുക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും അവകാശമുണ്ടെങ്കിലോ ടി വിവരം രേഖാമൂലം ഈ നോട്ടീസ് തീയതി മുതൽ 7 ദിവസത്തിനകം മാനേജർ, എസ്.ബി.ഐ, ചെമ്പകമംഗലം എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്. Phone No. 8330013532.

ശ്രീകണ്ഠൻ നായർ, S/o ചന്ദ്രശേഖരപിള്ള, അശ്വതി, YMA ജംഗ്ഷൻ, കുടവൂർ പി.ഒ, മേൽ തോന്നയ്ക്കൽ വില്ലേജ്, തിരുവനന്തപുരം ജില്ല.

**TRAVANCORE TITANIUM PRODUCTS LTD**
A Government of Kerala Undertaking
Kochuveli, Thiruvananthapuram -695021

**E-TENDER NOTICE**

Quotations are invited from experienced contractors in TWO BID system for the following works. Tenders can be Submitted only by online through the portal **www.etenders.kerala.gov.in**

| Sl.No. | Name of Work & Tender No. & Tender ID | Due Date |
|---|---|---|
| 1 | Extention of Western side boundary wall<br>Tender No.CD/CN/JL-98/Extn.boundary wall/C/19-20<br>Tender ID: 2019_TTPL_275712_1 | 26.04.2019 |
| 2 | **Supply & Lining of Bricks in precipitation Tank (3 nos.)**<br>Tender No.CD/CN/JL-99/bricks/C/19-20<br>Tender ID: 2019_TTPL_275713_1 | |

For more details please visit our website **www.travancoretitanium.com**
Sd/-, Head of the Department (C)

**എസ്സ്.എൻ.ഡി.പി യോഗം, കൊല്ലം**

**നോട്ടീസ്**

113-ാമത് വാർഷിക പൊതുയോഗം
2019 മേയ് 7-ാം തീയതി ശ്രീനാരായണ നഗർ
എസ്.എൻ.കോളേജ് ആഡിറ്റോറിയം, ചേർത്തല

മാന്യരേ,

എസ്സ്.എൻ.ഡി.പി.യോഗത്തിന്റെ 2019 ഫെബ്രുവരി 15-ാം തീയതി വെള്ളിയാഴ്ച ചേർത്തല എസ്.എൻ.കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരുന്ന 113-ാമത് വാർഷിക പൊതുയോഗം ബഹു. കൊല്ലം മുനിസിഫ് കോടതിയുടെ ഉത്തരവുമൂലം മാറ്റിവയ്ക്കപ്പെട്ടിരുന്നതും, 18-03-2019 ലെ ബഹു. കൊല്ലം ഒന്നാം അഡീഷണൽ ജില്ലാ കോടതിയുടെ ഉത്തരവു പ്രകാരവും, തുടർന്നുള്ള ബഹു. കേരള ഹൈക്കോടതിയുടെ 27-03-2019 ലെ ഉത്തരവ് അനുസരിച്ചും 2019 മേയ് 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് യോഗം പ്രസിഡന്റ് ഡോ. എം.എൻ.സോമന്റെ അദ്ധ്യക്ഷതയിൽ ശ്രീനാരായണ നഗറിൽ (എസ്.എൻ.കോളേജ് ആഡിറ്റോറിയം, ചേർത്തല) വച്ച് ഇതോടനുബന്ധിച്ചുള്ള കാര്യപരിപാടിയനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ യോഗനിബന്ധന 44-ാം വകുപ്പനുസരിച്ചുള്ള പൊതുയോഗാംഗങ്ങൾ പ്രസ്തുത യോഗത്തിൽ സംബന്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

എസ്സ്.എൻ.ഡി.പി.യോഗം ഓഫീസ്, കൊല്ലം. 09-04-2019

വിധേയൻ
(ഒപ്പ്),
വെള്ളാപ്പള്ളി നടേശൻ
ജനറൽ സെക്രട്ടറി

**കാര്യപരിപാടി**

1) ഗുരുസ്മരണ. 2) അനുശോചനം. 3) സ്വാഗതം. 4) അദ്ധ്യക്ഷപ്രസംഗം. 5) 2016-17 വർഷത്തെ വരവ്-ചെലവ് കണക്കും, റവന്യൂ അക്കൗണ്ടും, ബാക്കിപത്രവും, ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടും പാസ്സാക്കുക. 6) 2019-2020 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അംഗീകരിക്കുക. 7) 2018-19 വർഷത്തെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ആഡിറ്ററെ തെരഞ്ഞെടുത്ത് പ്രതിഫലം നിശ്ചയിക്കുക. 8) ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുക. 9) ചോദ്യങ്ങൾ/ പ്രമേയങ്ങൾ. 10) കൃതജ്ഞത.

N.B:- 1) യോഗം ഹാളിൽ പ്രവേശിക്കുന്നതിനുള്ള പാസ്സുകൾ പൊതുയോഗ ദിവസം രാവിലെ 8 മണി മുതൽ സമ്മേളന സ്ഥലത്തുനിന്നും ലഭിക്കുന്നതാണ്. ശാഖാ പ്രതിനിധികളുടെയും, യൂണിയൻ കൗൺസിലറുമാരുടെയും പാസ്സുകൾ യൂണിയൻ സെക്രട്ടറി യോഗസ്ഥലത്തുനിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്യേണ്ടതാണ്. യൂണിയൻ സെക്രട്ടറി ഹാജരില്ലാത്തപക്ഷം, അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തി അധികാരപത്രം ഹാജരാക്കി ഇക്കാര്യം നിർവ്വഹിക്കേണ്ടതാണ്. യോഗം ഡയറക്ടർമാർ, യൂണിയൻ പ്രസിഡന്റുമാർ വൈസ് പ്രസിഡന്റുമാർ, യൂണിയൻ സെക്രട്ടറിമാർ എന്നിവർ അവരുടെ പാസ്സുകൾ യോഗസ്ഥലത്തുനിന്നും നേരിട്ട് വാങ്ങേണ്ടതാണ്. രാവിലെ ഒൻപതു മണിമുതൽ യോഗഹാളിൽ പ്രവേശനം അനുവദിക്കുന്നതാണ്.

2) പൊതുയോഗത്തിൽ ചോദ്യങ്ങളും പ്രമേയങ്ങളും അവതരിപ്പിയ്ക്കുവാൻ ഉദ്ദേശിക്കുന്നവർ പൊതുയോഗത്തിന് ഏഴ ദിവസങ്ങൾക്കു മുൻപ് കിട്ടത്തക്കവണ്ണം ജനറൽ സെക്രട്ടറിയ്ക്ക് അയക്കേണ്ടതാണ്.

3) പൂർണ്ണ വിവരങ്ങളോടുള്ള നോട്ടീസിന്റെ കോപ്പിയും വരവ് - ചിലവ് കണക്കും, റവന്യൂ കണക്കും ബാക്കി പത്രവും മറ്റ് അനുബന്ധ രേഖകൾ മുതലായവ ശാഖാ - യൂണിയൻ ഓഫീസുകളിൽ നിന്നും അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

**BEFORE THE HON'BLE HIGH COURT OF KERALA AT ERNAKULAM**

**R.S.A.No.777 of 2004**

APPELLANT : Baby Mathew, Somatheeram Ayurvedic Beach Villa, Kottukal Desom, Kottukal Village.

*Vs.*

RESPONDENTS : 1) Thankamma Kamala Bai, Anakuzhi Mekkumkara Puthen Veedu, Kalliyoor Muttakkadu Desom, Nemom Village, (died) Legal heirs are impleaded Addl. Respondents 13 to 19. 2) Joseph Nadar Daniel Nadar, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 3) Joseph Nadar Johnson Nadar, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 4) Joseph Nadar Kanaka Retnam Nadar, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 5) Joseph Nadar Esakki Nadar, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 6) Joseph Nadar Sam, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 7) Joseph Nadar Viswam, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 8) Joseph Nadar Selvi, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 9) Mercy Bai Belso Bai, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 10) Belsi Bai Sarojam, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 11) Belsi Bai Anitha, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 12) Belsi Bai Yesoda, Vandazha Ninna Vila Veedu, Chowara, Kottukal Desom, Kottukal Village. 13) Kamala Bai Indira, Arakuzhi Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 14) Kamala Bai Sarojam, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 15) Prabhakaran, S/o Kuttan Nadar, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 16) Kuttan Nadar Madhu, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 17) Kuttan Nadar Sudhakaran, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 18) Kamala Bai Beena Rani, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village. 19) Kamala Bai Kala Rani, Mekkumkara Puthen Veedu, Kallikkal, Muttakkadu Desom, Nemom Village.

**NOTICE**

Whereas the appellant filed R.S.A. No. 777/2004 before the Hon'ble High Court of Kerala against the judgment in decree in A.S. 8/96 of the Sub Court, Neyyattinkara, and the judgment and decree in O.S. No. 211/93 of the Principal Munsiff's Court, Neyyattinkara. Since notices issued to respondents 2, 3, 5 and 7 to 19, in the above R.S.A, were returned and accordingly could not be served, the Hon'ble High Court of Kerala by order dated 23.11.2010 allowed the appellant to serve notice on the aforesaid persons through paper publication. The case stands posted for hearing at 10.15 a.m. on 11.04.2019 and therefore, the respondents 2, 3, 5 and 7 to 19 are informed or for that matter advised to appear on the aforesaid date, either in person or through counsel at the appointed time, failing which the R.S.A is likely to be disposed of without hearing them.

In default of your appearance, ie., the respondents 2, 3, 5 and 7 to 19 on the date and time above mentioned, the case will be proceeded in your absence.

Dated this the 14th day of March, 2019.

Sd/ PIRAPPANCODE V.S. SUDHEER, Advocate
COUNSEL FOR THE APPELLANTS

**കേരള സംസ്ഥാന ഭാഗ്യക്കുറി**

ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**വിൻവിൻ W-507 നറുക്കെടുപ്പ് ഫലം 08.04.2019**

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

**ഒന്നാം സമ്മാനം 65 ലക്ഷം രൂപ** WY 325142 (തൃശൂർ)

**സമാശ്വാസ സമ്മാനം 8000 രൂപ**

WN 325142 WO 325142 WP 325142 WR 325142 WS 325142 WT 325142
WU 325142 WV 325142 WW 325142 WX 325142 WZ 325142

**2-ാം സമ്മാനം 10 ലക്ഷം രൂപ**

WN 818831 (മലപ്പുറം)

**3-ാം സമ്മാനം 1 ലക്ഷം രൂപ**

WN 198727 (വയനാട്) WO 231876 (തിരുവനന്തപുരം) WP 147117 (പാലക്കാട്) WR 903931 (തിരുവനന്തപുരം) WS 670596 (തൃശൂർ) WT 342016 (കൊല്ലം)
WU 612595 (തിരുവനന്തപുരം) WV 649471 (കോട്ടയം) WW 706660 (കൊല്ലം) WX 921334 (തൃശൂർ) WY 214423 (കൊല്ലം) WZ 635586 (കാസർഗോഡ്)

**4-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 0693 | 2138 | 4900 | 5079 | 5439 | 5695 | 6763 | | |
| | | 7864 | 8206 | 8567 | 9769 | 9772 | | | |

**5-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0356 | 0523 | 0819 | 0965 | 1625 | 1729 | 1862 | 1910 | 1920 | 2178 |
| 2214 | 4033 | 4264 | 4331 | 4435 | 4770 | 4891 | 5137 | 5459 | 5616 |
| 6045 | 6254 | 7316 | 7512 | 7805 | 8624 | 8993 | 9046 | 9058 | 9985 |

**6-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0060 | 0109 | 0197 | 0367 | 0468 | 0525 | 0733 | 0769 | 1892 | 2013 |
| 2046 | 2353 | 2381 | 2418 | 2834 | 2848 | 3643 | 3729 | 3994 | 4119 |
| 4199 | 4360 | 4452 | 4531 | 4734 | 4803 | 4879 | 4925 | 5599 | 5785 |
| 6042 | 6127 | 6527 | 6559 | 6803 | 6807 | 6925 | 7026 | 7034 | 7131 |
| 7220 | 7439 | 7479 | 7553 | 7847 | 7908 | 8131 | 8241 | 8318 | 8360 |
| 8412 | 8414 | 8783 | 8834 | 8909 | 9071 | 9266 | 9502 | 9871 | 9999 |

**7-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0052 | 0143 | 0163 | 0216 | 0242 | 0265 | 0287 | 0328 | 0406 | 0515 |
| 0516 | 0519 | 0621 | 0697 | 0719 | 0749 | 1033 | 1035 | 1042 | 1075 |
| 1233 | 1351 | 1627 | 1851 | 1859 | 1965 | 1981 | 2158 | 2220 | 2394 |
| 2395 | 2499 | 2515 | 2714 | 2807 | 2861 | 2902 | 2935 | 3133 | 3215 |
| 3416 | 3691 | 3748 | 3771 | 3803 | 3831 | 4007 | 4023 | 4076 | 4106 |
| 4171 | 4206 | 4303 | 4316 | 4426 | 4636 | 4968 | 5268 | 5279 | 5530 |
| 5542 | 5635 | 5701 | 5833 | 5871 | 5968 | 5994 | 6184 | 6195 | 6303 |
| 6398 | 6402 | 6445 | 6474 | 6664 | 6929 | 6946 | 7004 | 7063 | 7240 |
| 7304 | 7392 | 7626 | 7906 | 8057 | 8064 | 8264 | 8407 | 8462 | 8580 |
| 8658 | 8730 | 8808 | 8853 | 8973 | 9077 | 9120 | 9218 | 9236 | 9263 |
| 9344 | 9345 | 9391 | 9462 | 9499 | 9734 | 9929 | 9969 | | |

(ഒപ്പ്) ടി.എ. പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ,

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി ചാനലുകളിൽ

വോട്ട് യുദ്ധം 2019

"രാജ്യത്തിന്റെ നിലനിൽപ്പ് അപകടത്തിലാക്കുന്നവർ അധികാരത്തിലേറാൻ പാടില്ല. എല്ലാവർക്കും മോദി സർക്കാരിനോട് അതൃപ്തിയാണ്. എതിർക്കാത്തവർ ആരുമില്ലെന്ന സ്ഥിതി. ഇത്തരമൊരു സർക്കാർ തുടർന്നുവന്നുകൂടാ...

ഉഷ്ണക്കാറ്റു പോലെ പിണറായിയുടെ പ്രസംഗം. പതിയെ വീശിത്തുടങ്ങി, പിന്നെയത് എതിർപാളയത്തേക്ക് ആഞ്ഞടിക്കുന്ന കൊടുങ്കാറ്റായി രൂപം മാറും. ഇടതു പ്രചാരണവേദികളിലെ ഇടിമിന്നലാണ് സഖാക്കളുടെ പടത്തലവൻ. പിണറായിയുടെ പ്രചാരണയാത്രയ്ക്കൊപ്പം

# പടനായകൻ



പിണറായി വിജയൻ
ഫോട്ടോ: അജയ് മധു

▶ എം.എച്ച്. വിഷ്ണു

അതിർത്തിക്കപ്പുറത്തു നിന്ന് വീശുന്ന ചൂടുകാറ്റിനേക്കാൾ ഉഷ്ണമുണ്ട്, പിണറായിയുടെ വാക്കുകളിൽ. റോഡിനപ്പുറം തമിഴ്നാട്. വെള്ളറടയിൽ ഇടതുമുന്നണിയുടെ പ്രചാരണത്തിന്റെ നായകനായി നിൽക്കുമ്പോൾ പിണറായിയുടെ വാക്കുകളിൽ തീ പാറുന്നുണ്ടായിരുന്നു. കോൺഗ്രസിനെയും ബി.ജെ.പിയെയും ഒരുപോലെ ആക്രമിക്കുന്ന ഇടതു പടത്തലവൻ. മോദിയോടും രാഹുൽഗാന്ധിയോടും പറയാനുള്ളത് അല്പം പോലും ബാക്കിവയ്ക്കാതെ പറഞ്ഞുനിർത്തിയപ്പോൾ ആൾക്കൂട്ടം ഉറക്കെ വിളിച്ചു: പോരാളികളുടെ പോരാളീ... നിലപാടുകളുടെ നേതാവേ...

പിണറായിക്കൊപ്പം രാവിലെ ക്ലിഫ്ഹൗസിൽ നിന്ന് വെള്ളറടയിലേക്കു പുറപ്പെടുമ്പോൾ ഒരു അഭിപ്രായസർവേയുടെ കനൽ പുകയുന്നുണ്ടായിരുന്നു. കാട്ടാക്കട വഴി വെള്ളറടയിലെ ജെ.എം ഹാളിനു മുന്നിൽ വണ്ടി നിന്നത് മുദ്രാവാക്യങ്ങളുടെ ആവേശത്തിനു നടുവിൽ. സി.പി.എം ജില്ലാസെക്രട്ടറി ആനാവൂർ നാഗപ്പൻ പിണറായിക്കായി മൈക്കൊഴിഞ്ഞു. കെ.ടി.ഡി.സി ചെയർമാൻ എം.വിജയകുമാറുമായി സൗഹൃദം പങ്കുവച്ച് പിണറായി മൈക്കിനു മുന്നിൽ. ജനക്കൂട്ടം നിശബ്ദമായി. 'സഖാക്കളേ, സഹോദരീ സഹോദരന്മാരെ...' പതിഞ്ഞ ശബ്ദത്തിൽ തുടക്കം. 'ഈ തിരഞ്ഞെടുപ്പ് മുൻപത്തേതിൽ നിന്നെല്ലാം വ്യത്യസ്തമാണ്, രാജ്യത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്.'

ബി.ജെ.പിയെയും ആർ.എസ്.എസിനെയും ആക്രമിച്ച് ആമുഖം. ന്യൂനപക്ഷങ്ങൾക്കു നേരെയുണ്ടായ ആക്രമണങ്ങളിൽ ലോകമാകെ പ്രതിഷേധിച്ചിട്ടും അര അക്ഷരം പോലും പ്രധാനമന്ത്രി സംസാരിച്ചില്ല. ഈ വർഗ്ഗീയത പിന്നീട് വർഗ്ഗീയഭ്രാന്തായി വളരുന്ന സ്ഥിതിയായി. ഘർ വാപ്പസിയും ട്രെയിനിലെ കൊലപാതകവും ബലംപ്രയോഗിച്ചുള്ള മതപരിവർത്തനവുമെല്ലാം ഓർമ്മിപ്പിച്ചുള്ള പ്രസംഗം, മതനിരപേക്ഷത തകർന്നാൽ രാജ്യത്തിന്റെ ഐക്യവും ജനങ്ങളുടെ ഒരുമയും ഇല്ലാതാകുമെന്ന മുന്നറിയിപ്പിലെത്തി ബ്രേക്കിട്ടു.

ഫ്ലാസ്കിലെ ചൂടുവെള്ളം രണ്ടു കവിൾ കുടിച്ച് പിണറായി കേന്ദ്ര സർക്കാരിനെ ആക്രമിച്ചു തുടങ്ങി. രാജ്യത്തിന്റെ നിലനിൽപ്പ് അപകടത്തിലാക്കുന്നവർ അധികാരത്തിലേറാൻ പാടില്ല. കർഷകർ, തൊഴിലാളികൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ... എല്ലാവർക്കും കേന്ദ്ര സർക്കാരിനോട് അതൃപ്തിയാണ്. എതിർക്കാത്തവർ ആരുമില്ലെന്ന സ്ഥിതി. തെറ്റിനെ എതിർത്ത സാംസ്കാരിക നായകരെ ഒന്നൊന്നായി കൊന്നുതള്ളുന്നു. ഇത്തരമൊരു സർക്കാർ തുടർന്നുവന്നുകൂടാ...

ഈ അഞ്ചുവർഷം മാത്രമല്ല ജനങ്ങൾ ദുരിതത്തിലായത്- പിണറായി പതുക്കെ, ആക്രമണത്തിന്റെ മുന കോൺഗ്രസിനു നേരെ തിരിച്ചു. മൻമോഹൻസിംഗിന്റെ ഭരണകാലം ഓർക്കണം. ഈ ശാപം എങ്ങനെയെങ്കിലും ഒഴിഞ്ഞുപോയാൽ മതിയെന്നായിരുന്നു അന്നത്തെ സ്ഥിതി. ഇന്നത്തെ കാരണങ്ങൾ തന്നെയായിരുന്നു അന്നും. 2014-ൽ ബി.ജെ.പി ഉപയോഗിച്ചതും ഇതേ സാഹചര്യം. 2014-ൽ എന്തൊക്കെയായിരുന്നു വാഗ്ദാനങ്ങൾ? എന്തെങ്കിലും നടപ്പാക്കിയോ. പിടിച്ചെടുത്ത കള്ളപ്പണത്തിൽ നിന്ന് 15 ലക്ഷം വീതം അക്കൗണ്ടിൽ കിട്ടിയോ...?

ബി.ജെ.പി ഇപ്പോൾ ചോദിക്കുന്നത് പ്രകടനപത്രികയിൽ പറയുന്നതെല്ലാം നടപ്പാക്കാനുള്ളതാണോ എന്നാണ്. ദീർഘമായ പത്തു വർഷം നമ്മൾ ദുരിതക്കയത്തിലായിരുന്നു. സർക്കാർ മാറിയെങ്കിലും ദുരിതം മാറിയില്ല. രണ്ടുകൂട്ടരും തമ്മിൽ ഒരു വ്യത്യാസവുമില്ല. ഇനി വരുന്നത് ബദൽനയത്തോടു കൂടിയ മതനിരപേക്ഷ സർക്കാരായിരിക്കണം- പിണറായി നയം വ്യക്തമാക്കി.

ബി.ജെ.പിക്ക് എതിരായ വോട്ടുകൾ ശിഥിലമാക്കാതിരിക്കണമെന്ന ദേശീയ രാഷ്ട്രീയത്തിന്റെ സത്ത രാഹുൽ അറിയേണ്ടതല്ലേ? രാജ്യമാകെയുള്ള ബി.ജെ.പി വിരുദ്ധ വികാരത്തിനൊപ്പം രാഹുലുണ്ടോ? ഉത്തർപ്രദേശിൽ എസ്.പി- ബി.എസ്.പി സഖ്യത്തെ കണ്ട ഭാവം നടിച്ചില്ല. ബീഹാറിലും ശക്തമായ പ്രതിപക്ഷ സഖ്യത്തിന് ഇടങ്കോലിട്ടത് കോൺഗ്രസാണ്.

ഇടതുപക്ഷത്തെയാണ് തകർക്കേണ്ടതെന്ന സന്ദേശമാണോ കേരളത്തിൽ മത്സരിക്കുന്നതിലൂടെ രാഹുൽ നൽകുന്നത്? ഞങ്ങൾക്കെതിരെ പറയാനുള്ളതെല്ലാം പറഞ്ഞോളൂ, ഒരു സൗജന്യവും വേണ്ട- കത്തിക്കയറുകയാണ് പിണറായി.

വെള്ളറടയിൽ നിന്ന് സെക്രട്ടേറിയറ്റിലെ ഓഫീസിലെത്തി, വൈകിട്ട് മൂന്നോടെ പിണറായി മണനൂരിലേക്ക്. അവിടെ ഊഷ്മളമായ സ്വീകരണം. ബി.ജെ.പിയെയും കോൺഗ്രസിനെയും ഒരുപോലെ ആക്രമിച്ച് തകർപ്പൻ പ്രസംഗം.

അടുത്തത് വർക്കലയിൽ. പെരുമ്പറ മുഴക്കിയാണ് മൈതാനം ജംഗ്ഷനിൽ യുവാക്കൾ പിണറായിക്ക് സ്വാഗതമോതിയത്. വെള്ള ഷർട്ടും ചുവന്ന ലുങ്കിയുമണിഞ്ഞ യുവാക്കൾ തൊണ്ടപൊട്ടി മുദ്രാവാക്യം വിളിച്ചു. അവർക്കു നടുവിലൂടെ പടനായകൻ വേദിയിലേക്ക്. പറയാനുള്ളതെല്ലാം വളച്ചുകെട്ടില്ലാതെ, തെളിഞ്ഞ ഭാഷയിൽ.

സർക്കാരിന്റെ പ്രവർത്തനമികവ് വിശദീകരിച്ചപ്പോൾ നിറഞ്ഞ കൈയടി. വേദിയിൽ നിന്നിറങ്ങി കെ.എം.മാണിയുടെ നിര്യാണത്തിൽ അനുശോചനമറിയിച്ച് ദൃശ്യമാദ്ധ്യമങ്ങളെ കണ്ടശേഷം കല്ലറയിലേക്ക്. അവസാന വേദി അവിടെ.

## കോൺഗ്രസ് ഒന്നും പഠിക്കുന്നില്ല

കോൺഗ്രസിനെ രാജ്യത്ത് ആരെങ്കിലും വിശ്വസിക്കുമോ? ഇപ്പോഴത്തെ കേന്ദ്ര മന്ത്രിമാർ, ബി.ജെ.പി എം.പിമാർ, നേതാക്കൾ എന്നിവരിൽ നല്ലൊരു ഭാഗം പഴയ കോൺഗ്രസ് നേതാക്കളാണ്. കോൺഗ്രസുകാരൻ കോൺഗ്രസായി നിൽക്കുമെന്ന് വല്ല ഉറപ്പുമുണ്ടോ..? ബി.ജെ.പിയുടെ വർഗ്ഗീയജ്വരത്തിന് എതിർശബ്ദമാകാൻ കോൺഗ്രസിന് കഴിഞ്ഞോ? അനുഭവത്തിൽ നിന്ന് കോൺഗ്രസ് ഒന്നും പഠിക്കുന്നില്ല. എല്ലാസമയത്തും വർഗ്ഗീയതയോട് സമരസപ്പെടുന്നതാണ് അവരുടെ നിലപാട്.

## ത്രിപുരയിൽ എന്തു സംഭവിച്ചു?

ത്രിപുരയിൽ മരുന്നിനുപോലും ബി.ജെ.പി ഉണ്ടായിരുന്നില്ല. പ്രതിപക്ഷനേതാവ് അടക്കം എം.എൽ.എമാർ കൂട്ടത്തോടെ ബി.ജെ.പിയിലേക്കു മാറി. സംസ്ഥാന കോൺഗ്രസ് അദ്ധ്യക്ഷൻ ഉൾപ്പെടെ പാർട്ടി ഒന്നടങ്കം ബി.ജെ.പിയിലെത്തി. ഗോവയിൽ ജയിച്ചുവന്ന കോൺഗ്രസ് എം.എൽ.എമാർ സത്യപ്രതിജ്ഞ ചെയ്യുംമുൻപ് ബി.ജെ.പിയിലെത്തി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി ഒന്നുമായിരുന്നില്ല. ജയിച്ചുവന്നവരെല്ലാം കൂട്ടത്തോടെ ബി.ജെ.പിയിലെത്തി. എല്ലായിടത്തും അവരുടെ ഭരണമായി. ഇവരെ വിശ്വസിക്കാൻ പറ്റുമോ? ഇവിടെയും ചിലരുടെ പേര് നാവിൻതുമ്പിലുണ്ട്. ആരുടെയും പേരുപറയുന്നില്ല.

## ചില താരങ്ങളുടെ അവസാനം ചുവപ്പു ഭീമനായി: വി.എസ്



തിരുവനന്തപുരം: ഈ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ താൻ സജീവമല്ലെന്ന് ആക്ഷേപത്തിനെതിരെ സി.പി.എമ്മിന്റെ മുതിർന്ന നേതാവ് വി.എസ്. അച്യുതാനന്ദൻ ഫേസ്ബുക്ക് പോസ്റ്റ്. ഇത്തവണ താൻ എൽ.ഡി.എഫിന്റെ താര പ്രചാരകനല്ലെന്ന വാർത്ത പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവെന്നും ചില താരങ്ങളുടെ അവസാന കാലഘട്ടം 'ചുവപ്പ് ഭീമൻ' ആയിട്ടായിരിക്കുമെന്ന് കേട്ടിട്ടുണ്ടെന്നുമാണ് പോസ്റ്റിൽ പറയുന്നത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ നിന്ന് താൻ വിട്ടുനിൽക്കുന്നില്ലെന്നും വി.എസ് ഓർമ്മിപ്പിക്കുന്നു.

## എം.കെ. രാഘവന് എതിരെ പുതിയ പരാതി

കോഴിക്കോട്: ഒളികാമറ വിവാദത്തിലായ കോഴിക്കോട് പാർലമെന്റ് മണ്ഡലം യു.ഡി.എഫ് സ്ഥാനാർത്ഥി എം.കെ. രാഘവനെതിരെ പുതിയ ആരോപണവുമായി ഇടതു മുന്നണി. രാഘവൻ നേരിടുന്ന ഒരു റവന്യു റിക്കവറിയെക്കുറിച്ച് നാമനിർദ്ദേശ പത്രികയിൽ സൂചിപ്പിച്ചിട്ടില്ലെന്നും അതിനാൽ പത്രിക സ്വീകരിച്ചത് ചട്ടവിരുദ്ധമാണെന്നുമാണ് പുതിയ ആക്ഷേപം. ഇതു ചൂണ്ടിക്കാട്ടി ഇടതു മുന്നണി കോഴിക്കോട് പാർലമെന്റ് മണ്ഡലം കമ്മിറ്റി സെക്രട്ടറിയും ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റുമായ പി.എ. മുഹമ്മദ് റിയാസ് ജില്ലാ കളക്ടർക്ക് പരാതി നൽകി.

കണ്ണൂർ ജില്ലയിലെ ഇരിക്കൂറിനടുത്ത് പെരുമണ്ണിലുള്ള എഗ്രീൻകോ ഫ്രൂട്ട് പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സൊസൈറ്റിയുടെ ഡയറക്ടർ ആയിരുന്നു രാഘവൻ. ഈ സൊസൈറ്റിക്ക് 29.22 കോടി രൂപയുടെ കടബാദ്ധ്യത ഉണ്ടായതിനെ തുടർന്ന് സർക്കാർ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു.

ഇതിനിടയിൽ സംസ്ഥാന സർക്കാർ സ്റ്റേ അനുവദിച്ചിരുന്നെങ്കിലും ഇതിന്റെ കാലാവധി മാർച്ച് 31 ന് അവസാനിച്ചു. രാഘവൻ മറ്റു ഡയറക്ടർമാർക്കൊപ്പം കടബാദ്ധ്യതയുടെ പേരിൽ റവന്യൂ റിക്കവറി നേരിടുന്ന വ്യക്തിയാണ്. ഈ റവന്യൂ റിക്കവറിയെപ്പറ്റി നാമനിർദ്ദേശപത്രികയിൽ പറഞ്ഞിട്ടില്ലെന്നും പരാതിയിൽ ആരോപിക്കുന്നു.




ഫോട്ടോ: അരുൺ എ.ആർ.സി

# ഹൈസ്പീഡ് ഫുൾചാർജ്

▶ ഒ.സി.മോഹൻരാജ്

കണ്ണൂർ: തിരുവനന്തപുരത്ത് രാത്രി വൈകുംവരെ നീണ്ട പ്രചാരണ പരിപാടി കഴിഞ്ഞ് രാവിലെ മംഗളൂരു എക്സ്പ്രസിലിറങ്ങുമ്പോൾ കണ്ണൂർ ഉറക്കച്ചടവ് വിടുന്നതേയുള്ളൂ. അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി ഹബീബ് ഖാനും ഗൺമാൻ ഹരികൃഷ്ണനുമൊപ്പം എ വൺ കോച്ചിൽ നിന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഇറങ്ങുന്നത് ഫുൾചാർജിലാണ്. തലേന്നത്തെ തിരക്കുപിടിച്ച പരിപാടിയുടെ ആലസ്യമൊന്നും മുഖത്തില്ല.

എതിരാളിയെ ആക്രമിക്കാൻ മൂർച്ചയേറിയ പുതിയൊരു ആയുധം കൈയിൽ കിട്ടിയ മട്ട്. മുണ്ടിൻതലപ്പ് കൈയിലെടുത്ത് ഹൈസ്പീഡിൽ ഒരു നടത്തം. യുവാക്കളും കുട്ടികളും മൊബൈൽ ഫോണിൽ സെൽഫിയെടുക്കാൻ അടുത്തുകൂടി. മുതിർന്നവർ അടുത്തെത്തി കൈപിടിച്ചു. അടുത്തെത്തിയവരോട് പുഞ്ചിരിയോടെ സ്നേഹാന്വേഷണം.

കണ്ണൂർമണ്ഡലത്തിൽ ഏഴു തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കാനെത്തിയതാണ് ചെന്നിത്തല. സ്റ്റേഷനു പുറത്ത് കാത്തുനിന്ന കെ.പി.സി.സി ജനറൽ സെക്രട്ടറി വി.എ. നാരായണനെയും ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനിയെയും കണ്ടതോടെ ചെന്നിത്തല ടോപ് ഗിയറിൽ. വേഗമൊന്നു ഫ്രെഷ് ആയി കുറെ പരിപാടികൾ തീർക്കാനുണ്ട്. ഇന്നോവയിൽ കയറിയ ഉടൻ വേഗം കൂട്ടാൻ ഡ്രൈവർക്ക് നിർദേശം.

ഗവ. ഗസ്റ്റ് ഹൗസിലെ പുതിയ ബ്ലോക്ക് അഞ്ചാം നമ്പർ മുറിക്കു മുന്നിൽ ആളനക്കം. യു.ഡി.എഫ് സ്ഥാനാർഥി കെ. സുധാകരനും കോൺഗ്രസ് നേതാക്കളും കാണാനെത്തി. യോഗയും ചില്ലറ വ്യായാമങ്ങളും കുളിയും കഴിഞ്ഞ് അരമണിക്കൂറിനകം പുറത്തേക്ക്. പുട്ടും കടലക്കറിയും കഴിച്ചു കൊണ്ടിരിക്കുമ്പോൾ എ.ഐ.സി.സി ജനറൽ സെക്രട്ടറി മുകുൾ വാസ്നിക്കിന്റെ വിളിയെത്തി.

**വിശ്രമമില്ലാത്ത പ്രചാരണ യാത്രകൾക്കിടയിലും പ്രതിപക്ഷ നേതാവിന്റെ മുഖത്ത് ആലസ്യം ലവലേശമില്ല. പ്രചാരണവും കുശലംപറച്ചിലും പത്രവായനയും ഭക്ഷണവുമൊക്കെ ഹൈസ്പീഡിൽ നടക്കും. ഇന്നലെ കണ്ണൂരിലായിരുന്നു രമേശ് ചെന്നിത്തല. അദ്ദേഹത്തിനൊപ്പം കണ്ടും കേട്ടുമൊരു യാത്ര**

തിരഞ്ഞെടുപ്പ് സർവേകളിൽ അമിത ആത്മവിശ്വാസം വേണ്ടെന്നും ജാഗ്രത വേണമെന്നുമുള്ള മുന്നറിയിപ്പ് പ്രവർത്തകർക്കു കൈമാറാനുള്ള ഓർമ്മപ്പെടുത്തലായിരുന്നു ഫോണിൽ. 'ഇറ്റ്സ് ഒ.കെ... ഐ വിൽ മാനേജ് ഇറ്റ്...' എന്നു പറഞ്ഞ് ഫോൺ വച്ചു. പത്രങ്ങൾ ഓടിപ്പിടിച്ചൊന്നു വായിച്ചു. മസാല ബോണ്ടിനെക്കുറിച്ച് എക്സ്ട്രാ വിവരങ്ങൾക്കായി ഗൂഗിളിൽ തപ്പി.

ആയുധം റെഡി. ഇനി അങ്കത്തിനിറങ്ങാം. ആദ്യ പരിപാടി തളിപ്പറമ്പിലെ കുറ്റ്യാട്ടൂരിൽ. പത്തു മണിക്കു തന്നെ കുടുംബസംഗമ വേദിയായ വേശാല ഇന്ദിരാനഗറിലെത്തി. വൻ ജനക്കൂട്ടം. യു.ഡി.എഫ് മണ്ഡലം കമ്മിറ്റി ചെയർമാൻ കെ. അബ്ദുറഹിമാന്റെ വീട്ടിലാണ് കുടുംബ സംഗമം. കുറ്റ്യാട്ടൂർ ഗ്രാമത്തിന്റെ പെരുമ അബ്ദുറഹിമാൻ വിശദീകരിച്ചു. നാട്ടുമാമ്പഴത്തിന്റെ നാടാണെന്നു കേട്ടപ്പോൾ ചെന്നിത്തലയുടെ ചുണ്ടിൽ മധുരം കിനിഞ്ഞിറങ്ങി. 'കുറ്റ്യാട്ടൂർമാമ്പഴത്തെക്കുറിച്ച് കേട്ടിട്ടുണ്ട്, കഴിച്ചിട്ടില്ല.'

'കൊണ്ടുപോകാൻ തരാം. വീട്ടിൽ എല്ലാവർക്കും കൊടുക്കണം.' ഒരു വീട്ടമ്മയുടെ വാക്കുകളിൽ സ്നേഹമധുരം. പിന്നെ പ്രസംഗം. ലീഗിനെതിരെ യോഗി ആദിത്യനാഥും സി.പി.എം പോളിറ്റ് ബ്യൂറോ അംഗം വൃന്ദാകാരാട്ടും നടത്തിയ പരാമർശത്തിൽ മുറിവേറ്റ വാക്കുകൾ. അതിനിടെ ബി.ജെ.പിയുടെ വരവിനെ പ്രതിരോധിക്കേണ്ട ചുമതലയും ഓർമ്മപ്പെടുത്തി. ലീഗിന്റെ ഹരിത പതാക കാണുമ്പോൾ വിറളിപൂണ്ട യോഗിയെപ്പോലെ വൃന്ദയും അതേ സ്വരത്തിൽ പറയുകയാണ്. ലീഗിനെതിരെ സംസാരിക്കാൻ ഇവർക്കെന്ത് അധികാരം? ലീഗിനെ മതേതരത്വം പഠിപ്പിക്കാൻ സി.പി.എം വളർന്നിട്ടില്ല. തിരഞ്ഞെടുപ്പ് കഴിയുന്നതോടെ തുടച്ചു നീക്കപ്പെടുന്ന സി.പി.എമ്മിനു സമനില തെറ്റിയിരിക്കുകയാണ്. വൃന്ദാ കാരാട്ട് മാപ്പു പറയണം.

ലീഗിൽ നിന്നു തുടങ്ങിയ പ്രസംഗം അവസാനിക്കുന്നത് മോദിയുടെ ദുർഭരണത്തിനെതിരായ താക്കീതായി തിരഞ്ഞെടുപ്പ് മാറുമെന്ന ആഹ്വാനത്തിൽ. പ്രവർത്തകർ സമ്മാനിച്ച കുറ്റ്യാട്ടൂർ മാങ്ങയും ഇളനീരും കഴിച്ച് പ്രസ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിലേക്ക്. മസാല ബോണ്ടിനെക്കുറിച്ച് ഒരു മണിക്കൂർ സ്റ്റഡി ക്ലാസ്.

പഴയ ലാവ്‌ലിൻ കേസിൽ കമ്പനി ഉദ്യോഗസ്ഥർ പിടികിട്ടാപ്പുള്ളികളാണ്. ആ നിലയ്ക്ക് അവരുമായി വീണ്ടും ഇടപാട് നടത്തുന്നത് നാടിന്റെ താത്പര്യം കാത്തുസൂക്ഷിക്കാൻ ബാദ്ധ്യതയുള്ളവർക്കു ചേർന്നതാണോ? നാടിനെ വഞ്ചിക്കുന്നതിനു തുല്യമല്ലേ ഇത്?

മാദ്ധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് ഉരുളയ്ക്ക് ഉപ്പേരി പോലെ മറുപടി. അതും കഴിഞ്ഞ് താഴെയിറങ്ങുമ്പോൾ വഴിയോരക്കച്ചവടക്കാർ നിരത്തിവച്ച ഷർട്ടുകളിലൊന്നെടുത്ത് അബ്ദുള്ളക്കുട്ടിക്ക് ചേർത്തുവച്ചു. നല്ല മാച്ചിംഗാണ്. പ്രവർത്തകരിലൊരാൾ ഷർട്ടിന്റെ പണവും നൽകി. ഉച്ചയോടെ മുണ്ടേരി പടന്നോട്ട് കുടുംബയോഗവും കഴിഞ്ഞ് കേളകത്തെ പരിപാടി തുടങ്ങുമ്പോൾ ആ ദുഃഖവാർത്തയെത്തി: കെ.എം. മാണിയുടെ മരണവാർത്ത. പരിപാടികൾ പാതിവഴിയിൽ നിർത്തി നേരെ കോട്ടയത്തേക്ക്.

## എക്സിറ്റ്പോളിൽ വിശ്വാസമില്ല: കോടിയേരി

ആലപ്പുഴ: ജനവിധി അട്ടിമറിക്കാനുള്ള എക്സിറ്റ്പോളുകളിൽ വിശ്വാസമില്ലെന്ന് പ്രസ് ക്ലബ്ബിന്റെ ജനസമക്ഷം പരിപാടിയിൽ കോടിയേരി ബാലകൃഷ്ണൻ. മുൻകാല എക്സിറ്റ്പോളുകൾ പലതും തെറ്റാണെന്ന് തിരഞ്ഞെടുപ്പുഫലം പുറത്തു വന്നപ്പോൾ തെളിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ലോക്സസഭാ തിരഞ്ഞെടുപ്പിൽ 91 സീറ്റ് കോൺഗ്രസിനു കിട്ടുമെന്നായിരുന്നു പ്രവചനം. കിട്ടിയതോ -44 സീറ്റ്. യു.പിയിൽ ബി.എസ്.പിക്ക് 17 സീറ്റ് ലഭിക്കുമെന്ന പറഞ്ഞ സർവേയിൽ ഒരു സീറ്റു പോലും കിട്ടിയില്ല - സി.പി.എം സംസ്ഥാന സെക്രട്ടറി പറഞ്ഞു.

സംസ്ഥാനത്ത് 2004 ലെ തിരഞ്ഞെടുപ്പു ഫലം ആവർത്തിക്കും. എൽ.ഡി.എഫിന് വോട്ടു കുറയ്ക്കാൻ യു.ഡി.എഫും ബി.ജെ.പിയും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുണ്ട്. ബി.ജെ.പിയെ പുറത്താക്കി ഇടതുപക്ഷത്തിന്റെ സഹായത്തോടെ ബദൽ സംവിധാനമുണ്ടാക്കാൻ എൽ.ഡി.എഫിന് കൂടുതൽ സീറ്റു ലഭിക്കണം. കേരളത്തിൽ കോൺഗ്രസ് തോറ്റാൽ ബി.ജെ.പി അധികാരത്തിൽ വരുമെന്നു പറഞ്ഞ എ.കെ.ആന്റണി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ബി.ജെ.പി കേരളത്തിൽ അക്കൗണ്ട് തുറക്കില്ല. കൊല്ലം, എറണാകുളം, കോഴിക്കോട്, വടകര, കണ്ണൂർ മണ്ഡലങ്ങളിൽ യു.ഡി.എഫും ബി.ജെ.പിയും പരസ്പര ധാരണയിലാണെന്നും കോടിയേരി പറഞ്ഞു.



## നാളെ ബൂത്തിലേക്ക്

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് | : | പതിനേഴാം ലോക്സഭയിലേക്ക് |
| ആകെ ലോക്സഭാ സീറ്റുകൾ | : | 543 |
| നാളെ പോളിംഗ് നടക്കുന്നത് | : | 91 മണ്ഡലങ്ങളിൽ |
| പോളിംഗ് ഘട്ടങ്ങൾ | : | 07 |
| ആദ്യഘട്ടം | : | ഏപ്രിൽ 11 |
| അടുത്ത ഘട്ടങ്ങൾ | : | ഏപ്രിൽ 18, 23, 29, മേയ് 06, 12, 19 |
| വോട്ടെണ്ണൽ | : | മേയ് 23 |

| മണ്ഡലങ്ങൾ | സംസ്ഥാനം |
|---|---|
| 25 | ആന്ധ്രാപ്രദേശ് |
| 17 | തെലുങ്കാന |
| 08 | ഉത്തർപ്രദേശ് |
| 07 | മഹാരാഷ്ട്ര |
| 05 | അസം, ഉത്തരാഖണ്ഡ് |
| 04 | ബീഹാർ, ഒഡിഷ, |
| 02 | അരുണാചൽ പ്രദേശ്, ജമ്മു കശ്മീർ, മേഘാലയ, ബംഗാൾ |
| 01 | ഛത്തിസ്ഗഢ്, മണിപ്പൂർ, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ലക്ഷദ്വീപ്, ആൻഡമാൻ- നിക്കോബാർ |



## ഇന്ന് യു.ഡി.എഫ് പ്രചാരണത്തിന് മാറ്റമില്ല

തിരുവനന്തപുരം: ഇന്ന് കേരളത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥികളുടെ പ്രചാരണ പരിപാടി നേരത്തെ നിശ്ചയിച്ചതു പ്രകാരം നടക്കുമെന്ന് യു.ഡി.എഫ് ചെയർമാൻ രമേശ് ചെന്നിത്തല അറിയിച്ചു. കേരള കോൺഗ്രസ് നേതാവ് കെ.എം. മാണിയുടെ സംസ്കാരം നടക്കുന്ന നാളെ വൈകിട്ട് നാലു വരെ പ്രചാരണ പരിപാടികൾ നിറുത്തിവയ്ക്കും. സംസ്കാരചടങ്ങുകൾ പൂർത്തിയായതിന് ശേഷം പ്രചാരണം പുനരാരംഭിക്കും.



### എൻ.എസ്.എസ് അനുശോചിച്ചു

പെരുന്ന : കെ.എം. മാണിയുടെ ദേഹവിയോഗത്തിൽ നായർ സർവീസ് സൊസൈറ്റിക്കുള്ള അഗാധ ദുഃഖം രേഖപ്പെടുത്തുകയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നതായി ജനറൽ സെക്രട്ടറി ജി.സുകുമാരൻനായർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. കേരള രാഷ്ട്രീയത്തിലെ അതികായനും കഴിവുറ്റ ഭരണതന്ത്രജ്ഞനും നായർ സർവീസ് സൊസൈറ്റിയുമായി എന്നും നല്ല ബന്ധം പുലർത്തിയ നേതാവുമായിരുന്നു മാണി.

“ കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യനായിരുന്ന കെ.എം. മാണി. അദ്ദേഹത്തിൻറെ കുടുംബവും എന്റെ കുടുംബവും തമ്മിൽ വലിയ സ്നേഹബന്ധത്തിലായിരുന്നു. വീട്ടിലെ ഒരംഗം നഷ്ടപ്പെട്ടതുപോലെയാണ്.

*-വെള്ളാപ്പള്ളി നടേശൻ, എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി*

“ കേരള രാഷ്ട്രീയത്തിലും ഭരണനേതൃത്വത്തിലും കെ.എം മാണിയെപ്പോലെ അനുഭവസമ്പത്തുള്ള മറ്റൊരു നേതാവ് ഉണ്ടാകില്ല.

*-തുഷാർ വെള്ളാപ്പള്ളി, ബി.ഡി.ജെ.എസ് പ്രസിഡന്റ്*

“ പതിമൂന്ന് തവണ തുടർച്ചയായി പാലായിൽ നിന്ന് ജയിച്ച്, പന്ത്രണ്ട് മന്ത്രിസഭകളിൽ അംഗമായ കേരള രാഷ്ട്രീയത്തിലെ അതികായനായിരുന്ന കെ.എം മാണി. അദ്ദേഹത്തിന്റെ ദേഹവിയോഗം കേരള രാഷ്ട്രീയത്തിനുണ്ടാക്കിയ വിടവ് നികത്താനാവാത്തതാണ്.

*-വി.എസ് അച്യുതാനന്ദൻ*

“ കെ.എം.മാണിയുടെ അപ്രതീക്ഷിത വേർപാട് കേരള രാഷ്ട്രീയത്തിൽ നികത്താനാകാത്ത ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. യു.ഡി.എഫിന്റെ ശക്തികേന്ദ്രമായിരുന്നു മാണി. യു.ഡി.എഫ് നിർണായകമായ തിരഞ്ഞെടുപ്പ് പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിലാണ് അദ്ദേഹത്തെ നഷ്ടമായിരിക്കുന്നത്. പ്രതിപക്ഷ നേതാവെന്ന നിലയക്ക് വിലപ്പെട്ട പിന്തുണയും ഉപദേശവുമാണ് മാണിസാർ നൽകിയിരുന്നത്. രണ്ടു മന്ത്രിസഭകളിൽ അദ്ദേഹവുമായി ഒത്തു പ്രവർത്തിച്ചിട്ടുണ്ട്.

*-രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ്*

“ ദീർഘനാളത്തെ പ്രായോഗിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ മാനേജ്മെന്റിൽ പ്രാഗത്ഭ്യം തെളിയിച്ച ധനമന്ത്രിയായിരുന്ന കെ.എം. മാണി. എതിർചേരിയിലായിരിക്കുമ്പോൾത്തന്നെ തികഞ്ഞ പരസ്പര ബഹുമാനത്തോടെ നിയമസഭയ്ക്കകത്തും പുറത്തും ധനകാര്യം ചർച്ചചെയ്യുന്നതിന് കഴിഞ്ഞിരുന്നു.

*-മന്ത്രി ടി.എം. തോമസ് ഐസക്*

“ കേരള രാഷ്ട്രീയത്തിലെ സമാനതകളില്ലാത്ത നേതാവായിരുന്നു കെ.എം മാണി. കേരളം എക്കാലവും സ്മരിക്കുന്ന ഉജ്വല രാഷ്ട്രീയ നേതാക്കളിൽ ഒരാളാണ് അദ്ദേഹം.

*-കോടിയേരി ബാലകൃഷ്ണൻ, സി.പി.എം സംസ്ഥാന സെക്രട്ടറി*

“ കേരള രാഷ്ട്രീയത്തിലെ അനിതരസാധാരണമായ വ്യക്തിത്വമായിരുന്ന മാണി സാർ എന്ന് എല്ലാവരും വിളിച്ചിരുന്ന കെ.എം മാണി. കുടുംബത്തിന്റെയും കേരള കോൺഗ്രസ് പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

*-കുമ്മനം രാജശേഖരൻ*

“ കെ.എം.മാണിയുടെ വിയോഗം കേരളത്തിന് തീരാനഷ്ടമാണ്. ദീർഘകാലം മന്ത്രിസഭയിലും നിയമസഭയിലും സഹപ്രവർത്തകനായിരുന്ന മാണി പ്രതിഭാധനനായ രാഷ്ട്രീയ നേതാവായിരുന്നു.

*-കെ. ആർ. ഗൗരിഅമ്മ, ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി*

“ ഗുരുതരമായ അവസ്ഥയിൽ ആശുപത്രിയിൽ തുടരുമ്പോഴും അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചുവരും എന്ന പ്രതീക്ഷയാണ് ഉണ്ടായിരുന്നത്. പാർലമെന്ററി രംഗത്തുള്ളവർക്കും ആ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും അനുകരിക്കാവുന്ന അതുല്യ പ്രതിഭയായിരുന്നു മാണി സാർ.

*-വി.എം. സുധീരൻ*

“ കേരളരാഷ്ട്രീയ രംഗത്തെ അതികായകനായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മാണി സാർ. അദ്ദേഹവുമായും കുടുംബവുമായും വളരെ അടുത്ത വ്യക്തി ബന്ധമുണ്ടായിരുന്നു.

*-എം.എ യൂസഫലി*

# അവസാന നിമിഷവും കുട്ടിയമ്മയുടെ കൈപിടിച്ച് മാണി സാർ...

**കെ.എസ്.സന്ദീപ്**



*ഒരു നോക്ക്... കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ കെ.എം.മാണിയുടെ മൃതശരീരം പൊതുദർശനത്തിനുവച്ചപ്പോൾ ജോസ് കെ. മാണിയെ ആശ്വസിപ്പിക്കുന്ന മോൻസ് ജോസഫ്,കെ. ബാബു എന്നിവർ*

കൊച്ചി: ചെറിയ മന്ദസ്മിതത്തോടെ കുട്ടിയമ്മയുടെ വലതുകൈ മുറുകെ പിടിച്ച് കെ.എം.മാണി കട്ടിലിൽ കണ്ണടച്ചു കിടന്നു. നേരിയ ഹൃദയമിടിപ്പ്. വിങ്ങുന്ന ഹൃദയവേദനയോടെ ജോസ് കെ. മാണി ഉൾപ്പെടെയുള്ള മക്കളും മരുമക്കളും കൊച്ചുമക്കളും. ഒടുവിൽ ഡോക്ടർമാർ വിധിയെഴുതി. മാണി സാർ വിടവാങ്ങി.

രാഷ്ട്രീയക്കാരനപ്പുറം മാണിക്ക് എല്ലാമെല്ലാം ഭാര്യ കുട്ടിയമ്മയും പാലയുമായിരുന്നു. അവസാനനിമിഷവും അരികുചേർന്നിരുന്ന കുട്ടിയമ്മയുടെ കൈകളിൽ നിന്ന് മാണിയുടെ കൈ പതുക്കെ ആശുപത്രി അധികൃതർ മാറ്റി. മരണ വിവരം പുറംലോകമറിഞ്ഞതോടെ മാണി സാറിന്റെ പാലാക്കാർ കിട്ടിയ വാഹനവും പിടിച്ച് ആശുപത്രിയിലേക്ക് ഒഴുകിയെത്തി.

സമയം 4.37. ജോസ് കെ.മാണിയുടെ വാഹനം ചീറിപ്പാഞ്ഞ് എറണാകുളം ലേക്ഷോർ ആശുപത്രിയുടെ കവാടം കടന്നെത്തിയപ്പോൾ തന്നെ എല്ലാവരും ആ വാർത്ത പ്രതീക്ഷിച്ചു.

4.57 ന് മാദ്ധ്യമങ്ങൾക്ക് മുമ്പിൽ ആശുപത്രി അധികൃർ മാണിയുടെ വേർപാട് അറിയിച്ചു. പിന്നീട് ആശുപത്രിയിലേക്ക് രാഷ്ട്രീയ ഭേദമന്യേ നേതാക്കളുടെയും പ്രവർത്തകരുടെയും പ്രവാഹമായിരുന്നു. എല്ലാവർക്കും പറയാനുണ്ടായിരുന്നത് ഒന്നു മാത്രം. മാണിക്ക് പകരം മാണി മാത്രം.

ആശുപത്രിക്ക് മുന്നിലെ വിശാലമായ ഹാൾ മാണിക്കായി ഒരുങ്ങി. മേശമേൽ തൂവെള്ള തുണി പുതപ്പിച്ചു. ബൾബുകളുടെ വിടർന്ന പ്രകാശത്തിൽ അവിടം രാഷ്ട്രീയ അതികായനായി കാത്തുകിടന്നു.

ഇതിനിടെ കോട്ടയം പാർലമെന്റ് മണ്ഡലം സ്ഥാനാർത്ഥിയും കേരള കോൺഗ്രസ് നേതാവുമായ തോമസ് ചാഴികാടൻ ആശുപത്രിയിലേക്കെത്തി.

സമയം 6.40. ആശുപത്രിയുടെ ഇടുങ്ങിയ കവാടത്തിനുള്ളിലൂടെ സ്ട്രെച്ചറിയിൽ തൂവെള്ള പുതപ്പിൽ ആ പഴയ മുഖഭാവങ്ങളോടെ എല്ലാവരുടെയും മാണി സാർ. സമീപം മകൻ ജോസ്. കെ. മാണി.

തിങ്ങിക്കൂടി ആർത്തിരമ്പിയവരുടെ വേദനകൾ പൊട്ടിക്കരച്ചിലായി. കരച്ചിലടക്കാനാവാതെ നേതാക്കളും വഴിമാറിയതോടെ പ്രവർത്തകരെ ആർക്കും നിയന്ത്രിക്കാനാവാതെയായി, ഒടുവിൽ പൊലീസ് ഇടപെട്ട് വഴിയൊരുക്കി.


വരിവരിയായി നിന്ന പ്രവർത്തകർ മാണിയുടെ മുഖത്തോട് മുഖം ചേർത്ത് പൊട്ടിക്കരഞ്ഞപ്പോൾ ആരും തടഞ്ഞില്ല. മാണിയുടെ സ്നേഹവും അതായിരുന്നുവെന്ന് എല്ലാവർക്കും അറിയാം. ഈ സമയമെല്ലാം ജോസ് കെ. മാണിയുടെ മകൻ കുഞ്ഞുമാണി അടുത്തുനിന്ന് വിങ്ങുന്നുണ്ടായിരുന്നു. നേതാക്കളും പ്രവർത്തകരും മാണി സാറിനെ തൊട്ട് വണങ്ങി. ചിലർ പലപ്രാവശ്യം മുത്തംവച്ചു.

സമയം 7.05. മാണി സാറിന് ആഗ്രഹമുണ്ടായിരിക്കാം പ്രവർത്തകരെയും നേതാക്കളെയും വീണ്ടും കാണാൻ. എന്നാൽ മുൻകൂട്ടി നിശ്ചയിച്ച സമയം കഴിഞ്ഞതിനാൽ മൃതദേഹം മോർച്ചറിയിലേക്ക് മാറ്റി. പിന്നെയും പാഞ്ഞെത്തിയവർ പലേടത്തുമായി നിന്നു വിതുമ്പി. ദീപ്തമായ ഓർമ്മകൾ പങ്കുവച്ച് മടങ്ങി.

ഇന്ന് മുതൽ രണ്ടു ദിവസം മാണി സാർ സ്വന്തം നാട്ടിൽ എല്ലാവരെയും കാണും. പക്ഷേ, പഴയതുപോലെ കെട്ടിപ്പിടിക്കില്ല, ചിരിക്കില്ല. ഇനി വികാരനിർഭരമായ വിടവാങ്ങലിന്റെ തണുത്ത നിമിഷങ്ങൾ.

# മാണിപ്രമാണിയും നിയമസഭയും ഫ്രെഡ് റൈസറും

**സി.പി.ശ്രീഹർഷൻ**



*ബാർകോഴ വിഷയത്തെ തുടർന്ന് പ്രതിപക്ഷ ബഹളത്തിനിടെ 13-ാം ബഡ്ജറ്റ് അവതരിപ്പിക്കുന്ന കെ.എം. മാണി*

തിരുവനന്തപുരം: 'ഭക്തൻ മന്ത്രീന്ദ്രനെത്തി വിജയ വിഭവനാവട്ടെ മാണി - പ്രമാണി' എന്ന് കവി പാലാ നാരായണൻ നായർ കെ.എം. മാണിയെ പ്രകീർത്തിച്ചെഴുതിയ വരികൾ കടമെടുത്താണ് നിയമസഭയിലെ മാണിയുടെ അമ്പതാം വാർഷികാഘോഷത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അദ്ദേഹത്തെ പുകഴ്ത്തിയത്.

അമേരിക്കയിലെ വിസ്കോൺസിൻ സംസ്ഥാന സെനറ്റിലെ ഫ്രെഡ് റൈസറിനോടാണ് അന്ന് മുഖ്യമന്ത്രി മാണിയെ ഉപമിച്ചത്. പാർലമെന്ററി രംഗത്തെ മാണിയുടെ റെക്കോർഡിനൊപ്പം എത്തിയിട്ടുള്ളത് ഫ്രെഡ് റൈസർ മാത്രമാണെന്നാണ് മുഖ്യമന്ത്രി ഓർമ്മിപ്പിച്ചത്. അന്ന് മാണിയുടെ കേരള കോൺഗ്രസ് നിയമസഭയിൽ യു.ഡി.എഫിൽ നിന്നകന്ന് പ്രത്യേക ബ്ലോക്കായി പ്രവർത്തിക്കുന്ന കാലമാണ്.

2015 മാർച്ച് 13 എന്ന കറുത്ത ദിവസം നിയമസഭയുടെ അദ്ധ്യായത്തിൽ നിന്ന് അപ്പോഴേക്കും ഏറക്കുറെ മാഞ്ഞുപോയിരുന്നു. അന്ന് ധനമന്ത്രിയായിരുന്ന കെ.എം. മാണി തന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഒരുങ്ങിയപ്പോഴത്തെ പുകില് കേരള നിയമസഭയുടെ ചരിത്രത്തിൽ കേട്ടുകേൾവി ഇല്ലാത്തതായിരുന്നു.

മാണി ബഡ്ജറ്റ് അവതരിപ്പിച്ചതായി പ്രഖ്യാപിച്ചപ്പോൾ ഭരണപക്ഷമായ യു.ഡി.എഫ് സഭയിൽ മധുരം വിളമ്പി ആഘോഷിച്ചു. പ്രതിപക്ഷം രൗദ്രഭാവത്തിൽ നിയമസഭയിൽ തകർത്താടി.

2016ൽ ഇടതുപക്ഷം അധികാരമേറി അധികം കഴിയും മുമ്പ് ഇതേ മാണി ഇടതുപക്ഷത്തോട് അടുക്കുന്നുവെന്ന സൂചനകളുണ്ടായി. കോട്ടയം ജില്ലാ പഞ്ചായത്തിലെ രാഷ്ട്രീയ നീക്കങ്ങളാണ് അതിലേക്ക് നയിച്ചത്. എല്ലാവരെയും അമ്പരപ്പിച്ചാണ് ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിന്റെ അവസാനഘട്ടത്തിൽ മാണി തിരിച്ച് യു.ഡി.എഫിലേക്കെത്തുന്നതും. അന്ന് മാണിയെ തിരിച്ചെത്തിക്കാൻ രാജ്യസഭാസീറ്റ് ദാനം ചെയ്യുന്ന വിവാദം കോൺഗ്രസിനെ പിടിച്ചുലച്ചു.

അടിയന്തരാവസ്ഥക്കാലത്ത് മാണി ഇടതിനൊപ്പമായിരുന്നു. പിന്നീട് വലത്തോട്ട് ചാടിയ അദ്ദേഹം 79ൽ വീണ്ടും ഇടതിനൊപ്പം. രണ്ട് വർഷത്തിന് ശേഷം ഐക്യ ജനാധിപത്യ മുന്നണിയിലേക്ക്. കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്തും ഇടത് പിന്തുണയോടെ മാണിയെ മുഖ്യമന്ത്രിയാക്കാൻ കരുക്കൾ നീക്കുന്നുവെന്ന പ്രചാരണമുയർന്നു. അതിന് പ്രതികാരമായി യു.ഡി.എഫിനകത്ത് നിന്നുതന്നെ ബാർകോഴക്കേസ് കുത്തിപ്പൊക്കിയെന്ന സംശയം മാണിക്കുണ്ടാക്കിയ അസ്വസ്ഥത അവസാനം വരെ നീറ്റലായിരുന്നു. ഇങ്ങനെ രാഷ്ട്രീയ നിരീക്ഷകരിൽ എപ്പോഴും അമ്പരപ്പും കൗതുകവും സൃഷ്ടിക്കുന്ന ചലനങ്ങളായിരുന്നു മാണിയുടേത്.

മാണിയോട് ഇണങ്ങിയും പിണങ്ങിയും എക്കാലത്തും നീങ്ങിയ 'ശിഷ്യ'നാണ് പി.സി. ജോർജ്. നിയമസഭയിൽ അമ്പത് വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷവേളയിൽ ജോർജ് പറഞ്ഞു: ശത്രുക്കൾക്ക് പോലും മാണിയെ അഭിനന്ദിക്കാതിരിക്കാനാവില്ലെന്ന്.

കഴിഞ്ഞ നിയമസഭയുടെ കാലത്ത് മാണിഗ്രൂപ്പിന്റെ വൈസ് ചെയർമാനായിരുന്ന ജോർജ്, ബാർകോഴ വിവാദം മൂത്തതിന് പിന്നാലെ മാണിയുമായി അകന്ന് പോയതായിരുന്നു.

സാമാജികജൂബിലി ആഘോഷവേളയിൽ മാണിയുടെ ശത്രുപക്ഷത്ത് നിൽക്കുന്ന ജോർജിന്റെ വാക്കുകൾ കേട്ട മാണിയുടെ മറുപടി ഇങ്ങനെ: 'ജോർജ് എന്റെ ശത്രുവല്ല, അനുജനാണ്.' നിയമസഭാ നിഘണ്ടുവിന് അഡിഷണാലിറ്റി എന്നൊരു വാക്ക് മാണിയുടെ സംഭാവനയായി കിട്ടി! നിയമസഭാചട്ടങ്ങളിൽ മാണിയോട് തർക്കിക്കാൻ കെല്പുള്ളവർ കുറവായിരുന്നു അദ്ദേഹത്തിന്റെ പ്രതാപകാലത്ത്.

നിയമസഭാപ്രസംഗത്തിൽ സീസറിന്റെ ഭാര്യ സംശയത്തിന് അതീതയായിരിക്കണം എന്ന് ഏറ്റവുമധികം ഓർമ്മിപ്പിച്ചത് മാണിയായിരുന്നു. പിൽക്കാലത്ത് ബാർകോഴക്കേസിൽ മാണി സംശയനിഴലിൽ നിൽക്കുമ്പോൾ അതേ വാചകം ഹൈക്കോടതി ഓർമ്മിപ്പിച്ചപ്പോൾ അദ്ദേഹത്തിന് മന്ത്രിസ്ഥാനം ഒഴിയേണ്ടിയും വന്നു.

# ക്ലീൻചിറ്റുകൾ നൽകാത്ത മുക്തിയിലേക്ക് മാണി

**എം.എച്ച്.വിഷ്ണു**

തിരുവനന്തപുരം: വിജിലൻസ് മൂന്നവട്ടം ക്ലീൻചിറ്റ് നൽകിയിട്ടും ബാർകോഴക്കേസിൽ കുറ്റവിമുക്തനാവാൻ കഴിയാതെ പോയതാണ് കെ.എം.മാണിയുടെ വിജയിക്കാതിരുന്ന ഏക ദൗത്യം. മൂന്നവട്ടവും വിജിലൻസിന്റെ ക്ലീൻചിറ്റ് കോടതികൾ തള്ളി.

മാണിയെ പ്രോസിക്യൂട്ട് ചെയ്യാൻ തെളിവില്ലാത്തതിനാൽ ബാർകോഴക്കേസിലെ തുടർനടപടി അവസാനിപ്പിക്കണമെന്ന് കഴിഞ്ഞ സെപ്തംബറിലും വിജിലൻസ് റിപ്പോർട്ട് നൽകിയെങ്കിലും കോടതി വഴങ്ങിയില്ല. അത് തള്ളുന്നതായും പുനരന്വേഷണത്തിനായി ഹർജിക്കാർക്കോ വിജിലൻസിനോ സർക്കാരിനെ സമീപിച്ച് അനുമതി നേടാമെന്നുമായിരുന്നു കോടതിയുടെ നിലപാട്. യു.ഡി.എഫ് ഭരണകാലത്തും മാണിയെ കുറ്റവിമുക്തനാക്കി വിജിലൻസ് നൽകിയ രണ്ട് റിപ്പോർട്ടുകളും കോടതി തള്ളിയിരുന്നു.

അഴിമതിനിരോധന നിയമത്തിൽ കേന്ദ്രസർക്കാർ വരുത്തിയ ഭേദഗതി പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതിയോടെയേ കേസെടുക്കാനോ പുനരന്വേഷണത്തിനോ സാധിക്കുമായിരുന്നുള്ളൂ. അതിനാൽ തുടരന്വേഷണത്തിന് ഉത്തരവിടാൻ കോടതിക്കാവില്ല. ഈ നിയമക്കുരുക്ക് ഒഴിവാക്കാനാണ് സർക്കാരിന്റെ അനുമതി നേടാൻ വിജിലൻസിനോട് കോടതി നിർദ്ദേശിച്ചത്. ഡിസംബറിൽ കേസ് വീണ്ടും പരിഗണിച്ചപ്പോൾ ബാർകോഴക്കേസ് തുടർന്നും അന്വേഷിക്കാൻ സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്ന് വിജിലൻസ് ഹൈക്കോടതിയെ അറിയിച്ചു. ഇതോടെ മൂന്നാം പുനരന്വേഷണത്തിനാണ് വിജിലൻസ് ഒരുങ്ങിയത്.

കേസിന്റെ അവസാനഘട്ടത്തിൽ പരാതിക്കാരിൽ പലരും നിലപാടുകൾ മയപ്പെടുത്തിയിരുന്നു. മാണിക്കെതിരെ കോടതിനേരിട്ട് കേസെടുക്കണമെന്നായിരുന്ന ഭരണപരിഷ്കാര കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്.അച്യുതാനന്ദൻ കോടതിയിൽ ആവശ്യപ്പെട്ടത്. റിപ്പോർട്ടിനെതിരെ ആദ്യം നിശബ്ദത പാലിച്ച എൽ.ഡി.എഫ് കൺവീനർ, വിജിലൻസ് റിപ്പോർട്ട് തള്ളി തുടരന്വേഷണം ആവശ്യപ്പെട്ട് കോടതിയിൽ തടസഹർജി നൽകി. മാണിക്കെതിരെ കടുത്ത നിലപാടിലായിരുന്ന സി.പി.ഐ ഇടയ്ക്ക് മയപ്പെട്ടെങ്കിലും പിന്നീട് കടുപ്പിച്ചു. വി.എസ്.സുനിൽകുമാർ ആദ്യ രണ്ട് റിപ്പോർട്ടുകളെയും എതിർത്തെങ്കിലും മന്ത്രിയായ ശേഷം എതിർസത്യവാങ്മൂലം അനുചിതമാകുമെന്ന നിലപാടെടുത്തു. എതിർപ്പ് ശക്തമായപ്പോൾ സി.പി.ഐ നേതാവ് പി.കെ.രാജുവിനെ എതിർഹർജി നൽകാൻ ചുമതലപ്പെടുത്തി. സി.പി.ഐ അഭിഭാഷക സംഘടന തുടക്കം മുതൽ മാണിക്ക് എതിരായിരുന്നു. സംഘടനയുടെ നേതാവ് വി.ആർ.വിജു മൂന്ന് തവണയും കോടതിയിൽ തടസഹർജി നൽകി.

ബി.ജെ.പി നേതാക്കളായ വി. മുരളീധരനും നോബിൾമാത്യുവും ബാറുടമ ബിജു രമേശും വിജിലൻസിന്റെ ക്ലീൻചിറ്റിനെതിരേ എതിർഹർജി നൽകി. സാറാ ജോസഫ് ആദ്യ രണ്ട് റിപ്പോർട്ടുകൾക്കുമെതിരെ രംഗത്തെത്തിയെങ്കിലും മൂന്നാം റിപ്പോർട്ടിനെ എതിർത്തില്ല.

കേസിലെ മുൻ സ്പെഷ്യൽ പ്രോസിക്യൂട്ടർ കെ.പി.സതീശൻ, പരാതിക്കാരനായ ബിജു രമേശിന്റെ വക്കാലത്തെടുത്തിരുന്നു. മാണിയെ പ്രോസിക്യൂട്ട് ചെയ്യാൻ ബിജുവിനുവേണ്ടി സതീശൻ ഗവർണറുടെ അനുമതി തേടുകയും വിജിലൻസിനെതിരെ ഹൈക്കോടതിയിൽ ഹർജിനൽകുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങളിൽ തീരുമാനമാവും മുൻപേ മാണി കളമൊഴിഞ്ഞു.

# ഊഷ്മളത പരത്തിയ ഇഷ്ടങ്ങളുടെ തോഴൻ

**ശ്രീകുമാർപള്ളീലേത്ത്**



തിരുവനന്തപുരം: പൊതുരംഗത്ത് സജീവമായ ശേഷം വിട്ടുപിരിയാതെ മാണിസാറിനൊപ്പം കൂടിയ വലിയൊരു ദൗർബല്യമുണ്ട്. എവിടെയും ഏതു തിരക്കിലും ആ ദൗർബല്യത്തിൽ നിന്ന് അദ്ദേഹത്തിന് മോചനമില്ല. 'കുളി' എന്നതാണ് ആ ദൗർബല്യം. ഒരു ദിവസം ഏറ്റവും കുറഞ്ഞത് നാലുതവണയെങ്കിലും കുളിക്കും. രാവിലെ പതിവ് കുളി, ഉച്ചമയക്കത്തിനുശേഷവും രാത്രി ഉറക്കത്തിനു മുമ്പും ഓരോ കുളി. ഇതിനിടയിൽ സമയ ക്ലിപ്തതയില്ലാതെ ഒരു കുളിയും. അലച്ചിലുള്ള ദിവസങ്ങളിൽ കുളികളുടെ എണ്ണം കൂടും. ശരീരശുദ്ധിയോടുള്ള ഈ കടുത്ത പ്രണയം നന്നേ ചെറുപ്പത്തിലേ തുടങ്ങിയതാണ്. ദിവസം നാലു തവണയെങ്കിലും വസ്ത്രം മാറുന്നത് മറ്റൊരു ശീലം.

ചുളിവേൽക്കാത്ത, വെണ്മ തുളുമ്പി നിൽക്കുന്ന വസ്ത്രങ്ങൾ, എപ്പോഴും പ്രസരിപ്പ് നിറഞ്ഞ മുഖം, ഒരിക്കലും 'നരയ്ക്കാത്ത' ചീകിയൊതുക്കിയ മുടി. എപ്പോഴും ഊഷ്മളത പരത്തുന്നതായിരുന്നു കെ.എം.മാണിയുടെ സാന്നിദ്ധ്യം. രാഷ്ട്രീയ രംഗത്ത് ഇത്രത്തോളം 'ഫ്രഷ്നെസ്' കാത്തുസൂക്ഷിച്ച നേതാക്കൾ അപൂർവമാണ്.

എന്നാൽ, ഭക്ഷണകാര്യത്തിൽ അത്തരം കടുത്ത നിഷ്ഠകളൊന്നുമില്ലായിരുന്നു. കുറഞ്ഞ അളവിലേ കഴിക്കൂ. പക്ഷേ, ഭക്ഷണാനന്തരം ചെറുപഴം കഴിക്കണമെന്നത് കട്ടായം. രാഷ്ട്രീയത്തിൽ നല്ല മെയ്‌വഴക്കം കാട്ടിയിട്ടുണ്ടെങ്കിലും ജീവിതത്തിൽ വ്യായാമമുറകളിൽ വലിയ കമ്പം കാട്ടിയിട്ടില്ല. കാണാനെത്തുന്നവരെ നിരാശരാക്കി മടക്കിഅയയ്ക്കുന്നതുംഇഷ്ടമല്ല. മന്ത്രി ആയിരിക്കുമ്പോഴും അല്ലാത്തപ്പോഴും രാവിലെ ആറു മണിക്ക് മാണിസാർ റെഡി. നൂറുകണക്കിന് സന്ദർശകരെത്തിയാലും ചുരുങ്ങിയ സമയം മതി നയത്തിൽ അവരെ കൈകാര്യം ചെയ്തുവിടാൻ.

മന്ത്രിപദത്തിലിരിക്കുമ്പോൾ പലരും സഞ്ചരിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ ചില നിർബ്ബന്ധങ്ങൾ പുലർത്താറുണ്ട്. ഇവിടെയും വ്യത്യസ്തനായിരുന്നു അദ്ദേഹം. കാർ യാത്രയോടായിരുന്നു ഏറെ താത്പര്യം. എന്നാൽ, പ്രത്യേക ഇനം കാർ വേണമെന്ന് ഒരിക്കലും ശഠിച്ചിട്ടില്ല. കാറിൽ വച്ചുള്ള ഫയൽനോട്ടവും വശമില്ല. നല്ല മെലഡികൾ കേൾക്കുന്നതിലാണ് കമ്പം. ലതാ മങ്കേഷ്കർ, മുഹമ്മദ് റാഫി, യേശുദാസ് എന്നിവരായിരുന്നു പ്രിയപ്പെട്ട പാട്ടുകാർ. പാട്ടുകേൾക്കാനുള്ള മൂഡിലല്ലെങ്കിൽ പിന്നെ ഉറക്കം. ചെറുപ്പകാലത്ത് സാമാന്യം ഭേദപ്പെട്ട പുകവലിക്കാരനായിരുന്നു. 25-30 സിഗരറ്റുകളായിരുന്നു ദിവസവും പുകച്ചുതള്ളിയിരുന്നത്. മൂത്ത മകൾ എൽസമ്മ ഒരിക്കൽ രോഗബാധിതയായി ആശുപത്രിയിൽ കഴിഞ്ഞപ്പോൾ, കർത്താവിനോടുള്ള പ്രാർത്ഥനയിൽ ഏറ്റവും ഇഷ്ടപ്പെട്ട ആ ശീലം ഉപേക്ഷിക്കാമെന്ന് മനം നൊന്തു പറഞ്ഞു. അങ്ങനെ പുകവലി അദ്ധ്യായത്തിന് അന്ത്യമായി.

മാണി സാറിന്റെ സിനിമാകമ്പവും പ്രസിദ്ധമാണ്. മമ്മൂട്ടി, മോഹൻലാൽ, ജയറാം തുടങ്ങിയവരായിരുന്നു ഇഷ്ടതാരങ്ങൾ. നിയമമന്ത്രിയായിരിക്കുമ്പോൾ കെ.എം.മാണിയുടെ ലാ സെക്രട്ടറിയായിരുന്നു മോഹൻലാലിന്റെ പിതാവ് വിശ്വനാഥൻനായർ. ഇത്തരത്തിൽ അധികവാത്സല്യം ലാലിനോട് അദ്ദേഹം കാട്ടിയിരുന്നു. രാഷ്ട്രീയത്തിൽ ജവഹർലാൽ നെഹ്റുവായിരുന്നു ആരാദ്ധ്യപുരുഷൻ. നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെങ്കിലും ഫ്ലോറിഡ, കോപ്പൻഹേഗൻ, ടൊറന്റോ തുടങ്ങിയ സ്ഥലങ്ങളെ അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടിരുന്നു.

### തീരാനഷ്ടം: എ.കെ. ആന്റണി



കൽപ്പറ്റ: മാണിയുടെ മരണം കേരളകോൺഗ്രസിനും യു.ഡി.എഫിനും തീരാനഷ്ടമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ.ആന്റണി പറഞ്ഞു.

നിർദ്ധനരോടും രോഗികളോടും കരുണ കാണിച്ച വ്യക്തിയായിരുന്ന പ്രിയപ്പെട്ട മാണി സാർ. ഇന്ത്യയിലാദ്യമായി കിഡ്നി രോഗികളടക്കമുള്ളവർക്ക് കാരുണ്യ ചികിത്സാ പദ്ധതി ആവിഷ്കരിച്ചത് കെ.എം.മാണിയാണ്. അദ്ദേഹത്തിന്റെ വിയോഗം കേരള ജനതയ്ക്ക് തീരാനഷ്ടമാണ്.

### നഷ്ടമായത് പ്രിയ ബന്ധുവിനെ: കുഞ്ഞാലിക്കുട്ടി



മലപ്പുറം: കെ.എം. മാണിയുടെ വിയോഗം ഏറെ വേദനാജനകമാണെന്ന് പി.കെ. കുഞ്ഞാലിക്കുട്ടി എം.പി പറഞ്ഞു. വ്യക്തിപരമായി പതിറ്റാണ്ടുകൾ നീണ്ട ആ ബന്ധം അനവധി അനുഭവങ്ങളും ഓർമ്മകളും സമ്മാനിച്ചതാണ്.

രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായി എല്ലാവരുമായും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരേ നിയോജക മണ്ഡലത്തിൽ നിന്ന് തുടർച്ചയായി തിരഞ്ഞെടുക്കപ്പെടാൻ അദ്ദേഹത്തിന് തുണയായത് രാഷ്ട്രീയത്തിനതീതമായി അദ്ദേഹം ജനങ്ങളുമായി നിലനിറുത്തിയ അടുപ്പമായിരുന്നു.

### ഊർജസ്വലനായ ജനപ്രതിനിധി: പി.ജെ. ജോസഫ്



തൊടുപുഴ: കടുത്ത ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നപ്പോഴും നിയമസഭയിലെ ഊർജസ്വലനായ ജനപ്രതിനിധിയായിരുന്നു കെ.എം. മാണിയെന്ന് കേരള കോൺഗ്രസ് വർക്കിംഗ് ചെയർമാൻ പി.ജെ. ജോസഫ് എം.എൽ.എ അനുസ്മരിച്ചു.

കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് മാണിയുടെ ആലുവ സാമ്പത്തിക പ്രമേയമാണ്. ഇ.എം.എസ് സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തെ ഏറ്റവും കരുത്തനായ എതിരാളി മാണി ആയിരുന്നു. 1970 ൽ 13 എം.എൽ.എ മാരുമായി നിയമസഭയിൽ എത്തിയ കേരളകോൺഗ്രസ് കർഷകർക്കുവേണ്ടിയും കാർഷിക മേഖലയുടെ സമഗ്രപുരോഗതിക്കുവേണ്ടിയും ശക്തമായ നിലപാടുകളാണെടുത്തത്. ഇ.കെ. നായനാർ മന്ത്രിസഭയിൽ അംഗമായിരിക്കെ അവതരിപ്പിച്ച ബഡ്ജറ്റിൽ കർഷകത്തൊഴിലാളി പെൻഷൻ ആവിഷ്കരിച്ചത് കെ.എം. മാണിയാണ്- ജോസഫ് അനുസ്മരിച്ചു.

### അതുല്യമായ ജനപിന്തുണയുള്ള നേതാവ്: ഗവർണർ



തിരുവനന്തപുരം: കർഷക, കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ തുടങ്ങിയ ക്ഷേമ പദ്ധതികളിലൂടെ ജനങ്ങളുടെ അചഞ്ചലമായ പിന്തുണയും വിശ്വാസവും നേടിയ മുതിർന്ന സാമാജികൻ കെ.എം മാണിയുടെ നിര്യാണം തികച്ചും ദുഃഖകരമാണെന്ന് ഗവർണർ ജസ്റ്റിസ് പി.സദാശിവം അനുസ്മരിച്ചു. 1965 മുതൽ തുടർച്ചയായി പാലാ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കാനും കൂടുതൽ ബജറ്റ് അവതരിപ്പിക്കാനായതും പൊതുപ്രവർത്തകനെന്ന നിലയിൽ അദ്ദേഹം ആർജിച്ച അതുല്യമായ ജനപിന്തുണയുടെ തെളിവാണ്.

### പാർലമെന്ററി ചരിത്രത്തിൽ ഇടം നേടിയ സാമാജികൻ: മുഖ്യമന്ത്രി



തിരുവനന്തപുരം: ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ സ്ഥാനം നേടിയ അത്യപൂർവ്വം സാമാജികരുടെ നിരയിലാണ് കെ.എം. മാണിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.

54 വർഷത്തോളം നിയമനിർമാണസഭയിൽ പ്രവർത്തിക്കുകയെന്നത് ലോകത്തു തന്നെ അധികമാളുകൾക്ക് അവകാശപ്പെടാനാവാത്ത ചരിത്രമാണ്.

പുതിയ നിയമസഭാ സമാജികർ മാതൃകയാക്കേണ്ട ഒരു പാടു കാര്യങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുണ്ട്. എല്ലാവരാലും ആദരിക്കപ്പെട്ട കെ.എം.മാണിയുടെ നിര്യാണം സംസ്ഥാനത്തിന് പൊതുവിലും നിയമസഭയ്ക്ക് വിശേഷിച്ചും കനത്ത നഷ്ടമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.



ഒരു സുഹൃത്തും സഹപ്രവർത്തകനും മാത്രമല്ല, ആത്മവിശ്വാസം തന്ന നേതാവായിരുന്നു മാണി. ഞങ്ങൾ തമ്മിലുണ്ടായിരുന്നത് വളരെ നീണ്ട കാലത്തെ വ്യക്തി ബന്ധവും പാർട്ടി ബന്ധവുമായിരുന്നു.

*-ഉമ്മൻചാണ്ടി*



പ്രധാനമന്ത്രിയും സംസ്ഥാന ധനമന്ത്രിയും എന്ന നിലയിൽ ഞങ്ങൾ തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു. ധനപരമായ വിഷയങ്ങളിലും പൊതുജന വിഷയങ്ങളിലും അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. രാജ്യത്തിനു വേണ്ടിയും സ്വന്തം സംസ്ഥാനത്തിനു വേണ്ടിയും ജീവിതം അർപ്പിച്ച മാണിയുടെ വിയോഗം തീരാ നഷ്ടമാണ്.

*-മൻമോഹൻ സിംഗ്*

www.keralakaumudi.com www.facebook.com/keralakaumudi
ഒരു ജാതി ഒരു മതം ഒരു ദൈവം
രോഹിണി 10-30
പഞ്ചമി 23-16
1940 ചൈത്രം 20
1440 ഷഹബാൻ 05
1194 മീനം 27


ഉമ്മൻചാണ്ടിയോടൊപ്പം


ടി.എം. ജേക്കബിനൊപ്പം


എം.ജി.ആറിനൊപ്പം


ബാലകൃഷ്ണപിള്ളയ്ക്കൊപ്പം


മന്ത്രിയായി സത്യപ്രതിജ്ഞ

## ഒരു യുഗാന്ത്യം

കേരള രാഷ്ട്രീയത്തിലെ അതികായനും കേരള കോൺഗ്രസ് പാർട്ടി ചെയർമാനുമായ കെ.എം.മാണിയുടെ വിയോഗത്തിലൂടെ ജനാധിപത്യകേരളത്തിലെ സംഭവബഹുലമായ ഒരു യുഗത്തിനാണ് അന്ത്യമാകുന്നത്. മന്ത്രിയെന്ന നിലയിലും എം.എൽ.എയെന്ന നിലയിലും ഭേദിക്കാനാകാത്ത റെക്കാഡുകൾ സൃഷ്ടിച്ച കരിങ്ങോഴയ്ക്കൽ മാണി മാണി എന്ന കെ.എം. മാണി യാത്രയാകുമ്പോൾ പ്രായോഗിക രാഷ്ട്രീയത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു നേതാവിനെയാണ് കേരളത്തിന് നഷ്ടമാകുന്നത്.

പ്രതിസന്ധികളും വിവാദങ്ങളും എന്നും ഒപ്പമുണ്ടായിരുന്നെങ്കിലും ഇതിഹാസസമാനമായ പൊതുപ്രവർത്തനത്തിലൂടെയാണ് കേരളരാഷ്ട്രീയത്തിലെ വൻമരങ്ങളിലൊന്നായി കെ.എം. മാണി പടർന്നു പന്തലിച്ചത്. കേരളകോൺഗ്രസ് എന്ന താരതമ്യേന ചെറിയ രാഷ്ട്രീയപാർട്ടിയെ കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന് ഒരുപോലെ സ്വീകാര്യമാക്കി നിലനിറുത്തുന്നതിൽ കെ.എം.മാണിയെന്ന രാഷ്ട്രീയ നേതാവിന്റെ പങ്ക് ചെറുതൊന്നുമല്ല. കഴിഞ്ഞ യു.ഡി.എഫ് മന്ത്രിസഭയുടെ കാലത്ത് ബാർകോഴ വിവാദത്തെ തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച്, മാണി യു.ഡി.എഫ് വിട്ടപ്പോൾ അദ്ദേഹത്തേയും പാർട്ടിയേയും ഒപ്പം നിറുത്താൻ ആരൊക്കെ ശ്രമിച്ചുവെന്നത് കേരളരാഷ്ട്രീയത്തിലെ പരസ്യമായ രഹസ്യമാണ്. തുടർന്ന് അതേ മുന്നണിയിൽ ഇടവേളയ്ക്കുശേഷം മാണി തിരിച്ചെത്തിയത് ലോക്സഭാംഗമായ മകന് രാജ്യസഭാംഗത്വം നേടിക്കൊടുത്തുകൊണ്ടായിരുന്നു. മാണിയെന്ന തന്ത്രശാലിയായ രാഷ്ട്രീയനേതാവിനെ തിരിച്ചറിയാൻ ഈ ചെറിയ ഉദാഹരണം മാത്രം മതിയാകും.

വമ്പൻമാർ കേരള രാഷ്ട്രീയം അടക്കിവാണ കാലഘട്ടത്തിലാണ് കെ.എം.മാണി അവർക്കിടയിൽ സ്വന്തം പാത വെട്ടിത്തെളിച്ച് ഒരു പ്രസ്ഥാനമായി വളർന്നത്. നിയമസഭയിലെ അംഗസംഖ്യ എന്തുതന്നെയായാലും ആർക്കും അവഗണിക്കാനാവാത്ത നേതാവായി മാണിയും അദ്ദേഹത്തിന്റെ പാർട്ടിയും മാറി. സ്വന്തം പാർട്ടി പലതവണ പിളർന്നപ്പോൾ വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയാണ് കേരളകോൺഗ്രസ് എന്ന് മാണി നടത്തിയ പരാമർശം പിന്നീട് കേരളകോൺഗ്രസ് രാഷ്ട്രീയത്തിലെ തന്നെ ഒരു ചൊല്ലായി മാറി. പാർട്ടി എപ്പോൾ പിളർന്നാലും ആ പ്രസ്ഥാനത്തിലെ ഏറ്റവും വ്യക്തി പ്രഭാവമുള്ള നേതാവ് എന്നും കെ.എം.മാണിതന്നെയായിരുന്നു. ആജ്ഞാശക്തിയുള്ള രാഷ്ട്രീയസ്വരമായിരുന്നു മാണിയുടേത്. പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും ആ ശബ്ദം എന്നും ഉയർന്നുനിന്നു. മലയോര കർഷകരുടെ അനിഷേധ്യ നേതാവായ മാണി മദ്ധ്യ കേരളത്തിലെ രാഷ്ട്രീയത്തെ തന്റെ വരുതിയിൽ നിറുത്താൻ പ്രായോഗികരാഷ്ട്രീയത്തിന്റെ അടവുകൾ ഒന്നൊന്നായി പ്രയോഗിച്ചു.

**കക്ഷിരാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്താഗതികൾക്കതീതമായി ഉയർന്ന് കേരളീയ ജീവിതത്തെ ആഴത്തിൽ അറിയുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ആദരവും സ്നേഹവും ആർജ്ജിച്ചെടുക്കുകയും ചെയ്ത മാണി സദാ കർമ്മനിരതനായിരുന്നു. എല്ലാ വെല്ലുവിളികളെയും പുഞ്ചിരിയോടെ നേരിടുകയും, പ്രതിസന്ധികളിൽ തളരാതെ തല ഉയർത്തി നിൽക്കുകയും ചെയ്ത വലിയ നേതാവായിരുന്നു അദ്ദേഹം**

അഭിഭാഷകനായിട്ടാണ് മാണി പൊതുജീവിതം ആരംഭിച്ചത്. തുടർന്ന് കോൺഗ്രസിൽ സജീവമായി. കെ.എം.ജോർജിന്റെ നേതൃത്വത്തിൽ കോൺഗ്രസ് വിട്ട് പുതുതായി രൂപീകരിച്ച കേരളകോൺഗ്രസിലേക്ക് അധികം വൈകാതെ മാണിയുമെത്തി. ആർക്കും ഭൂരിപക്ഷമില്ലാതിരുന്ന 1965 ലെ തിരഞ്ഞെടുപ്പിലാണ് മാണി പാലായിൽ നിന്ന് നിയമസഭയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെടുന്നത്. ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ ഇടം നേടുംവിധം പിന്നീട് തുടർച്ചയായി മാണി പാലാ മണ്ഡലത്തെ പ്രതിനിധീകരിച്ചു. 54 വർഷമായി റെക്കാഡോടെ നിയമസഭാംഗമായിത്തുടരുന്ന മാണി ഈ കാലയളവിൽ ഇടതു വലത് ചേരികൾ മാറുകയും ഇരു പക്ഷത്തും മന്ത്രിയായി പ്രവർത്തിക്കുകയും ചെയ്തു. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായ മാണി ആഭ്യന്തരം, ധനകാര്യം, റവന്യൂ, നിയമം, നഗരവികസനം, ഭവനനിർമ്മാണം, ജലസേചനം, ഇൻഫർമേഷൻ എന്നീ വകുപ്പുകൾ വിവിധ ഘട്ടങ്ങളിലായി കൈകാര്യം ചെയ്തു. മന്ത്രിയെന്ന നിലയിൽ മാണിയുടെ സംഭാവനകൾ വിപുലമാണ്. കർഷക ക്ഷേമത്തിലൂന്നിയ പലപദ്ധതികൾക്കും പ്രാരംഭം കുറിച്ച മാണിക്ക് കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കാനും അവസരം ലഭിച്ചു. നിർദ്ധനരായ രോഗികൾക്ക് വലിയ ആശ്വാസമായി മാറിയ കാരുണ്യലോട്ടറി മാണിയുടെ എന്നെന്നും ഓർമ്മിക്കുന്ന സംഭാവനയാണ്.

സംസ്ഥാനത്ത് ഏറ്റവുമധികം തവണ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രിയെന്ന കീർത്തിയും മാണിക്കവകാശപ്പെട്ടതാണ്. 13 തവണ. ഇതിൽ തുടർച്ചയായി ഏഴ് ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന ഖ്യാതിയും നേടി. തന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് മാണി അവതരിപ്പിച്ചത് കേരള നിയമസഭ കണ്ട ഏറ്റവും നിർഭാഗ്യകരമായ പ്രതിഷേധങ്ങൾക്കു നടുവിലായിരുന്നു.

ബുദ്ധിജീവി നാട്യങ്ങളോ കൃത്രിമശൈലികളോ പുലർത്താതെ നിത്യജീവിതത്തിലെ സംഭവവികാസങ്ങളെ സന്ദർഭോചിതമായി നേരിടുന്നതിൽ മാണിക്ക് അസാധാരണമായ പാടവമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികർക്കു മുന്നിൽ സ്വന്തം തത്വശാസ്ത്രമെന്നോണം മാണി അവതരിപ്പിച്ച അദ്ധ്വാനവർഗ സിദ്ധാന്തം വലിയ ചർച്ചയായി മാറ്റാനും, ആഗോളവേദിയിൽപ്പോലും അവതരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

പാല കെ.എം.മാണിയുടെ ഹൃദയമായിരുന്നു. എന്നും വികാരവായ്പോടെ മാത്രമേ മാണി സ്വന്തം മണ്ഡലത്തെക്കുറിച്ച് സംസാരിച്ചിട്ടുള്ളൂ. പാലാക്കാർ എല്ലാ പ്രതിസന്ധികളിലും മാണിക്കൊപ്പം നിന്നു. മാണിസാർ എന്ന് സ്നേഹത്തോടെ വിളിച്ചു. ഭാര്യ കുട്ടിയമ്മയുമൊത്തുള്ള മാണിയുടെ സ്നേഹപൂർണമായ ദാമ്പത്യജീവിതം ആറുപതിറ്റാണ്ട് പിന്നിട്ടു. എന്നും അദ്ദേഹത്തിന്റെ നിഴലായി കുട്ടിയമ്മ നിലകൊണ്ടു.

കക്ഷിരാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്താഗതികൾക്കതീതമായി ഉയർന്ന് കേരളീയ ജീവിതത്തെ ആഴത്തിൽ അറിയുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ആദരവും സ്നേഹവും ആർജ്ജിച്ചെടുക്കുകയും ചെയ്ത മാണി സദാ കർമ്മനിരതനായിരുന്നു. എല്ലാ വെല്ലുവിളികളെയും പുഞ്ചിരിയോടെ നേരിടുകയും, പ്രതിസന്ധികളിൽ തളരാതെ തലഉയർത്തി നിൽക്കുകയും ചെയ്ത വലിയ നേതാവായിരുന്നു അദ്ദേഹം. കേരളകൗമുദിയെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ആത്മമിത്രത്തെയും അഭ്യുദയകാംക്ഷിയെയുമാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും, സഹപ്രവർത്തകരുടെയും, അനുയായികളുടെയും തീരാദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു.


# ജനമനം കവർന്ന പ്രമാണി


പി.ജെ. ജോസഫിനൊപ്പം


മോഹൻലാലിനൊപ്പം

വി. ജയകുമാർ

കേരള 'രാഷ്ട്രീയത്തിലെ പകരക്കാരനില്ലാത്ത പ്രമാണിയാണ് കെ.എം. മാണി എന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ വാക്കുകൾക്ക് വലിയൊരു പാഠഭേദമുണ്ട്; കേരള രാഷ്ട്രീയത്തിലെയല്ല, ഇന്ത്യൻരാഷ്ട്രീയത്തിലെ പകരക്കാരനില്ലാത്ത പ്രമാണിയാണ് കെ.എം മാണി എന്നു പറയേണ്ടിവരും. ഇന്ത്യയിലെ ആദ്യ പ്രാദേശിക രാഷ്ട്രീയ പാർട്ടിയായ കേരള കോൺഗ്രസ് 1964 ൽ പിറവിഎടുക്കുമ്പോൾ മാണി കോൺഗ്രസിലായിരുന്നു. ഒരു വർഷത്തിനു ശേഷം പാലായിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായ എം.എം. ജേക്കബ്ബിനെതിരെ മത്സരിപ്പിക്കാൻ കേരളകോൺഗ്രസ് സ്ഥാനാർത്ഥിയായി മാണിയെ പൊക്കിക്കൊണ്ടു വരികയായിരുന്നു. പിന്നീട് മാണിക്ക് തിരിഞ്ഞു നോക്കേണ്ടിവന്നില്ല. കേരളകോൺഗ്രസിന്റെ പിതൃത്വം പോലും മാണിയുടേ മേൽ ചില ചരിത്രകാരന്മാർ ഇന്ന് ചാർത്തുമ്പോൾ ആയിക്കോട്ടെയെന്ന് പറഞ്ഞു ചിരിക്കുകയാണ് മാണി.



### നീണ്ടമൂക്കിന് താഴെ കട്ടിമീശ

ക്ലീൻഷേവ് ചെയ്ത മുഖം, നീണ്ടമൂക്കിന് താഴെ കട്ടിമീശ, മുട്ടറ്റം തെറുത്തു കയറ്റിയ വെള്ള ജുബ്ബയും മടക്കികുത്താത്ത മുണ്ടുമായി പാലാഅച്ചായനായേ മാണിയെ കാണാനാവൂ.. ദിവസം കുറഞ്ഞത് മൂന്നു തവണ കുളിക്കും. ഒപ്പം വസ്ത്രം മാറും. ഈ വൃത്തിയും വെടിപ്പും ജീവിതത്തിലുടനീളം പാലിച്ചിരുന്നു. മൈക്കിനു മുന്നിൽ ആ കറകറ ശബ്ദമുയർന്നാൽ എതിർശബ്ദമുയരില്ല. ഉയർന്നാൽ നാക്കുകൊണ്ട് അടിച്ചിരുത്തും. അങ്ങനെ തനിക്കെതിരെ ശബ്ദമുയർത്തിയവരെ അരിഞ്ഞുവീഴ്ത്തിയാണ് അരനൂറ്റാണ്ടായി മാണി പാർട്ടിയെ നയിച്ചത്. അവസാനം കോട്ടയം സീറ്റ് ജോസഫിന് നിഷേധിച്ചപ്പോൾ പാർട്ടി പിളരുമെന്നു കരുതിയെങ്കിലും ഔസേപ്പച്ചനെ മയക്കുവെടിവച്ചു മാണി വീഴ്ത്തിയത് കണ്ട് കേരളം വാ പൊളിച്ചു നിൽക്കുകയായിരുന്നു. അതാണ് മാണി മാജിക്. കെ.എം. മാണിയെപ്പോലെ അരനൂറ്റാണ്ടിനപ്പുറം ഒരേ മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച ഒരേ ഒരാളേ ലോകത്തുള്ളൂ. അമേരിക്കൻ സെനറ്റിലേക്ക് 1962 മുതൽ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടുന്ന ഫ്രെഡ്. എ. റൈസർ.

### ശത്രുവും മിത്രമാകും

പൊതുപ്രവർത്തന രംഗത്തെ 'അന്തർദേശീയ സർവകലാശാല'യാണ് കെ.എം. മാണിയെന്ന് കൂടുതൽ അടുത്തവർക്കറിയാം. രാഷ്ട്രീയ ശത്രുക്കൾ വിരലിൽ എണ്ണാവുന്നവർ മാത്രമേ ഉള്ളൂ. കേരളകോൺഗ്രസ് പിളരുമ്പോൾ പിളർന്നു മാറുന്നവർ ശത്രുക്കളാകും. ഒറ്റയ്ക്കു പിടിച്ചു നിൽക്കാൻ കഴിയാതെ വീണ്ടും മാണിയിൽ ലയിച്ച് പെട്ടെന്നു മിത്രവുമാകും. മാണി അപ്പോൾ ചിരിക്കും.

ശത്രുവിനുപോലും മാണിസാറിനെ വെറുക്കാനാവില്ല എന്നായിരുന്നു ഒടുവിലത്തെ ശത്രുവായ പി.സി. ജോർജ്ജിന്റെ നിയമസഭയിലെ കുമ്പസാരം. വീഴ്ത്തിയവർ തന്നെ വാഴ്ത്തപ്പെട്ടവനാക്കുമ്പോൾ തന്നെ അഴിമതിയുടെ ആചാര്യനായി വളഞ്ഞിട്ട് ആക്രമിച്ചവർ പൊതുപ്രവർത്തനത്തിന്റെ മിശിഹായായി പിന്നീട് വാഴ്ത്തുന്നത് കേൾക്കുമ്പോൾ മാണി ഊറിച്ചിരിക്കും.; വളരുംതോറും പിളരുമെന്ന് സ്വന്തം പാർട്ടിയെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞു ചിരിക്കും.

### ഒരു പേരിൽ എന്തിരിക്കുന്നു

പതിമ്മൂന്നു തവണ പാലായിലെ ജനങ്ങൾ ഏൽപ്പിച്ച വിശ്വാസമാണ് കെ.എം. മാണി തന്റെ കൈകളിൽ പൊതിഞ്ഞു സൂക്ഷിക്കുന്നത്. നാട്ടുകാരിൽ ഭൂരിപക്ഷം ആളുകളെയും പേരെടുത്തു വിളിക്കാൻ കഴിയുന്ന ബന്ധം.

പേരറിയാത്തവരാണെങ്കിൽ പ്രവർത്തകരോട് ചോദിച്ചു മനസിലാക്കി പേര് വിളിച്ച് തോളിൽ കൈയിട്ട് ചേർത്തു പിടിച്ച് ഞെട്ടിക്കും. വാർത്താ സമ്മേളനത്തിൽ പോലും കൂടുതലായൊന്നും പറയില്ല.

ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾക്ക് എന്നോട് ഇങ്ങനെയൊക്കെ ചോദിക്കാമോ എന്നായിരിക്കും ചോദ്യകർത്താവിനെ ഇരുത്തുന്ന മറു ചോദ്യം.

### അധീഷണാലിറ്റി എന്ന വാക്ക്

പഠിച്ച മാത്രം പ്രസംഗിക്കുന്ന മാണിക്ക് മറുപടി നൽകാൻ രാഷ്ട്രീയ ചാണക്യനായ ഇ.എം.എസ് പോലും ശ്രദ്ധിച്ചിരുന്നു. 'അധീഷണാലിറ്റി മുതൽ അധ്വാനവർഗ സിദ്ധാന്തം' വരെ മാണിക്ക് പേറ്റന്റ് ഉള്ള നിരവധി വാക്കുകളുണ്ട്...

മാണിയുടെ നാവിൽ നിന്ന് ഒരു പാഴ് വാക്ക് പോലും വരില്ല.

മറ്റൊരാളുടെ മനസ്സിന് മുറിവേൽക്കുന്ന ഒരു പരാമർശവും ഉണ്ടാവില്ല. രാഷ്ട്രീയ എതിരാളികളെപ്പോലും വേദികളിൽ പുകഴ്ത്തുകയും ബഹുമാനിക്കുകയും ചെയ്ത് അവരെ ഞെട്ടിക്കും. തന്നെ നോവിച്ചവർക്ക് പിന്നീട് കുറ്റബോധമുണ്ടാകുമെന്നും നോവിക്കുന്നവർ നാട്ടുകാർക്ക് എതിരാകുമെന്നും മാണിക്ക് നന്നായറിയാം. കേരളകോൺഗ്രസിലെ എല്ലാ പിളർപ്പുകളുടെയും ഒരറ്റത്ത് മാണി ഉണ്ടായിരുന്നു. പക്ഷേ മാണിക്ക് ഒന്നും സംഭവിച്ചില്ല. സംഭവിച്ചത് മാണിക്കിട്ട് പണികൊടുത്തവർക്കാണെന്ന് അവരുടെ പിൻകാല രാഷ്ട്രീയ ചരിത്രം രേഖപ്പെടുത്തുന്നു..


മദ്ധ്യ തിരുവിതാംകൂറിന്റെ
മതവും രാഷ്ട്രീയവും
കലർന്ന മണ്ണിൽ
ചുവടുറപ്പിച്ച് സഹ്യനപ്പുറം
വളർന്ന രാഷ്ട്രീയ വടവൃക്ഷം.
നന്മയും തിന്മയും
ആരോപിക്കപ്പെട്ടപ്പോഴും
നിറചിരിയോടെ
കളംനിറഞ്ഞുനിന്ന
കുശാഗ്രബുദ്ധി.
വജ്രനക്ഷത്ര
ശോഭയോടെ
അരനൂറ്റാണ്ടിലേറെ
ജനാധിപത്യത്തിൽ
തിളങ്ങിയ
കെ.എം. മാണിക്ക്
പകരക്കാരനില്ല

### മന്ത്രിയായിരുന്ന കാലഘട്ടങ്ങളും വകുപ്പുകളും

- ഡിസംബർ 1975 - മാർച്ച് 1977: ധനകാര്യം
- ഏപ്രിൽ 1977 - ഡിസംബർ 1977: ആഭ്യന്തരം
- സെപ്തംബർ 1978 - ഒക്ടോബർ 1979: ആഭ്യന്തരം
- ജനുവരി 1980 - ഒക്ടോബർ 1981: ധനകാര്യം, നിയമം
- ഡിസംബർ 1981 - മാർച്ച് 1982: ധനകാര്യം, നിയമം
- മേയ് 1982 - മേയ് 1986: ധനകാര്യം, നിയമം
- മേയ് 1986 - മാർച്ച് 1987: ജലസേചനം, നിമയം
- ജൂൺ 1991 - മേയ് 1996: റവന്യൂ, നിയമം
- മേയ് 2001 - മേയ് 2006: റവന്യൂ, നിയമം
- മേയ് 2011 - ഒക്ടോബർ 2015: ധനകാര്യം, നിയമം

### കെ.എം. മാണിക്ക് അന്ത്യാഞ്ജലി

പാലായിലെ മാണിക്യത്തിന് വിട: കെ.എം. മാണിക്ക് അന്ത്യാഞ്ജലിയർപ്പിച്ച് പ്രത്യേക പരിപാടി - ഇന്ന് ഉച്ചയ്ക്ക് 1.30 നും രാത്രി 8 നും.

- കെ.എം. മാണിയും ഭാര്യ കുട്ടിയമ്മയും പങ്കെടുത്ത സ്ട്രെയിറ്റ്‌ലൈൻ- അഭിമുഖത്തിന്റെ പുനഃസംപ്രേഷണം ഇന്നു രാത്രി 9 ന്.

### പാലാ സമം മാണി

മൈക്ക് കെട്ടി വഴിനീളെ പുലഭ്യം പറഞ്ഞവരെപ്പോലും തോളിൽ കൈയിട്ട്, മാണി ഒപ്പം കൊണ്ടു നടക്കും. പണിയും കൊടുത്തിരിക്കും "ഇങ്ങനെയും ഒരു മനുഷ്യനുണ്ടോ"യെന്ന് അമ്പരക്കുമ്പോഴും പാലാക്കാർക്ക് ഇതൊരദ്ഭുതമേ അല്ല; മാണി സാർ അങ്ങനെയാണെന്ന് മറ്റാരെക്കാളും അറിയാവുന്നത് അവർക്കാണല്ലോ. പാലായിൽ എത്തിയാൽ 'മാണി മാജിക്' തൊട്ടറിയാം. കെ.എം. മാണി= പാലാ; പാലാ= കെ.എം. മാണി. അരനൂറ്റാണ്ടത്തെ പൊതുപ്രവർത്തനത്തിനിടയിൽ ചെളി തെറിപ്പിക്കാൻ ശ്രമിച്ചവർക്ക് ഒടുവിൽ അതു കഴുകി കൊടുത്ത് മാപ്പിരക്കേണ്ടിയും വന്നു എന്നത് രാഷ്ട്രീയ ചരിത്രം. 1965-ൽ കെ.എം. മാണി പാലായുടെ പ്രതിനിധിയായി. പാലാക്കാരുടെ പ്രിയപ്പെട്ടവനായി തിരഞ്ഞെടുക്കപ്പെട്ട നാൾ മുതൽ പാലാ തന്റെ തറവാടാണെന്ന് കരുതി പ്രവർത്തിച്ചു. കുട്ടിയമ്മ ഒന്നാം ഭാര്യയായപ്പോൾ പാലാ തന്റെ രണ്ടാംഭാര്യയാണെന്ന് പലവട്ടം പറഞ്ഞു. മണ്ഡലം ഇതു പോലെ നോക്കിയ ജനപ്രതിനിധികൾ കുറവാണ്.


കരുണാകരനൊപ്പം


പിണറായി വിജയനൊപ്പം

# റെക്കാഡുകളുടെ പ്രിൻസ്


ചെന്നിത്തലയ്ക്കൊപ്പം

ഒരു മണ്ഡലത്തിൽ നിന്ന് മാത്രം തുടർച്ചയായി ജയിച്ച് നിയമസഭയിലെത്തിയ നേതാവ്, പാർലമെന്ററി പാർട്ടി പ്രവർത്തന രംഗത്ത് അര നൂറ്റാണ്ട് പിന്നിട്ടതിന്റെ ജൂബിലി ആഘോഷിച്ച വ്യക്തി.

ഏറ്റവും അധികം ബഡ്ജറ്റ് അവതരിപ്പിച്ച സംസ്ഥാന ധനമന്ത്രി.

1975 ഡിസംബർ 26ന് ആദ്യമായി മന്ത്രിസഭയിൽ അംഗമായ കെ.എം. മാണി, കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന ബേബിജോണിന്റെ റെക്കാഡ് [7 മന്ത്രിസഭകളിലായി 6061 ദിവസം (17 വർഷം 7 മാസം)] 2003 ജൂൺ 22ന് മറികടന്ന് സ്വന്തം പേരിലാക്കി.

പത്ത് മന്ത്രിസഭകളിൽ അംഗമായിരുന്ന മാണിക്കാണ് കേരളത്തിൽ ഏറ്റവും കൂടുതൽ മന്ത്രിസഭകളിൽ അംഗമായിരുന്നതിന്റെ റെക്കാഡും. അച്യുതമേനോൻ മന്ത്രി സഭയിലും (455 ദിവസം), കരുണാകരനൊപ്പം നാല് മന്ത്രിസഭകളിലും (3229 ദിവസം), ആന്റണിക്കൊപ്പം മൂന്ന് മന്ത്രിസഭകളിലും (1472 ദിവസം), പി.കെ. വാസുദേവൻനായർക്കൊപ്പം മന്ത്രിസഭയിലും (270 ദിവസം), ഇ. കെ. നായനാർ മന്ത്രിസഭയിലും (635 ദിവസം) മാണി അംഗമായിരുന്നു.



ഏറ്റവും കൂടുതൽ നിയമ സഭകളിൽ മന്ത്രിയായിട്ടുള്ളതും മാണിയാണ്..

സത്യപ്രതിജ്ഞയിലും മാണി ഒന്നാം സ്ഥാനത്താണ്. 11 തവണ അദ്ദേഹം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. 1977 -78 ൽ മന്ത്രിയായിരിക്കെ തിരഞ്ഞെടുപ്പ് കേസിൽ കുടുങ്ങി രാജിവയ്ക്കേണ്ടി വന്ന ഒരു ഇടവേളയ്ക്ക് ശേഷം അതേ മന്ത്രിസഭയിൽ തിരിച്ച് വന്നതിനാലാണ് ഒരു സത്യപ്രതിജ്ഞ കൂടുതലായി വന്നത്. ബാർകോഴ ആരോപണത്തിന്റെ പേരിൽ ഉമ്മൻചാണ്ടി മന്ത്രി സഭയിൽ നിന്നും രാജിവയ്ക്കേണ്ടി വന്നു. (രണ്ടു തവണ രാജിവച്ച മന്ത്രിയും മാണി തന്നെ)

ഏറ്റവും കൂടുതൽ തവണ ഒരേ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് തിരഞ്ഞെടുക്കപ്പെട്ടതിന്റെ റെക്കാഡും കെ.എം. മാണിയുടെ പേരിലാണ്.

1964 ൽ രൂപീകൃതമായ പാലാ നിയമസഭാ മണ്ഡലത്തിൽ 1965 മുതൽ പതിമ്മൂന്ന് തവണ ജയിച്ച മാണി ഒരിക്കലും തിരഞ്ഞെടുപ്പ് പരാജയം അറിഞ്ഞിട്ടില്ല.

ഏറ്റവും കൂടുതൽ കാലം നിയമവകുപ്പും (16.5 വർഷം) ധനവകുപ്പും (6.25 വർഷം) കൈകാര്യം ചെയ്തു. ഏറ്റവും കൂടുതൽ കാലവും (51 വർഷം) ഏറ്റവും കൂടുതൽ തവണയും നിയമസഭാംഗം (13 തവണ).

### എന്നെന്നും നിഴലായി കുട്ടിയമ്മ



പിന്നിട്ടവഴികളിലെല്ലാം കെ.എം. മാണിയുടേതായി നീളൻ റെക്കാഡുകൾ ഉയർന്നുനിൽക്കുമ്പോൾ അതിനെല്ലാം വെള്ളവും വളവുമായി പിന്തുണച്ചൊരാളുണ്ട് കുട്ടിയമ്മ. കെ.എം.മാണിയുടെ വാക്കുകളിൽ പറഞ്ഞാൽ 'കുട്ടിയമ്മയുടെ കരംകവർന്നതിന് ശേഷമാണ് ഇക്കണ്ട നേട്ടങ്ങളൊക്കെ ഉണ്ടായത്.'


ആറുപത് വർഷം മുൻപുള്ള വെള്ളിയാഴ്ചയാണ് കെ.എം.മാണിക്ക് വേണ്ടി അച്ഛൻ കരിങ്കൊഴയ്ക്കൽ മാണി പൊൻകുന്നത്തെ കുട്ടുങ്കൽ വീട്ടിൽ പെണ്ണുകാണാൻ പോയത്. ചായയുമായുള്ള വരവ് പ്രതീക്ഷിച്ചെങ്കിലും മുന്നിലെത്തിയത് ഒക്കത്തൊരു കുഞ്ഞുമായി. കുഞ്ഞാങ്ങളെയെ മാറോടണച്ചെത്തിയ കുട്ടിയമ്മ വീട്ടുകാര്യം നോക്കാൻ മിടുക്കിയാകുമെന്ന് അന്നേ അദ്ദേഹം പ്രവചിച്ചു. 1957 നവംബർ 28ന് മരങ്ങാട്ടുപിള്ളി സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ കുട്ടിയമ്മയുടെ കഴുത്തിൽ മിന്നുകെട്ടി അറുപത് വർഷം പിന്നിട്ടപ്പോഴും ആ ദീർഘ വീക്ഷണത്തിന് മാത്രം ഒരു മാറ്റവും വന്നിട്ടില്ല. "ഞാൻ ഒരിക്കൽ പോലും കുടുംബം നോക്കിയിട്ടില്ല, മക്കളെ വളർത്തിയിട്ടില്ല, പറമ്പും കൃഷിയും പരിപാലിച്ചിട്ടില്ല. എല്ലാം കുട്ടിയമ്മയെ ഏൽപ്പിച്ചു. അവളത് ഭംഗിയായി ചെയ്തു."-ജീവിതത്തിൽ കുട്ടിയമ്മയ്ക്ക് എ പ്ലസ് ഗ്രേഡാണ് മാണി കൊടുക്കുന്നത്.

രാഷ്ട്രീയത്തിൽ കുട്ടിയമ്മയാണ് വിമർശകയെന്നാണ് കെ.എം.മാണി പറയുന്നത്. പി.ടി ചാക്കോയുടെ ബന്ധുവായ കുട്ടിയമ്മയ്ക്ക് രാഷ്ട്രീയം അന്യമല്ല. അതുകൊണ്ട് തന്നെ മാണിയുടെ തിരക്കുകളോട് ഒരിക്കലും പരിതപിച്ചിട്ടുമില്ല. പക്ഷേ വിമർശിച്ചിട്ടുണ്ട്. മാണിയുടെ പ്രസംഗങ്ങൾ റേഡിയോയിലൂടെ കേട്ട് കുട്ടിയമ്മ അന്നത്തെ വകയ്ക്കുള്ളത് മനസിൽ കണ്ടിട്ടുണ്ടാവും. പാർട്ടി പരിപാടി കഴിഞ്ഞ് വീട്ടിലെത്തി അത്താഴം വിളമ്പുമ്പോൾ മുഖത്ത് നോക്കി കുട്ടിയമ്മ പറയും ഇന്ന് അച്ചായൻ അങ്ങനെ പ്രസംഗിക്കേണ്ടിയിരുന്നില്ലെന്ന്. പറഞ്ഞത് ശരിയാണെന്ന് മാണിയും സമ്മതിക്കും. സ്നേഹിച്ച് സ്നേഹിച്ച് മാണിയുടെ നിഴലായി എന്നും കുട്ടിയമ്മയുണ്ട്. ഒരു തണ്ടിലെ വാടാത്ത രണ്ടിലപോലെ!


വെള്ളാപ്പള്ളിയോടൊപ്പം


മകൻ ജോസ് കെ.മാണിയോടൊപ്പം. പിന്നിൽ തോമസ് ചാഴികാടൻ


കുടുംബാംഗങ്ങളോടൊപ്പം


കുട്ടിയമ്മയോടൊപ്പമുള്ള ആദ്യകാലചിത്രം


പാലായിലെ കെ.എം.മാണിയുടെ വീട്

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

രോഹിണി 10 - 30
പഞ്ചമി 23-16
1940 ചൈത്രം 20
1440 ഷഹബാൻ 05
1194 മീനം 27


ഉമ്മൻചാണ്ടിയോടൊപ്പം


ടി.എം. ജേക്കബിനൊപ്പം


എം.ജി.ആറിനൊപ്പം


ബാലകൃഷ്ണപിള്ളയ്ക്കൊപ്പം


മന്ത്രിയായി സത്യപ്രതിജ്ഞ

## ഒരു യുഗാന്ത്യം

കേരള രാഷ്ട്രീയത്തിലെ അതികായനും കേരള കോൺഗ്രസ് പാർട്ടി ചെയർമാനുമായ കെ.എം.മാണിയുടെ വിയോഗത്തിലൂടെ ജനാധിപത്യകേരളത്തിലെ സംഭവബഹുലമായ ഒരു യുഗത്തിനാണ് അന്ത്യമാകുന്നത്. മന്ത്രിയെന്ന നിലയിലും എം.എൽ.എയെന്ന നിലയിലും ഭേദിക്കാനാകാത്ത റെക്കാഡുകൾ സൃഷ്ടിച്ച കരിങ്ങോഴയ്ക്കൽ മാണി മാണി എന്ന കെ.എം. മാണി യാത്രയാകുമ്പോൾ പ്രായോഗിക രാഷ്ട്രീയത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു നേതാവിനെയാണ് കേരളത്തിന് നഷ്ടമാകുന്നത്.

പ്രതിസന്ധികളും വിവാദങ്ങളും എന്നും ഒപ്പമുണ്ടായിരുന്നെങ്കിലും ഇതിഹാസസമാനമായ പൊതുപ്രവർത്തനത്തിലൂടെയാണ് കേരളരാഷ്ട്രീയത്തിലെ വൻമരങ്ങളിലൊന്നായി കെ.എം. മാണി പടർന്നു പന്തലിച്ചത്. കേരളകോൺഗ്രസ് എന്ന താരതമ്യേന ചെറിയ രാഷ്ട്രീയപാർട്ടിയെ കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന് ഒരുപോലെ സ്വീകാര്യമാക്കി നിലനിറുത്തുന്നതിൽ കെ.എം.മാണിയെന്ന രാഷ്ട്രീയ നേതാവിന്റെ പങ്ക് ചെറുതൊന്നുമല്ല. കഴിഞ്ഞ യു.ഡി.എഫ് മന്ത്രിസഭയുടെ കാലത്ത് ബാർകോഴ വിവാദത്തെ തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച, മാണി യു.ഡി.എഫ് വിട്ടപ്പോൾ അദ്ദേഹത്തേയും പാർട്ടിയേയും ഒപ്പം നിറുത്താൻ ആരൊക്കെ ശ്രമിച്ചുവെന്നത് കേരളരാഷ്ട്രീയത്തിലെ പരസ്യമായ രഹസ്യമാണ്. തുടർന്ന് അതേ മുന്നണിയിൽ ഇടവേളയ്ക്കുശേഷം മാണി തിരിച്ചെത്തിയത് ലോക്സഭാംഗമായ മകന് രാജ്യസഭാംഗത്വം നേടിക്കൊടുത്തുകൊണ്ടായിരുന്നു. മാണിയെന്ന തന്ത്രശാലിയായ രാഷ്ട്രീയനേതാവിനെ തിരിച്ചറിയാൻ ഈ ചെറിയ ഉദാഹരണം മാത്രം മതിയാകും.

വമ്പൻമാർ കേരള രാഷ്ട്രീയം അടക്കിവാണ കാലഘട്ടത്തിലാണ് കെ.എം.മാണി അവർക്കിടയിൽ സ്വന്തം പാത വെട്ടിത്തെളിച്ച് ഒരു പ്രസ്ഥാനമായി വളർന്നത്. നിയമസഭയിലെ അംഗസംഖ്യ എന്തുതന്നെയായാലും ആർക്കും അവഗണിക്കാനാവാത്ത നേതാവായി മാണിയും അദ്ദേഹത്തിന്റെ പാർട്ടിയും മാറി. സ്വന്തം പാർട്ടി പലതവണ പിളർന്നപ്പോൾ വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയാണ് കേരളകോൺഗ്രസ് എന്ന് മാണി നടത്തിയ പരാമർശം പിന്നീട് കേരളകോൺഗ്രസ് രാഷ്ട്രീയത്തിലെ തന്നെ ഒരു ചൊല്ലായി മാറി. പാർട്ടി എപ്പോൾ പിളർന്നാലും ആ പ്രസ്ഥാനത്തിലെ ഏറ്റവും വ്യക്തിപ്രഭാവമുള്ള നേതാവ് എന്നും കെ.എം.മാണി തന്നെയായിരുന്നു. ആജ്ഞാശക്തിയുള്ള രാഷ്ട്രീയസ്വരമായിരുന്നു മാണിയുടേത്. പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും ആ ശബ്ദം എന്നും ഉയർന്നുനിന്നു. മലയോര കർഷകരുടെ അനിഷേധ്യ നേതാവായ മാണി മദ്ധ്യ കേരളത്തിലെ രാഷ്ട്രീയത്തെ തന്റെ വരുതിയിൽ നിറുത്താൻ പ്രായോഗികരാഷ്ട്രീയത്തിന്റെ അടവുകൾ ഒന്നൊന്നായി പ്രയോഗിച്ചു.


> **കക്ഷിരാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്താഗതികൾക്കതീതമായി ഉയർന്ന് കേരളീയ ജീവിതത്തെ ആഴത്തിൽ അറിയുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ആദരവും സ്നേഹവും ആർജ്ജിച്ചെടുക്കുകയും ചെയ്ത മാണി സദാ കർമ്മനിരതനായിരുന്നു. എല്ലാ വെല്ലുവിളികളെയും പുഞ്ചിരിയോടെ നേരിടുകയും, പ്രതിസന്ധികളിൽ തളരാതെ തല ഉയർത്തി നിൽക്കുകയും ചെയ്ത വലിയ നേതാവായിരുന്നു അദ്ദേഹം**

അഭിഭാഷകനായിട്ടാണ് മാണി പൊതുജീവിതം ആരംഭിച്ചത്. തുടർന്ന് കോൺഗ്രസിൽ സജീവമായി. കെ.എം.ജോർജിന്റെ നേതൃത്വത്തിൽ കോൺഗ്രസ് വിട്ട് പുതുതായി രൂപീകരിച്ച ...

# ജനമനം കവർന്ന പ്രമാണി


പി.ജെ. ജോസഫിനൊപ്പം

വി. ജയകുമാർ



### നീണ്ടമൂക്കിന് താഴെ കട്ടിമീശ

### ഒരു പേരിൽ എന്തിരിക്കുന്നു

### അധിഷ്ണാലിറ്റി എന്നവാക്ക്

### ശത്രുവും മിത്രമാകും

മദ്ധ്യ തിരുവിതാംകൂറിന്റെ
മതവും രാഷ്ട്രീയവും
കലർന്ന മണ്ണിൽ
ചുവടുറപ്പിച്ച് സഹ്യനപ്പുറം
വളർന്ന രാഷ്ട്രീയ വടവൃക്ഷം.
നന്മയും തിന്മയും
ആരോപിക്കപ്പെട്ടപ്പോഴും
നിറചിരിയോടെ
കളംനിറഞ്ഞുനിന്ന
കുശാഗ്രബുദ്ധി.
വജ്രനക്ഷത്ര
ശോഭയോടെ
അരനൂറ്റാണ്ടിലേറെ
ജനാധിപത്യത്തിൽ
തിളങ്ങിയ
കെ.എം. മാണിക്ക്
പകരക്കാരനില്ല



## മന്ത്രിയായിരുന്ന കാലഘട്ടങ്ങളും വകുപ്പുകളും

- ഡിസംബർ 1975 - മാർച്ച് 1977: ധനകാര്യം
- ഏപ്രിൽ 1977 - ഡിസംബർ 1977: ആഭ്യന്തരം
- സെപ്തംബർ 1978 - ഒക്ടോബർ 1979: ആഭ്യന്തരം
- ജനുവരി 1980 - ഒക്ടോബർ 1981: ധനകാര്യം, നിയമം
- ഡിസംബർ 1981 - മാർച്ച് 1982: ധനകാര്യം, നിയമം
- മേയ് 1982 - മേയ് 1986: ധനകാര്യം, നിയമം
- മേയ് 1986 - മാർച്ച് 1987: ജലസേചനം, നിയമം
- ജൂൺ 1991 - മേയ് 1996: റവന്യൂ, നിയമം
- മേയ് 2001 - മേയ് 2006: റവന്യൂ, നിയമം
- മേയ് 2011 - ഒക്ടോബർ 2015: ധനകാര്യം, നിയമം

### കെ.എം. മാണിക്ക് അന്ത്യാഞ്ജലി

പാലായിലെ മാണിക്യത്തിന് വിട: കെ.എം. മാണിക്ക് അന്ത്യാഞ്ജലിയർപ്പിച്ച് പ്രത്യേക പരിപാടി - ഇന്ന് ഉച്ചയ്ക്ക് 1.30 നും രാത്രി 8 നും.

- കെ.എം. മാണിയും ഭാര്യ കുട്ടിയമ്മയും പങ്കെടുത്ത സ്റ്റൈയിറ്റ് ലൈൻ- അഭിമുഖത്തിന്റെ പുനഃസംപ്രേഷണം ഇന്ന് രാത്രി 9 ന്.


മോഹൻലാലിനൊപ്പം


കുഞ്ഞാലിക്കുട്ടിക്കൊപ്പം

### പാലാ സമം മാണി


പിണറായിവിജയനൊപ്പം

# റെക്കാഡുകളുടെ പ്രിൻസ്


ചെന്നിത്തലയ്ക്കൊപ്പം




### എന്നെന്നും നിഴലായി കുട്ടിയമ്മ




വെള്ളാപ്പള്ളിയോടൊപ്പം


മകൻ ജോസ് കെ.മാണിയോടൊപ്പം. പിന്നിൽ തോമസ് ചാഴികാടൻ


കുടുംബാംഗങ്ങളോടൊപ്പം


കുട്ടിയമ്മയോടൊപ്പമുള്ള ആദ്യകാലചിത്രം


പാലായിലെ കെ.എം.മാണിയുടെ വീട്

## മസാല ബോണ്ടിൽ പ്രതിപക്ഷത്തിന്റേത് ദേശദ്രോഹ നയം: തോമസ് ഐസക്



കൊല്ലം: മസാല ബോണ്ട് വിഷയത്തിൽ പ്രതിപക്ഷം നടത്തുന്നത് ദേശദ്രോഹമാണെന്ന് ധനമന്ത്രി തോമസ് ഐസക് കൊല്ലത്ത് മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു. മണ്ടൻ പ്രസ്താവനയാണ് പ്രതിപക്ഷ നേതാവ് നടത്തിയത്. അന്ധമായ വികസന വിരോധം കാരണം ബോധപൂർവം വിവാദം ഉയർത്തി കേരളത്തിന്റെ സാദ്ധ്യതകളെ ഇല്ലാതാക്കുകയാണ്. എസ്.എൻ.സി ലാവ്‌ലിനെ കേരളത്തിൽ ആദ്യം കൊണ്ടുവന്നത് യു.ഡി.എഫ് സർക്കാരാണ്. ഏറ്റവും കുറഞ്ഞ പലിശ നിരക്കുള്ളവർക്കാണ് ബോണ്ട് വില്പന നടത്തിയത്. 15 വർഷം കൊണ്ട് പലിശ സഹിതം മുഴുവൻ തുകയും തിരിച്ചടയ്ക്കാനാകും. കൺസഷണൽ വായ്പയാണ് മൂന്ന ശതമാനത്തിൽ താഴെയുള്ള നിരക്കിൽ ലഭിക്കുന്നത്. പക്ഷേ അത് സംസ്ഥാന സർക്കാരിന് മാത്രമേ ലഭിക്കുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.



## സിനിമാ ടിക്കറ്റിന്മേൽ വിനോദ നികുതി: സ്റ്റേ മേയ് 23 വരെ നീട്ടി

കൊച്ചി : സിനിമാ ടിക്കറ്റിന്മേൽ ജി.എസ്.ടിക്കു പുറമേ പത്തു ശതമാനം വിനോദ നികുതി കൂടി ഏർപ്പെടുത്തിയ സർക്കാർ നടപടിക്ക് ഹൈക്കോടതി അനുവദിച്ച സ്റ്റേ മേയ് 23 വരെ നീട്ടി. വിനോദ നികുതി ഒഴിവാക്കി 2017 ജൂൺ 24 ന് സർക്കാർ ഉത്തരവിറക്കിയിരുന്നു.

ഇതു നിലനിൽക്കെ ഇത് വീണ്ടും ഏർപ്പെടുത്തിയതിനെതിരെ കേരള ഫിലിം ചേംബർ, ഫിലിം എക്സിബിറ്റേഴ്സ് യുണൈറ്റഡ് ഓർഗനൈസേഷൻ ഒഫ് കേരള എന്നീ സംഘടനകൾ നൽകിയ ഹർജികളിലാണ് ഹൈക്കോടതി സ്റ്റേ അനുവദിച്ചത്. ഹർജികളിൽ വാദം തുടരുന്ന സാഹചര്യത്തിലാണ് സ്റ്റേയുടെ കാലാവധി സിംഗിൾ ബെഞ്ച് നീട്ടിയത്. നികുതി ഒഴിവാക്കിക്കൊണ്ടുള്ള 2017 ലെ ഉത്തരവ് സർക്കാരിന് പരിഷ്കരിക്കാനോ പിൻവലിക്കാനോ സ്റ്റേ ഉത്തരവ് തടസമല്ലെന്നും ഇടക്കാല ഉത്തരവിൽ പറയുന്നു.



*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് കംപ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ കാഞ്ചന. ജെ. കൊല്ലം തിരുമുല്ലവാരം ഐശ്വര്യയിൽ ആർ. സുകുമാറിന്റെ ഭാര്യയും പള്ളിത്തോട്ടം നിർമ്മലാ ഭവനിൽ എം. ജയരാമന്റെയും ചന്ദ്രയുടെയും മകളുമാണ്.*

## ശബരിമലപാതയിൽ ആനത്താരയൊരുക്കാൻ വനംവകുപ്പ്

പത്തനംതിട്ട: ശബരിമല തീർത്ഥാടനകാലത്ത് പമ്പയിലേക്കുള്ള പാതയിലെ ആനശല്യം തടയുന്നതിനും തീർത്ഥാടകർക്ക് സുഗമമായ യാത്രയൊരുക്കുന്നതിനും പുതിയ നടപടികളുമായി വനം വകുപ്പ്. കഴിഞ്ഞ പ്രളയത്തിനിടെ പമ്പയിലും സമീപപ്രദേശങ്ങളിലുമുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഉപയോഗിച്ച പുതിയ ആനത്താരകൾ നിർമ്മിക്കും. റാന്നി ഫോറസ്റ്റ് ഡിവിഷനാണ് ഇത്തരമൊരു നിർദ്ദേശം മുന്നോട്ടു വച്ചത്. ഉന്നതതല അംഗീകാരം ലഭിച്ചാൽ വരുന്ന മണ്ഡലകാലത്തിന് മുമ്പായി പദ്ധതി നടപ്പാക്കും. പമ്പ ഹിൽടോപ്പ്, ചക്കുപ്പാലം, അട്ടത്തോട് തുടങ്ങി ഉൾക്കാടുകളിലും വ്യാപകമായി മണ്ണിടിച്ചിൽ ഉണ്ടായിരുന്നു. ഈ മണ്ണ് ഉപയോഗിച്ച് ആനത്താരയൊരുക്കാനാണ് വനം വകുപ്പ് ആലോചിക്കുന്നത്.

വനം വകുപ്പിന്റെ കണക്കുകൾ പ്രകാരം പമ്പയിലേക്കുള്ള പാതയിൽ ഇലവുങ്കൽ, നിലയ്ക്കൽ, അട്ടത്തോട്, ചക്കുപാലം തുടങ്ങി 23 ഇടങ്ങളിലാണ് സ്ഥിരമായി ആനകൾ കൂട്ടത്തോടെ റോഡിലിറങ്ങാറുള്ളത്.

# കേരള കൗമുദി- സ്വയംവര സിൽക്ക്സ് സമ്മർഫെസ്റ്റിന് ഇന്ന് തുടക്കം

■ ഉദ്ഘാടനം വൈകിട്ട് 5 ന്

കൊല്ലം: നാടാകെ പച്ചപ്പ് പടർത്താൻ ഉപകരിക്കുന്ന വേറിട്ട പ്രദർശന- വില്പന മേളയ്ക്ക് കൊല്ലം പീരങ്കിമൈതാനിയിൽ ഇന്ന് പ്രൗഢമായ തുടക്കമാകും. കേരള കൗമുദി -സ്വയംവര സിൽക്ക്സ് 'ഹരിതം സുന്ദരം' സമ്മർ ഫെസ്റ്റിൽ കാഴ്ചകളുടെ വസന്തമൊരുക്കുന്നതിനൊപ്പം നന്മയുടെ ഹരിതസന്ദേശം പ്രചരിപ്പിക്കുകയാണ് ലക്ഷ്യം.

45000 ചതുരശ്ര അടി വിസ്തൃതിയുള്ള പ്രദർശന നഗരിയിൽ ശീതീകരിച്ചതും അല്ലാത്തതുമായ ഇരുന്നൂറിൽപ്പരം സ്റ്റാളുകളുണ്ട്.

ഔപചാരികമായ ഉദ്ഘാടനം ഇന്ന് വൈകിട്ട് 5ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഭദ്രദീപം തെളിച്ച് നിർവഹിക്കും.

മന്ത്രിമാരായ ജെ.മേഴ്സിക്കുട്ടി അമ്മ, കെ.രാജു എന്നിവർ മുഖ്യാതിഥികളായിരിക്കും. എം. നൗഷാദ് എം.എൽ.എ, മേയർ വി.രാജേന്ദ്രബാബു, ഡെപ്യൂട്ടി മേയർ വിജയഫ്രാൻസിസ്, ഡി.സി.സി പ്രസിഡന്റ് ബിന്ദുകൃഷ്ണ, എസ്.എൻ.




ട്രസ്റ്റ് ട്രഷറർ ഡോ.ജി.ജയദേവൻ, എസ്.എൻ.ഡി.പി യോഗം കൊല്ലം യൂണിയൻ പ്രസിഡന്റ് മോഹൻ ശങ്കർ, സെക്രട്ടറി എൻ.രാജേന്ദ്രൻ, യോഗം കൗൺസിലർ പി. സുന്ദരൻ, വാർഡ് കൗൺസിലർ റീന സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുക്കും. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെയും സർക്കാർവകുപ്പുതല ഉദ്യോഗസ്ഥ മേധാവികളുടെയും സാന്നിദ്ധ്യമുണ്ടാകും.

സ്വയംവര സിൽക്ക്സാണ് ഫെസ്റ്റിന്റെ മുഖ്യ സ്പോൺസർ. മെഡിട്രീന ഹോസ്പിറ്റൽ, ആർ.കെ. സാരീസ്, തട്ടാമല ലാലാസ് കൺവെൻഷൻ സെന്റർ, പിട്ടാപ്പിള്ളിൽ ഏജൻസീസ്, കഫെ കുടുംബശ്രീ, എന്റെ റേഡിയോ എന്നിവരും സഹ സ്പോൺസർമാരാണ്.

# കെ.എസ്.ആർ.ടി.സിക്ക് വീണ്ടും എംപാനൽ കുരുക്ക്

▶ശരണ്യാഭുവനേന്ദ്രൻ

തിരുവനന്തപുരം : ഹൈക്കോടതി വിധിയെ തുടർന്ന് എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിട്ടാൽ കെ.എസ്.ആർ.ടി.സിയിൽ ദിവസവും മുടക്കേണ്ടിവരുന്നത് ആയിരത്തോളം ട്രിപ്പുകൾ. എംപാനൽ കണ്ടക്ടർമാരുടെ പിരിച്ച് വിടലും സർവീസ് വെട്ടിക്കുറയ്ക്കലുമടക്കമുള്ള പരീക്ഷണങ്ങൾ കാരണം ദിവസവരുമാനം ഗണ്യമായി കുറഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ ട്രിപ്പുകൾ വീണ്ടും മുടങ്ങിയാൽ കോർപറേഷനിലെ പ്രതിസന്ധി ഇരട്ടിക്കും. അതിനാൽ വിധി തത്കാലം നടപ്പാക്കാനാകില്ലെന്നാണ് കെ.എസ്.ആർ.ടി.സിയുടെ നിലപാട്. ഇതിനായി സുപ്രീംകോടതിയെ സമീപിക്കേണ്ടിവരും.

കോടതി വിധിയെത്തുടർന്ന് ഡിസംബറിൽ 3,861 കണ്ടക്ടർമാരെ പിരിച്ച് വിട്ടതിന്റെ ക്ഷീണം കെ.എസ്.ആർ.ടി.സിക്ക് മാറിയിട്ടില്ല.

### മന്ത്രിയുടെ യോഗം ഇന്ന്

ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സിയുടെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മന്ത്രി എ.കെ. ശശീന്ദ്രൻ ഇന്ന് യോഗം ചേരും.



### റാങ്ക് ലിസ്റ്റില്ല

പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. മാത്രമല്ല ഇനി മുതൽ ഡ്രൈവർ കം കണ്ടക്ടർമാരെ നിയമിച്ചാൽ മതിയെന്നാണ് തീരുമാനം. എന്നാൽ ഒഴിവുകളുടെ എണ്ണമോ ശമ്പള സ്കെയിലോ നിശ്ചയിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സമയമെടുക്കും. എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ നിന്ന് ആളെയെടുക്കാനും സമയം വേണ്ടിവരും. ജോലി നഷ്ടപ്പെട്ട് പെരുവഴിയിലാകുന്ന ഡ്രൈവർമാരെ മാനുഷിക പരിഗണനയുടെ പേരിലെങ്കിലും താത്കാലികക്കാരായി തിരിച്ചെടുക്കേണ്ടിവരും. ഇതും ബാദ്ധ്യത കൂട്ടും.

### പ്രതിസന്ധിയായി സാമ്പത്തികം

സ്ഥിരം നിയമനം നടത്തിയാൽ കോർപറേഷന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. താത്കാലിക ഡ്രൈവർമാർക്ക് സിംഗിൾ ഡ്യൂട്ടിക്ക് നൽകുന്നത് 550 രൂപയാണ്. സ്ഥിരം ഡ്രൈവർമാർക്കിത് 800 മുതൽ 1,500 രൂപയാണ്. ഒരു മാസം 26 ദിവസം എംപാനൽ ഡ്രൈവർമാർ ജോലി ചെയ്താൽ 13,000 രൂപയാണ് ശമ്പളം. എന്നാൽ സ്ഥിരജീവനക്കാർക്ക് 22,000 രൂപ കൊടുക്കേണ്ടിവരും. ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്നും കുറയ്ക്കുന്നതിന് സ്ഥിരം നിയമനം കുറക്കണമെന്നുള്ള സുശീൽ ഖന്ന റിപ്പോർട്ടിന്റെ ബലത്തിൽ നിയമടപടിക്കൊരുങ്ങുകയാണ് അധികൃതർ.

# രാഘവനെതിരായ ഒളികാമറ വിവാദം: അന്തിമ റിപ്പോർട്ട് വൈകും

തിരുവനന്തപുരം: ചാനൽക്കെണിയിൽ കുടുങ്ങി കോഴ ആരോപണത്തിലകപ്പെട്ട കോഴിക്കോട്ടെ യു.ഡി.എഫ് സ്ഥാനാർത്ഥി എം.കെ.രാഘവനെതിരെ പൊലീസ് റിപ്പോർട്ട് വൈകിയേക്കും. ഇക്കാര്യത്തിൽ കൂടുതൽ തെളിവുകൾ സമാഹരിക്കേണ്ടതുള്ളതുകൊണ്ടാണിത്. അതേസമയം അയ്യപ്പനാമം പ്രചാരണത്തിൽ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് തൃശൂരിലെ എൻ.ഡി.എ സ്ഥാനാർത്ഥി സുരേഷ് ഗോപിക്കെതിരായ ആരോപണത്തിൽ ജില്ല വരണാധിതന്നെ എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ച് തിരഞ്ഞെടുപ്പ് കമ്മിഷനോട് ശുപാർശ ചെയ്യാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.

എം.കെ. രാഘവനെതിരെ ഉയർന്ന കോഴ ആരോപണത്തിൽ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർക്ക് നേരത്തെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സംഭവവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളൊന്നുമില്ലാതെ സമർപ്പിച്ച റിപ്പോർട്ടിൽ അന്തിമ റിപ്പോർട്ട് വൈകുമെന്ന സൂചനയാണ് നൽകിയിട്ടുള്ളത്. വിശദമായ അന്വേഷണം നടത്തിയാൽ മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാകൂവെന്നും അറിയിച്ചിട്ടുണ്ട്. വീഡിയോ ടേപ്പിന്റെ ഒറിജിനൽ പരിശോധിക്കേണ്ടതുമുണ്ട്.

### മോറട്ടോറിയം: വിശദീകരണം നൽകിയില്ല

കാർഷിക വായ്പാജപ്തികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സർക്കാർ അപേക്ഷയിൽ കൂടുതൽ വിശദീകരണം ഉൾപ്പെടുത്തിയുള്ള അപേക്ഷ ഇന്നലെയും സർക്കാർ തിരഞ്ഞെടുപ്പ് കമ്മിഷന് കൈമാറിയിട്ടില്ല.

# വിമർശിച്ചാലും പരിഭവമില്ല; എന്നും കേരളകൗമുദിയുടെ ഉറ്റ ബന്ധു



കോട്ടയം: കേരളകൗമുദിയുടെ ഉറ്റ ബന്ധുവായിരുന്നു എന്നും കെ.എം. മാണി. പത്രാധിപർ കെ.സുകുമാരന്റെ കാലം മുതൽ കൗമുദി കുടുംബവുമായുള്ള ഊഷ്മള ബന്ധം നാലാം തലമുറയിലും കാത്തു സൂക്ഷിച്ചിരുന്നു. എം.എൽ.എ എന്ന നിലയിൽ കെ.എം.മാണിയുടെ രാഷ്ട്രീയ ജീവിതത്തിന്റെ അരനൂറ്റാണ്ട് കേരളകൗമുദി കോട്ടയം യൂണിറ്റ് വിപുലമായി ജന്മനാടായ പാലായിൽ ആഘോഷിച്ചിരുന്നു. തന്നെ ആദരിക്കുന്ന യോഗത്തിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ വേണമെന്ന് മാണി പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പെരുമ്പടവം ശ്രീധരൻ, പ്രൊ. മാടവന ബാലകൃഷ്ണപിള്ള, ജോസ് കെ. മാണി തുടങ്ങിയവരും പങ്കെടുത്തിരുന്നു. കേരളത്തിൽ ഒരു മാദ്ധ്യമവും തന്നോട് കാണിക്കാതിരുന്ന ആദരവ് കേരളകൗമുദി കാട്ടിയത് പ്രസംഗത്തിൽ അദ്ദേഹം എടുത്തു പറഞ്ഞു. അന്തരിച്ച ചീഫ് എഡിറ്റർ എം.എസ്.രവി അടക്കം മുഴുവൻ കേരളകൗമുദി പ്രവർത്തകരെയും അദ്ദേഹം വീട്ടിലേക്ക് ക്ഷണിച്ച ഭാര്യ കുട്ടിയമ്മയെയും മക്കളെയും പരിചയപ്പെടുത്തി സന്തോഷം പങ്കിട്ടു.

കേരളകോൺഗ്രസിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് കെ.എം.മാണിയുടെ ജീവിതവുമായി ബന്ധപ്പെട്ട് ഒരു ഫോട്ടോ എക്സിബിഷൻ കേരളകൗമുദി സീനിയർ ഫോട്ടോഗ്രാഫർ ശ്രീകുമാർ ആലപ്ര കോട്ടയം മാമൻ മാപ്പിള ഹാളിൽ നടത്തിയിരുന്നു. കുടുംബസമേതം ഫോട്ടോ പ്രദർശനം കാണാനെത്തിയ മാണി പ്രദർശനത്തിന് നന്ദിയും പ്രകടിപ്പിച്ചു.

കേരള കോൺഗ്രസിലെ നിരവധി പിളർപ്പുകൾ അടക്കം പാർട്ടിയിലെ അന്തർനാടകങ്ങളും അടിയൊഴുക്കുകളും എന്നും കേരളകൗമുദിയാണ് ആദ്യം പുറത്തുകൊണ്ടുവന്നിരുന്നത്. വാർത്ത വരുമ്പോൾ മാണിസാർ ഫോണിലൂടെ ജയകുമാറേ എന്ന് നീട്ടി വിളിക്കും ഒപ്പം നീണ്ട ചിരിയുമുണ്ടാകും. ആ ചിരിയിൽ വിമർശനവും അഭിനന്ദനവും നിറഞ്ഞു നിന്നിരുന്നു. അതിനപ്പുറം വാർത്ത സംബന്ധിച്ച് മറ്റു നേതാക്കൾ കാണിക്കുന്ന അസഹിഷ്ണുത ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല.

കോട്ടയത്ത് പല തവണ പത്രാധിപർ അനുസ്മരണം ഉദ്ഘാടനം ചെയ്യാനും മുഖ്യ പ്രഭാഷണം നടത്താനും മാണി സാർ എത്തിയിരുന്നു. പത്രാധിപരെക്കുറിച്ചുള്ള ഊഷ്മളമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനു പുറമേ പത്രപ്രവർത്തന രംഗത്തെ ജീർണത ചൂണ്ടിക്കാട്ടി മറ്റു താത്പര്യങ്ങളൊന്നും ഇല്ലാതെ കേരളകൗമുദി വേറിട്ടു നിൽക്കുന്നത് ഉയർത്തിക്കാട്ടി സംസാരിച്ചിരുന്നു.

# 'കാരുണ്യ'വാനായി ചരിത്രത്തിൽ

▶പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: ധനമന്ത്രി എന്ന നിലയിൽ കെ.എം.മാണിയെ ചരിത്രം ഓർക്കുക കാരുണ്യ പദ്ധതിയിലൂടെയായിരിക്കും. 'ജീവിതത്തിന്റെ വാതിലുകൾ മരണത്തിലേക്ക് തുറക്കുമ്പോൾ മരണമല്ല ജീവിതം തന്നെയാണ് മുന്നിലുള്ളതെന്ന് തെളിയിച്ച പദ്ധതിയാണിത്' എന്നാണ് മാണി തന്നെ ഇതിനെ വിശേഷിപ്പിച്ചത്. രാജ്യത്തിന് തന്നെ മാതൃകയായ പദ്ധതിയിൽ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ പകുതിയോളം പേർക്കും പ്രയോജനം ലഭിച്ചിരുന്നു.

2011-12ലെ ബഡ്ജറ്റിലാണ് കെ.എം.മാണി ഈ പദ്ധതി പ്രഖ്യാപിച്ചത്. കാരുണ്യ എന്ന് പേരുള്ള ഭാഗ്യക്കുറി വില്പനയിലൂടെ ലഭിക്കുന്ന ലാഭം പാവപ്പെട്ടവർക്കുള്ള ചികിത്സാ സഹായ പദ്ധതിയിലേക്ക് മാറ്റുന്നതായിരുന്നു പദ്ധതി. കാരുണ്യ ബനവലന്റ് ഫണ്ട് വന്നതോടെ ഭാഗ്യക്കുറിയുടെ മുഖച്ഛായ മാറി. ഇതോടെ ഭാഗ്യക്കുറി വെറും ഭാഗ്യപരീക്ഷണമല്ലാതായി. അതിന് ഒരു ജീവകാരുണ്യ സ്വഭാവം വന്നു. പിന്നീട് കേരളത്തിലെ ഭാഗ്യക്കുറിയെ വിഴുങ്ങാൻ സാന്റിയാഗോ മാർട്ടിനെ പോലുള്ളവർ രംഗത്തെത്തിയപ്പോഴും സർക്കാരിനൊപ്പം ജനങ്ങളും കേന്ദ്രവും നിന്നതും കാരുണ്യയെ മനസിൽ കണ്ടായിരുന്നു. അത് കെ.എം. മാണിയെന്ന ക്രാന്തദർശിയായ ജനനായകന്റെ മിടുക്കായിരുന്നു. ഒടുവിൽ മരണശയ്യയിൽ കിടക്കുമ്പോൾ പുറത്തിറക്കിയ വാർത്താകുറിപ്പിലും കാരുണ്യ പദ്ധതിയെ നശിപ്പിക്കരുതെന്ന അഭ്യർത്ഥനയായിരുന്നു.

മാർച്ച് 28നാണ് കാരുണ്യയ്ക്കെതിരായ നീക്കം ഉപേക്ഷിക്കണമെന്ന് സംസ്ഥാനസർക്കാരിനോട് അഭ്യർത്ഥിച്ച് വാർത്താകുറിപ്പിറക്കിയത്. കഴിഞ്ഞ ബഡ്ജറ്റിനെതിരെ കെ.എം.മാണി നിയമസഭയിലും പുറത്തും ഏറ്റവും കൂടുതൽ വിമർശനം ഉന്നയിച്ചതും കാരുണ്യയെ നശിപ്പിക്കുന്നുവെന്ന ദുഃഖം പ്രകടിപ്പിച്ചായിരുന്നു. അനാരോഗ്യം കീഴ്പ്പെടുത്തിയപ്പോഴും കാരുണ്യ പദ്ധതി നിലനിറുത്തണം എന്നാവശ്യപ്പെട്ട് ധർണ നടത്താൻ അദ്ദേഹം സെക്രട്ടേറിയറ്റിന് മുന്നിലെത്തി.

കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ രോഗം, കരൾ രോഗങ്ങൾ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് പരമാവധി രണ്ടുലക്ഷം രൂപവരെ സഹായം നൽകുന്നതാണിത്. മാരകമല്ലാത്ത രോഗങ്ങൾക്ക് അയ്യായിരം രൂപവരെ സഹായവും ലഭിക്കും. സംസ്ഥാനത്തെ നൂറോളം ആശുപത്രികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നീട് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയും ആയുഷ്മാൻഭാരതും വന്നപ്പോൾ മലയാളികൾ നെഞ്ചേറ്റിയത് കാരുണ്യ പദ്ധതിയെയാണ്. അപേക്ഷിക്കാൻ എളുപ്പം, കിട്ടാൻ അതിലേറെ എളുപ്പം എന്നതായിരുന്നു കാരുണ്യയുടെ പ്രത്യേകത.

## വിളംബരം

### സർവകലാശാല വാർത്തകൾ

**കേരള**
www.kerala university.ac.in

■ **പരീക്ഷകൾക്ക് മാറ്റമില്ല**

8 മുതൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി. ബി. സി. എ സ്. എസ്) ഡിഗ്രി പരീക്ഷകളും, ആറാം സെമസ്റ്റർ ബി.എ/ബി.എസ്‌സി /ബി.കോം/ ബി. പി.എ/ ബി. ബി. എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ /ബി. വോക് (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളും മുൻ നിശ്ചയിച്ച പ്രകാരം നടക്കും. പരീക്ഷാ തീയതികളിൽ മാറ്റമില്ല.

■ **പ്രാക്ടിക്കൽ**

ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ 25, 26, 29 തീയതികളിലും ബി.പി.എ (മൃദംഗം), ബി.പി.എ (ഡാൻസ്) വിഷയങ്ങളുടെ പ്രാക്ടിക്കൽ 16, 17, 20 തീയതികളിലും ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജിൽ നടത്തും.

ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ 11 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ നടത്തും.

ആറാം സെമസ്റ്റർ സി.ബി.സി.എസ് (2016 അഡ്മിഷൻ റഗുലർ, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) ബി.എസ്‌സി കെമിസ്ട്രി, ഫിസിക്സ് വിഷയങ്ങളുടെ പ്രാക്ടിക്കലും വൈവാ വോസിയും 29 മുതൽ അതതു കോളേജുകളിൽ ആരംഭിക്കും.

■ **പരീക്ഷാഫീസ്**

ഒന്നും രണ്ടും വർഷ ബി.ബി.എ (ആന്വൽ സ്കീം - പ്രൈവറ്റ് രജിസ്ട്രേഷൻ) റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ 17 വരെയും 50 രൂപ പിഴയോടെ 25 വരെയും 125 രൂപ പിഴയോടെ 27 വരെയും രജിസ്റ്റർ ചെയ്യാം. റഗുലർ പരീക്ഷയുടെ ഓരോ പേപ്പറിനും 125 രൂപ വീതവും സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഓരോ പേപ്പറിനും 150 രൂപ വീതവും അടയ്ക്കണം. 100 രൂപ മാർക്ക്‌ലിസ്റ്റിനും 200 രൂപ മൂല്യനിർണയ ക്യാമ്പ് ഫീസായും ഓരോ വർഷ പരീക്ഷാ ഫീസിനോടൊപ്പവും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാ കേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**എം.ജി**
www.mgu.ac.in

■ **പുതുക്കിയ പരീക്ഷ തീയതി**

11ന് നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ (പുതിയ സ്കീം/പഴയ സ്കീം) ബി.ടെക് പരീക്ഷകൾ 12നും അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും നാലാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ 2017 അഡ്മിഷൻ റഗുലർ/ 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി ദ്വിവത്സരം) പരീക്ഷകൾ 17നും നടത്തും.

■ **തീയതി നീട്ടി**

പരാജയപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള അഞ്ചാം സെമസ്റ്റർ (2013, 2014, 2015, 2016 അഡ്മിഷൻ) സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഒൻപതുവരെയും 500 രൂപ പിഴയോടെ 11 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (20132016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ 10 വരെയും 500 രൂപ പിഴയോടെ 13 വരെയും അപേക്ഷിക്കാം.

■ **പരീക്ഷാഫലം**

ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇക്കണോമിക്സ് പ്രൈവറ്റ് (റഗുലർ /സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 23 വരെ അപേക്ഷിക്കാം.

■ **പരീക്ഷ അപേക്ഷ**

പരീക്ഷ സംബന്ധമായ അപേക്ഷകൾ പരീക്ഷ കൺട്രോളറുടെ പേരിൽ മാത്രം അയയ്ക്കണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.


KERALA KAUMUDI Classifieds
കേരള കൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**തൊഴിലവസരം**
മെർച്ചന്റ് നേവിയിൽ ചേരാൻ സുവർണാവസരം. 10th/ 12th/ ഡിഗ്രി പാസ്. പ്രായം : 18 - 25, ശമ്പളം : 25000 - 45000 + മറ്റ് ആനുകൂല്യങ്ങൾ.
infosaibuild96@gmail.com, 09549580708

**ആവശ്യമുണ്ട്**
മെർച്ചന്റ് നേവിയിൽ ചേരാൻ സുവർണാവസരം. വിദ്യാഭ്യാസ യോഗ്യത : 10th/ 12th/ ഡിഗ്രി പാസ്. പ്രായം : 18 - 26, ശമ്പളം : 25000 - 45000.
Email : svpanavy@gmail.com, Mobile : 7232866026

അദ്ധ്യാപകർ (Trained), നഴ്സറി ടീച്ചർ, ആയമാർ.
വിസ്ഡം, നടയറ, വർക്കല
ഫോൺ : 8921234131

**ഉടൻ ആവശ്യമുണ്ട്**
സെക്യൂരിറ്റി ഗാർഡ്, സെക്യൂരിറ്റി കം ഡ്രൈവർ, നെടുമങ്ങാട്, ആറ്റിങ്ങൽ.
Phone : 7909187629, 8136849790, 9746212997

**പണയസ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ഇന്ദ്രപ്രസ്ഥം ഗോൾഡ്
9746811196, 9847301158

**തിരുവനന്തപുരം ജില്ലയിലെ പ്രമുഖ ജുവലറിയായ അറേബ്യൻ ഫാഷൻ ജൂവലറിയിലേക്ക്**
മാനേജർ (M), മാർക്കറ്റിംഗ് മാനേജർ (M), സെയിൽസ്മാൻ (M), ബില്ലിംഗ് സ്റ്റാഫ് (M) എന്നീ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. ബയോഡേറ്റകൾ താഴെ കാണുന്ന Email ഐഡിയിലോ Whatsapp നമ്പരിലോ അയയ്ക്കുക.
arabianpothencode@gmail.com
Whatsapp : 8224916916
Tellecall Interview: 15.04.2019, Time : 10 to 4 p.m


**OLD AGE HOME**
ശാന്തമായ വിശ്രമ ജീവിതം രോഗികൾക്ക്, സാന്ത്വന പരിചരണം, കൃത്യസമയത്ത് പോഷകാഹാരവും മരുന്നും.
കൃപാലയം കെയർ ഹോം തിരുവനന്തപുരം
9020671234, 9447741234.

**നോട്ടീസ്**
2005 വർഷത്തെ 565335 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Shyni.G, Kalluvila Puthen Veedu, Neyyattinkara, Pin 695123, Ph 9072826240

**തിരുവനന്തപുരം ജില്ലയിലെ പ്രമുഖ ജുവലറിയായ അറേബ്യൻ ഫാഷൻ ജൂവലറിയിലേക്ക്**
മാനേജർ (M), മാർക്കറ്റിംഗ് മാനേജർ (M), സെയിൽസ്മാൻ (M), ബില്ലിംഗ് സ്റ്റാഫ് (M) എന്നീ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. ബയോഡേറ്റകൾ താഴെ കാണുന്ന Email ഐഡിയിലോ Whatsapp നമ്പരിലോ അയയ്ക്കുക.
arabianpothencode@gmail.com
Whatsapp : 8224916916
Tellecall Interview: 15.04.2019, Time : 10 to 4 p.m

Achieve 100% Concentration
SIP abacus© success assured
For 5 - 12 year old children
SIP ABACUS (Pettah & Poojapura)
98463 55506

**TEACHERS WANTED**
CBSE School near Vattappara in the following subjects Physics, Maths, English and Physical Education.
Contact : george05@rediffmail.com
Contact Nos. 9447471428, 9497002075

**സേഫ്റ്റി ഓഫീസർ ട്രെയിനിംഗ്**

30 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കേരളത്തിലെ ആദ്യ ISO Certified safety Officer Academyയിൽ നിന്നു തന്നെ ഒരു മാസത്തെ വിദഗ്ധ പരിശീലനത്തിലൂടെ Expert Safety Officer ആകാം. Safety Engineering രംഗത്തെ കുലപതിയായ Dr. B. Jayaprakash (Phd in Safety Engg.) നേരിട്ടു നൽകുന്ന പരിശീലനം. Govt. of India Promoted Certificateഉം സൗജന്യ താമസ സൗകര്യവും. ട്രെയിനിംഗിന് ശേഷം താൽപര്യമുള്ളവർക്ക് ഈ കമ്പനിയിൽ തന്നെ ശമ്പളത്തോടെ ട്രെയിനിയായി തുടരാം. കൂടാതെ DIPLOMA, NEBOSH, IOSH, First Aid പരിശീലനവും.
SAFETY TECH MANAGEMENT
Edapally, Ernakulam.
Ph.0484 - 2335554, 93878 87657, 85470 29026, 98953 91551
YouTube Jayaprakashsafety

**ഗവ: യൂണിവേഴ്സിറ്റിയിൽ B.Sc. Forensic Science**
Eligibility : +2 Science | തൊഴിലവസരങ്ങളേറെ
ഫീസ് – 47,500 രൂപ / സെമസ്റ്റർ മാത്രം | ലോൺ സൗകര്യം
15+ രാജ്യങ്ങളിൽ നിന്നും, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിലെ 14 ജില്ലകളിൽ നിന്നും വിദ്യാർത്ഥികൾ പഠിക്കുന്ന ഇന്റർനാഷണൽ ക്യാമ്പസ്. • 200 ഏക്കർ ക്യാമ്പസിൽ (24x7 CCTV) സുരക്ഷിതമായ ഹോസ്റ്റൽ. ക്യാമ്പസിനകത്തുതന്നെ ബാങ്ക്, ATM, ആരാധനാലയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, പാർക്ക്, ജിം എന്നീ സൗകര്യങ്ങൾ. • 500+ മലയാളികൾ പഠിക്കുന്നു.
Job Areas : Defence, Forensic Dept., Police, Cyber Cell, Banks, Hospitals, Universities, etc.
Direct Trains from Kerala | Reserve your seat by paying Rs. 25,000/- DD in favour of college
T&C Apply
For Admissions : Aditya Educational Institutions -Regional Office, Kochi-18
7025177333, 7025177666, 7025177999

**നോട്ടീസ്**
മാർച്ച് 2015 വർഷത്തെ 139025 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
SUBI KRISHNA. S.S, Alara Puthen Veedu, Pasuvannara, Keezharoor P.O.

**LOST**
I, Dr. Subhadra Nair would like to inform the general public that I have misplaced my original share certificate No. 11545212 for 40 shares, with distinctive numbers 208358368-407, having Folio No.53682219, of Reliance Industries Ltd. If found please contact 9980331635

**നഷ്ടപ്പെട്ടു**
My Plus Two Certificate 2007 Batch, Reg No 3022420, and Diploma in General Nursing and Midwifery Certificate -Year 2011, Sl.No.110036065, Ex.No 11004258, and Kerala Nurses and Midwifes Council Registration Certificate issued 2011 May 4, Reg No.73938 is lost. If any complaint inform me.
Shyni.G, Kalluvila Puthen Veedu, Venpakal P.O Pin 695123, Ph 9072826240

കേരള കൗമുദി ആഴ്ചപ്പതിപ്പ്

**M.S. SARKAR DISPENSARY**
Mob : 9846316661
തിരുവനന്തപുരം

Dr.S.K.Sarkar (Reg.No. 53106)
പ്രമേഹം മൂലമുണ്ടാകുന്ന നാഡീതളർച്ച, ബലഹീനത, സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, വലിപ്പക്കുറവ്, ചൊറിച്ചിൽ, കൈകാൽ മുട്ടുവേദന, സ്ത്രീകൾക്കു മുഖക്കുരു, കറുത്തപാടുകൾ, വെള്ളപോക്ക്, ചർമ്മരോഗങ്ങൾ മുതലായവ ചികിത്സിച്ച് ഭേദമാക്കുന്നു
കൊല്ലം ക്യാമ്പ്
എല്ലാ ചൊവ്വാഴ്ചയും രാമൻകുളങ്ങര, മാതൃഭൂമി ഓഫീസിനു സമീപം
തിരുവല്ല ക്യാമ്പ്
എല്ലാ മാസവും 5,20 തീയതികളിൽ K.S.R.T.C. ബസ്സ്റ്റാന്റിന് സമീപം കാട്ടൂക്കര റോഡ്, തിരുവല്ല
www.mssarkar.com

മുടി വളരാൻ*
മാവേലിൽ® ഹോസ്പിറ്റൽ
മരുതിമൂട്, അടൂർ
8590039900, 9961618384
9am-5pm facebook/mavelilhospital www.mavelilhospital.com
*Conditions Apply



## റായ്ബറേലിയിൽ സോണിയ നാളെ പത്രിക സമർപ്പിക്കും

ലക്നൗ: യു.പി.എ അദ്ധ്യക്ഷ സോണിയ ഗാന്ധി ഉത്തർപ്രദേശിലെ റായ്ബറേലി ലോക്സഭാ മണ്ഡലത്തിൽ നാളെ നാമനിർദ്ദേശ പത്രിക സമർപ്പിക്കും. 2004 മുതൽ സോണിയയ്ക്കൊപ്പമാണ് റായ്ബറേലിയിലെ വിജയം. കോൺഗ്രസ് വിട്ട് സമീപകാലത്ത് ബി.ജെ.പിയിൽ ചേർന്ന ദിനേഷ് പ്രതാപ് സിംഗാണ് ഇവിടെ ഇത്തവണ സോണിയയുടെ എതിരാളി. മേയ് ആറിനാണ് റായ്ബറേലിയിൽ വോട്ടെടുപ്പ്. പ്രതിപക്ഷ സഖ്യത്തിൽ കോൺഗ്രസിനൊപ്പം അല്ലെങ്കിലും എസ്.പി - ബി.എസ്.പി സഖ്യം ഇവിടെ തങ്ങളുടെ സ്ഥാനാർത്ഥികളെ നിറുത്തിയിട്ടില്ല.

www.keralakaumudi.com www.facebook.com/keralakaumudi

## ചത്തീസ്ഗഡിൽ മാവോയിസ്റ്റ് ആക്രമണം

# ബി.ജെ.പി എം.എൽ.എയടക്കം അഞ്ച് പേർ കൊല്ലപ്പെട്ടു

റായ്പൂർ: ചത്തീസ്ഗഡിലെ ദന്തേവാഡയിൽ മാവോയിസ്റ്റ് ആക്രമണത്തിൽ ദന്തേവാഡയിലെ ബി.ജെ.പി എം.എൽ.എ ഭീമാ മാണ്ഡവി(40) ഉൾപ്പെടെ നാലുപേർ കൊല്ലപ്പെട്ടു.

ഇന്നലെ വൈകിട്ടോടെയാണ് തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ ശ്യാമഗിരി ഹിൽസിന് സമീപം മാണ്ഡവിയുടെ വാഹനവ്യൂഹത്തിന് നേരെ മാവോയിസ്റ്റ് ആക്രമണമുണ്ടായത്. എം.എൽ.എയുടെ സുരക്ഷാ ഉദ്യോഗസ്ഥനും കൊല്ലപ്പെട്ടവരിലുണ്ട്. വാഹനവ്യൂഹം കടന്നുപോയ വഴിയിൽ കുഴിയുണ്ടാക്കി അതിൽ സ്ഫോടകവസ്തുക്കൾ നിറച്ചായിരുന്നു ആക്രമണം. സ്ഫോടനത്തിൽ ബുള്ളറ്റ് പ്രൂഫ് വാഹനം പൂർണമായും തകർന്നു.

തിരഞ്ഞെടുപ്പ് അടുത്തതോടെ ചത്തീസ്ഗഡിൽ മാവോയിസ്റ്റ് ഭീഷണി രൂക്ഷമായിരുന്നു. മൂന്നുഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന ഇവിടെ ആദ്യഘട്ട തിരഞ്ഞെടുപ്പ് നാളെയാണ്. ഈ മാസം 18, 23 തീയതികളിലാണ് രണ്ടും മൂന്നും ഘട്ടങ്ങൾ. നാളെ വോട്ടെടുപ്പ് നടക്കുന്ന ബസ്താർ ലോക്സഭാ മണ്ഡലത്തിലാണ് ദന്തേവാഡയുള്ളത്.

2013 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ചത്തീസ്ഗഡിലെ ബസ്താർ മേഖലയിലുണ്ടായ മാവോയിസ്റ്റാക്രമണത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് മഹേന്ദ്ര കർമ്മ, മുൻ കേന്ദ്രമന്ത്രി വി.സി ശുക്ല എന്നിവരുൾപ്പെടെ 27 പേർ കൊല്ലപ്പെട്ടിരുന്നു. കഴിഞ്ഞ വർഷം നവംബറിൽ, നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി ദന്തേവാഡയിൽ നടന്ന മാവോയിസ്റ്റ് ആക്രമണത്തിൽ ഒരു സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥനും മൂന്ന് സാധാരണക്കാരും ഉൾപ്പെടെ നാലുപേർ കൊല്ലപ്പെട്ടിരുന്നു.



മാവോയിസ്റ്റ് ആക്രമണത്തിൽ പൂർണമായും തകർന്ന വാഹനം ചിത്രം: പിടിഐ



**ഭീമ മാണ്ഡവി(40)**

സംസ്ഥാനത്തെ മുതിർന്ന ബി.ജെ.പി നേതാവായ മാണ്ഡവി, 2013ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതാവ് മഹേന്ദ്ര കർമ്മയുടെ ഭാര്യ ദേവതി കർമ്മയോട് തോറ്റെങ്കിലും 2018 ലെ തിരഞ്ഞെടുപ്പിൽ ജയിച്ചാണ് ദന്തേവാഡ എം.എൽ.എയായത്. ബസ്താർ ലോക്സഭാമണ്ഡലത്തിലെ ആകെയുള്ള 12 നിയമസഭാമണ്ഡലങ്ങളിൽ ജയിച്ച ഒരേയൊരു ബി.ജെ.പി നേതാവ് കൂടിയായിരുന്നു മാണ്ഡവി.

## റാഫേൽ 'മോഷണ' രേഖകൾ: വിധി ഇന്ന്

ന്യൂഡൽഹി: റാഫേൽ ഇടപാടുമായി ബന്ധപ്പെട്ട് പുറത്തുവന്ന രേഖകൾ സ്വീകരിക്കണമോയെന്നതിൽ സുപ്രീംകോടതി ഇന്ന് വിധി പറയും. ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്, ജസ്റ്റിസ് കെ. എം. ജോസഫ് എന്നിവരുടെ രണ്ട് വിധിന്യായങ്ങളാണ് ഉണ്ടാകുക. റാഫേൽ ഇടപാട് ശരിവച്ച വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് യശ്വന്ത് സിൻഹ, അരുൺഷൂരി, അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ, എന്നിവരാണ് റിവ്യൂ ഹർജി നൽകിയത്. ഈ ഹർജിക്കൊപ്പം ദ ഹിന്ദു ദിനപത്രം പുറത്തുവിട്ട, ഇടപാടിൽ പ്രധാനമന്ത്രിയുടെ ഓഫീസ് ഇടപെട്ടതടക്കം സൂചിപ്പിക്കുന്ന പ്രതിരോധ മന്ത്രാലയ രേഖകളുടെ പകർപ്പുകൾ ചേർത്തിരുന്നു. രഹസ്യം എന്ന് രേഖപ്പെടുത്തിയ ഈ രേഖകൾ മോഷ്ടിച്ചതാണെന്നും നിയമവിരുദ്ധമായി നേടിയ രേഖകൾ പരിഗണിക്കരുതെന്നും കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു. തുടർന്നാണ് രേഖകൾ സ്വീകരിക്കാനാവുമോയെന്നത് പരിശോധിക്കാൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ് അദ്ധ്യക്ഷനായ ബെഞ്ച് തീരുമാനിച്ചത്.

## റെയ്ഡ്: ആദായ നികുതി വകുപ്പിന് നോട്ടീസ്

ന്യൂഡൽഹി: മദ്ധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥുമായി ബന്ധമുള്ളവരുടെ വസതിയിൽ നടത്തിയ റെയ്ഡുമായി ബന്ധപ്പെട്ട് കേന്ദ്ര റവന്യൂ സെക്രട്ടറി എ.ബി. പാണ്ഡെയ്ക്കും സെന്റർ ബോർഡ് ഒഫ് ഡയറക്ട് ടാക്സ് അദ്ധ്യക്ഷൻ പി.സി. മോഡിക്കും തിരഞ്ഞെടുപ്പ് കമ്മിഷൻ നോട്ടീസ് അയച്ചു. റെയ്ഡ് നടത്തിയത് ചട്ടങ്ങൾ പ്രകാരമായിരുന്നോ എന്ന് വിശദമാക്കാൻ കമ്മിഷൻ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് കാലത്ത് പ്രതിപക്ഷത്തിനെതിരെ സർക്കാർ ഏജൻസികളെ ദുരുപയോഗം ചെയ്യുകയാണെന്ന കോൺഗ്രസിന്റെ പരാതിയെ തുടർന്നാണിത്. കഴിഞ്ഞ ദിവസം മദ്ധ്യപ്രദേശിലും ഡൽഹിയിലും നടന്ന റെയ്ഡുകളിൽ കണക്കിൽപ്പെടാത്ത 281 കോടി രൂപ പിടിച്ചെടുത്തതായി ആദായ നികുതി വകുപ്പ് വെളിപ്പെടുത്തിയിരുന്നു. ഡൽഹിയിലെ തുഗ്ലക്ക് ലെയ്നിലെ ഒരു പ്രമുഖ വ്യക്തിയുടെ വീട്ടിൽ നിന്ന് പ്രമുഖ പാർട്ടിയുടെ ഡൽഹിയിലെ ഓഫീസിലേക്ക് 20 കോടി രൂപ കൊണ്ടുവന്നു എന്ന വിവരവും പുറത്തുവന്നിരുന്നു.

## 'പി.എം മോദി': ഹർജി തള്ളി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജീവിതം പ്രമേയമാക്കിയുള്ള ബോളിവുഡ് ചിത്രം 'പി.എം നരേന്ദ്രമോദി' യുടെ പ്രദർശനം തടയണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് നേതാവ് അമൻ പൻവാർ നൽകിയ ഹർജി സുപ്രീംകോടതി തള്ളി. രണ്ടുമിനുട്ട് ട്രെയിലർ കൊണ്ട് ചിത്രത്തിന്റെ സ്വാധീനം വിലയിരുത്താനാവില്ല. ചിത്രം ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്ക് അനുകൂലമാണെങ്കിൽ തിരഞ്ഞെടുപ്പ് കമ്മിഷൻ പരിശോധിക്കേണ്ട വിഷയമാണെന്നും ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ചിത്രം തിരഞ്ഞെടുപ്പ് സമയത്ത് പ്രദർശിപ്പിക്കുന്നത് മാതൃകാ പെരുമാറ്റ ചട്ടലംഘനമാണെന്നും പ്രദർശനം തടയണമെന്നും ആവശ്യപ്പെട്ടായിരുന്നു ഹർജി.

## റാഫേൽ: ഓഫ്സെറ്റ് കരാർ ഇളവുകൾ നൽകിയെന്ന്



ന്യൂഡൽഹി: റഫാൽ യുദ്ധവിമാന കരാറിന്റെ ഭാഗമായുള്ള ഓഫ്സെറ്റ് കരാർ വ്യവസ്ഥകളിൽ ദസാൾട്ട് ഏവിയേഷൻ, എം.ബി.ഡി.എ എന്നീ ഫ്രഞ്ച് കമ്പനികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ധ്യക്ഷനായ മന്ത്രിതല പ്രതിരോധ സമിതി(സി.സി.എസ്) വഴിവിട്ട് ഇളവുകൾ അനുവദിച്ചെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്തുവന്നു.

അനിൽ അംബാനിയുടെ റിലയൻസിനെ ഓഫ്സെറ്റ് കരാർ പങ്കാളിയാക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസ് സമ്മർദ്ദം ചെലുത്തിയെന്ന ആരോപണം നിലനിൽക്കെയാണിത്.

ഏഴു വർഷത്തെ ഓഫ്സെറ്റ് കരാർ കാലയളവിൽ മേക്ക് ഇൻ ഇന്ത്യാ പദ്ധതി പ്രകാരം അവസാനത്തെ രണ്ടുവർഷം മാത്രം ഓഫ്സെറ്റ് വ്യവസ്ഥകൾ നടപ്പാക്കുന്ന തരത്തിലാണ് ഇളവ് അനുവദിച്ചത്.

പ്രതിരോധ അക്വിസിഷൻ കൗൺസിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ഇളവുകൾ അനുവദിക്കുന്നതിൽ അന്നത്തെ പ്രതിരോധമന്ത്രി മനോഹർ പരീക്കർ അതൃപ്തി പ്രകടിപ്പിച്ചിരുന്നതായും ഒരു ഇംഗ്ലീഷ് ദിനപത്രം റിപ്പോർട്ട് ചെയ്തു.

2016 സെപ്തംബറിൽ റഫാൽ കരാർ ഒപ്പിടുന്നതിന് ഒരു മാസം മുമ്പാണ് സി.സി.എസ് ചേർന്ന് ഇളവുകൾ നൽകാൻ തീരുമാനിച്ചത്.

എന്നാൽ ഓഫ്സെറ്റ് കരാർ വഴി രാജ്യത്തിന് നേട്ടമുണ്ടാകുന്ന തരത്തിലാണ് ഇളവുകൾ അനുവദിച്ചതെന്ന് സർക്കാർ വൃത്തങ്ങൾ വിശദീകരിക്കുന്നു.

## കോൺഗ്രസിന്റെ ആരോപണം

# നോട്ട് നിരോധനത്തിന്റെ മറവിൽ ലക്ഷം കോടിയുടെ വ്യാജ കറൻസി മാറിയെന്ന്

- നോട്ട് അച്ചടിച്ചത് വിദേശത്ത്
- വീഡിയോ ദൃശ്യങ്ങൾ പുറത്തുവിട്ടു
- പ്രധാനമന്ത്രിയുടെ ഓഫീസിനും അമിത് ഷായ്ക്കും പങ്കുണ്ടെന്ന്

ന്യൂഡൽഹി: വിദേശത്ത് അച്ചടിച്ച കോടിക്കണക്കിന് രൂപയുടെ വ്യാജകറൻസി നോട്ട് നിരോധനത്തിന്റെ മറവിൽ കേന്ദ്രസർക്കാരിന്റെയും ബി.ജെ.പിയുടെയും സഹായത്തോടെ മാറ്റിയെടുത്തെന്ന് കോൺഗ്രസ് ആരോപിച്ചു.

ഇതിനായി വിദേശത്ത് അച്ചടിച്ച ഒരു ലക്ഷം കോടി രൂപയുടെ മൂന്ന് സീരീസിലുള്ള നോട്ടുകൾ വ്യോമസേനാ വിമാനത്തിൽ എത്തിച്ചതായും കോൺഗ്രസ് നേതാവ് കപിൽ സിബൽ വാർത്താസമ്മേളനത്തിൽ വെളിപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങളും പുറത്തുവിട്ടു.

പ്രധാനമന്ത്രിയുടെ ഓഫീസും ബി.ജെ.പി അദ്ധ്യക്ഷൻ അമിത് ഷായുമാണ് കുംഭകോണത്തിന് നേതൃത്വം നൽകിയത്. അമിത് ഷായുടെ മകൻ ജയ് ഷാ, ഗുജറാത്ത് ഉപമുഖ്യമന്ത്രി നിതിൻ പട്ടേൽ എന്നിവർക്കും ഇതിൽ പങ്കുണ്ടെന്നും സിബൽ ആരോപിച്ചു.

ഇടപാടുകൾക്ക് നേതൃത്വം നൽകിയ മുൻ റാ ഉദ്യോഗസ്ഥനായ രാഹുൽ റാത്തരേക്കർ ഒരു കൂടിക്കാഴ്ചയിൽ വെളിപ്പെടുത്തിയ വിവരങ്ങളാണ് കപിൽ സിബൽ പുറത്തുവിട്ടത്.

രാഹുലിന്റെ തിരിച്ചറിയൽ കാർഡും പ്രദർശിപ്പിക്കുന്നുണ്ട്. ഒരുലക്ഷംകോടിയുടെ വ്യാജനോട്ടുകൾ ഹിൻഡൻ വ്യോമസേനാ താവളത്തിലാണ് എത്തിച്ചെന്ന് രാഹുൽ വെളിപ്പെടുത്തുന്നു. നിരോധിച്ച നോട്ടുകൾ മാറ്റാൻ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിപുൻ ശർമ്മ എന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം പ്രവർത്തിച്ചിരുന്നു. നോട്ടുകൾ മാറ്റിയെടുക്കാൻ ആദ്യം 15 ശതമാനവും പിന്നീട് 30-40 ശതമാനവും കമ്മിഷൻ ഇടാക്കി.

റിസർവ് ബാങ്കിന്റെ വിവിധ ഓഫീസുകളിൽ തിരഞ്ഞെടുക്കപ്പെട്ട 26 ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. കറൻസി ഇടപാടുകളെക്കുറിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിനെ അറിയിച്ചിരുന്നത് ഇവരാണ്. പൊലീസ്, ക്രൈംബ്രാഞ്ച് അന്വേഷണങ്ങൾ ഒഴിവാക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസും അമിത് ഷായും ഇടപെട്ടു.

വിവരം ചോർത്തുന്നവരെ ഇല്ലാതാക്കിയെന്നും രാഹുൽ വഴി ബേലാപൂരിലെ ആർ.ബി.ഐ ഓഫീസ് വഴി 20,000 കോടി രൂപയുടെ നോട്ടുകൾ മാറി നൽകിയെന്നും വീഡിയോ വെളിപ്പെടുത്തുന്നു.

മുംബയിലെ ബാങ്ക് ശാഖ വഴി 2017 ജൂണിലും പഴയ നോട്ടുകൾ മാറി നൽകി. മഹാരാഷ്ട്രയിലെ എം.ഐ.ഡി.സി ഗോഡൗണിൽ പഴയ നോട്ടുകൾക്ക് പകരം പുതിയ നോട്ടുകൾ കൈമാറുന്നതിന്റെ ദൃശ്യങ്ങളും ഉണ്ട്. 25 കോടി രൂപയുടെ അസാധു നോട്ടുകൾക്ക് പകരം ബേലപൂർ ആർ.ബി.ഐയിൽ നിന്നുള്ള പുതിയ 2000 രൂപയുടെ 7.5 കോടി രൂപ അടങ്ങിയ പെട്ടിയാണ് നൽകിയത്.

ജയ് ഷാ, നിതിൻ പട്ടേൽ എന്നിവരിൽ നിന്ന് 100 കോടി രൂപയുടെ പഴയ കറൻസി സ്വീകരിച്ച ശേഷം അത്രയും തുക ഓൺലൈൻ വഴി ട്രാൻസ്ഫർ ചെയ്തെന്ന് ബാങ്ക് മേധാവി സഞ്ജയ് ഷാനെ വെളിപ്പെടുത്തുന്നത് മറ്റൊരു വീഡിയോയിലുണ്ട്.

## ഭീകരാക്രമണം: ആർ.എസ്.എസ് നേതാവ് കൊല്ലപ്പെട്ടു

ശ്രീനഗർ: കാശ്മീരിലെ കിഷ്ത്വാറിൽ ഭീകരരുടെ വെടിയേറ്റ് ആർ.എസ്.എസ് നേതാവ് ചന്ദ്രകാന്ത് ശർമ കൊല്ലപ്പെട്ടു. അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്ന സുരക്ഷാ ജീവനക്കാരനും കൊല്ലപ്പെട്ടിട്ടുണ്ട്. തിങ്കളാഴ്ച ഉച്ചയ്ക്ക് 12.30 ഓടെ കിഷ്ത്വാറിലെ ഹെൽത്ത് സെന്ററിൽ വച്ചാണ് ശർമയ്ക്കും സുരക്ഷാ ജീവനക്കാരനും നേർക്ക് ഭീകരർ വെടിവയ്പ് നടത്തിയത്. ഗുരുതരമായി പരിക്കേറ്റ ശർമയെ ഹെലികോപ്ടറിൽ ജമ്മു മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പതിവ് ആരോഗ്യ പരിശോധനകൾക്കായാണ് ശർമ്മ കിഷ്ത്വാറിലെ ഹെൽത്ത് സെന്ററിലെത്തിയത്.

ഭീകരർ ഹെൽത്ത് സെന്ററിനുള്ളിലേക്ക് അതിക്രമിച്ച് കയറി ശർമ്മയുടെ സുരക്ഷാ ജീവനക്കാരന്റെ കൈയിൽ നിന്ന് തോക്ക് പിടിച്ചുവാങ്ങിയെന്നാണ് റിപ്പോർട്ട്. അതേസമയം, സംഭവത്തിന് പിന്നാലെ താഴ്‌വരയിൽ അധികൃതർ നിരോധനാജ്ഞ ഏർപ്പെടുത്തി. സംഘർഷസാദ്ധ്യത കണക്കിലെടുത്ത് പലസ്ഥലത്തും ക്രമസമാധാനപാലനത്തിനായി സൈന്യത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സംവാദത്തിന് തയ്യാറുണ്ടോ? മോദിയെ വെല്ലുവിളിച്ച് രാഹുൽ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയെ ട്വിറ്ററിലൂടെ വീണ്ടും സംവാദത്തിന് വെല്ലുവിളിച്ച് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി. "പ്രിയ പ്രധാനമന്ത്രി, അഴിമതിയെക്കുറിച്ച് എന്നോട് സംവാദത്തിലേർപ്പെടാൻ താങ്കൾക്ക് ഭീതിയുണ്ടോ..? ഞാൻ താങ്കൾക്ക് അത് കുറച്ച് എളുപ്പമാക്കിത്തരാം. താങ്കൾക്ക് തയ്യാറെടുപ്പ് നടത്താം. 1-റാഫേലും അനിൽ അംബാനിയും, 2 - നീരവ് മോദി, 3- അമിത് ഷായും നോട്ട് അസാധുവാക്കലും. ഈ മൂന്ന് വിഷയങ്ങളിൽ സംവാദം നടത്താം" - രാഹുൽ ട്വിറ്ററിൽ കുറിച്ചു. 'സംവാദത്തിന് ഭയം' എന്ന ഹാഷ്ടാഗോടെയായിരുന്നു രാഹുലിന്റെ ട്വീറ്റ്. നേരത്തെ മഹാരാഷ്ട്രയിലെ ലാത്തൂരിൽ നടന്ന തിരഞ്ഞെടുപ്പ് റാലിയിൽ പ്രധാനമന്ത്രി കോൺഗ്രസിനെതിരെ ആഞ്ഞടിച്ചിരുന്നു. കോൺഗ്രസിന്റെ പ്രകടനപത്രിക പാകിസ്ഥാൻകാർ സംസാരിക്കുന്ന ഭാഷയുടേതിന് സമാനമാണെന്ന് മോദി പറഞ്ഞിരുന്നു. ഈ വിമർശനത്തിന് പിന്നാലെയാണ് ട്വിറ്ററിലൂടെ മോദിയെ സംവാദത്തിന് വെല്ലുവിളിച്ചിരിക്കുന്നത്.

## അയോദ്ധ്യ തർക്ക രഹിത ഭൂമി കൈമാറൽ: കേന്ദ്രത്തിനെതിരെ നിർമോഹി അഖാഡ

ന്യൂഡൽഹി: അയോദ്ധ്യയിലെ തർക്കരഹിത ഭൂമി യഥാർത്ഥ ഉടമകൾക്ക് തിരികെ നൽകാനുള്ള കേന്ദ്ര നീക്കത്തെ എതിർത്ത് ബാബ്റി മസ്ജിദ് രാമജന്മഭൂമി കേസിലെ പ്രധാനകക്ഷികളിലൊന്നായ നിർമോഹി അഖാഡ സുപ്രീംകോടതിയെ സമീപിച്ചു. ഭൂമി കൈമാറുന്നത് തങ്ങളുടെ അവകാശങ്ങളെ ബാധിക്കുമെന്നും അയോദ്ധ്യ കേസിൽ സുപ്രീംകോടതി തീരുമാനം വരട്ടെയെന്നുമാണ് നിർമോഹി അഖാഡയുടെ വാദം. തർക്കഭൂമി സുന്നി വഖഫ് ബോർഡിനും രാംലല്ലയ്ക്കും നിർമോഹി അഖാഡയ്ക്കും തുല്യമായി വിഭജിച്ചു നൽകിയ 2010-ലെ അലഹാബാദ് ഹൈക്കോടതി വിധിക്കെതിരായ ഹർജികൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

## ബീഫ് വിറ്റുവെന്നാരോപിച്ച് 48കാരന് ആൾക്കൂട്ടമർദ്ദനം

തേസ്പൂർ: ബീഫ് വിറ്റുവെന്നാരോപിച്ച് അസാമിൽ മദ്ധ്യവയസ്കനെ ആൾക്കൂട്ടം മർദ്ദിച്ചു. ഷൗക്കത്ത് അലിക്കാണ് (48) ബിശ്വനാഥ് ജില്ലയിലെ മധുപൂർ ചന്തയിൽ വച്ച് പ്രദേശവാസികളുടെ ക്രൂരമായ മർദ്ദനമേറ്റത്. ഇദ്ദേഹത്തെ ആക്രമിക്കുന്നതിന്റെ ദൃശ്യങ്ങൾ സമൂഹ്യമാദ്ധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. മർദ്ദനത്തിന് പുറമേ, അലിയുടെ പൗരത്വം ചോദ്യംചെയ്യുന്നതും പന്നിമാംസം കഴിക്കാൻ നിർബന്ധിക്കുന്നതും വീഡിയോ ദൃശ്യങ്ങളിൽ കാണാം. പരിക്കേറ്റ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 35 വർഷമായി ബിശ്വനാഥിൽ കച്ചവടം ചെയ്യുകയാണ് ഷൗക്കത്ത് അലി. സംഭവത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതായും ദൃശ്യങ്ങളിലുള്ള ആളുകളെ തിരിച്ചറിയാനുള്ള ശ്രമം നടക്കുന്നതായും അസാം പൊലീസ് അറിയിച്ചു.



1,മർദ്ദനമേറ്റ ഷൗക്കത്ത് അലി2, മർദ്ദിക്കുന്നതിന്റെ വീഡിയോ ദൃശ്യം

## വിവിധം

# യാത്രയായത് കുഞ്ഞാപ്പയുടെ കുഞ്ഞുമാണി

**സ്വന്തം ലേഖകൻ**

മലപ്പുറം: 'കെട്ടിപ്പുണർന്ന് കുതികാൽ വെട്ടുന്നവർക്കിടയിൽ കുഞ്ഞാലിക്കുട്ടിയെ നമ്പാം. കൂടെ നിന്നാൽ ചതിക്കില്ല'. ബാർകോഴ വിവാദം കത്തിനിൽക്കുമ്പോൾ യു.ഡി.എഫിൽ ഒറ്റപ്പെട്ട കെ.എം. മാണിയുടെ വാക്കുകളാണിത്. കേരള കോൺഗ്രസും മുസ്ലിം ലീഗും തമ്മിലെ പാർട്ടി ബന്ധത്തിനും മുകളിലായിരുന്നു മാണിയും കുഞ്ഞാലിക്കുട്ടിയും തമ്മിലെ വ്യക്തിബന്ധം. മാണി യു.ഡി.എഫ് വിട്ടപ്പോഴും അദ്ദേഹവുമായി നിരന്തരം സമ്പർക്കം പുലർത്തിയതും കുഞ്ഞാലിക്കുട്ടി മാത്രം. ഒരുതവണ പോലും പരസ്പരം വിമർശിച്ചിട്ടില്ല. മുന്നണി വിട്ടെങ്കിലും ഇ.അഹമ്മദിന്റെ നിര്യാണത്തെ തുടർന്നുള്ള 2017ലെ മലപ്പുറം ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ കുഞ്ഞാലിക്കുട്ടിക്ക് പരസ്യ പിന്തുണയുമായി മാണിയെത്തി. യു.ഡി.എഫിലേക്കുള്ള പാലവുമല്ല, കലുങ്കുമല്ല. കുഞ്ഞാലിക്കുട്ടിക്കുള്ള പിന്തുണയെന്നാണ് അന്ന് മാണി പറഞ്ഞത്.

ബാർ കോഴ വിവാദത്തിന് പിന്നിൽ കോൺഗ്രസിന്റെ ഗൂഢാലോചനയാണെന്ന വികാരം മാണി കോൺഗ്രസിൽ ശക്തമാവുകയും യു.ഡി.എഫ് യോഗം ബഹിഷ്കരിക്കുകയും ചെയ്തതിന് പിന്നാലെ കോൺഗ്രസ് നേതാക്കൾ മാണിയെ പലതവണ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഫോണെടുത്തില്ല. തൊട്ടുപിന്നാലെ കുഞ്ഞാലിക്കുട്ടിയുടെ വിളിയെത്തിയതോടെ അടുത്ത യോഗത്തിൽ പങ്കെടുക്കാമെന്ന് മാണി സമ്മതിച്ചു. എത്രവലിയ രാഷ്ട്രീയപ്രശ്നങ്ങൾക്കിടയിലും ഈ ഹൃദയബന്ധം ശക്തമായിരുന്നു. ബാർകോഴ വിവാദത്തിൽ ലീഗിനുള്ളിലെ മുറുമുറുപ്പുകൾ പോലും മറികടന്നാണ് കുഞ്ഞാലിക്കുട്ടി മാണിക്ക് പരസ്യപിന്തുണ പ്രഖ്യാപിച്ചത്.

കെ.എം. മാണിക്ക് യു.ഡി.എഫിലേക്ക് മടങ്ങിവരാനുള്ള വേദിയൊരുക്കിയതും കുഞ്ഞാലിക്കുട്ടിയായിരുന്നു. കോഴിക്കോട് ചേർന്ന ഇ. അഹമ്മദ് അനുസ്മരണ സമ്മേളനത്തിൽ കണ്ടാൽമിണ്ടാതിരുന്ന കെ.എം. മാണിയെയും കോൺഗ്രസ് നേതാക്കളെയും ഒന്നിച്ചിരുത്തി കൈകൊടുപ്പിച്ചു. കേരളകോൺഗ്രസ് യു.ഡി.എഫിൽ ഉണ്ടാവണമെന്ന വ്യക്തമായ സന്ദേശം കുഞ്ഞാലിക്കുട്ടി വേദിയിൽ വച്ചുതന്നെ കോൺഗ്രസ് നേതാക്കൾക്കേകി. യു.ഡി.എഫിലേക്ക് മടങ്ങുന്നതിന്റെ ഉപാധിയായി രാജ്യസഭ സീറ്റ് വേണമെന്ന മാണിയുടെ നിലപാടിന് പിന്തുണ നൽകിയതും കുഞ്ഞാലിക്കുട്ടിയായിരുന്നു. ഈ ഇഴയടുപ്പമാണ് കുഞ്ഞാലിക്കുട്ടിയും കുഞ്ഞുമാണിയുമെന്ന പ്രയോഗം തന്നെ സമ്മാനിച്ചത്. ഏറ്റവുമൊടുവിൽ കോട്ടയം സീറ്റിനെ ചൊല്ലി കേരള കോൺഗ്രസിൽ മാണിയും ജോസഫും തമ്മിലുണ്ടായ പ്രശ്നത്തിൽ ഒത്തുതീർപ്പ് ചർച്ച നടത്താൻ കോൺഗ്രസ് നിയോഗിച്ചതും കുഞ്ഞാലിക്കുട്ടിയെയായിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണ തിരക്കിനിടയിലും കഴിഞ്ഞ ദിവസം കുഞ്ഞാലിക്കുട്ടി മാണിയെ കാണാൻ ആശുപത്രിയിലെത്തിയിരുന്നു. നഷ്ടപ്പെട്ടത് ബന്ധുവിനെയാണെന്ന കുഞ്ഞാലിക്കുട്ടിയുടെ വാക്കിലുമുണ്ട് നഷ്ടത്തിന്റെയും അടുപ്പത്തിന്റെയും ആഴം.

## മസാല ബോണ്ട്: മുഖ്യമന്ത്രിയുടെ വാദം പച്ചക്കള്ളമെന്ന് ചെന്നിത്തല

**പ്രത്യേക ലേഖകൻ**

കണ്ണൂർ : കിഫ്ബിയുടെ മസാല ബോണ്ടിന് പലിശ കുറവാണെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ വാദം പച്ചക്കള്ളമാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. കണ്ണൂർ പ്രസ് ക്ലബിന്റെ മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിട്ടുള്ള മറ്റു സ്ഥാപനങ്ങളുടെ ബോണ്ടുകൾക്ക് നാല് ശതമാനം വരെയാണ് പലിശ. എന്നാൽ മസാല ബോണ്ടിന് 9.37 ശതമാനം പലിശയാണ്.

മസാല ബോണ്ട് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും സർക്കാർ പുറത്തുവിടണം. 2024 മുതൽ 25 വർഷത്തെ കാലാവധിയാണ് ബോണ്ടിനെന്നാണ് സർക്കാർ പറഞ്ഞിരുന്നത്. പക്ഷേ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വെബ്സൈറ്റിലെ കാലാവധി അഞ്ചു വർഷമാണ്. ഏതാണ് ശരിയെന്ന് സർക്കാർ പറയണം. 25 വർഷമാണെങ്കിൽ പലിശമാത്രം 5213 കോടി രൂപ നൽകണം. ഓരോ വർഷവും 209 കോടി രൂപയാണ് പലിശയെന്നും ചെന്നിത്തല പറഞ്ഞു.

## കമ്മ്യൂണിസ്റ്റ് തകർച്ച പ്രവചിച്ച മാണിയുടെ അദ്ധ്വാന വർഗസിദ്ധാന്തം

കോട്ടയം: സി.പി.എം പ്രത്യയശാസ്ത്ര തകർച്ചയെ നേരിടുമ്പോൾ ഉണ്ടാവുന്ന വിടവ് നികത്താൻ കെ.എം. മാണി കൊണ്ടുവന്നതാണ് അദ്ധ്വാന വർഗത്തിൽ അധിഷ്ഠിതമായ കേരള കോൺഗ്രസിന്റെ ജനകീയ സോഷ്യലിസം.

ചൂഷണ രഹിത സമൂഹം കെട്ടിപ്പടുക്കുക, അദ്ധ്വാന വർഗത്തിന് ഉത്തേജനം പകരുക, വർദ്ധിത സമ്പത്തു വിളയിക്കുക, നീതി പൂർവകമായ വിതരണം ഉറപ്പു വരുത്തുക, നിതിനിഷ്ഠമായ വികസനം കൈവരുത്തുക എന്നീ അഞ്ച് തത്വങ്ങളടങ്ങുന്നതാണ് അദ്ധ്വാനവർഗസിദ്ധാന്തം. കമ്മ്യൂണിസത്തിന്റെയും മുതലാളിത്വത്തിന്റെയും ദോഷങ്ങൾ ഒഴിവാക്കി അദ്ധ്വാനവർഗത്തിന്റെ ഉന്നമനം ഉറപ്പാക്കുന്ന ജനകീയ സോഷ്യലിസമാണ് താൻ വിഭാവനം ചെയ്യുന്ന സമ്പദ്‌വ്യവസ്ഥയെന്ന് കെ.എം.മാണി അദ്ധ്വാനവർഗസിദ്ധാന്തത്തിൽ കുറിക്കുന്നു. സ്വകാര്യ സ്വത്തവകാശം നിലനിറുത്തി എന്നാൽ സ്വകാര്യ സമ്പത്തിന്റെ കേന്ദ്രീകരണത്തെയും കുത്തകമുതലാളിത്തത്തെയും തടഞ്ഞു നിറുത്തി അദ്ധ്വാനവർഗ താത്പര്യങ്ങൾ ഭദ്രമാക്കുന്ന സമ്പദ് വ്യവസ്ഥയാണിത്. വർഗസമരവും രക്തരൂഷിത വിപ്ലവവും ഇല്ലാതെ വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ഈ പുത്തൻ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരിക്കാമെന്ന് ഞാൻ വിശ്വസിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി - അതാണ് എന്റെ കാഴ്ചപ്പാട്. 1973ൽ ആലുവ സാമ്പത്തിക പ്രമേയവും 1978ൽ അദ്ധ്വാന വർഗസിദ്ധാന്തവും രചിച്ച് സ്വന്തം പ്രസ്ഥാനത്തിന് പ്രത്യയശാസ്ത്രപരമായ ചട്ടക്കൂട് നൽകിയ മാണി 1985ൽ കേന്ദ്ര സംസ്ഥാനബന്ധങ്ങളിൽ പൊളിച്ചെഴുത്തും നിർദ്ദേശിച്ചു.

## പമ്പയിലെ ജലക്ഷാമം: ഡാം തുറക്കാൻ ഹൈക്കോടതി നിർദ്ദേശം

കൊച്ചി: പമ്പയിലെ ജലക്ഷാമം പരിഹരിക്കാൻ ശബരിഗിരി ജല വൈദ്യുത പദ്ധതിയിലുൾപ്പെട്ട കല്ലാർ, കക്കി ഡാമുകളിൽ നിന്ന് വേണ്ടത്ര വെള്ളം തുറന്നുവിടാൻ ഹൈക്കോടതി നിർദ്ദേശം നൽകി.

വെള്ളം തുറന്നുവിടാൻ സർക്കാരിനും പത്തനംതിട്ട ജില്ലാ ഭരണകൂടത്തിനും കെ.എസ്.ഇ.ബിക്കും നിർദ്ദേശം നൽകണമെന്ന് വ്യക്തമാക്കി ശബരിമല സ്പെഷ്യൽ കമ്മിഷണർ എം. മനോജ് നൽകിയ റിപ്പോർട്ടിനെ തുടർന്നാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ്.

മാസപൂജയ്ക്കും വിഷു ഉത്സവത്തിനുമായി ഏപ്രിൽ 10ന് നട തുറക്കുന്നതിനുമുമ്പ് നടപടി വേണമെന്നും സ്പെഷ്യൽ കമ്മിഷണറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

## സിസ്റ്റർ ലൂസിക്ക് പിന്തുണയുമായി ഐക്യദാർഢ്യ സമിതി

മാനന്തവാടി: ബിഷപ്പ് ഫ്രാങ്കോയ്ക്കെതിരെ സമരം നടത്തിയതിന് സഭാ നടപടി നേരിടുന്ന സിസ്റ്റർ ലൂസിക്ക് പിന്തുണയുമായി ഐക്യദാർഢ്യ സമിതി. വിഷയത്തിൽ പൊതുസംവാദത്തിനൊരുങ്ങുകയാണ് ഐക്യദാർഢ്യ സമിതി. സിസ്റ്റർ ലൂസി ഒറ്റയ്ക്കല്ലെന്നും 'രൂപതയോട് ജനങ്ങൾക്ക് ചിലത് പറയാനുണ്ട്' എന്നും കാണിച്ച് സമിതി പോസ്റ്ററുകൾ പതിച്ചിട്ടുണ്ട്.

13ന് മാനന്തവാടിയിൽ സിസ്റ്റർ ലൂസിക്ക് ജനകീയ ഐക്യദാർഢ്യം പരിപാടി നടക്കും. വൈകീട്ട് 5 മണിക്ക് മാനന്തവാടിയിൽ പ്രൊഫ. സിസ്റ്റർ കുസുമം ഉദ്ഘാടനം ചെയ്യും. ഡോ. ജെ.ജെ. പള്ളത്ത്, കെ.എസ്.ഹരിഹരൻ, ഡോ. പി.ജി.ഹരി, സുലോചന രാമകൃഷ്ണൻ, കെ.അമ്മിണി, വർഗ്ഗീസ് വട്ടേക്കാട്, ഷാന്റോ ലാൽ, സലീംകുമാർ, സാം പി മാത്യു തുടങ്ങിയവർ സംബന്ധിക്കും. സിസ്റ്റർ ലൂസിയെ പുറത്താക്കുമെന്ന് കാണിച്ച് മാനന്തവാടി രൂപത ഇതിനകം മൂന്ന് നോട്ടീസ് നൽകിക്കഴിഞ്ഞു. അതിനിടെയാണ് സിസ്റ്റർ ലൂസിയുടെയും രൂപതയും തമ്മിലുള്ള വിഷയം സഭയ്ക്ക് പുറത്ത് ചർച്ചാവിഷയമാവുന്നത്.




സിസ്റ്റർ ലൂസിക്ക് ഐക്യദാർഢ്യവുമായി മാനന്തവാടിയിൽ പതിച്ച പോസ്റ്റർ

## അമേച്വർ നാടക മത്സരത്തിന് 12 നാടകങ്ങൾ

തൃശൂർ: സംഗീത നാടക അക്കാഡമി സംഘടിപ്പിക്കുന്ന സംസ്ഥാന അമേച്വർ നാടക മത്സരത്തിന്റെ മേഖലാ തലത്തിൽ അവതരിപ്പിക്കുന്നതിന് 12 നാടകങ്ങൾ തിരഞ്ഞെടുത്തതായി സെക്രട്ടറി എൻ. രാധാകൃഷ്ണൻ നായർ അറിയിച്ചു.

നാരങ്ങ നീര് (ജ്വാല ആർട്സ് സെന്റർ ആൻഡ് ലൈബ്രറി കുഞ്ഞിമംഗലം, കണ്ണൂർ), കേളപ്പജി (നാട്ടക് കൊയിലാണ്ടി മേഖല കമ്മിറ്റി, കൊയിലാണ്ടി, കോഴിക്കോട്), മൂന്നാംകുന്ന് (നാടകം പൂക്കുന്ന കാട്, ചേളന്നൂർ, കോഴിക്കാട്), ഗുളികനും കുന്തോലനും (തിയേറ്റർ ലവേഴ്സ്, കോഴിക്കോട്), വെളിച്ചം (ബ്ലാക്ക് കർട്ടൻ, കുളത്തൂർ, മലപ്പുറം), ചേരള ചരിതം (നാടകസംഘം, കോങ്ങാട്, പാലക്കാട്), മാളി (പഞ്ചമി തിയേറ്റേഴ്സ്, അടാട്ട്, തൃശ്ശൂർ), ആദ്യത്തെ രാജാവും അവസാനത്തെ റാണിയും (ഞമനേങ്ങാട് തിയേറ്റർ വില്ലേജ്, തൊഴിയൂർ, തൃശ്ശൂർ), സുഹറയും സരസ്വതിയും (ബ്ലാക്ക് ഫിസ്റ്റ് തിയേറ്റർ ഗ്രൂപ്പ്, തൃശ്ശൂർ), പെണ്ണ് (പുലരി നാടക കലാകേന്ദ്രം, ചാലക്കുടി), ശകുന്തള ട്രാവൽസ് (സുവർണ്ണ തിയേറ്റേഴ്സ്, വളയഞ്ചിറങ്ങര, പെരുമ്പാവൂർ), മണ്ണിര (സെലിബ്രേഷൻസ് നാടകസംഘം, എറണാകുളം) എന്നീ നാടകങ്ങളാണ് തിരഞ്ഞെടുത്തത്. നാടകങ്ങളുടെ മേഖലാതല മത്സരം ജൂണിൽ നടക്കും.

## ബസ് സർവീസും സൗജന്യ യാത്രയും

ബാലരാമപുരം: മംഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളിദേവീ ക്ഷേത്രത്തിലെ തൂക്കമഹോത്സവത്തോടനുബന്ധിച്ച് കാട്ടുനട അമ്മക്ക് പൊങ്കാല അർപ്പിക്കുന്ന 12 ന് സൗജന്യ യാത്രാ സൗകര്യമൊരുക്കുമെന്ന് തൂക്കമഹോത്സവകമ്മിറ്റി അറിയിച്ചു.



## ജില്ലാ സമ്മേളനം

തിരുവനന്തപുരം: യു.ഡി.എഫ് എസ്.സി / എസ്.ടി ഏകോപന സമിതി ജില്ലാ സമ്മേളനം ഡി.സി.സി ഓഫീസിൽ വൈസ് പ്രസിഡന്റ് കാവല്ലൂർ മധു ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം, ആറ്റിങ്ങൽ ലോക്സഭാ മണ്ഡലങ്ങളിലെ യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കണമെന്ന് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ജില്ലാ ചെയർമാൻ അശോകൻ എ.കെ. നഗർ അദ്ധ്യക്ഷത വഹിച്ചു. പേരൂർക്കട രവി, ശരവണചന്ദ്രൻ, ജെ.സി. യോഹന്നാൻ, ജോയി, അജയൻ, രണ്ടാംചിറ മണിയൻ, ശിവാനന്ദൻ, തിരുപുറം സുരേഷ്, മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

## വികലാംഗ പെൻഷൻ കിട്ടുന്നില്ലെന്ന് പരാതി

തിരുവനന്തപുരം: കഴിഞ്ഞ അഞ്ച് മാസമായി വികലാംഗ ക്ഷേമ പെൻഷൻ ലഭിക്കുന്നില്ലെന്ന് ആരോപിച്ച് ഡിഫറന്റ്ലി ഏബിൾഡ് പീപ്പിൾ കോൺഗ്രസ് കമ്മിറ്റി മുഖ്യമന്ത്രി, മന്ത്രി കെ.കെ. ശൈലജ, മന്ത്രി കെ.ടി. ജലീൽ എന്നിവർക്ക് നിവേദനം നൽകി.

## റിട്ട. എസ്.ഐയെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധം

തിരുവനന്തപുരം: കോവളത്ത് കൊടിമരം മാറ്റുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തിൽ സാംസ്കാരിക സമിതി സെക്രട്ടറിയായ റിട്ട എസ്.ഐ സുഗതനെ പൊലീസ് മർദ്ദിക്കുകയും കേസെടുക്കുകയും ചെയ്ത നടപടി പ്രതിഷേധാർഹമാണെന്ന് കേരള പൊലീസ് പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ പറഞ്ഞു. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ സുഗതനെ ക്രൂരമായി മർദ്ദിച്ച കോവളം എസ്.ഐക്കും പൊലീസുകാർക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ആർ. രാധാകൃഷ്ണൻ നായരുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറി പി. വാസുദേവൻ നായർ, എൻ. സോമൻ നായർ, കെ. കുമാരപിള്ള, സുധാകരൻ, അനിൽതമ്പി എന്നിവർ സംസാരിച്ചു.



*പീപ്പിൾ ഫോർ ജസ്റ്റിസ് ആൻഡ് പീസിന്റെ പ്രസിന്റായി തിരഞ്ഞെടുക്കപ്പെട്ട അലക്സ് ജേക്കബ്, സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കാട്ടക്കട സനൽ എന്നിവർ*

## ഗള്ളി ക്രിക്കറ്റ് സമാപിച്ചു

തിരുവനന്തപുരം: ടെക്നോപാർക്കിലെ ഐ.ടി കമ്പനികൾക്കായി സംഘടിപ്പിച്ച ഗള്ളി ക്രിക്കറ്റ് ടെക്നോപാർക്ക് ക്ലബ് ഗ്രൗണ്ടിൽ സമാപിച്ചു. ആർ.എം എഡ്യൂക്കേഷനാണ് പുരുഷ വിഭാഗം ജേതാക്കൾ. ഫൈനലിൽ ഗള്ളി സ്റ്റാർസിനെ തോൽപ്പിച്ചു. എച്ച് ആൻഡ് ആർ ബ്ലോക്കിനെ പരാജയപ്പെടുത്തി സൂപ്പർ നോവ വനിതാ വിഭാഗം ചാമ്പ്യൻമാരായി.

ഐ.ടി അധിഷ്ഠിത സ്പോർട്സ്- ലൈഫ് സ്റ്റൈൽ മാനേജ്മെന്റ് കമ്പനിയായ ഇംപൾസ് സ്പോർട്സാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്. ഇൻഫോസിസ്, ടി.സി.എസ് തുടങ്ങി 48 കമ്പനികൾ ടൂർണമെന്റിൽ പങ്കെടുത്തു. ക്ലാപ് റിസേർച്ച് സി.ഇ.ഒ അനൂപ് അംബിക വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. ഇംപൾസ് സ്പോർട്സ് മാനേജിംഗ് ഡയറക്ടർ നിതിൻ അനിൽകുമാർ, അൻസാർ എച്ച്.എൻ എന്നിവർ സംസാരിച്ചു.

## പെരുമൺ ക്ഷേത്രം

കഴക്കൂട്ടം: പെരുമൺ ശ്രീമഹാവിഷ്ണു ക്ഷേത്രത്തിലെ ഉപദേവത പ്രതിഷ്ഠയും ചുറ്റമ്പലസമർപ്പണ സമ്മേളനവും വ്യാഴാഴ്ച രാവിലെ പത്തിന് അശ്വതിതിരുന്നാൾ ഗൗരി ലക്ഷ്മിബായി തമ്പുരാട്ടി ഉദ്ഘാടനം ചെയ്യും. ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് ചെയർമാൻ എം. രാജഗോപാലൻ നായർ, വി. ശങ്കരൻ പോറ്റി, ജി.എൽ.. വിനയകുമാർ തുടങ്ങിയവർ പങ്കെടുക്കും.

## ഗുണ്ടാ ആക്ട് പ്രകാരം അറസ്റ്റിൽ


തിരുവനന്തപുരം: കഴക്കൂട്ടത്ത് ഗുണ്ടാ-അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കഴക്കൂട്ടം ഇലപ്പകുഴി പുതുവൽ പുത്തൻവീട്ടിൽ ചക്ക അജീഷ് എന്നുവിളിക്കുന്ന അജീഷിനെ (23) കരുതൽ തടങ്കൽ നിയമ പ്രകാരം അറസ്റ്റു ചെയ്തു. സൈബർ സിറ്റി പൊലീസ് അസിസ്റ്റന്റ് കമ്മിഷണറുടെ നേതൃത്വത്തിൽ കഴക്കൂട്ടം ഇൻസ്പെക്ടർ അൻവർ. എം, എസ്.ഐ ഷാജി എ.എസ്.ഐ ഹാഷിം എന്നിവർ ചേർന്നാണ് അറസ്റ്റു ചെയ്തത്.

# ബോണക്കാട് കുരിശുമല തീർത്ഥാടനം ഇന്ന് മുതൽ, സമാപനം 14ന്

കെ.മണിലാൽ

വിതുര: കിഴക്കിന്റെ കാൽവരി എന്നറിയപ്പെടുന്ന ബോണക്കാട് കുരിശുമല തീർത്ഥാടനത്തിന് ഇന്ന് തുടക്കമാവും. രാവിലെ 11 ന് ലീജിയൻ ഒഫ് മേരി നെയ്യാറ്റിൻകര കമ്മിസിയത്തിന്റെ നേതൃത്വത്തിൽ ബോണക്കാട്ടേക്ക് ജപമാല പദയാത്രയും തീർത്ഥാടന പതാക പ്രയാണവും നടക്കും . ഉച്ചയ്ക്ക് 1 ന് നെയ്യാറ്റിൻകര രൂപത വികാരി ജനറൽ മോൺ. ജി. ക്രിസ്തുദാസ് തീർത്ഥാടനത്തിന് തുടക്കംകുറിച്ച് കൊടിയേറ്റ് കർമ്മം നിർവഹിക്കും. വൈകിട്ട് നടക്കുന്ന ഉദ്ഘാടന സമ്മേളനം ശബരീനാഥൻ എം.എൽ.എ നിർവഹിക്കും.

നാളെ രാവിലെ 10 ന് പാറശാല രൂപത മെത്രാൻ ഡോ. തോമസ് മാർ യൗസേബിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി,



*ബോണക്കാട് കുരിശുമല*

വൈകിട്ട് 3 ന് നടക്കുന്ന സഭ ഐക്യസമ്മേളനം പൂഞ്ഞാർ എം.എൽ.എ പി.സി. ജോർജ് ഉദ്ഘാടനം ചെയ്യും. 12ന് രാവിലെ 10 ന് കൊല്ലം മുൻ ബിഷപ് ഡോ. സ്റ്റാൻലി റോമന്റെ മുഖ്യ കാർമ്മികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലി. വൈകിട്ട് 3 ന് നടക്കുന്ന മതസൗഹൃദ സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്യും.13 ന് രാവിലെ 10 ന് നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസെന്റ് സാമുവൽ മുഖ്യ കാർമ്മികത്വം വഹിക്കുന്ന പൊന്തിഫിക്കൽ ദിവ്യബലി. വൈകിട്ട് 3 ന് നടക്കുന്ന സാംസ്കാരിക സമ്മേളനം എം. വിൻസെന്റ് എം.എൽ.എ ഉദ്ഘാടനം ചെയ്യും.

സമാപന ദിനമായ 14 ന് രാവിലെ 10.30 ന് നെടുമങ്ങാട് റീജിയണൽ കോ- ഓർഡിനേറ്റർ മോൺ. റൂഫസ് പയസലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഓശാന ഞായർ ആചരണം, ഉച്ചയ്ക്ക് 2 ന് ഡോ. ക്രിസ്തുദാസ് തോംസണിന്റെ മുഖ്യ കാർമ്മികത്വത്തിൽ ബോണക്കാട് അമലോത്ഭവമാതാ പള്ളിയിലേക്ക് ആയിരങ്ങൾ പങ്കെടുക്കുന്ന പരിഹാര ശ്ലീവാപാത. വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം കെ.ആർ.എൽ.സി.സി വക്താവ് ഷാജി ജോർജ് ഉദ്ഘാടനം ചെയ്യും.

## വട്ടിയൂർക്കാവ് കടിയക്കോണം ദേവി ക്ഷേത്രം

തിരുവനന്തപുരം : വട്ടിയൂർക്കാവ് ശ്രീ കടിയക്കോണം ദേവി ക്ഷേത്രത്തിലെ മഹോത്സവവും പ്രതിഷ്ഠാ വാർഷികവും 12 ന് കൊടിയേറി 18 ന് സമാപിക്കും.

12 ന് രാവിലെ 4.50 ന് പള്ളിയുണർത്തൽ ,5.നു.ഠ ന് മഹാഗണപതിഹോമം, 8 ന് മൃത്യുഞ്ജയഹോമം, വൈകിട്ട് 5 നും 6 .30 നും മദ്ധ്യേ തൃക്കൊടിയേറ്റ്. 6.45 ന് ചുറ്റുവിളക്ക്. 13 ന് രാവിലെ 5.30 ന് മഹാഗണപതിഹോമം,7.30 ന് ഭദ്രകാളിപ്പാട്ട്, ഉച്ചയ്ക്ക് 12 ന് അന്നദാനം , വൈകിട്ട് 5ന് ശനിദോഷ നിവാരണപൂജ ,6.15 ന് ചുറ്റുവിളക്ക്, 7.30 ന് ഡാൻസ്. 14 ന് രാവിലെ 7.30 ന് ഭദ്രകാളിപ്പാട്ട്,8.30 ന് നാളികേരപൂജ, ഉച്ചയ്ക്ക് 12 ന് അന്നദാനവും, രാത്രി 8.30 ന് ദേവിയുടെ തൃക്കല്യാണം. രാത്രി പാൽപായസം.15 ന് രാവിലെ 7.30 ന് ഭദ്രകാളിപ്പാട്ട്, ഉച്ചയ്ക്ക് 12.30 ന് അന്നദാനവും, വൈകിട്ട് 4.45 ന് ഐശ്വര്യപൂജ, 6.30 ന് അലങ്കാര ദീപാരാധന. 16 ന് രാവിലെ 5.30 ന് മഹാഗണപതിഹോമം, 7.30 ന് ഭദ്രകാളിപ്പാട്ട്, 11.30 ന് കഞ്ഞിവീഴ്ത്ത്, രാത്രി 830 ന് വലിയ മുടി കുടിയിരുത്ത്,രാത്രി 11 ന് ബലിതൂവൽ,17 ന് രാവിലെ 6.30 ന് കുങ്കുമാഭിഷേകം,7.30 ന് ഭദ്രകാളിപ്പാട്ട്, 8.30 ന് നാളികേര പൂജ, 12. ന് അന്നദാനം, തുടർന്ന് പടയണി. 18 ന് രാവിലെ 5.30 ന് മഹാഗണപതിഹോമം, 7.15 ന് പൊങ്കാല ദീപം കത്തിക്കൽ, വൈകിട്ട് 6.15 ന് ചുറ്റുവിളക്ക്, 6.45 ന് താലപ്പൊലി ഘോഷയാത്ര, 11.30 ന് കൊടിയിറക്ക്, ഗുരുസി

## സി.വി. കുഞ്ഞുരാമൻ സാഹിത്യപുരസ്കാരം സുഗതകുമാരിക്ക് ഇന്ന് സമ്മാനിക്കും

തിരുവനന്തപുരം: സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സാഹിത്യപുരസ്കാരം ഇന്ന് കവയിത്രി സുഗതകുമാരിക്ക് സമ്മാനിക്കും.

രാവിലെ 11 ന് സുഗതകുമാരിയുടെ വസതിയിൽ നടക്കുന്ന ചടങ്ങിൽ ഫൗണ്ടേഷൻ ചെയർമാൻ എം.മുകുന്ദനാണ് പുരസ്കാരം സമ്മാനിക്കുന്നത്.മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സമഗ്രസംഭാവന പരിഗണിച്ചാണ് പുരസ്കാരം. 10,001 രൂപയും പ്രശസ്തിപത്രവും ആർട്ടിസ്റ്റ് ബി.ഡി. ദത്തൻ രൂപകല്പന ചെയ്ത ശില്പവുമടങ്ങുന്നതാണ് പുരസ്കാരമെന്ന് ഫൗണ്ടേഷൻ സെക്രട്ടറി ഹാഷിം രാജൻ അറിയിച്ചു.

# മുഖ്യമന്ത്രിയുടെ അകമ്പടി വാഹനം അപകടത്തിൽപ്പെട്ടു; നാലുപേർക്ക് പരിക്ക്

വെമ്പായം: എം.സി റോഡിൽ കൊപ്പം അന്താരാഷ്ട്ര നീന്തൽ കുളത്തിനു സമീപം മുഖ്യമന്ത്രിയുടെ അകമ്പടി വാഹനം അപകടത്തിൽപ്പെട്ട് പൊലീസുകാരുൾപ്പെടെ നാലുപേർക്ക് പരിക്കേറ്റു.

ഇന്നലെ രാത്രി 8.10ന് ആയിരുന്നു അപകടം. എതിർദിശയിൽ വരികയായിരുന്ന ബൈക്കിൽ ഇടിക്കാതിരിക്കാൻ വെട്ടിക്കുന്നതിനിടെ നിയന്ത്രണംവിട്ട ജീപ്പ് എതിരെ വന്ന കാറിൽ ഇടിക്കുകയും സമീപത്തെ വൈദ്യുത തൂണിൽ ഇടിച്ച് മറിയുകയുമായിരുന്നു.

മംഗലപുരം സി.ഐ ജെസ്റ്റിൻജോൺ (40), എ.എസ്.ഐ രാധാകൃഷ്ണൻ (44), ബൈക്ക് യാത്രികൻ കൊപ്പം സ്വദേശി നിതിൻകുമാർ (24), കാർ യാത്രക്കാരൻ കന്യാകുളങ്ങര സ്വദേശി അസീം(38) എന്നിവർക്കാണ് പരിക്കേറ്റത്.

കല്ലറയിൽ എ. സമ്പത്തിന്റെ തിരഞ്ഞെടുപ്പ് കൺവെൻഷൻ കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് മടങ്ങിയ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹത്തിന് എസ്കോർട്ടായി വരുകയായിരുന്ന മംഗലപുരം സി.ഐയുടെ ജീപ്പ്.

പരുക്കേറ്റവരെ വെഞ്ഞാറമൂട്ടിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## അമ്മത്തൊട്ടിലിൽ പുതിയ കുരുന്നെത്തി, 'നിർഭയൻ'

തിരുവനന്തപുരം: തൈക്കാട് ശിശുക്ഷേമ സമിതി ആസ്ഥാനത്തെ ഹൈടെക് അമ്മത്തൊട്ടിലിൽ പുതിയ അതിഥിയെത്തി. കഴിഞ്ഞ ദിവസം രാത്രി 9ന് ആണ് മൂന്നുമാസം പ്രായം തോന്നിക്കുന്ന ആൺകുട്ടിയെ ഉപേക്ഷിച്ച നിലയിൽ ലഭിച്ചത്.

തൊടുപുഴയിൽ ക്രൂരമർദ്ദനമേറ്റ് മരിച്ച ഏഴ് വയസുകാരന്റെ സ്മരണ നിലനിറുത്തുന്നതിനായി ഈ കുരുന്നിന് പ്രതീകാത്മകമായി 'നിർഭയൻ' എന്ന പേരിട്ടതായി സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ദീപക് എസ്.പി പത്രക്കുറിപ്പിൽ അറിയിച്ചു.

അതിഥിയുടെ വരവ് അറിയിച്ചുകൊണ്ട് ദത്തെടുക്കൽ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള മോണിറ്ററിൽ കുട്ടിയുടെ ചിത്രവും ഭാരവും രേഖപ്പെടുത്തിക്കൊണ്ടുള്ള സന്ദേശമെത്തി.

ദത്തെടുക്കൽ കേന്ദ്രത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സുമാരായ ശിവലക്ഷ്മിയും സൂര്യരാജും കുട്ടിയെ സ്വീകരിച്ച് തുടർ പരിചരണത്തിനായി ദത്തെടുക്കൽ കേന്ദ്രത്തിലെത്തിച്ചു. 4 കിലോഗ്രാം ഭാരമുള്ള ' നിർഭയൻ ' പൂർണ ആരോഗ്യവാനാണ്.

തിരുവനന്തപുരം അമ്മത്തൊട്ടിലിൽ ലഭിക്കുന്ന 124ാമത്തെ കുട്ടിയും 63ാമത്തെ ആൺകുഞ്ഞുമാണ്. ദത്തെടുക്കൽ നടപടികൾ ആരംഭിക്കേണ്ടതിനാൽ കുഞ്ഞിന് അവകാശികൾ ആരെങ്കിലുമുണ്ടെങ്കിൽ സമിതി അധികൃതരുമായി ബന്ധപ്പെടണമെന്ന് ജനറൽ സെക്രട്ടറി അഡ്വ. ദീപക് എസ്.പി പത്രക്കുറിപ്പിൽ അറിയിച്ചു.



*റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനത്തിന് സഹായിക്കുന്ന സംരംഭമായ കേരള സ്റ്റേറ്റ് റസിഡൻഷ്യൽ കൗൺസിൽ സംസ്ഥാന ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഷാഹിർ ഇസ്മയിൽ.*

## ബി.ജെ.പി ഇനി അധികാരത്തിൽ എത്തില്ല : ചെന്നിത്തല

തിരുവനന്തപുരം : നരേന്ദ്രമോദിയുടെ കാപട്യം ജനങ്ങൾ തിരിച്ചറിഞ്ഞെന്നും ഇനി ബി.ജെ.പി അധികാരത്തിലെത്തില്ലെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

ശശീതരൂരിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ശ്രീകണ്ഠേശ്വരത്ത് സംഘടിപ്പിച്ച പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വി.എസ്. ശിവകുമാർ എം.എൽ.എ, ടി. പീതാംബരകുറുപ്പ്, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, ബീമാപള്ളി റഷീദ്, ജി.എസ്. ബാബു, മണക്കാട് സുരേഷ്, ജി.വി. ഹരി, എം. പോൾ, പാലിയോട് സദാനന്ദൻ, ബ്ലോക് പ്രസിഡന്റ് പി. പത്മകുമാർ തുടങ്ങിയവർ സംസാരിച്ചു.



*ശശിതരൂരിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ശ്രീകണ്ഠേശ്വരത്ത് സംഘടിപ്പിച്ച പൊതുയോഗം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു*

# ചെങ്കൽ മഹേശ്വരം ക്ഷേത്രത്തിലെ ശിവലിംഗം ഏഷ്യയിൽ ഒന്നാമത്

പാറശാല: ചെങ്കൽ മഹേശ്വരം ശ്രീ ശിവപാർവതി ക്ഷേത്രത്തിലെ നൂറ്റിപതിനൊന്നടി ഉയരമുള്ള ശിവലിംഗം ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയതാണെന്ന ഏഷ്യാ ബുക്ക് ഒഫ് റെക്കാഡ്സ് നൽകിയ സർട്ടിഫിക്കറ്റ് ക്ഷേത്ര മഠാധിപതി സ്വാമി മഹേശ്വരാനന്ദ സരസ്വതിക്ക് ഗവർണർ പി. സദാശിവം കൈമാറി. ഏറ്റവും വലിയ ശിവലിംഗ നിർമ്മാണത്തിലൂടെ ചെങ്കൽ ക്ഷേത്രം എല്ലാ ജാതിമതസ്ഥർക്കും കടന്നുവരാവുന്ന ദേശീയ തീർത്ഥാടന കേന്ദ്രമായി മാറട്ടെയെന്ന് ഗവർണർ ആശംസിച്ചു.

വിയറ്റ്നാം ബുക്ക് ഒഫ് റെക്കാഡ്സ്, നേപ്പാൾ ബുക്ക് ഒഫ് റെക്കാഡ്സ്, ഇൻഡോനേഷ്യൻ പ്രൊഫഷണൽ സ്പീക്കേഴ്സ് അസോസിയേഷൻ തുടങ്ങിയവയുടെ പ്രതിനിധികൾ ക്ഷേത്രം സന്ദർശിച്ച് വിലയിരുത്തിയതിനെ തുടർന്നാണ് റെക്കാഡ് നൽകിയത്. ക്ഷേത്ര ഉപദേശക സമിതി രക്ഷാധികാരിയും മുൻ കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുമായ നന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. ക്ഷേത്രം ട്രസ്റ്റ് രക്ഷാധികാരി പ്രൊഫ. തുളസീദാസൻ നായർ, മേൽശാന്തി കുമാർ മഹേശ്വരം, ഓലത്താന്നി അനിൽ എന്നിവർ പങ്കെടുത്തു. ശിവലിംഗം ഉടൻ തന്നെ ഭക്തജനങ്ങൾക്കായി തുറന്ന് കൊടുക്കുമെന്ന് സ്വാമി മഹേശ്വരാനന്ദ സരസ്വതി അറിയിച്ചു.



*ചെങ്കൽ മഹേശ്വരം ക്ഷേത്രത്തിലെ നൂറ്റിപതിനൊന്നടി ഉയരമുള്ള ശിവലിംഗത്തിന് ഏഷ്യാ ബുക്ക് ഒഫ് റെക്കാഡ്സ് നൽകിയ സർട്ടിഫിക്കറ്റ് ഗവർണർ പി. സദാശിവം ക്ഷേത്ര മഠാധിപതി സ്വാമി മഹേശ്വരാനന്ദ സരസ്വതിക്ക് കൈമാറുന്നു*

## കമ്പി മോഷ്ടാക്കൾ പിടിയിൽ

വിഴിഞ്ഞം: ഫ്ലാറ്റ് നിർമ്മാണ സ്ഥലത്തു നിന്ന് കമ്പികൾ മോഷ്ടിച്ച രണ്ടു പേർ അറസ്റ്റിൽ. മുക്കാൽ ലക്ഷം രൂപയുടെ കമ്പികൾ മോഷ്ടിച്ച കേസിൽ ബീമാപള്ളി പത്തേക്കറിനു സമീപം ഫഹദ് (23), വിഴിഞ്ഞം ടൗൺഷിപ്പ് മതിപ്പുറം പുളിമൂട്ടുവിള വീട്ടിൽ ഇസുദീൻ(23) എന്നിവരെയാണ് വിഴിഞ്ഞം പൊലീസ് അറസ്റ്റ് ചെയ്തത്.

വിഴിഞ്ഞം മുഹിയുദ്ദീൻ പള്ളിക്കു സമീപത്ത് നിർമാണം നടക്കുന്ന ഫ്ലാറ്റിൽ നിന്ന് വിവിധ അളവുകളിലുള്ള കമ്പികളാണ് മോഷ്ടിച്ചത്. ഇവിടെ നിന്നും നിർമാണ വസ്തുക്കൾ കാണാതാവുന്നത് പതിവായിരുന്നു.

മോഷ്ടിച്ച കമ്പികൾ വിഴിഞ്ഞം എസ്.ബി.ഐയ്ക്കു സമീപത്തെ ആക്രിക്കടയിൽ വിൽക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഇവർ പിടിയിലായത്. വിഴിഞ്ഞം പൊലീസ് ഇൻസ്പെക്ടർ ടി. ജിജു, എസ്.ഐ ശിവൻകുട്ടി, എസ്.സി.പി.ഒ സാജൻ, സി.പി.ഒ സനൽ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.



*അറസ്റ്റിലായ പ്രതികൾ*

## എ.കെ.ടി.എ ജില്ലാകമ്മിറ്റിയെ തിരഞ്ഞെടുത്തു

തിരുവനന്തപുരം: ആൾ കേരള ടെയിലേഴ്സ് അസോസിയേഷൻ( എ.കെ.ടി.എ) ജില്ലാ സമ്മേളനം ആര്യനാട് വി.കെ. ആഡിറ്റോറിയത്തിൽ നടന്നു.

സംസ്ഥാന സെക്രട്ടറി ജി. സജീവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് വി.ആർ. അനിൽകുമാർ അദ്ധ്യക്ഷനായി. വൈസ് പ്രസിഡന്റും ജില്ലാ സെക്രട്ടറിയുമായ എസ്. സതികുമാർ, ജില്ലാ ട്രഷറർ കെ.പി. രവീന്ദ്രൻ, ഒ.ബി. ദിവാകരൻ എന്നിവർ സംസാരിച്ചു.

ഭാരവാഹികളായി കെ.പി. രവീന്ദ്രൻ (പ്രസിഡന്റ്), എസ്. സതികുമാർ (സെക്രട്ടറി), രാധാവിജയൻ (ട്രഷറർ), ഒ.ബി. ദിവാകരൻ, മോഹനക്കുറപ്പ്, വിജയകുമാരൻ നായർ, സി.എസ്. ശാന്തകുമാരി (വൈസ് പ്രസിഡന്റുമാർ) , എം.വിജയകുമാരി, കെ.രാധാകൃഷ്ണൻ നായർ, ജി.വിജയൻ, എൽ. വിജയൻ (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെയും 45 അംഗ ജില്ലാ കമ്മിറ്റിയെയും തിരഞ്ഞെടുത്തു.



*കെ.പി.രവീന്ദ്രൻ (ജില്ലാ പ്രസിഡന്റ്), എസ്.സതികുമാർ (ജില്ലാ സെക്രട്ടറി)*

## കല്ലുമ്മൂട് ചിറയ്ക്കൽ ശ്രീമഹാവിഷ്ണു ദേവി ക്ഷേത്രം

തിരുവനന്തപുരം: കല്ലുമ്മൂട് ചിറയ്ക്കൽ ശ്രീമഹാവിഷ്ണു ദേവി ക്ഷേത്രത്തിലെ തിരുവാതിര മഹോത്സവം 12 ന് തുടങ്ങി 18 ന് സമാപിക്കും.

12 ന് രാവിലെ 9.15 ന് തൃക്കൊടിയേറ്റ്.ഉച്ചയ്ക്ക് 2 ന് ദേവിയെ കാപ്പുകെട്ടി കുടിയിരുത്ത്. രാത്രി 9 ന് കുട്ടി ഗാനമേള. 13ന് രാവിലെ 7.30ന് വലിയകാണിക്ക,പഴക്കുലസമർപ്പണം. വൈകിട്ട് 6.3ന് ഭക്തിഗാനമേള, രാത്രി9.30ന് കരോക്കെ ഗാനമേള.

14ന് രാവിലെ 9ന് ആയില്യ പൂജ, രാത്രി 8ന് ഭക്തിഗാനമേള, രാത്രി 9ന് ദേവിയ്ക്ക് മാലചാർത്തൽ, രാത്രി 11 ന് കളിയാട്ടക്കാലം ഒരുപുറപ്പാട്.15ന് ഉച്ചയ്ക്ക് 12.45 ന് പച്ചപന്തൽ കാൽനാട്ട് , രാത്രി 9 ന് ഡാൻസ് ആൻഡ് മ്യൂസിക്കൽ നൈറ്റ്.

16ന് ദേവിയുടെ ഊരുചുറ്റൽ പുറത്തെഴുന്നള്ളത്ത്, രാത്രി 8.30 നാ ഡാൻസ്. 17ന് രാത്രി 9ന് ഡാൻസ്.18ന് രാവിലെ 9 ന് പൊങ്കാല,രാത്രി 9 ന് ചൂരൽകുത്ത്.

## മംഗലത്തുകോണം കാട്ടുനട ദേവീക്ഷേത്രം

ബാലരാമപുരം: മംഗലത്തുകോണം കാട്ടുനട ശ്രീഭദ്രകാളിദേവീ ക്ഷേത്രത്തിലെ തൂക്കമഹോത്സവത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 5.30ന് ഗണപതിഹോമം, രാത്രി 7ന് ദീപാരാധന, 9ന് നാടകം നിർഭയ.

## സിനിമ

ന്യൂ (2323244) :: SCREEN 1 - കോടതി സമക്ഷംബാലൻവക്കീൽ (M- 11.15, 2.30, 6.15,9.30)
SCREEN 2 - LUCIFER (M-11.15,2.30,6.15, 9.30)
SCREEN 3 - LUCIFER (M-11.15,2.30,6.15, 9.30)
ശ്രീകുമാർ (2331222) :: NO SHOWS
ശ്രീവിശാഖ് (2331222) :: ലൂസിഫർ (M- 11.00 , 2.30,6.15,9.30)
ശ്രീപത്മനാഭ (2473999) :: ലൂസിഫർ (M- 11.00,2.30,6.00,9.30)
ദേവിപ്രിയ (2473999) :: കോടതി സമക്ഷം ബാലൻവക്കീൽ (M-11.00,2.30, 6.00,9.30)
അജന്ത (2472825) :: ROMEO AKBAR WALTER (H- 11.30, 2.30,6.30,9.45)
കൃപ :: LUCIER (M- 11.15am, 2.45pm, 6.30pm, 10.10pm)
THE SOUND STORY (M-11.30,4.45pm)
SHAZAM (E- 1.50pm,7.20 pm) SUPER DELUXE (T- 11.30pm)
കലാഭവൻ :: മേരാനാംഷാജി (M- 11.30, 2.30,6.15,9.30)
സെൻട്രൽ (2462865) :: BARBARIAN (E- 11.30,2.30,6.30,9.30)
കൈരളി (2332747) :: KUMBALANGI NIGHTS (M-11.15,2.30,6.15,9.30)
ശ്രീ (2332747) :: SUPER DELUXE (T- 11.15, 2.30,6.15,9.30)
നിള (2332747) :: THE SOUND STORY (T- 11.15, 2.30) ARGENTINA FANS KATTOORKADAVU (M-6.15,9.30)
ലെനിൻസിനിമ :: LUCIFER (M- 2.15, 5.30,8.45) MERA NAAM SHAJI (H-11.15am, 11.40pm)
AN INTERNATIONAL LOCAL STORY (M- 2.15,5.30), URI (H - 8.30 pm)
ധന്യ (2476773) :: ലൂസിഫർ (M- 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: KUPPATHU RAJA (T - 11.15, 2.30, 6.15,9.30)
ARIESPLEX SL CINEMA: (04714066660) ::
Audi 1- HOW TO TRAIN YOUR DRAGON-3D (E- 11.30,7.00) CAPTAIN MARVELL-3D (E- 2.45,10.15)
Audi 2- KESARI (H-11.30,7.00) BADLA (H- 2.45) THADAM (T- 10.15PM)
Audi 3- THADAM (T- 11.30) MARD KO DARD NAHI HOTA (H- 2.45pm) ഇളയരാജ (M-7.00pm) BADLA (H- 10.15 pm)
Audi 4 - അർജന്റീന ഫാൻസ് കാട്ടൂർക്കടവ് (M- 11.30,2.45,7.00,10.15)
Audi 5 - കുംബളങ്ങിനൈറ്റ്സ് (M- 11.30am, 2.45 pm, 7.00pm, 10.15pm)
Audi 6 - JUNE (M- 11.30,2.45,7.00,10.15)
കഴക്കൂട്ടം കൃഷ്ണ (2418144) :: MERA NAAM SHAJI (M-11.15,2.30, 6.15,9.30)
വെട്ടുറോഡ് ഹരിശ്രീ (04712755666) :: ROMEO AKBAR WALTER (H- 11.15, 2.30, 6.15,9.30)
കഠിനംകുളം ജി ട്രാക്സ് (2757771) :: screen 1 : കായംകുളം കൊച്ചുണ്ണി (M- 11.15,2.30,6.15,9.30)
screen 2 : 96 (T- 11.30,2.30,6.30,9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: THADAM (T- 11.15,2.30,6.15,9.30)
ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15,2.15,6.15,9.15)
ആറ്റിങ്ങൽ യമുന (2629973) :: KGF (T- 11.15,2.15,6.15,9.15)
ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15,2.30,6.15,9.30)
ആറ്റിങ്ങൽ വൈശാഖ് (2622244) :: മേരാനാംഷാജി (M- 11.15, 2.30,6.15,9.30)
ആറ്റിങ്ങൽ തപസ്യ (3291113) :: കുപ്പത്ത് രാജാ (T- 11.00, 2.45,6.30,9.45)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: No shows
വർക്കല എസ്.ആർ (04702602339) :: മേരാനാംഷാജി (M- 11.00,2.30,6.15, 9.30)
വർക്കല വിമല (9895233785) :: SUPER DELUXE (T- 11.00,3.00,6.30,9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: ലൂസിഫർ (M - 11.00, 2.30,6.15,9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00,6.30,9.30)
നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00,2.30,6.15,9.30)
നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: ലൂസിഫർ (M- 11.00,2.30,6.00,9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: KUPPATHU RAJA (T- 11.00,2.30,6.15,9.30)
നെടുമങ്ങാട് റാണി :: screen 1 : മേരാനാം ഷാജി (M-10.45,2.15,6.15,9.30)
screen 2 : ലൂസിഫർ (M-10.45,2.15,6.15, 9.30)
SUPER DELUXE (T-10.45, 2.15,6.15,9.30)
പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30,6.30,9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073,0471-2200174) ::
Audi 1- ഗജനീകാന്ത് (M- 11.30,2.30,6.15, 9.30)
Audi 2- ഇബിലീസ് (M-11.00,2.30,6.15,9.30)
Audi 3- KARWAAN (H-11.00,2.30,6.15,9.30)
Audi 4- കൂടെ (M- 11.00,2.30,6.15,9.30)
Audi 5- JUNGA (T- 11.00,2.30) ഒരു പഴയ ബോംബ് കഥ (M- 6.15,9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: പുലി മുരുകൻ (M-2.30, 6.15)
അച്ചം എമ്പത് മടമയ്യെട (T-11.00,9.15)
നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണ തത്ത (M- 2.30,6.30,9.30)
പോത്തൻകോട് MT CINEPLEX (2419515) ::
Tela 1- MERA NAAM SHAJI (M- 11.15,2.30, 6.15,9.30) Tela 2- No shows
പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555,9447060600) :: ലൂസിഫർ (M- 11.15,2.30,6.15,9.30)
വെഞ്ഞാറമൂട് സിന്ധു (9746159088) :: ലൂസിഫർ (M- 11.30,2.30,6.30,9.30)
കാട്ടാക്കട ജയവിനായക (2290867) :: screen 1 - ആട് -2 (M-11.00,2.15,6.15,9.15)
screen 2 - വേലൈക്കാരൻ (T- 11.15,2.30, 6.30,9.30)
കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30,9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: Now show
പനച്ചമൂട് യമുനലക്ഷ്മി (9895614787) :: വാരിക്കുഴിയിലെ കൊലപാതകം (M-2.30, 6.30,9.30)
പേയാട് എസ്.പി സിനിമ (0471-2289053) :: LUCIFER (M-11.15,2.30,6.00,9.00)
കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30,6.30)
പടന്താലുംമൂട് IMP :: ലൂസിഫർ (M-11.00, 2.30,6.30,9.30)
കാട്ടാക്കട സ്വരലയം: (9188628546) :: സ്വരം - ലൂസിഫർ (M- 11.00,2.00,6.00,9.00)
ലയം - SUPER DELUXE (T- 11.15,2.15, 6.15,9.15)

## ഇന്ന്

**സു**ഗതകുമാരിയുടെ നന്താവനത്തെ വസതി: സി.വി. കുഞ്ഞുരാമൻ സാഹിത്യ പുരസ്കാരം സുഗതകുമാരിക്ക് സമർപ്പിക്കുന്നു-11ന്

**സ്റ്റേ**റ്റ് സെൻട്രൽ ലൈബ്രറി ഓഡിറ്റോറിയം: സമ്മർ സ്കൂൾ ഉദ്ഘാടനം-11ന്

**കൈ**മനം ബി.എസ്.എൻ.എൽ റീജിയണൽ ടെലികോം ട്രെയിനിംഗ് സെന്റർ: കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി സംഘടിപ്പിക്കുന്ന കുട്ടികളുടെ ചലച്ചിത്രാസ്വാദന ക്യാമ്പ്-10ന്

**ക**നകക്കുന്ന് സൂര്യകാന്തി: കനകോത്സവത്തിൽ ബാലഭാസ്കർ സ്മാരക മ്യൂസിക്ക് ബാൻഡ് മത്സരം-6ന്, മൈം ഷോ-7ന്, ഗാനമേള-7.30ന്

**കു**ളത്തൂർ കോലത്തുകര ശിവ ക്ഷേത്രം: ഗുരുദേവ ക്ഷേത്രത്തിന്റേയും ഗദ്യപ്രാർത്ഥനയുടേയും ശതോത്തര രജതജൂബിലി ആഘോഷ സമ്മേളനം ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ-6.15ന്, ഗാനമേള-9.30ന്

**പേ**ട്ട മൂന്നാം മനയ്ക്കൽ ഭദ്രകാളി ക്ഷേത്രം: അലങ്കാര ദീപാരാധന-6.45ന്

**കൈ**തമുക്ക് മുത്തുമാരി അമ്മൻ കോവിൽ: വിൽപ്പാട്ട്-9ന് നെയ്യാണ്ടിമേളം-10.30ന്

**ഋ**ഷിമംഗലം ശ്രീകൃഷ്ണ ക്ഷേത്രം : ഭാഗവത സപ്താഹ യജ്ഞം-6ന്

**ശ്രീ**പദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: രമണവിദ്യ സത്സംഗം -6.15ന്

**കോ**ട്ടയ്ക്കകം അഭേദാശ്രമം: നാരായണീയ പ്രഭാഷണം-5.15ന്, ഭജന-7ന്

**കോ**വളം ആവാടുതുറ ദേവീക്ഷേത്രം: കൊടിയേറ്റ്-10ന്, പുറത്തെഴുന്നള്ളത്ത്-10.50ന്, കളംകാവൽ-7ന്

**പേ**യാട് ഉജ്ജയിനി മഹാകാളി അമ്മൻ കോവിൽ: പൊങ്കാല -1.35ന്

**ക**ഴക്കൂട്ടം പെരുമൺ മഹാവിഷ്ണു ക്ഷേത്രം: പൊങ്കാല-8.45ന്

**മുല**ല്ലൂർ ഭദ്രകാളി ക്ഷേത്രം: സംഗീതാർച്ചന-8.30ന്

**മു**ടവൻമുകൾ ഊരൂട്ട് പറമ്പ് ഉലകുട പെരുമാൾ ക്ഷേത്രം: കഥാപ്രസംഗം-8.15ന്

**കേ**ശവപുരം ശ്രീകൃഷ്ണ ക്ഷേത്രം: ഭാഗവത പാരായണം-6ന്

**വ**യ്യാമൂല കണിയങ്കര പുന്നമൂട് ദേവീ ക്ഷേത്രം: പൊങ്കാല-9.30ന്

**കാ**ഞ്ഞിരംപാറ ശ്രീകൃഷ്ണ ക്ഷേത്രം: ഭക്തിഗാനാമൃതം-6ന്

**കോ**യിക്കൽ പള്ളിയറ ഭഗവതി ക്ഷേത്രം: കൊടിയേറ്റ്-10.45ന്, ഭക്തിഗാനസുധ-7.30ന്



## സ്മൃതിയുടെ പത്രികാ സമർപ്പണം നാളെ

അമേതി: സ്മൃതി ഇറാനി ഏപ്രിൽ 11ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കുമെന്ന് പാർട്ടിയോട് അടുത്ത വൃത്തങ്ങൾ അറിയിച്ചു. ഏപ്രിൽ 17ന് നാമനിർദ്ദേശപത്രിക സമർപ്പിക്കാനായിരുന്നു സ്മൃതിയുടെ തീരുമാനം. എന്നാൽ അന്ന് അവധി ദിവസമായതിനാൽ തീയതി മാറ്റി നിശ്ചയിക്കുകയായിരുന്നു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, അമേതിയിലെ ബി.ജെ.പി ഇൻ ചാർജ് മൊഹ്സിൻ റാസ, ജഗ്ദീഷ്പൂർ എം.എൽ.എയും മന്ത്രിയുമായ സുരേഷ് പസി എന്നിവരും പത്രികാ സമർപ്പണത്തിന് സ്മൃതിയെ അനുഗമിക്കും. ഗൗരിഗഞ്ചിലെ ബി.ജെ.പി ഓഫിസിനുള്ളിൽ സ്ഥിതി ചെയ്യുന്ന ബുദ്ധൻമായി ക്ഷേത്രത്തിൽ പൂജകൾ നടത്തിയ ശേഷമേ സ്മൃതി പത്രിക സമർപ്പിക്കൂ. സ്മൃതിയുടെ പ്രധാന എതിരാളിയായ രാഹുൽ ഗാന്ധി ഇന്ന് പത്രിക സമർപ്പിക്കും.

## വോട്ട് ബഹിഷ്കരിച്ച് ഒരു ഗ്രാമം

രാമനാഥപുരം: രാജ്യമെമ്പാടും തിരഞ്ഞെടുപ്പ് മുറുകിയ സാഹചര്യത്തിലും വോട്ട് ചെയ്യാനില്ലെന്ന ഉറച്ച തീരുമാനത്തിലാണ് മെലാസിരുപൊതു ഗ്രാമനിവാസികൾ. തലസ്ഥാന നഗരിയായ ചെന്നൈയിൽ നിന്നും അഞ്ഞൂറ് കിലോമീറ്റർ അകലെയാണ് ഈ ഗ്രാമം സ്ഥിതി ചെയ്യുന്നത്. തങ്ങൾക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിട്ടില്ലെന്നും അതിനാലാണ് വോട്ട് ചെയ്യാൻ തയാറാകാത്തതുമെന്നാണ് ഗ്രാമവാസികൾ പറയുന്നത്. ഇവിടെ കുടിവെള്ള സൗകര്യമോ ശരിയായ രീതിയിലുള്ള റോഡോ കുട്ടികൾക്ക് പഠിക്കാൻ നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ലെന്ന് നാട്ടുകാർ ആരോപിക്കുന്നു. 2017 - 2018 കാലഘട്ടങ്ങളിൽ വിളകളുടെ ഇൻഷ്വറൻസ് പണം ലഭ്യമായില്ലായെന്നാരോപിച്ച് ഗ്രാമവാസികൾ കറുത്ത കൊടിയും കൈയിലേന്തി പ്രക്ഷോഭത്തിനിറങ്ങിയിരുന്നു. അധികാരികളെ അറിയിച്ചെങ്കിലും അവഗണനയായിരുന്നു ഫലം.

## യു.പി.എ വന്നാൽ കർഷക ആത്മഹത്യ ഉണ്ടാവില്ല: ആന്റണി

മാനന്തവാടി: രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ യു.പി.എ സർക്കാർ അധികാരത്തിൽ വന്നാൽ ഇന്ത്യയിൽ ഒരു കർഷകനും ആത്മഹത്യ ചെയ്യേണ്ടിവരില്ലെന്നും ഒരു കർഷകനും ജയിലിൽ പോകേണ്ടിവരില്ലെന്നും എ.ഐ.സി.സി വർക്കിംഗ് കമ്മിറ്റി അംഗം എ.കെ. ആന്റണി പറഞ്ഞു. വയനാട്ടിലെ തലപ്പുഴയിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടച്ചിട്ടമുറിയിലിരുന്നോ പോളിറ്റ്ബ്യൂറോ ചേർന്നോ തയ്യാറാക്കിയതല്ല, രാജ്യം മുഴുവൻ വിവിധ തുറകളിലെ സാധാരണക്കാരുമായി മുൻ ധനകാര്യ മന്ത്രി പി. ചിദംബരത്തിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്താണ് യു.പി.എയുടെ പ്രകടനപത്രിക തയ്യാറാക്കിയത്. രാഹുൽ അധികാരത്തിൽ വന്നാൽ ആദ്യം ഒപ്പിടുന്നത് കർഷകരുടെ കടം എഴുതിത്തള്ളുന്ന ഫയൽ ആയിരിക്കും. കഴിഞ്ഞ യു.പി.എ കാലത്ത് 52,000 കോടി രൂപയുടെ കാർഷിക കടം എഴുതിത്തള്ളി. ദേശീയ തലത്തിൽ എൻ.ഡി.എയെയും കേരളത്തിൽ എൽ.ഡി.എഫിനെയും പരാജയപ്പെടുത്താനാണ് ഈ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

മോദിയെ താഴെ ഇറക്കുന്നതിനൊപ്പം ഇനി രണ്ട് വർഷമെങ്കിലും ജനങ്ങൾക്ക് വേണ്ടി ഭരിക്കാൻ പിണറായിക്കൊരു ഷോക്കും ശിക്ഷയും ആയിരിക്കും ഈ തിരഞ്ഞെടുപ്പ്. വയനാട്ടിൽ രാഹുൽ മത്സരിക്കുന്നതോടെ രാജ്യത്ത് രണ്ട് തരംഗമാണ് ഉള്ളത്. ഒന്ന് മോദി വിരുദ്ധ തരംഗവും രണ്ട് രാഹുൽ അനുകൂല തരംഗവും.

പ്രളയകാലത്ത് ജനങ്ങൾ ഒറ്റക്കെട്ടായി അതിജീവിച്ചപ്പോൾ മുഖ്യമന്ത്രി ഹെലികോപ്ടർ സന്ദർശനം നടത്തുകയാണ് ചെയ്തത്. പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് വിവിധ ഇടങ്ങളിൽ നിന്ന് പണം ഒഴുകിയെത്തിയിട്ടും അത് നേരായ വിധത്തിൽ വിനിയോഗിച്ചില്ലെന്നും ആന്റണി പറഞ്ഞു.

# 'റോജകാരി' നായകത്വം!



ചിഹ്നം മറക്കരുത്... ആന്ധ്രപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിൽ നഗരി മണ്ഡലത്തിൽ മത്സരിക്കുന്ന റോജ ചിഹ്നം ഫാനുമായെത്തി വി.കെ.ആർ.പുരത്ത് രാത്രി നടന്ന പ്രചാരണ യോഗത്തിൽ വോട്ടഭ്യർത്ഥിക്കുന്നു ഫോട്ടോ: ശ്രീകുമാർ ആലപ്ര

◗ കോവളം സതീഷ്കുമാർ

നഗരി (ആന്ധ്രപ്രദേശ്): സമയം രാത്രി ഏഴര. നഗരി എന്ന ചെറുപട്ടണത്തിൽ നിന്നും ദേശീയപാതയിലേക്ക് കടന്ന് മൂന്ന് കിലോമീറ്റർ പോകുമ്പോൾ ഇടതുവശത്ത് കുട്ടികളുടെയും യുവാക്കളുടെയും സംഘം കൊടിയും പിടിച്ച് നിൽക്കുന്നു. ഒരു ചെറുതെരുവു വിളക്കിന്റെ മങ്ങിയ വെട്ടം മാത്രം. നീലയും വെള്ളയും പച്ചയും കലർന്ന കൊടിയാണ് എല്ലാവരുടെയും കൈകളിൽ. കാര്യം തിരക്കിയപ്പോൾ നടി റോജ വരികയാണെന്നറിഞ്ഞു. അതിന്റെ ആഹ്ലാദമാണ് തെരുവാകെ നിറയുന്നത്. ദീപപ്രഭ വിതറിക്കൊണ്ട് ഒരു തുറന്ന കാർ വന്നുനിന്നപ്പോൾ കുട്ടികളെല്ലാം ഓടിയെത്തി. പക്ഷേ റോജ അതിലില്ലായിരുന്നു. എന്നാൽ നിരാശപൂണ്ട കണ്ണുകളിലേക്ക് ആഹ്ലാദപ്പൂത്തിരികളെറിഞ്ഞ് നിമിഷങ്ങൾക്കുള്ളിൽ അവരെത്തി. മഹീന്ദ്രയുടെ പുതിയ മോഡൽ കാറിലാണ് റോജ വന്നിറങ്ങിയത്.

'റോജകാരി നായകത്വം '(റോജ നയിക്കട്ടെ), 'റവാലി ജഗൻ കവാലി ജഗൻ' എന്നിങ്ങനെ മുദ്രാവാക്യം വിളികൾ മുഴങ്ങി. കാറിൽ നിന്നിറങ്ങിയ റോജ ആദ്യം എല്ലാവരേയും നോക്കി ഒന്നു തൊഴുതു. നിറഞ്ഞൊരു ചിരി. പിന്നെ തുറന്ന കാറിലേക്ക് കയറി. പിന്നാലെ വൈ.എസ്.ആർ കോൺഗ്രസിന്റെ വനിതാ നേതാക്കളും പ്രദേശിക നേതാക്കളും കാറിന്റെ പിന്നിൽ നിൽക്കാനായി ഇടിച്ചുകയറി. വാഹനം മുന്നോട്ട്. കൂടുതലും ചെറിയ വീടുകളുള്ള ഒരു ചേരി പ്രദേശമാണത്. തന്റെ ചിഹ്നം ഫാനാണെന്ന് സൂചിപ്പിച്ച് ചൂണ്ടുവിരൽ കറക്കി കാണിച്ചുകൊണ്ടാണ് റോജ വാഹനത്തിൽ ചിരിച്ചു നിന്നത്.

കുട്ടിപ്പട്ടാളമാണ് നോട്ടീസ് വിതരണം ചെയ്ത് ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു പോകുന്നത്. പിന്നാലെ കൊടികളേന്തി വനിതകളും. പാർട്ടി വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റുകൂടിയാണ് റോജ. ഒരിടത്ത് എത്തിയപ്പോൾ കാറിനു കടന്നു പോകാൻ തക്ക സൗകര്യം ഇല്ലാത്തതിനാൽ റോജ കാറിൽ നിന്നിറങ്ങി. വെളിച്ചം കുറവായ പാതയിലൂടെ അവർ നടന്നു. റോജയോട് ചേർന്ന് നടക്കാനും ഒന്നു തൊടാനുമൊക്കെയായി പിന്നെ തിരക്ക്. വീടുകളിൽ നിന്നും സ്ത്രീകളെത്തി ദൃഷ്ടിദോഷം മാറാനായി റോജയെ അരത്തവെള്ളം ഉഴിഞ്ഞ് ഒഴിച്ചു. പിന്നെ ഹാരാർപ്പണം നടത്തി ഷാൾ അണിയിച്ചു. ഒരിടത്തു എത്തിയപ്പോൾ പ്രവർത്തകർ മിനക്ക് വെടിവയ്ക്കാനുള്ള ശ്രമം. പേപ്പർകുറ്റി പൊട്ടിച്ച് വിവിധ നിറത്തിൽ പേപ്പറുകൾ ചിതറവെ റോജ ഷാൾകൊണ്ട് മുഖം മറച്ചു. എല്ലാ തീർന്നപ്പോൾ ഒരു ചിരി. ആ ചിരിയാണ് റോജയുടെ അടയാളം. അതിലാണ് വൈ.എസ്.ആറിന്റെ പ്രതീക്ഷയും.



### ചെമ്പരത്തി റോജ

നഗരി: റോജ എന്ന വാക്കിനർത്ഥം 'റോസാപൂവ് 'എന്നാണെങ്കിലും നടി റോജയെ ഓർക്കുമ്പോൾ മലയാളിയുടെ മനസിൽ ഓടിയെത്തുന്നത് ചെമ്പരത്തി എന്ന തമിഴ് ചിത്രമാണ്. നിലാകായ നേരം ശരണം...., ചെല്ലക്ക് ചെല്ലക്ക് ചേലേ.... എന്നീ പ്രണയഗാനങ്ങൾ ചിത്രം കണ്ടവർ ഒരിക്കലും മറക്കില്ല.

ആദ്യം രണ്ട് തെലുങ്ക് ചിത്രത്തിൽ അഭിനയിച്ചെങ്കിലും 1992 ഏപ്രിലിൽ ഇറങ്ങിയ ചെമ്പരത്തിയാണ് ദക്ഷിണേന്ത്യയിൽ റോജയെ പോപ്പുലറാക്കിയത്. നൂറിലേറെ ചിത്രങ്ങളിൽ നായികയായി. വീര, ഉഴൈപ്പാളി, ഉന്നിടത്തിൽ എന്നെ കൊടുത്തേൻ, പൊട്ടുഅമ്മൻ, മായൻ എന്നിവ സൂപ്പർഹിറ്റാണ്. ഉന്നിടത്തിൽ എന്നെ കൊടുത്തേനിലെ അഭിനയത്തിന് തമിഴ്നാട് സർക്കാരിന്റെ പുരസ്കാരം ലഭിച്ചു. മലയാളി മാമനു വണക്കം, ഗംഗോത്രി, ജമ്നാ പ്യാരി എന്നീ മലയാള ചിത്രങ്ങളിലും അഭിനയിച്ചു. ചെമ്പരത്തിയുടെ സംവിധായകൻ ആർ.കെ.ശെൽവമണിയാണ് ഭർത്താവ്.

## വോട്ട് യുദ്ധം 2019



നഗരി മണ്ഡലത്തിൽ മത്സരിക്കുന്ന റോജ വി.കെ.ആർ.പുരത്ത് നൽകിയ സ്വീകരണത്തിനിടയിൽ കിട്ടിയ ഷാൾ തലയിലേക്കിട്ട് ചിരിക്കുന്നു ഫോട്ടോ : ശ്രീകുമാർ ആലപ്ര

## ആദ്യം ജയം, മന്ത്രിപദവി പിന്നെ

നഗരി: തിരക്കിട്ട പ്രചാരണ പരിപാടികൾക്കിടയിലാണ്, മലയാളികൾക്കും പ്രിയങ്കരിയായ നടി റോജയെക്കണ്ടത്. മീഡിയയിൽ നിന്നാണെന്ന് പറഞ്ഞെങ്കിലും വാച്ച് ചൂണ്ടിക്കാട്ടി സമയമില്ലെന്ന് ആംഗ്യം കാണിച്ച് മുന്നോട്ട് പോവുകയായിരുന്നു. എന്നാൽ കേരളത്തിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ സംസാരിക്കാമെന്നായി.

***ഇവിടെ വീണ്ടും ജയിക്കുമോ?***

പിന്നെ, ഈ നാട്ടുകാരിൽ എനിക്ക് വിശ്വാസമുണ്ട്. ഇവരുടെ തൊട്ടടുത്തു തന്നെ ഞാനുണ്ട്. എന്നെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടോ എന്ന് ഇവരോട് ചോദിച്ചു നോക്കൂ.

***വൈ.എസ്.ആർ കോൺഗ്രസ് അധികാരത്തിൽ വരുമെന്ന് ഉറപ്പുണ്ടോ?***

നൂറു ശതമാനം. 170ൽ 130 സീറ്റുകൾ നേടും. ജഗൻമോഹൻ റെഡ്ഡി മുഖ്യമന്ത്രിയാകും.

***ജഗന്റെ മന്ത്രിസഭയിൽ റോജയുണ്ടാകുമോ?***

അതൊക്കെ പിന്നത്തെ കാര്യമല്ലേ. ഇപ്പോഴേ പറയാൻ കഴിയില്ല.

## അപ്പന്റെ തോൽവിക്ക് പകരം വീട്ടുമോ മകൻ ?

കഴിഞ്ഞ നിയസഭാ തിരഞ്ഞെടുപ്പിൽ റോജ പരാജയപ്പെടുത്തിയത് തെലുങ്കുദേശം പാർട്ടിയുടെ മുതിർന്ന നേതാവും മുൻ മന്ത്രിയുമൊക്കെയായിരുന്ന മുത്തുകൃഷ്ണ നായിഡുവിനെയായിരുന്നു. റോജയ്ക്കു മുമ്പ് അദ്ദേഹമായിരുന്നു നഗരി എം.എൽ.എയും. ഇപ്പോൾ മത്സരിക്കുന്നത് മുത്തുകൃഷ്ണയുടെ മകൻ ഭാനുപ്രകാശാണ് തെലുങ്കുദേശം പാർട്ടി സ്ഥാനാർത്ഥി. അച്ഛന്റെ തോൽവിക്ക് പകരം ചോദിക്കാൻ മകനിറങ്ങിയതു കൊണ്ടും ശ്രദ്ധേയമാണ് നഗരിയിലെ പോരാട്ടം.

### ബി.ജെ.പി സ്ഥാനാർത്ഥികളെ

## തിരഞ്ഞെടുപ്പ് കമ്മിഷൻ വേട്ടയാടുന്നു : ശ്രീധരൻ പിള്ള



തിരുവനന്തപുരം : ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ബി.ജെ.പി സ്ഥാനാർത്ഥികളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ വേട്ടയാടുകയാണെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്.ശ്രീധരൻപിള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു. തൃശൂരിലെ സ്ഥാനാർത്ഥി സുരേഷ് ഗോപിക്കെതിരായ കളക്ടറുടെ നടപടിയിന്മേൽ അപ്പീൽ പരിശോധിക്കേണ്ട മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ആദ്യമേ അത് തെറ്റാണെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്. ഇലക്ഷൻ കമ്മിഷന്റെ ഇത്തരം നടപടികൾ ന്യായീകരിക്കാനാവില്ല. ബാബറി മസ്ജിദിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് പറയാമെങ്കിൽ ശബരിമലയിലെ അടിച്ചമർത്തലുകളെക്കുറിച്ച് ബി.ജെ.പിക്കും പറയാം.

ശബരിമലയല്ലാതെ മറ്റ് വിഷയങ്ങൾ പറയാനില്ലേയെന്ന മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറുടെ പരാമർശം സി.പി.എമ്മിന്റെ നിലപാടാണ്. ശബരിമലയിൽ വിശ്വാസം നിലനിറുത്താൻ സാദ്ധ്യമായതെല്ലാം ചെയ്യുമെന്ന് ബി.ജെ.പിയുടെ പ്രകടനപത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം ജനങ്ങളിലെത്തിക്കുന്നതിൽ എന്താണ് തെറ്റ്.

നാമനിർദേശപത്രിക സമർപ്പിച്ച ശേഷം കെ.സുരേന്ദ്രൻ, ശോഭാസുരേന്ദ്രൻ, എ.എൻ.രാധാകൃഷ്ണൻ എന്നിവർക്കെതിരെ നൂറുകണക്കിന് കേസുകളാണ് രജിസ്റ്റർ ചെയ്തത്. കോഴിക്കോട് സ്ഥാനാർത്ഥിയായ കെ.പി. പ്രകാശ് ബാബുവിനെ കള്ളക്കേസിൽ ജയിലിൽ അടച്ചിരിക്കുകയാണ്. രാജ്യത്തെ പ്രമുഖപാർട്ടിയുടെ നേതാക്കളെ സംസ്ഥാന ഇലക്ഷൻ കമ്മിഷൻ രണ്ടാംതരം പൗരൻമാരായി കാണരുതെന്നും ശ്രീധരൻപിള്ള പറഞ്ഞു.

വിജലൻസ് അന്വേഷണം നടത്തി തെളിവില്ലെന്ന് കണ്ടെത്തി കേസെടുക്കാതെ അവസാനിപ്പിച്ച മെഡിക്കൽ കോഴ ആരോപണത്തിൻ മേൽ ക്രൈംബ്രാഞ്ച് ഇപ്പോൾ അന്വേഷണം നടത്തുന്നതും തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ്. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തോട് നേതാക്കൾ എന്തിന് സഹകരിക്കണമെന്നും അദ്ദേഹം ചോദിച്ചു

■ വിശ്വാസികളെ ചതിച്ച കോൺഗ്രസ് നിലപാട് വ്യക്തമാക്കണം

ശബരിമല സമരം പാതിവഴിയിൽ ഉപേക്ഷിച്ച കോൺഗ്രസ് വിശ്വാസികളെ പിന്നിൽ നിന്ന് കുത്തിയെന്ന് ശ്രീധരൻപിള്ള ആരോപിച്ചു. യുവതീപ്രവേശന വിധി നടപ്പാക്കണമെന്നാണ് രാഹുൽഗാന്ധി ആവശ്യപ്പെട്ടത്. ഇപ്പോഴും അദ്ദേഹം അതേ നിലപാടിൽ ഉറച്ച് നിൽക്കുകയാണോയെന്ന് വ്യക്തമാക്കണം. വിശ്വാസികൾക്കൊപ്പമാണെന്ന് ബി.ജെ.പി പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ കോൺഗ്രസ് ദേശീയ നേതൃത്വം നിലപാട് പരസ്യപ്പെടുത്തണം.

രാഹുൽഗാന്ധി കേരളത്തിൽ മത്സരിക്കുന്ന സാഹചര്യത്തിൽ നിലപാട് അറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## പാർലമെന്റ്; അറിഞ്ഞതിനും അപ്പുറം



### ചോദ്യങ്ങൾ

- *പാർലമെന്റ് മന്ദിരം രൂപകൽപന ചെയ്ത വ്യക്തികളാരാണ്?*
- *പാർലമെന്റ് മന്ദിരത്തിന്റെ വൃത്താകൃതി എന്തിനെ പ്രതിനിധാനം ചെയ്യുന്നു?*
- *പാർലമെന്റിലെ രണ്ട് സഭകളും രൂപകൽപന ചെയ്തിരിക്കുന്നത് എന്ത് ആകൃതിയിലാണ്?*
- *ലോക്സഭയിലെ പച്ചപ്പരവതാനിയും രാജ്യസഭയിലെ രക്തവർണ പരവതാനിയും ചില പ്രത്യേക വിഷയങ്ങളെ സൂചിപ്പിക്കുന്നു. അവ എന്താണ്?*
- *പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നത് ഏത് പ്രക്രിയയോടെയാണ്?*
- *പാർലമെന്റിലെ സെൻട്രൽ ഹാളിന്റെ പ്രത്യേകത എന്താണ്?*
- *പാർലമെന്റിലെ പതിമൂന്നാം നമ്പർ മുറി ആർക്ക് അവകാശപ്പെട്ടതാണ്?*
- *ഏറ്റവും കൂടുതൽ രാജ്യസഭാ സീറ്റുള്ള സംസ്ഥാനം?*
- *പാർലമെന്റിലെ വായനശാലയുടെ പ്രത്യേകത എന്ത്?*
- *പാർലമെന്റിലെ വോട്ടിംഗ് പ്രക്രിയ എങ്ങനെയാണ്?*

### ഉത്തരങ്ങൾ

- സർ എഡ്വിൻ ലുട്യൻസ്, സർ ഹെർബർട്ട് ബേക്കർ
- തുടർച്ച (continuity)
- കുതിരലാടം
- പച്ച പരവതാനി കൃഷിഭൂമിയെ പ്രതിനിധാനം ചെയ്യുന്നു. രക്തവർണ പരവതാനി രാജ്യത്വത്തേയാണ് വരച്ചുകാട്ടുന്നത്. സ്വാതന്ത്ര്യ സമരസേനാനികൾ രാജ്യത്തിനായി ചെയ്ത ത്യാഗങ്ങളേയും ഇത് എടുത്തുകാട്ടുന്നു.
- ചോദ്യോത്തര വേള. പതിനൊന്ന് മണി മുതൽ പന്ത്രണ്ട് മണിവരെ നടക്കുന്ന ചോദ്യോത്തര വേളയിൽ എം.പിമാർക്ക് സർക്കാരിന്റെ നയങ്ങളെപ്പറ്റിയും സർക്കാരിനെപ്പറ്റിയും ബില്ലുകളെപ്പറ്റിയും ചോദ്യങ്ങൾ ഉന്നയിക്കാം.
- ഔദ്യോഗികമായി ബ്രിട്ടീഷ് സർക്കാർ ഇന്ത്യയ്ക്ക് അധികാരം കൈമാറിയത് ഇവിടെ വച്ചാണ്.
- ഇന്ത്യൻ പ്രസിഡന്റ്
- ഉത്തർ പ്രദേശ്
- ഇന്ത്യയിലെ രണ്ടാമത്തെ വലിയ വായനശാല. ഇവിടെ ഇന്ത്യൻ ഭരണഘടനയുടെ ഇംഗ്ലീഷ് - ഹിന്ദി കൈയെഴുത്ത് പ്രതികൾ നൈട്രജൻ നിറച്ച അറകളിൽ സൂക്ഷിച്ചിട്ടുണ്ട്.
- ഇലക്ട്രോണിക് വോട്ടിംഗ് കൺസോൾ യന്ത്രമുപയോഗിച്ചാണ് വോട്ട് രേഖപ്പെടുത്തുന്നത്. ഇതിൽ, പച്ച, മഞ്ഞ, ചുവപ്പ് എന്നിങ്ങനെ മൂന്ന് ബട്ടണുകൾ ഉണ്ട്. ഇതിലൂടെ നിയമനിർമ്മാതാക്കൾക്ക് അഭിപ്രായം രേഖപ്പെടുത്താനാകും. പച്ച ബട്ടൺ സമ്മതമറിയിക്കാനും ചുവപ്പ് ബട്ടൺ വിസമ്മതം രേഖപ്പെടുത്താനും മഞ്ഞ ബട്ടണിലൂടെ വർജ്ജിക്കാനുമാകും.

## ഇന്ന് ഗോവയിൽ



പനജി: പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗോവയിലെ ഡോ ശ്യാമ പ്രസാദ് മുഖർജി സ്റ്റേഡിയത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. റാലിയിൽ ഏകദേശം മുപ്പതിനായിരത്തോളം പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ബി.ജെ.പി ഗോവ യൂണിറ്റ് പ്രസിഡന്റ് വിനയ് ടെൻഡുൽക്കർ പറഞ്ഞു. സ്റ്റേഡിയത്തിന് പതിനായിരംപേരെ ഉൾക്കൊള്ളാനുള്ള ശേഷിയേ ഉള്ളൂ. കൂടുതൽ ജനപങ്കാളിത്തം ഉറപ്പിക്കാനായി സ്റ്റേഡിയത്തിന് പുറത്ത് സ്ക്രീനുകൾ സ്ഥാപിക്കും. കൂടാതെ, വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രചാരണ പരിപാടികളിൽ കേന്ദ്ര മന്ത്രിമാരായ സ്മൃതി ഇറാനി, രാജ് നാഥ് സിംഗ്, നിതിൻ ഗഡ്കരി, സുരേഷ് പ്രഭു എന്നിവരും പങ്കെടുക്കും.

## 13ന് ഫത്തേപൂർ സിക്രിയിൽ



ആഗ്ര: ഏപ്രിൽ 13ന് ഫത്തേപൂർ സിക്രിയിലൂടെ പ്രിയങ്ക ഗാന്ധിയുടെ റോഡ് ഷോ നടക്കും. നടനും സംസ്ഥാന കോൺഗ്രസ് പ്രസിഡന്റുമായ രാജ് ബാബറാണ് ഇവിടുത്തെ കോൺഗ്രസ് സ്ഥാനാർത്ഥി. കൂടാതെ, വരുന്ന ഏപ്രിൽ 15ന് രാഹുൽഗാന്ധി ഇവിടെ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുമെന്നും കോൺഗ്രസ് നേതാക്കൾ അറിയിച്ചു.

യഥാക്രമം ഏപ്രിൽ 14, 15 തീയതികളിൽ രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ടും ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റും പൊതുറാലികളിൽ പങ്കെടുക്കും. കോൺഗ്രസിന് വിജയ പ്രതീക്ഷ ഏറെയുള്ള മണ്ഡലമാണ് ഫത്തേപൂർ സിക്രി. ബി.ജെ.പിയുടെ രാജ്കുമാർ ചഹറാണ് ബാബറിന്റെ മുഖ്യ എതിരാളി.

## മോദി ഫാസിസ്റ്റുകളുടെ രാജാവ്



റായ്ഗഞ്ച്: കൂട്ടക്കൊലകളേയും ലഹളകളേയും കൂട്ടുപിടിച്ചാണ് മോദി രാഷ്ട്രീയത്തിൽ ജ്ഞാനസ്നാനം ചെയ്തതെന്ന് ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. റായ്ഗഞ്ചിൽ നടന്ന റാലിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ. മോദിയുടെ പ്രവൃത്തികൾ കണ്ടിരുന്നുവെങ്കിൽ ഹിറ്റ്ലർ ആത്മഹത്യ ചെയ്തേനെയെന്നും മോദി ഫാസിസ്റ്റുകളുടെ രാജാവാണെന്നും മമത പറഞ്ഞു. കോൺഗ്രസിന് കേന്ദ്രത്തിൽ സർക്കാർ രൂപീകരിക്കണമെങ്കിൽ മറ്റ് പാർട്ടികളുടെ സഹായം തീർച്ചയായും തേടേണ്ടി വരും. മോദിയെ പുറത്താക്കാനായാണ് ഓരോ സംസ്ഥാനങ്ങളിലും പുതിയ സഖ്യകക്ഷികൾ രൂപം കൊള്ളുന്നത്. മോദിക്ക് ഭരണം നഷ്ടമായി കഴിഞ്ഞാൽ പുതിയ ഇന്ത്യ പടുത്തുയർത്താൻ എല്ലാവരും ചേർന്ന് കഠിനപ്രയത്നം നടത്തുമെന്നും മമത കൂട്ടിച്ചേർത്തു.

## മോദീ തിളക്കം മേക്ക് അപ്



ബെംഗളൂരു: മേക്ക് അപ്പും മിനുക്ക് പണികളും ഉപയോഗിച്ചാണ് പ്രധാനമന്ത്രി നരേന്ദ്രമോദി കാമറയുടെ മുന്നിൽ തിളങ്ങുന്നതെന്ന് കർണാടക മുഖ്യമന്ത്രി എച്ച്.ഡി കുമാരസ്വാമി. കോൺഗ്രസ് സ്ഥാനാർത്ഥി കൃഷ്ണ ബൈരേ ഗൗഡയുടെ പ്രചാരണത്തിനായി നോർത്ത് ബെംഗളൂരുവിൽ എത്തിയതായിരുന്നു അദ്ദേഹം. തന്നെപ്പോലെയുള്ള രാഷ്ട്രീയ പ്രവർത്തകർ മേക്ക് അപ് ഉപയോഗിക്കാറില്ല, അതിനാൽ തങ്ങളുടെ മുഖം കാമറകളിൽ തിളങ്ങാറുമില്ല. അതിനാൽ അത്തരം മുഖങ്ങൾ കാണിക്കാൻ മാദ്ധ്യമപ്രവർത്തകർക്ക് താത്പര്യമില്ലെന്നും കുമാരസ്വാമി പറഞ്ഞു. ബി.ജെ.പി സ്ഥാനാർത്ഥികൾ പറയുന്നത് ഞങ്ങൾക്ക് വോട്ട് ചെയ്യൂ എന്നല്ല, പകരം മോദിയുടെ ഗ്ലാമർ ലുക്ക് നോക്കി വോട്ട് ചെയ്യൂ എന്നാണെന്നും കുമാരസ്വാമി ആരോപിച്ചു.

## വിവാദത്തിൽ നായിഡു



കൃഷ്ണ: തിരഞ്ഞെടുപ്പ് ആസന്നമായിരിക്കെ വിവാദ പ്രസ്താവനയുമായി ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു. തെലങ്കാന മുഖ്യമന്ത്രി കെ. ചന്ദ്രശേഖർ റാവുവും വൈ.എസ്.ആർ.സി.പി നേതാവ് ജഗൻമോഹൻ റെഡ്ഡിയും നരേന്ദ്ര മോദിയുടെ വളർത്തു മൃഗങ്ങളാണെന്ന് ചന്ദ്രബാബു നായിഡു ആക്ഷേപിച്ചു. ബി.ജെ.പിയും ടി.ആർ.എസും ചേർന്നാണ് വൈ.എസ്.ആർ.സി.പിയുടെ പ്രചാരണ പരിപാടികൾക്ക് പണം മുടക്കുന്നത്. കോടികൾ പാഴാകുമെന്നല്ലാതെ, അവർക്ക് വിജയിക്കാനാവില്ലെന്നും ജനങ്ങൾക്ക് അവരോട് വെറുപ്പാണെന്നും ചന്ദ്രബാബു നായിഡു അഭിപ്രായപ്പെട്ടു. ഏകദേശം 1000 കോടിയോളം രൂപ മോദിയും കെ.സി.ആറും ചേർന്ന് ജഗൻമോഹന് നൽകിയെന്നാണ് ചന്ദ്രബാബു നായിഡുവിന്റെ വാദം.

ഐ.പി.എല്ലിൽ ഇന്ന്
മുംബയ് Vs പഞ്ചാബ്
(രാത്രി 8 മുതൽ)

### കശ്യപും മുഗ്ദ്ധയും സിംഗപ്പൂർ ഓപ്പണിന്

സിംഗപ്പൂർ: ഇന്ത്യയുടെ പാരിപ്പള്ളി കശ്യപും മുഗ്ദ്ധയും സിംഗപ്പൂർ ഓപ്പണിന് യോഗ്യത നേടി. യോഗ്യത റൗണ്ടിൽ ജപ്പാന്റെ യു ഇഗറാഷിയെ ആദ്യഗെയിം 15-21ന് നഷ്ടപ്പെടുത്തിയ ശേഷം 21-16, 22-20ന് കീഴടക്കിയാണ് കശ്യപ് സിംഗപ്പൂർ ഓപ്പണിൽ തന്റെ സാന്നിധ്യം ഉറപ്പിച്ചത്. യു.എസ്.എയുടെ ലൗറേൻ ലാമിനെതിരെ 16-21ന് പിന്നിൽ നിന്ന ശേഷമാണ് 21-14, 21-15ന് രണ്ട് ഗെയിമുകൾ സ്വന്തമാക്കി മുഗ്ദ്ധ യോഗ്യത നേടിയത്.





# ഹസാർഡ് ഷോ

■ ലണ്ടൻ ഡെർബിയിൽ ചെൽസി വെസ്റ്റ്ഹാമിനെ കീഴടക്കി
■ ഹസാർഡിന് ഇരട്ടഗോൾ

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ കഴിഞ്ഞ ദിവസം നടന്ന ലണ്ടൻ ഡെർബിയിൽ ചെൽസി മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് വെസ്റ്റ്ഹാമിനെ കീഴടക്കി. ഇരട്ട ഗോളുമായി കളം നിറഞ്ഞ ഈഡൻ ഹസാർഡിന്റെ തകർപ്പൻ പ്രകടനമാണ് ചെൽസിക്ക് ഗംഭീര ജയം സമ്മാനിച്ചത്. പ്രിമിയർ ലീഗിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ഗോളുകളിലൊന്നിലൂടെയാണ് ഹസാർഡ് ചെൽസിയുടെ അക്കൗണ്ട് തുറന്നത്. 24-ാം മിനിറ്റിലായിരുന്നു ആ ക്ലാസിക്ക് സോളോ ഗോളിന്റെ പിറവി.

അഞ്ചു വെസ്റ്റ്ഹാം താരങ്ങളെ കബളിപ്പിച്ച സോളോ റണ്ണിലൂടെയാണ് ഹസാർഡ് വെസ്റ്റ്ഹാമിന്റെ വലകുലുക്കിയത്. ആദ്യ പകുതിയിൽ ചെൽസിക്ക് ഭീഷണിയായി ഒരു ആക്രമണം പോലും നടത്താൻ വെസ്റ്റ്ഹാമിനായില്ല. ഇടവേളയ്ക്ക ശേഷം ഉണർന്നു കളിച്ച വെസ്റ്റ്ഹാം ആക്രമണം അഴിച്ചുവിട്ടെങ്കിലും ചെൽസിക്ക് തന്നെയായിരുന്നു ആധിപത്യം. ഇഞ്ചുറി ടൈമിൽ തന്റെ രണ്ടാമത്തെ ഗോളിലൂടെ ഹസാർഡ് ചെൽസിയുടെ വിജയമുറപ്പിക്കുകയായിരുന്നു. ജയത്തോടെ പോയിന്റ് പട്ടികയിൽ ആഴ്സനലിനെയും ടോട്ടനത്തെയും മറികടന്ന് മൂന്നാം സ്ഥാനത്ത് എത്താനും ചെൽസിക്കായി.

# ചെന്നൈയുടെ ഏറ് കൊണ്ട് കൊൽക്കത്ത കടപുഴകി

■ കൊൽക്കത്തയെ ചെന്നൈ തോൽപ്പിച്ചു

കൊൽക്കത്ത: ഐ.പി.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് 7 വിക്കറ്റിന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ തോൽപ്പിച്ചു.

ടോസ് നേടി ഫീൽഡിംഗ് തിരഞ്ഞെടുത്ത ചെന്നൈയുടെ ബൗളിംഗ് ആക്രമണത്തിന് മുന്നിൽ ചൂളിപ്പോയ കൊൽക്കത്തയ്ക്ക് നിശ്ചിത ഇരുപതോവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 109 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. മറുപടിക്കിറങ്ങിയ ചെന്നൈ 17.2 ഓവറിൽ 3 വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി വിജയലക്ഷ്യത്തിലെത്തി (111/3).

നേരത്തേ അർദ്ധ സെഞ്ച്വറിയുമായി പൊരുതിയ ആന്ദ്രേ റസ്സലിന്റെ (പുറത്താകതെ 44 പന്തിൽ 50) ഇന്നിംഗ്സ് ഇല്ലായിരുന്നെങ്കിൽ കൊൽക്കത്തയ്ക്ക് നൂറ് റൺസ് പോലും തികയ്ക്കാനാകുമായിരുന്നില്ല. 3 വിക്കറ്റ് നേടിയ ദീപക് ചഹറും 2 വിക്കറ്റ് വീതം നേടിയ ഹർഭജൻ സിംഗും ഇമ്രാൻ താഹിറുമാണ് കൊൽക്കത്തയെ തകർത്തത്.

ഇൻഫോം ഓപ്പണർ ക്രിസ് ലിന്നിനെ (0) ടീം സ്കോർ 5ൽ വച്ച് എൽബിയിൽ കുരുക്കി ചഹറാണ് കൊൽക്കത്തയുടെ വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിട്ടത്. അധികം വൈകാതെ മറ്റൊരു വെടിക്കെട്ട് വീരൻ സുനിൽ നരെയ്ൻ (5) ഹർഭജന്റെ പന്തിൽ ചഹറിന് ക്യാച്ച് നൽകി മടങ്ങി. നിതീഷ് റാണ ചഹറിന്റെ പന്തിൽ റായ്ഡുവിന് ക്യാച്ച് നൽകി പൂജ്യനായി പുറത്തായതോടെ 9/3 എന്ന നിലയിലായി കൊൽക്കത്ത. തുടർന്ന് കൃത്യമായ ഇടവേളകളിൽ വിക്കറ്റ് നഷ്ടമായതോടെ കൊൽക്കത്ത പ്രതിസന്ധിയിലാവുകയായിരുന്നു. 79/9 എന്ന നിലയിൽ നിന്ന് ഗുർണിയെ ഒരു വശത്ത് നിറുത്തി റസ്സൽ കൊൽക്കത്തയെ നൂറ് കടത്തി. 5 ഫോറും 3 സിക്സും ഉൾപ്പെട്ടതാണ് അദ്ദേഹത്തിന്റെ ഇന്നിംഗ്സ്.

കൊൽക്കത്ത മുന്നോട്ട് വച്ച ദുർബലമായ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ചെന്നൈയെ ഫാഫ് ഡുപ്ലെസിസ് (പുറത്താകതെ 45 പന്തിൽ 43) ഉത്തരവാദിത്തത്തോടെ ബാറ്റ് ചെയ്ത് വിജയ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു. അമ്പാട്ടി റായ്ഡു 21 റൺസെടുത്തു. സുനിൽ നരെയ്ൻ കൊൽക്കത്തയ്ക്കായി രണ്ട് വിക്കറ്റ് വീഴ്ത്തി. തകർപ്പൻ ബൗളിംഗുമായി കൊൽക്കത്തയെ കടപുഴക്കിയ ചെന്നൈ പേസർ ദീപക് ചഹറാണ് മാൻ ഒഫ് ദമാച്ച്.



*ചഹർ ധോണിക്കൊപ്പം വിക്കറ്റാഘോഷത്തിൽ*



### ഉത്തേജകം: മൻപ്രീതിന് നാല് വർഷം വിലക്ക്

ന്യൂഡൽഹി: ഉത്തേജക പരിശോധനയിൽ പരാജയപ്പെട്ടതിനെത്തുടർന്ന് ഏഷ്യൻ ചാമ്പ്യനായ ഇന്ത്യൻ ഷോട്ട്പുട്ട് താരം മൻപ്രീത് കൗറിന് നാല് വർഷത്തെ വിലക്ക്. 2017ൽ നടത്തിയ നാല് ഉത്തേജക പരിശോധനകളിൽ പരാജയപ്പെട്ടതിനെ തുടർന്നാണ് മൻപ്രീതിനെ നാല് വർഷത്തേക്ക് വിലക്കിയതന്ന് ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി (നാഡ) അറിയിച്ചു.

മൻപ്രീതിന് താത്കാലിക വിലക്ക് ലഭിച്ച 2017 ജൂലായ് 20 മുതൽ വിലക്കിന്റെ കാലാവധിയായി കണക്കാക്കും. സാമ്പിൾ ശേഖരിച്ച കാലയിളവിൽ മൻപ്രീത് സ്വന്തമാക്കിയ നേട്ടങ്ങളെല്ലാം അയോഗ്യമാകും.

ഇതോടെ ഭുവനേശ്വറിൽ നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിലെ സ്വർണമെഡലും ജിൻഹ്വവയിൽ സ്ഥാപിച്ച ദേശീയ റെക്കാഡും മൻപ്രീതിന് നഷ്ടമാകും.

### ഫിഡെ റേറ്റഡ് ചെസ് ടൂർണമെന്റ്

തിരുവനന്തപുരം: അനന്തപുരി പാരന്റ്സ് ചെസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രഥമ ഓപ്പൺ ഇന്റർനാഷണൽ ഫിഡെ റേറ്റിംഗ് ചാമ്പ്യൻഷിപ്പ് നടത്തുന്നു. ഈ മാസം 11 മുതൽ 14 വരെ കാര്യവട്ടം സ്പോർട്സ് ഹബിലെ മീഡിയ സെന്ററിലാണ് ടൂർണമെന്റ് നടക്കുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്ന് 5 മണിക്ക് മുമ്പ് പേര് രജിസ്റ്റർ ചെയ്യുക. ഫോൺ: 9497380458, 9037055886.

# കാണണം ക്ലാസിക് കളികൾ



### അപകടത്തിൽ പരിക്കേറ്റ അർജന്റീന പരിശീലകൻ ഗുരുതരാവസ്ഥയിൽ

ബ്യൂണേഴ്സ് ഐറിസ്: സൈക്ലിംഗിനിടെ പരിക്കേറ്റ അർജന്റീന ഫുട്ബാൾ ടീമിന്റെ പരിശീലകൻ ലയണൽ സ്കൊലോണി ഗുരുതരാവസ്ഥയിൽ. ഇന്നലെ പുലർച്ചെ സൈക്ലിങ് നടത്തുന്നതിനിടെ സ്കൊലോണിയെ കാർ ഇടിച്ചിടുകയായിരുന്നു.

ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ നില ഗുരുതരമായി തുടരുകയാണെന്നാണ് റിപ്പോർട്ട്. ലോകകപ്പിന് ശേഷം അർജന്റീനയുടെ താത്ക്കാലിക ചുമതലയേറ്റെടുത്ത സ്കലോണി പിന്നീട് സ്ഥിര പരിശീലകനായി മാറുകയായിരുന്നു.

ലണ്ടൻ: യൂറോപ്യൻ ചാമ്പ്യൻസ് ലീഗ് ക്വാർട്ടർ ആദ്യപാദത്തിൽ ഇന്ന് ക്ലാസിക് പോരാട്ടങ്ങൾ. ഇംഗ്ലണ്ടിലെ ഓൾഡ് ട്രാഫോർഡിൽ ഫുട്ബാൾ ലോകം ആകാംഷയോടെ കാത്തിരിക്കുന്ന മത്സരത്തിൽ മാഞ്ചസ്റ്റർ യുണൈറ്റഡും ബാഴ്സലോണയും തമ്മിൽ ഏറ്റുമുട്ടുമ്പോൾ ഹോളണ്ടിലെ ആംസ്റ്റർഡാമിൽ കറുത്ത കുതിരകളായ അയാക്സ് ക്രിസ്റ്റ്യാനൊ റൊണാൾഡോയുടെ യുവന്റസിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 12.30 മുതലാണ് രണ്ട് മത്സരങ്ങളും.

### കാണേണ്ട കളി

എല്ലാ കണ്ണുകളും ഓൾഡ്ട്രഫോർഡിലേക്കാണ്. സോൾഷേറുടെ കീഴിൽ ഉയർത്തെണീറ്റ മാഞ്ചസ്റ്റർ ലയണൽ മെസിയേയും സംഘത്തെയും മെരുക്കുമോ അതോ മുട്ടുമടക്കുമോയെന്നറിയാൻ കാത്തിരിക്കുകയാണ് ഫുട്ബാൾ ലോകം. എങ്ങനെയും ബാഴ്സയെ വീഴ്ത്താനുറച്ചാണ് സ്വന്തം തട്ടകത്തിൽ യുണൈറ്റഡ് ബൂട്ടുകെട്ടുന്നത്. കഴിഞ്ഞ ദിവസം ലാലിഗയിൽ അത്‌ലറ്റിക്കോ മാഡ്രിഡുമായുള്ള ബാഴ്സലോണയുടെ കളികാണാൻ സോൾഷേർ കാമ്പ്നൗവിലെത്തിയന്നതും ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. അതേസമയം മറുവശത്ത് മികച്ച ഫോമിലുള്ള ബാഴ്സലോണ തികഞ്ഞ ആത്മവിശ്വാസത്തിലാണ്. യുണൈറ്റഡിനെ കീഴടക്കാമെന്ന് തന്നെയാണ് അവരുടെ പ്രതീക്ഷ.

വൂൾവ്സിനെതിരെ പ്രിമിയർ ലീഗിൽ 1-2ന്റെ അപ്രതീക്ഷിത തോൽവി വഴങ്ങിയതിന്റെ ആഘാതത്തിലാണ് യുണൈറ്റഡ് ബാഴ്സയുടെ വെല്ലുവിളി നേരിടാനൊരുങ്ങുന്നത്. പരേക്കേറ്റ ജുവാൻ മാട്ട ഇന്ന് യുണൈറ്റഡ് നിരയിൽ കളിക്കാനിടയില്ല. അതേസമയം റാഷ്ഫോർഡ് പരിക്ക് ഭേദമായി ഇന്ന് കളിച്ചേക്കും. ഇന്നലെ റാഷ്ഫോർഡ് ടീമിനൊപ്പം പരിശീലനം നടത്തിയിരുന്നു. പോഗ്ബ, ലിൻഗാർഡ്, ലുകാകു, ഡിഗിയ എന്നിവരെല്ലാം ഫോമിലേക്കുയർന്നാൽ സോൾഷേറുടെ ചിരിയായിരിക്കും ഓൾഡ്ട്രോഫോർഡിൽ അവസാനം ഉയരുക. വിയ്യാറയലിനെതിരെ പിന്നിൽ നിന്ന് പൊരുതിക്കയറി 4-4ന്റെ സമനിലപിടിക്കുകയും അത്‌ലറ്റിക്കോ മാഡ്രിഡിനെതിരെ തകർപ്പൻ ജയം നേടുകയും ചെയ്ത ബാഴസലോണ മികച്ച ഫോമിലാണ്. മെസിയെ പിടിച്ചു കെട്ടുകയെന്നതാണ് യുണൈറ്റഡിന്റെ ഏറ്റവും വലിയ വെല്ലുവിളി. സുവാരസ് ഫോമിലേക്ക് മടങ്ങിയെത്തിയതും മദ്ധ്യനിരയിൽ കളിമെനയുന്ന ആർതറുടെ മികവും ജോർഡി ആൽബയുടെ മിന്നൽ നീക്കങ്ങളും ബാഴ്സയുടെ പ്ലസ് പോയിന്റാണ്.

### സൂപ്പർ പോര്

ചാമ്പ്യൻസ് ലീഗ് സ്വന്തമാക്കുകയെന്ന ലക്ഷ്യത്തോടെ വൻതുകയ്ക്ക് സാക്ഷാൽ ക്രിസ്റ്റ്യാനൊ റൊണാൾഡോയെ ടീമിലെത്തിച്ച യുവന്റസ് കറുത്തകുതിരകളായ അയാക്സിന്റെ വെല്ലുവിളി എങ്ങനെ നേരിടും എന്നതാണ് ആരാധകർ കാത്തിരിക്കുന്നത്. പ്രീക്വാർട്ടറിൽ നിലവിലെ ചാമ്പ്യൻമാരായ റയൽ മാഡ്രിഡിനെ വീഴ്ത്തിയാണ് അയാക്സ് ക്വാർട്ടറിനായി ബൂട്ട്കെട്ടുന്നത്. രണ്ടാം പാദത്തിൽ റയലിനെ അവരുടെ തട്ടകമായ സാന്റിയാഗോ ബർണബ്യൂവിൽ ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ടെൻ ഹാഗിന്റെ സംഘം കശക്കിയെറിഞ്ഞത്. അതിനാൽ തന്നെ റൊണാൾഡോയ്ക്കും സംഘത്തിനും ഒട്ടും എളുപ്പമാകില്ല ഇന്നത്തെ മത്സരം. പ്രീക്വാർട്ടറിന്റെ രണ്ടാം പാദത്തിൽ റൊണാൾഡോയുടെ വിസ്മയ ഹാട്രിക്കിന്റെ പിൻബലത്തിൽ വിജയം സ്വന്തമാക്കിയാണ് യുവന്റസ് ഇത്തവണ ക്വാർട്ടർ ഉറപ്പിച്ചത്. റൊണാൾഡോയ്ക്കൊപ്പം മൻസൂക്കിച്ചും ഡിബാലയും ക്വാർഡ്രാഡോയും ചെല്ലിനിയുമെല്ലാം ചേരുന്ന യുവശക്തികൾ അയാക്സിനെ തറപറ്റക്കും എന്ന് തന്നെയാണ് ഉറപ്പിക്കുന്നത്. എന്നാൽ മാഡ്രിഡിൽ പുറത്തെടുത്ത മികവ് സ്വന്തം മൈതാനത്ത് യുവന്റസിനെതിരെയും തുടരാനാണ് ഡിജോംഗും ടാഡിച്ചും തഗ്ലിഫിക്കോയും സിയേച്ചും അടങ്ങുന്ന അയാക്സിന്റെ വിപ്ലവ സംഘം മൈതാനത്തിറങ്ങുന്നത്.



### നോട്ട് ദ പോയിന്റ്

#### മാൻ.യുണൈറ്റഡ് Vs ബാഴസലോണ

■ അവസാനം ഇരുടീമും ഏറ്റുമുട്ടിയ 11 മത്സരങ്ങളിൽ 4 എണ്ണത്തിൽ ബാഴ്സലോണ ജയിച്ചു. 4 എണ്ണം സമനിലയായി. 3 എണ്ണത്തിൽ യുണൈറ്റഡ് ജയിച്ചു. 20 ഗോൾ ബാഴസലോണ അടിച്ചു. 15 ഗോൾ യുണൈറ്റഡ് അടിച്ചു.
■ പ്രീക്വാർട്ടറിൽ ലിയോണിനെ വീഴ്ത്തിയാണ് ബാഴ്സ ക്വാർട്ടറിൽ എത്തിയത്.
■ പി.എസ്.ജി യെയാണ് യുണൈറ്റഡ് പ്രീക്വാർട്ടറിൽ തറപറ്റിച്ചത്.
■ 2009ലെയും 2011ലെയും ചാമ്പ്യൻസ് ലീഗ് ഫൈനലുകളിൽ ബാഴ്സലോണ യുണൈറ്റഡിനെ കീഴടക്കിയിരുന്നു.
■ 16ന് ക്യാമ്പ്നൗവിലാണ് രണ്ടാം പാദം.

#### അയാക്സ് Vs യുവന്റസ്

■ മുഖാമുഖം വന്ന 12 മത്സരങ്ങളിൽ ആറെണ്ണത്തിലും യുവന്റസിനായിരുന്നു ജയം. അയാക്സിന് ജയിക്കാനായത് രണ്ടെണ്ണത്തിൽ മാത്രം. 4 എണ്ണം സമനിലയായി. 15 ഗോൾ യുവന്റസടിച്ചു. 9 ഗോൾ അയാക്സ് അടിച്ചു.
■ സ്വന്തം തട്ടകത്തിൽ അവസാനം കളിച്ച പത്ത് മത്സരങ്ങളിലും സന്ദർശകർക്കെതിരെ അയാക്സിന് ജയിക്കാനായിട്ടില്ല.
■ രണ്ടാം പാദം ഏപ്രിൽ 14ന് ടൂറിനിൽ.



### ജ്യോതിഷ്മതി
കരമന: ആനന്ദ നഗർ 123 മാങ്കുഴി ഇല്ലത്തിൽ ജ്യോതിഷ്മതി (89) നിര്യാതയായി. കഴക്കൂട്ടം വെട്ടറോഡ് ഇന്റർനാഷണൽടൈലേഴ്സ്ഉടമ പരേതനായ വൈകുണ്ഠന്റെ ഭാര്യയും പരേതരായ കുഞ്ഞുകൃഷ്ണൻ വൈദ്യരുടേയും ജാനകിയുടേയും മകളുമാണ്. മക്കൾ : ഉഷ ഗോപാലകൃഷ്ണൻ(കേരളയൂണിവേഴ്സിറ്റിമുൻ ലൈബ്രേറിയൻ) ,സരിത്ത്(സിങ്കപ്പൂർ), സുരേഷ്(ഗായത്രി ഫിനാൻസ്. കണിയാപുരം) ,സജീവ്(യു.എസ്.എ) . മരുമക്കൾ: ജി .ഗോപാലകൃഷ്ണൻ (പി.ആർ.ഡി. മുൻ ഡയറക്ടർ ), അനിത, ബിന്ദു, ദീപ (ലെക്കോൾ ചെമ്പക) .സംസ്കാരം ഏപ്രിൽ 11 ന്വൈകിട്ട്3ന്ശാന്തികവാടം. സഞ്ചയനം: 15ന് രാവിലെ9ന്.

### പി.വി. തുളസിബായി
ശ്രീകാര്യം: ചെറുവയ്ക്കൽ ശേഖരൻ നായർ ലൈനിൽ അവിട്ടത്തിൽ ആനയറ ഒരുവാതിൽക്കോട്ടതെക്കേവിളാകത്തു വീട്ടിൽ ജി. ബാലചന്ദ്രന്റെ ഭാര്യ പി.വി. തുളസിബായി (76, റിട്ട. എച്ച്.എസ്.എ, സി.എം.ജി.എച്ച്.എസ് പൂജപ്പുര) നിര്യാതയായി. മക്കൾ : ശ്രീകാന്ത്. ബി, ശ്രുതി. ബി (പേട്ട മുൻ കൗൺസിലർ). മരുമക്കൾ: ശോഭ ശ്രീകാന്ത്, ശ്രീകുമാർ. സംസ്കാരം: ഇന്ന് രാവിലെ 11 ന് ശാന്തി കവാടത്തിൽ സഞ്ചയനം: ഞായറാഴ്ച രാവിലെ 9ന്.

### ഗ്ലാഡിസ് മേന
തിരുവനന്തപുരം : മുട്ടട കൃപയിൽ പരേതനായ സാമുവൽ മേനയുടെ ഭാര്യ ഗ്ലാഡിസ് മേന (82) നിര്യാതയായി. സംസ്കാരം നാളെ രാവിലെ ഒൻപതിന് പാറോട്ടുകോണം സ്നേഹ ജംഗ്ഷനിലെ മേനരഹബോത്ത് ഭവനത്തിലെ ശുശ്രൂഷകൾക്കുശേഷം മൂന്നുമണിക്ക് മലമുകൾ ഐ.പി. സിതാബോർ സെമിത്തേരിയിൽ. മക്കൾ: മിനി കെസിയ, സീന ബെത്ഷേബ, സന്തോഷ് ടൈറ്റസ് മേന. മാക്സി വിശ്വാസ് മേന. പ്രത്യാശ് സാമുവൽ മേന. മരുമക്കൾ: എബ്രഹാം മാത്യു, ജോസഫ് പെരേര, ആൻസി സന്തോഷ് മേന, സിൽവി മാക്സി മേന, പ്രമ്ല പ്രത്യാശ് മേന.

### ശോഭനാ സദാശിവൻ
കണ്ണമ്മൂല : കേദാരത്തിൽ പരേതനായ ശിവദാസന്റെ (പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്) ഭാര്യ ശോഭനാ സദാശിവൻ (71, റിട്ട. പ്രൊഫസർ, എസ്.എൻ. കോളേജ്, ചെമ്പഴന്തി) നിര്യാതയായി. മകൾ : കമലാ ശിവദാസ് (സീമെൻസ്, ബാംഗ്ലൂർ). മരുമകൻ : കിരൺ ഭദ്രൻ ( കേപ്പ് ജെമിനി, ബാംഗ്ലൂർ). സംസ്കാരം ഇന്ന് 3 ന് ശാന്തി കവാടത്തിൽ.

### ഫിനാൻസ് മുൻ ഡെപ്യൂട്ടി സെക്രട്ടറി വി.വി .ജോണി
പേരൂർക്കട: എൻ.വി .നഗർ (46) തട്ടിൽ വല്ലച്ചിറയിൽ വി.വി. ജോണി (76) നിര്യാതനായി. റിട്ട. ഫിനാൻസ് ഡെപ്യൂട്ടി സെക്രട്ടറിയായിരുന്നു. ഭാര്യ: ഓമന ജോണി . മക്കൾ: ബ്ലൂസി വി .ജോൺ( ദുബായ്), ഡുബി.വി .ജോൺ (ദുബായ്) മരുമക്കൾ: ഷാജു പെരേര (ദുബായ്), രൻജി (ദുബായ്) .സംസ്കാരം ഇന്ന് 2.30 ന് നാലാഞ്ചിറ ലൂർദ്ദ് പള്ളി സെമിത്തേരിയിൽ.

### പി.കെ. കൃഷ്ണൻ
പൂതംകോട്: പൂതംകോട് സുഷമാ ഭവനിൽ പി.കെ. കൃഷ്ണൻ (കുഞ്ഞൻ വൈദ്യർ - 92 ) നിര്യാതനായി. ഭാര്യ : പി. സരസ്വതി. മകൾ സുഷമാദേവി. മരുമകൻ : ഹേമചന്ദ്രൻ (റിട്ട. കെ. എസ്. ആർ. ടി. സി). സംസ്കാരം ഇന്ന് 11 ന് വീട്ടുവളപ്പിൽ.

### എസ്.സനിൽ കുമാർ
ആറാലുംമൂട്: തമ്പുരാൻ നഗർ വടക്കേമേലെ പുത്തൻവീട്ടിൽ എസ്.സനിൽകുമാർ (44) നിര്യാതനായി. ഭാര്യ ആർ. സിന്ധു. മക്കൾ: പഞ്ചമി എസ്.സനിൽ, പ്രണവ് എസ്. സനിൽ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30 ന്.

### ടോണി ജൂസ
വലിയതുറ : ജൂസാ കോട്ടേജിൽ പരേതനായ ജൂസാ വറീതിന്റെയും കാർമ്മലിന്റെയും മകൻ ടോണി ജൂസ (44) നിര്യാതനായി. പ്രാർത്ഥന ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് വലിയതുറ സെന്റ് ആന്റണീസ് പള്ളിയിൽ. സഹോദരങ്ങൾ: ഫ്രെഡി റോസമ്മ, എഡിസൺ ദീപ, ഷിബു സോഫിയ, കെന്നഡി ജൂസ.

### ശ്യാമള
കോളിയൂർ : പ്ലാങ്കാലവിള വീട്ടിൽ ശശിയുടെ ഭാര്യ ശ്യാമള (62) നിര്യാതയായി. മക്കൾ: ലീന ലാലി, ലീന ലാജി. മരുമക്കൾ : പരേതനായ സുനിൽകുമാർ, കുഞ്ഞുമണി. പ്രാർത്ഥന ഞായറാഴ്ച വൈകിട്ട് 3 മണിക്ക്.

### ശാരദ .പി
തിരുവനന്തപുരം: കുത്തുകല്ലിൻമൂട് ടി. സി 69/1338/1 ൽ പരേതനായ മുരളീധരന്റെ(തമ്പി) ഭാര്യ ശാരദ .പി (85) നിര്യാതയായി. മരണാനന്തര ചടങ്ങുകൾ ഞായറാഴ്ച രാവിലെ 8 മണിക്ക്.

### വിശാലാക്ഷി അമ്മ
പെരുകാവ് : ഈഴക്കോട് നെല്ലിവിള അശ്വതി ഭവനിൽ രാമകൃഷ്ണപിള്ളയുടെ ഭാര്യ വിശാലാക്ഷി അമ്മ (91) നിര്യാതയായി. മക്കൾ : ചന്ദ്രൻ നായർ, വിക്രമൻ നായർ, ലീല, വിജയകുമാരി. മരുമക്കൾ : രമ, ജലജകുമാരി, പരേതനായ ശ്രീധരൻ നായർ, മുരുകൻ. സഞ്ചയനം 11 ന് രാവിലെ 8 ന്.

### മോഹൻരാജ്
തിരുവനന്തപുരം : പുന്നയ്ക്കാമുകൾ കുന്നിൽ പുത്തൻ വീട്ടിൽ മോഹൻരാജ് (62, റിട്ട ഗവ. ആയുർവേദ കോളേജ് നഴ്സിംഗ് വിഭാഗം) നിര്യാതനായി. ഭാര്യ രമണി (റിട്ട. സെക്രട്ടേറിയറ്റ്). മക്കൾ : രാജേഷ് മോഹൻ (കൃപാ അസോസിയേറ്റ്സ്, തിരുവനന്തപുരം), രമ്യ. ആർ. മരുമക്കൾ : പൂർണിമ രാജേഷ് (അദ്ധ്യാപിക, ക്രൈസ്റ്റ്നഗർസ്കൂൾ, തിരുവനന്തപുരം), സുരേഷ് കുമാർ ( ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ്). പ്രാർത്ഥന 12 ന് വൈകിട്ട് 4 ന് പുന്നയ്ക്കാമുകൾ സെന്റ് ജോർജ് ചർച്ചിൽ.

### ബാബുരാജ്
വെഞ്ഞാറമൂട്: വലിയകട്ടക്കാൽ പരുത്തിക്കുന്നുവിള കൃഷ്ണ ഭവനിൽ ബാബുരാജ് (65) നിര്യാതനായി. ഭാര്യ ജെ. ലേഖ. മക്കൾ: കൃഷ്ണബാബു, വിഷ്ണുബാബു. മരുമകൻ: ആർ .എസ്. പ്രദീഷ്. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30ന്

### പരമേശ്വരൻ പിള്ള
വെഞ്ഞാറമൂട് : കൊഞ്ചിറ വെങ്കട്ടയിൽ വീട്ടിൽ പരമേശ്വരൻ പിള്ള (66) നിര്യാതനായി. ഭാര്യ രാജേശ്വരി അമ്മ .മക്കൾ : മഹേഷ് പിആർ ,മഞ്ജു പി ആർ .മരുമകൻ ഗിരീശൻ നായർ .സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന് മാണിക്കമംഗലത്ത്.

### കുമാരസ്വാമി പിള്ള
കരകുളം: ഏണിക്കര കാഞ്ഞിരംവിള വസന്താ ഭവനിൽ എം. കുമാരസ്വാമി പിള്ള (81 ) നിര്യാതനായി. ഭാര്യ: വസന്ത കുമാരി.മക്കൾ: മുരുകേശൻ , ഉമാദേവി , രമാദേവി.മരുമക്കൾ: ബിന്ദുകുമാരി, വസന്തകുമാർ , ശിവകുമാർ. സഞ്ചയനം വെള്ളി 8.30 ന്.

### ജാനകി
കരിക്കകം: പൂന്തോപ്പിൽ വീട്ടിൽ പരേതനായ അറുമുഖത്തിന്റെ (വാണിയംപറമ്പിൽ, കാഞ്ഞിരപ്പള്ളി) ഭാര്യ ജാനകി (94) നിര്യാതയായി. മക്കൾ : ഡോ. രാമചന്ദ്രൻ, സുരേന്ദ്രൻ (റിട്ട.ഐ.ജി), പത്മാവതി. മരുമക്കൾ : ശാന്തമ്മ, അനിത, പരേതനായ രാമകൃഷ്ണൻ. സംസ്കാരം ഇന്ന് രാവിലെ 10 മണിക്ക് കരിക്കകം പൂന്തോപ്പിൽ വീട്ടുവളപ്പിൽ. സഞ്ചയനം : 14 ന് രാവിലെ 8.30 ന്.

### സ്നേഹലത
നാലാഞ്ചിറ : സംഗമം വീട്ടിൽ പരേതനായ സി. കൃഷ്ണപ്പണിക്കരുടെ ഭാര്യ സ്നേഹലത (93) നിര്യാതയായി. മക്കൾ: ലളിത സുഭാഷ്, പത്മ റോയ്. മരുമക്കൾ : ഡോ.കെ. സുഭാഷ്, ഇ.കെ. റോയ്. സഞ്ചയനം 12 ന് രാവിലെ 9 ന് ഇടപ്പഴിഞ്ഞി കല്പദ്രുമം വീട്ടിൽ.

### കെ.കൃഷ്ണമ്മ
ഉള്ളൂർ: ഉള്ളൂർ ഗാർഡൻസ് യു.ജി 146 വാറുവിളാകത്തു വീട്ടിൽ പരേതനായ എസ്. സുകുമാരൻ നായരുടെ (റിട്ട. പൊലീസ് ഡിപ്പാർട്ട്മെന്റ്) ഭാര്യ കെ. കൃഷ്ണമ്മ (89) നിര്യാതയായി. മക്കൾ: കെ.രാജമ്മ, പരേതയായ കെ.പ്രസന്ന , കെ.ഉഷാകുമാരി, പരേതയായ കെ.വത്സല , എസ്.ചന്ദ്രൻ, എസ്.കൃഷ്ണൻകുട്ടി നായർ, കെ.കല.മരുമക്കൾ :പരേതനായ പി.കൃഷ്ണൻ നായർ, ഷിബു കെ.നായർ, ചന്ദ്രശേഖരൻ നായർ .സി, ശശിധരൻ നായർ.ജി, ശ്രീലത.എസ്, കെ.വിജയകുമാരി, ഗോപകുമാർ.എം. സഞ്ചയനം 14 ന് രാവിലെ 9 ന്.

### എം.ജമീലാബീവി
ബാലരാമപുരം: ഹൗസിംഗ്ബോർഡ് 10/ 117 ൽ പി. അബ്ബാസിന്റെ ഭാര്യ എം.ജമീലാബീവി (68) നിര്യാതയായി. മക്കൾ: അബൂബക്കർ (സാമൂഹ്യനീതി വകുപ്പ്), കമറുദ്ദീൻ, സബീന ബീവി. മരുമക്കൾ: ജറീന, സുൽഫത്ത്, മുഹമ്മദ് റാഫി.

### തങ്കപ്പൻ ചെട്ടിയാർ
വെഞ്ഞാറമൂട് : കല്ലയം പള്ളിമുക്ക് ബഥേൻഗ്രാം ആശ്രമം അന്തേവാസി ഇ. തങ്കപ്പൻ ചെട്ടിയാർ (84) നിര്യാതനായി.

### രാജദാസ്
കരകുളം: ഏണിക്കര പള്ളിത്തറ വീട്ടിൽ ടി. രാജദാസ് (85) നിര്യാതനായി.ഭാര്യ: പരേതയായ ജെ.ലീല. മക്കൾ : കെസിയ, ഷൈലജ, പ്രസന്ന, ഷാജിമോൾ. പ്രാർത്ഥന ഞായറാഴ്ച 11 മണിക്ക്.

### റിട്ട. പൊലീസ് സൂപ്രണ്ട് കെ.പി. ഇട്ടൻ
മുളന്തുരുത്തി: തുരുത്തിക്കര കളപ്പുരയ്ക്കൽ പാറയിൽ റിട്ട. പൊലീസ് സൂപ്രണ്ട് കെ.പി. ഇട്ടൻ (74) നിര്യാതനായി. സംസ്കാരം മുളന്തുരുത്തി കത്തീഡ്രലിൽ നടന്നു . ഭാര്യ മോഹിനി. മക്കൾ: ജിക്കു, മായ, മിന്നു. മരുമകൻ ഡീക്കൻ അനീഷ്.

### വള്ളിയമ്മാൾ
ശ്രീകാര്യം: കരിയം കരയോഗം ലെയിൻ വട്ടവിള വീട്ടിൽ പരേതനായ ബാലൻ ചെട്ടിയാരുടെ ഭാര്യ വള്ളിയമ്മാൾ (86) നിര്യാതയായി. മക്കൾ : ശിവരാജൻ ചെട്ടിയാർ (റിട്ട. കെ.എസ്.ഇ.ബി), സരസ്വതി, വിജയകുമാർ (റിട്ട. സെക്രട്ടേറിയേറ്റ്), വിക്രമൻ (റിട്ട. ആർ.സി.സി.), വസന്ത, പരേതനായ രാധാകൃഷ്ണൻ. മരുമക്കൾ : പത്മിനി, കോലപ്പൻ ചെട്ടിയാർ (റിട്ട. കെ.എസ്.ആർ.ടി.സി.), സവിത (റിട്ട. എച്ച്.എം), സുധ, കൃഷ്ണൻ ചെട്ടിയാർ.

### മറിയാമ്മ
കടയനിക്കാട്: പൊട്ടംപ്ലാക്കൽ (പൊട്ടുകുളം) പരേതനായ പി.ഡി. ജോസഫിന്റെ ഭാര്യ മറിയാമ്മ (82 ) നിര്യാതയായി. മക്കൾ : പി.ജെ. സെബാസ്റ്റ്യൻ, ഗ്രേസിക്കുട്ടി, പി.ജെ. എത്സമ്മ, റോസമ്മ, ഷൈലജ, ലൂസിക്കുട്ടി. മരുമക്കൾ : ഓമന, ജോർജ്ജുകുട്ടി തേക്കുങ്കൽ, മാത്തുക്കുട്ടി മുട്ടത്തു പാടത്ത്, ഡോ. വിപുൽ (ന്യൂഡൽഹി), ടോമിച്ചൻ അങ്ങാടിയിൽ, സജി തോട്ടമറ്റം. സംസ്കാരം വെള്ളിയാഴ്ച രാവിലെ 9.30 ന് പെരുംകാവ് സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ.

### സി.ജി.കല
തിരുമല: ആനയിടവഴി അവിട്ടം വീട്ടിൽ കെ.ചന്ദ്രശേഖരൻ നായരുടെ മകൾ സി.ജി. കല (34) നിര്യാതയായി. അമ്മ: എസ്.ഗിരിജകുമാരി. സഹോദരങ്ങൾ: സി.ജി.മണികണ്ഠൻ, ചിത്ര, ഇന്ദിരാദേവി, സി.ജി.ജയൻ. സഞ്ചയനം ഞായർ രാവിലെ 8.30 ന്.

### സുരേന്ദ്രബാബു
വക്കം : വക്കത്ത് കൊച്ചമണക്കാട്ടിൽ സുരേന്ദ്രബാബു (74) നിര്യാതനായി. ഭാര്യ ശാന്ത. മക്കൾ : ഷിബു, സുനിത, അനിത. മരുമക്കൾ : വിജി, സുരാജ്. സഞ്ചയനം ശനിയാഴ്ച രാവിലെ 8.30 ന്.

### രത്നാകരൻ കാണി
പാലോട്: ഞാറനീലി ഇലഞ്ചിയം ആർ.എസ് ഭവനിൽ സി.രത്നാകരൻ കാണി (62) നിര്യാതനായി.ഭാര്യ : സരള. മക്കൾ : പ്രശാന്ത്,ജ്യോതി.മരുമകൻ : രാജൻ. സഞ്ചയനം : വെള്ളിയാഴ്ച രാവിലെ എട്ടരയ്ക്ക്.

### ഗംഗാധരപ്പണിക്കർ
വടക്കനാര്യാട്: മണ്ണഞ്ചേരി പഞ്ചായത്ത് 13ാം വാർഡിൽ ശ്രീരംഗം വീട്ടിൽ വി.ആർ.ഗംഗാധരപ്പണിക്കർ (കൊച്ചേട്ടൻ,88) നിര്യാതനായി. ഭാര്യ: ശ്രീദേവിയമ്മ. മക്കൾ: ജയജ്യോതി (കുവൈറ്റ്), ജയകൃഷ്ണ (യു.എസ്.എ.). മരുമക്കൾ: സുഭാഷ്, സന്ധ്യ.

### സുശീലൻ .ബി
നെയ്യാറ്റിൻകര: ഇരുവൈക്കോണം ,മാങ്കുളം ,മേക്കെ പട്ടിവിളവീട്ടിൽ സുശീലൻ. ബി (75) നിര്യാതനായി. ഭാര്യ: വസന്ത.വി. മക്കൾ: എസ്.കുമാർ,ഉണ്ണി.എസ്.,ശാന്തകുമാരി.വി. മരുമക്കൾ: ദിവ്യ.ജെ,അരോമ,മനോഹരൻ.സഞ്ചയനം: 15ന് രാവിലെ 9ന്.

### കെ. തങ്കം
പൂങ്കുളം : കൃഷ്ണവിലാസം ബംഗ്ലാവിൽ വി. കൃഷ്ണൻ നാടാരുടെ ഭാര്യ കെ. തങ്കം (67) നിര്യാതയായി. മക്കൾ : ഉഷാകൃഷ്ണൻ, സന്തോഷ് കൃഷ്ണൻ. മരുമക്കൾ : വിജയ ചൗധരി, സുനിത. ജി.എസ്. പ്രാർത്ഥന ശനിയാഴ്ച രാവിലെ 8 ന് സ്വവസതിയിൽ.

### ലതികുമാർ
തിരുവനന്തപുരം : വലിയശാല ശ്രീവിശാഖം വീട്ടിൽ ശ്രീധരപണിക്കരുടെ മകൻ ലതികുമാർ (64) നിര്യാതനായി. ഭാര്യ : സുപ്രഭ. മക്കൾ : ലജീഷ്. എസ്.എൽ, വിശാഖ് എസ്.എൽ. മരുമക്കൾ : പൂജ, അശ്വതി. സഞ്ചയനം : ഞായറാഴ്ച രാവിലെ 8.30 ന്.

### കെ.ശാന്തമ്മ
നാലാഞ്ചിറ: കോട്ടമുകൾ ഏറവിളവീട്ടിൽ (വിഷ്ണുനഗർ നെട്ടങ്കോട്ടുവിള മാവർത്തല വീട്) സുകുമാരൻ നായരുടെ ഭാര്യ കെ.ശാന്തമ്മ നിര്യാതയായി. മക്കൾ: സന്തോഷ് രാജ്,ശുഭകുമാരി.എസ്.സുധകുമാരി.മരുമക്കൾ: ഷൈനി, എസ്.വി.സായിപ്രസാദ്,സതീഷ്കുമാർ.സഞ്ചയനം: 14 ന് രാവിലെ 8.30ന്.

### പാലാംവിള അനി
തിരുവനന്തപുരം: കുര്യാത്തി കെ.എൻ. മണി റോഡ് ടി. സി. 39/1666, എസ്.ജി.എൻ.ആർ.എ-31 ൽ പാലാംവിള അനി (47, ഡി. അനിൽകുമാർ) നിര്യാതനായി. പിതാവ് പരേതനായ എ. ദേവദാസ് (അണ്ണാച്ചി, റിട്ട. സെക്രട്ടറി, പേരൂർക്കട സർവീസ് സഹകരണ ബാങ്ക്). മാതാവ്: ശാന്തകുമാരി. ഭാര്യ : ഷീജ. എ. മക്കൾ : ഗൗരി, ഗംഗ. സഞ്ചയനം : 12 ന് രാവിലെ 9 ന്.

### രാജയ്യൻ
ആറാലുംമൂട്: ബാലരാമപുരം കൈതോട്ടു കോണം രാജ്ഭവനിൽ രാജയ്യൻ (റിട്ട: ഹെഡ്മാസ്റ്റർ-85) നിര്യാതനായി. ഭാര്യ: ലില്ലിബായി. മക്കൾ: എൽ.ഇന്ദിര, ആർ. സാബി രാജ്, ആർ. ഭാസി രാജ്, ആർ. ഷിബു രാജ്. മരുമക്കൾ: എൽ. അലോഷ്യസ്, വൈ. പ്രിയ, ഇ. പി സോണ. പ്രാർത്ഥന: വ്യാഴം രാവിലെ 8ന് കല്ലമ്പലം ലിറ്റിൽ ഫ്ലവർ ചർച്ചിൽ.

### എ.സേതു
വെള്ളനാട്: ഉറിയാക്കോട് സോമൻ റോഡ് വട്ടവിള അനന്തുഭവനിൽ എ.സേതു (78) നിര്യാതനായി.മക്കൾ: രാജേഷ്ബാബു (ബി.എസ്.എഫ്), ഗണേഷ്പ്രസാദ്.മരുമക്കൾ :മിനിമോൾ,ഷൈനി (ഹെൽത്ത് ഇൻസ്പെക്ടർ). സഞ്ചയനം:14ന് രാവിലെ 9 മണിക്ക്.

### കെ.പൊന്നമ്മ
തിരുവനന്തപുരം: തമലം ലക്ഷ്മി വിളാകത്തുവീട്ടിൽ പരേതനായ എം.മാധവന്റെ ഭാര്യ കെ.പൊന്നമ്മ (90) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 9.30ന് തൈക്കാട് ശാന്തികവാടത്തിൽ. മക്കൾ സുധാകരൻ എം, കോമളകുമാരി എം.പി, പരേതനായ പ്രേമപാലൻ , സുമംഗല എം.പി, സുധർമ്മ എം.പി, അനിരുദ്ധൻ എം. മരുമക്കൾ ഗോപാലകൃഷ്ണൻ, സുധ എസ്, കെ.എൻ. സാനു.

### സുദർശനൻ
കല്ലറ : തെങ്ങുംകോട് വെള്ളിഞ്ചികുഴിയിൽ മംഗലത്ത് വീട്ടിൽ സുദർശനൻ (62) നിര്യാതനായി. ഭാര്യ : പ്രമീള. മക്കൾ : സൂര്യ, സൂരജ്. സഞ്ചയനം : ശനിയാഴ്ച രാവിലെ 9 ന്.

### ടി. ശകുന്തള
ചെറിയകൊണ്ണി : ഇറയാംകോട് പുലിയൂർ തിരുവോണത്തിൽ ആർ. ബാലകൃഷ്ണൻ നായരുടെ ഭാര്യ ടി. ശകുന്തള (68) നിര്യാതയായി. മക്കൾ : ശ്രീദേവി, കോമളകുമാരി, ശ്രീകുമാർ. മരുമക്കൾ : തമ്പി, വിനോദ് കുമാർ, ശ്രീകുമാരി.

### ജെ. ഗോമതി
മുക്കോല :കല്ലയം ലക്ഷ്മിഭവനിൽ പരേതനായ ഭാസ്കരന്റെ ഭാര്യ ജെ.ഗോമതി ( 85) നിര്യാതയായി.മക്കൾ: ബി. നളിനാക്ഷൻ,ബി.വിജയൻ, ബി.വസന്ത,ജി..വിമലദേവി.. മരുമക്കൾ: അംബിക,പി.സുലോചന,പി.ഓമന,എം.മോഹനൻ..സഞ്ചയനം: 14ന് രാവിലെ 8ന്.

### എസ്. നാഗമണി
തിരുവനന്തപുരം : ചൂഴംപാല പാതിരാപള്ളി റോഡിൽ സി.ആർ.എ 135 സനിൽ നിവാസിൽ എസ്. നാഗമണി (77, റിട്ട. ഹിന്ദുസ്ഥാൻ ലാറ്റക്സ്) നിര്യാതനായി. ഭാര്യ വിജയം. മക്കൾ : പരേതനായ സനിൽകുമാർ, സ്മിത. വി (കണ്ടിന്യൂ എഡ്യൂക്കേഷൻ തിരുവനന്തപുരം വിമൻസ് കോളേജ്), മരുമക്കൾ : ഗോപകുമാർ. ജി.പി. (തിരുവനന്തപുരം മെഡിക്കൽ കോളേജ്), റാണി സനിൽ (ജില്ലാ സപ്ലൈ ഓഫീസ്, തിരുവനന്തപുരം കളക്ടറേറ്റ്). സഞ്ചയനം : 12 ന് രാവിലെ 8.30 ന്.

### കെ.ദിവാകരൻ
വേളി : മാധവപുരം സിമിനി ഹൗസിൽ പരേതരായ മേട്ടുക്കട കുഞ്ഞുകൃഷ്ണന്റെയും ഗോമതിയുടെയും മകൻ കെ. ദിവാകരൻ (68) നിര്യാതനായി. സഞ്ചയനം 11 ന് രാവിലെ 9 ന്.

### ഭവാനിഅമ്മ
ഐവർകാല: നടുവിൽ പുലിക്കുളത്തുവിള വീട്ടിൽ ശ്രീധരൻപിള്ളയുടെ ഭാര്യ ഭവാനി അമ്മ (75) നിര്യാതയായി.

### ഐറിൻജോസ്
ഓയൂർ: പൂയപ്പള്ളി ഐ നിവാസിൽ (കുത്തുവിളപ്പുല്ലിച്ചിറ) ജോസ്ഡാനിയേലിന്റെ ഭാര്യ ഐറിൻജോസ് (45) നിര്യാതയായി.

### ശിവകാമി അമ്മാൾ
വർക്കല: ജനാർദ്ദനസ്വാമി ക്ഷേത്രം പടിഞ്ഞാറെനട പുളിമൂട് വീട്ടിൽ പരേതനായ മീനാക്ഷിസുന്ദരംപിള്ളയുടെ ഭാര്യ ശിവകാമിഅമ്മാൾ (ആച്ചിയമ്മ,98) നിര്യാതയായി. മകൻ: പരേതനായ ഗോപാലകൃഷ്ണപിള്ള. മരുമകൾ : കമലമ്മ. മരണാനന്തര ചടങ്ങ് 21 ന് രാവിലെ 8.30ന്.

### ഭാസ്കരൻ നാടാർ
കല്ലേരിക്കോണം : കുന്നിൻപുറത്ത് ഭാസ്കരൻ നാടാർ (75 ) നിര്യാതനായി. ഭാര്യ വിലാസിനി. മക്കൾ : ശ്രീകുമാർ, അനിൽകുമാർ. മരുമക്കൾ : ശ്രീത, നവമി.

### എം.കമലം
മൈലം: ക്രിഷ്ണവിലാസം വീട്ടിൽ പരേതനായ കൃഷ്ണൻ നായരുടെ ഭാര്യ എം.കമലം ( 85 ) നിര്യാതയായി. സഞ്ചയനം വെള്ളിയാഴ്ച മകളുടെ വെള്ളൈകടവിലുള്ള വീട്ടിൽ രാവിലെ 8 മണിക്ക്.

### തങ്കമ്മ ദാമോദരൻ
കൊല്ലം: എസ്.എൻ ട്രസ്റ്റ് മുൻ പ്രസിഡന്റും പ്രമുഖ വ്യവസായിയുമായിരുന്ന പരേതനായ കടപ്പാക്കട പട്ടത്തുവിള ദാമോദരന്റെ ഭാര്യ തങ്കമ്മ ദാമോദരൻ (86) നിര്യാതയായി. സംസ്കാരം പിന്നീട്. മക്കൾ: പ്രകാശ്, സന്ധ്യ, ഉഷ. മരുമക്കൾ: വൃന്ദ, ഡോ. രാധാകൃഷ്ണൻ, സുധീർ.

### കെ.ധർമ്മരാജൻ
വർക്കല: കായിക്കര പോളയ്ക്കൽ വീട്ടിൽ പരേതനായ കൊച്ചു കൃഷ്ണൻ മുതലാളിയുടെ മകൻ കെ.ധർമ്മരാജൻ (രാജൻ-80) നിര്യാതനായി. സഹോദരങ്ങൾ: പരേതയായ കെ.സാവിത്രി, കെ.സോമനാഥൻ, കെ.ബേബി സരോജം, കെ.അശോക കുമാർ, കെ.കൃഷ്ണ കുമാർ. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2ന് സ്വവസതിയിൽ.

## തെരുവുനായയുടെ കടിയേറ്റ് ക്ഷേത്രത്തിലെ സഹായി മരിച്ച നിലയിൽ

ആറ്റിങ്ങൽ: വൃദ്ധനെ പാടത്ത് മരിച്ച നിലയിൽ കണ്ടെത്തി. ആറ്റിങ്ങൽ പൈപ്പ് ലെയ്ൻ ഉണ്ടുവിള വീട്ടിൽ ബാബുവാണ് (65) മരിച്ചത്. പ്രഭാത സവാരിക്കിടെ നാട്ടുകാരാണ് മൃതദേഹം കണ്ടത്. മുഖത്ത് നായയുടെ കടിയേറ്റപോലെ മുറിവുണ്ട്. നക്രാംകോട് അപ്പുഷൻപാറ ശിവക്ഷേത്രത്തിൽ സഹായിയായി പ്രവർത്തിക്കുകയായിരുന്നു. കുറച്ചു നാളായി കുടുംബവീട്ടിൽ സഹോദരിക്കൊപ്പമാണ് താമസം. എന്നാൽ പലപ്പോഴും ക്ഷേത്രത്തിനു സമീപത്തും വഴിയോരത്തുമാണ് ഇയാൾ അന്തിയുറങ്ങിയിരുന്നത്. തെരുവുനായ ആക്രമിച്ചതാകാമെന്ന് പൊലീസ് കരുതുന്നു. ഈ പ്രദേശങ്ങളിൽ തെരുവുനായ ശല്യം രൂക്ഷമാണ്. ഭാര്യ: പാറുക്കുട്ടി. മക്കൾ: അനിൽകുമാർ, ബേബി.

## ഒറ്റയ്ക്ക് താമസിച്ചിരുന്ന വീട്ടമ്മ മരിച്ചനിലയിൽ

■ കൊലപാതകമെന്ന് സംശയം

വെഞ്ഞാറമൂട്: ഒറ്റയ്ക്ക് താമസിച്ചിരുന്ന വീട്ടമ്മയെ മരിച്ച നിലയിൽ കണ്ടെത്തി. കൊലപാതകമെന്ന് സംശയം. വട്ടപ്പാറ പന്നിയോട് വീട്ടിൽ സുശീല (65) യെയാണ് വീട്ടിൽ മരിച്ച നിലയിൽ കണ്ടത്.

സുശീലയുടെ മകൻ കഴിഞ്ഞ ദിവസങ്ങളിൽ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയിരുന്നില്ല. തുടർന്ന് ഇന്നലെ രാവിലെ 9 മണിക്ക് വട്ടപ്പാറ പന്നിയോട്ടെ വീട്ടിൽ എത്തിയപ്പോൾ, വാതിൽ അകത്തുനിന്ന് പൂട്ടിയ നിലയിലായിരുന്നു. വീട്ടിനുള്ളിൽ നിന്ന് ദുർഗന്ധം വമിച്ചിരുന്നു. പൊലീസ് എത്തി വീടിന്റെ വശത്തെ ഡോർ കുത്തിപ്പൊളിച്ച് അകത്തു കടന്നു. മൃതദേഹം അഴുകിയിരുന്നു. മുറിക്കകത്ത് മുളക്പൊടി വിതറിയിരുന്നു. കഴുത്തിൽ കുരുക്കിട്ടതിന്റെ ചില മുറിവുകളും കണ്ടെത്തി. ഫിംഗർ പ്രിന്റ് വിദഗ്ദ്ധരും ഡോഗ് സ്ക്വാഡും പരിശോധിച്ചതിൽ നിന്ന് കൊലപാതകമാണെന്ന് സംശയിക്കുന്നു. ചിലരെ പൊലീസ് കസ്റ്റഡിയിൽ എടുത്തതായി അറിയുന്നു. സുശീലയ്ക്ക് രണ്ട് മക്കളുണ്ടെങ്കിലും അവർ വിവാഹം കഴിച്ച് രണ്ടിടത്താണ് താമസം. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കു മാറ്റി.

## ഹൃദയാഘാതം: കണ്ടക്ടർ ബസിൽ മരിച്ചു

വെഞ്ഞാറമൂട്: ഡ്യൂട്ടിക്കിടെ കെ എസ് ആർടി സി കണ്ടക്ടർ ബസ്സിൽ മരിച്ചു.കിളിമാനൂർ ഡിപ്പോയിലെ കണ്ടക്ടർ തേമ്പാംമൂട് മുക്കാലസ്വദേശി ഷംനാദ് (42 ) ആണ് മരിച്ചത്.

കിളിമാനൂർനിന്ന് കല്ലമ്പലത്തേക്ക് പോകുകയായിരുന്ന ബസ്സിൽ ടിക്കറ്റ് കൊടുത്ത് കൊണ്ടിക്കേ ഷംനാദ് സീറ്റിൽ വന്നിരിക്കുകയായിരുന്നു. അടുത്തിരുന്ന യാത്രക്കാരൻ വിളിച്ചപ്പോൾ അബോധാവസ്ഥയിലാണെന്നുകണ്ടു . തുടർന്ന് ബസിൽ ആറ്റിങ്ങലിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് മെഡിക്കൽകോളജിലും എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.

## ആടിനെ രക്ഷിക്കാൻ കിണറ്റിലിറങ്ങിയ യുവാവ് മരിച്ചു

നെയ്യാറ്റിൻകര:അയൽവീട്ടിലെ കിണറ്റിലകപ്പെട്ട ആടിനെ രക്ഷിക്കാനിറങ്ങിയ യുവാവ് ശ്വാസം മുട്ടി മരിച്ചു. നെയ്യാറ്റിൻകര ഇരുമ്പിൽ ദൈവകൃപ വീട്ടിൽ സുകുമാരന്റേയും സരോജത്തിന്റെയും മകൻ ഷിബുവാണ് (31) മരിച്ചത്. ഇന്നലെ ഉച്ചയോടെയാണ് സംഭവം. തന്റെ ആട് അയൽവാസിയുടെ കിണറിൽ വീഴുന്നതുകണ്ട് ഓടിയെത്തിയ യുവാവ് കിണറിലേക്ക് ഇറങ്ങിയെങ്കിലും ബോധമറ്റ് വീഴുകയായിരുന്നു.

ഫയർഫോഴ്സ് യുവാവിനെ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. ഭാര്യയും രണ്ട് മക്കളുമുണ്ട്.

## കെ.എസ്.ആർ.ടി.സി ബസിടിച്ച് വഴിയാത്രക്കാരൻ മരിച്ചു

കോവളം: പാച്ചല്ലൂരിൽ വഴിയാത്രക്കാരൻ കെ. എസ്. ആർ. ടി. സി. ബസിടിച്ച് മരിച്ചു. പാച്ചല്ലൂർ വിളയിൽ വീട്ടിൽ മുഹമ്മദ് ഇല്ല്യാസ് (45) ആണ് മരിച്ചത്. ഇന്നലെ രാത്രി 9 നാണ് സംഭവം. പാച്ചല്ലൂർ നാലാംകല്ലിൽ നിന്ന് തിരുവല്ലം ഭാഗത്തേയ്ക്ക് റോഡരികിലൂടെ നടന്ന് വന്ന മുഹമ്മദ് ഇല്ല്യാസിനെ ഇതേ ദിശയിൽ വന്ന അനന്തപുരി സിറ്റി ബസ് ഇടിച്ച് തെറിപ്പിക്കുകയായിരുന്നു.

തലയുടെ പിൻഭാഗത്തിന് ഗുരുതരമായി പരിക്കേറ്റ ഇയാളെ ഉടൻതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ജീവൻരക്ഷിക്കാനായില്ല. ഏതാനും വർഷങ്ങളായി ഇയാൾ ഒറ്റയ്ക്ക് താമസിക്കുകയായിരുന്നു. ഭാര്യ: സീനത്ത്. മക്കൾ: തൻസീർ, താരിഖ്, തസ്ലി. കബറടക്കം ഇന്ന് ഉച്ചയ്ക്ക് ഒന്നിന് പാച്ചല്ലൂർ മുസ്ലിം ജമാഅത്ത് കബർസ്ഥാനിൽ.

മുഹമ്മദ് ഇല്ല്യാസ്

## ടിപ്പറിനടിയിൽപ്പെട്ട് പാസ്റ്റർക്ക് ദാരുണാന്ത്യം

റാന്നി: ഇരുചക്ര വാഹനങ്ങൾ കൂട്ടിയിടിച്ച് തെറിച്ചുവീണ പാസ്റ്റർക്ക് ടിപ്പറിനടിയിൽ പെട്ട് ദാരുണാന്ത്യം. നെടുങ്കുന്നം ചേലക്കൊമ്പ് ഡബ്ല്യു. എം. ഇ പെന്തക്കോസ്ത് സഭയുടെ ചുമതലക്കാരനായ പൊന്തൻപുഴ ആലപ്രതോണിപ്ളാക്കൽ രാജു (58) ആണ് മരിച്ചത്. ഇന്നലെ രാവിലെ 8.30 ന് റാന്നി വലിയപാലത്തിനോട് ചേർന്നായിരുന്നു സംഭവം. പത്തനംതിട്ട ഭാഗത്തേക്ക് പോകുകയായിരുന്ന പാസ്റ്ററുടെ സ്കൂട്ടറിലേക്ക് എതിരേ വന്ന ബൈക്ക് ഇടിയ്ക്കുകയായിരുന്നു. ഭാര്യ പരേതയായ ലീലാമ്മ. മക്കൾ: ലിബിൻ, ലൗസൻ.

വേർപാടിന്റെ ഏഴാം വർഷം (10.04.2019)
എ. ജയപ്രകാശൻ
[Rtd. K.S.R.T.C.]
'ലക്ഷ്മി', മരപ്പാലം, പട്ടം.
ദുഃഖിതയായ ഭാര്യ : സി. സരള (Rtd. Registration Dept.)
മക്കൾ : ദീപു. എ.ജെ, ലക്ഷ്മി. സി.എസ്,
മരുമക്കൾ : ശ്രീഭ. C.N, മനോജ്. V,
ചെറുമക്കൾ : നന്ദിത ദീപു, നിവേദിതാ മനോജ്.

പാവന സ്മരണയ്ക്ക്
വേർപാടിന്റെ 41 വർഷങ്ങൾ (10.04.2019) | വേർപാടിന്റെ 3 -ാം വർഷം (21.04.2019)
ടി.പി. ഗോപാലൻ | കെ. സരോജിനി
കൊന്നയിൽ തറയിൽ, മരുത്തടി പി.ഒ, കൊല്ലം–3
ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ദുഃഖിതരായ കുടുംബാംഗങ്ങൾ

ആറാം ചരമവാർഷികം (10.04.2019)
N. ജഗദീശൻ
രേവതി നിവാസ്, ചിറമൂല, നിലയ്ക്കാമുക്ക്, കടയ്ക്കാവൂർ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതയായ ഭാര്യ : സുനു. എസ്.
മക്കൾ : കാർത്തിക രാകേഷ് (മുത്തു), ചിപ്പി റാസി, രേവതി (പവിഴം),
മരുമക്കൾ : രാകേഷ്, റാസി,
ചെറുമകൾ : ഹൃദിക രാകേഷ്.
Ph. 9846767375
മുത്തുചിപ്പി ഡ്രൈവിംഗ് സ്കൂൾ, ചിറമൂല.

26-ാം ചരമവാർഷികം (10.04.2019)
ആർ. അനിൽ രാജൻ
മഞ്ചാടിതെക്കുംകര പുത്തൻവീട്, പരശുവയ്ക്കൽ പി.ഒ.
ദുഃഖിതരായ അച്ഛൻ : രാജേന്ദ്രൻ, അമ്മ : സുശീല,
ജ്യേഷ്ഠൻ : സുനിൽരാജ്

തീരാദുഃഖത്തിന്റെ ഒന്നാം വർഷം (10.04.2019)
എൽ. വസുമതി
മൂപ്പൻവിളാകം, മുരുക്കുംപുഴ.
പുണ്യാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖസ്മരണകളോടെ, മക്കൾ, മരുമക്കൾ, ചെറുമക്കൾ, മറ്റ് കുടുംബാംഗങ്ങൾ.

# കുളത്തൂർ കോലത്തുകര ശിവക്ഷേത്രത്തിലെ 126-ാമത് തിരുവാതിര മഹോത്സവം 2019

ലോകത്തെ ആദ്യത്തെ ഗുരുദേവ ക്ഷേത്രം : കോലത്തുകര
ഗുരുദേവ ക്ഷേത്രത്തിന്റെയും ഗദ്യ പ്രാർത്ഥനയുടെയും
ശതോത്തര രജത ജൂബിലി (125) ആഘോഷം




"കോലത്തുകര കുടി കൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ"
ശ്രീനാരായണ ഗുരുദേവൻ

"കാലൻ കനിവറ്റു കുറിച്ചുവിടു
ന്നോലപ്പടിയെന്നെ യയക്കരുതെ"
കുമാരനാശാൻ


## പള്ളിവേട്ട ഇന്ന് തിരു ആറാട്ട് നാളെ

**2019 ഏപ്രിൽ 11 [1194 മീനം 28] വ്യാഴാഴ്ച**

കോലത്തുകര ക്ഷേത്ര സമാജം രജി: നമ്പർ 30/59 കുളത്തൂർ പി. ഒ. തിരുവനന്തപുരം
www.kolathukara.com Mob:8281268224 www.facebook.com/kolathukarashiva

## അലങ്കാര ഗോപുര സമർപ്പണം

വൈകുന്നേരം 5.40 നു മേൽ 6.28 നകം



ശ്രീ.ഐ.ആർ.ഷാജി ചേർത്തല
ക്ഷേത്ര തന്ത്രി

ശ്രീ. ജി.സഞ്ജിത് ദയാനന്ദൻ
ക്ഷേത്ര മേൽശാന്തി

ആശംസകളോടെ...

തരുൺ.പി
ചിക്കു നിവാസ് എസ്.എൻ.നഗർ, കുളത്തൂർ

തയ്യാറാക്കിയത്:
പി സുരേഷ് ബാബു
റിപ്പോർട്ടർ കേരളകൗമുദി
ഫോൺ: 9946100184, 8907915700

പ്രതിഷ്ഠാ വാർഷിക ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സുവനീർ

## "ഗുരുചൈതന്യം- 125" ന്റെ പ്രകാശന കർമ്മം

ആദ്യ പ്രതി മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീ. ഗോകുലം ഗോപാലന് നൽകി പ്രകാശനം ചെയ്യും



ശ്രീ. കടകംപള്ളി സുരേന്ദ്രൻ
സഹകരണ-ടൂറിസം ദേവസ്വം മന്ത്രി

ശ്രീ. ഗോകുലം ഗോപാലൻ
ചെയർമാൻ ഗോകുലം ഗ്രൂപ്പ്

ശ്രീമദ് പ്രകാശാനന്ദ സ്വാമികൾ

ശ്രീമദ് ഗുരുപ്രസാദ് സ്വാമികൾ

ശ്രീ പുന്നല ശ്രീകുമാർ



ബഹു. അഡ്വ.വി.കെ.പ്രശാന്ത്
മേയർ തിരുവനന്തപുരം നഗരസഭ

ശ്രീ. ജി.എസ്. പ്രദീപ്
അശ്വമേധം ഫെയിം

ശ്രീ. എൻ.തുളസീധരൻ
പ്രസിഡന്റ്, കോലത്തുകര ക്ഷേത്ര സമാജം

ശ്രീ. എസ്.സതീഷ് ബാബു
സെക്രട്ടറി, കോലത്തുകര ക്ഷേത്ര സമാജം

Classes
+1,+2
( Science, Commerce, Humanities )
BA, BSC, B COM, MA, M COM

## ബ്രെയിൻസ് കോളേജ്

A Unique Centre for college classes
PH : 8907915700, 9946100184
Well Equipped Science Computer Labs
Seaffolding Special Tuition Centre Classes : 1 to 10 (CBSE, ICSE, State)
കോലത്തുകര ക്ഷേത്രത്തിന് എതിർവശം, കുളത്തൂർ
ക്ലാസുകൾ 2019, ഏപ്രിൽ 15, തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്നു




## കുളത്തൂർ ഫൈനാൻസ് & കുളത്തൂർ ട്രേഡേഴ്സ്

കോലത്തുകര റോഡ്, കുളത്തൂർ

100 രൂപയ്ക്ക്
1 രൂപ പലിശ
ഒരു മാസത്തേക്ക്

സ്വർണ്ണ പണയത്തിൻമേൽ
പണം കടം കൊടുക്കപ്പെടും
9495349415, 9447229415

ഞങ്ങളുടെ സഹോദര സ്ഥാപനം :
ഗ്രേറ്റ് ഫൈനാൻസിയേഴ്സ്, മൺവിള




കോലത്തുകര ക്ഷേത്ര സമാജം, കുളത്തൂർ, തിരുവനന്തപുരം. ഫോൺ: 2418224, മൊബൈൽ: 8281268224 www.kolathukara.com

Vol. No. 109 Issue No. 99 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .